# ഒമ്പതാം പദ്ധതി
# നമ്മുടെ പദ്ധതി



## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

### സമഗ്രവികസനം

### ഒരു മാർഗ്ഗരേഖ

109-9

1996

ജനകീയാസൂത്രണ പ്രസ്ഥാനം

ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

# സമഗ്ര വികസനം
# ഒരു മാർഗ്ഗരേഖ

കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്



ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. ഓരോ ഗ്രാമവും സ്വയം പര്യപ്തത കൈവരിച്ചാൽ രാജ്യവും നന്നാവും.



ഒഴിവുകഴിവുകളിൽ എനിക്ക് താല്പര്യമില്ല. കാര്യങ്ങൾ
ചെയ്തുകാണുന്നതാണ് എനിക്കിഷ്ടം

# സമർപ്പണം

ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി ഈ വികസനരേഖ ആദരപൂർവ്വം സമർപ്പിക്കുന്നു.



**എഡിററർ**

കെ. ആർ. സുധീർബാബു

**എഡിറേറാറിയൽ**

കെ. ആർ. ഷണ്മുഖൻ
എസ്. ഇസ്മായിൽ
പി. പത്മനാഭൻ
പുരുഷോത്തമൻ മാസ്ററർ
ഡോ. സി. സി. രവീന്ദ്രൻ
മാത്യു സെബാസ്ററ്യൻ
എ. വി. ജെയിംസ് മാസ്ററർ


Typesetting & Layout
Mouse & Minds
Shornur Road, Thrissur
TEL : 334542

Printing
Ebenezer Printers
Thrissur - 12
TEL : 360992

# കേരളം






Central Survey Office Trivandrum


N
I
II
III
IV
V
VI
VII
VIII
IX
X
XI
XI
NH 47



ഇ. കെ. നായനാർ
ചെയർമാൻ, സ്റേററ് പ്ലാനിംഗ് ബോർഡ്



ഇ. എം. എസ്.
ജനകീയാസൂത്രണ ഉന്നതതല മാർഗ്ഗദർശക
കമ്മററി ചെയർമാൻ



ഏ. കെ. ആൻറണി
വൈസ് ചെയർമാൻ



പി. കെ. വാസുദേവൻ നായർ
വൈസ് ചെയർമാൻ



കെ. കരുണാകരൻ
വൈസ് ചെയർമാൻ




C. K. REJENDRAN
(ALATHUR)
MEMBER
KERALAL LEGSILATIVE
ASSEMBLY
KARUMANASSERY
P. O. KIZHEKKENCHERY
PALAKKAD



PHONE:
VADAKKANCHERY - 255494
THIRUVANANTHAPURAM - 443970
/ 230


CAMP...................................................
DATE....................................................

## ആശംസ സന്ദേശം

മഹാഭൂരിപക്ഷം വരുന്ന ജനതയുടെ ദുരിതങ്ങൾ അകററി നല്ല ഭാരതം കെട്ടിപ്പടുക്കുക എന്ന സ്വപ്നവുമായി സ്വാതന്ത്ര്യസമരത്തിൻെറ ബലിപീഠത്തിൽ പിടഞ്ഞു മരിച്ച ധീര ദേശാഭിമാനികളുടെ സ്വപ്നം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സാക്ഷാൽക്കരിക്കപ്പെട്ടില്ല. അതിവടെ 1996 ൽ ഈ കേരളനാട്ടിൽ തുടക്കം കുറിച്ചിരിക്കുന്നു. രാജ്യത്തിൻെറ സമ്പത്ത് അനുഭവിക്കാൻ അർഹതയുള്ളവർക്ക് അത് ലഭിക്കുമെന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ആർക്കുവേണ്ടിയാണോ പദ്ധതികൾ ആവിഷ്കരിക്കുന്നത് അവർക്കത് ലഭിക്കണം അതാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ലക്ഷ്യംവെച്ചു കൊണ്ട് ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള മഹത്സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്, ഈ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടമായ പഞ്ചായത്ത് തല സെമിനാറും വികസന രേഖയും അർത്ഥ പൂർണ്ണതയോടെ വിജയിക്കുമാറാകട്ടെ. ജനപങ്കാളിത്തംകൊണ്ടും ഉള്ളടക്കത്തിൻെറ പ്രത്യേകതകൊണ്ടും ശ്രദ്ധേയമായി തീർന്നിട്ടുള്ള ഈ പ്രവർത്തന പരിപാടിക്ക് കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന് അതിൻെറ കടമ നിർവ്വഹിക്കാൻ കഴിയും എന്ന് പ്രത്യാശയോടെ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

സി. കെ. രാജേന്ദ്രൻ

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് അംഗങ്ങൾ



ഏലിയാമ്മ മാത്യു
പ്രസിഡൻറ്



കെ. ആർ. ഷണ്മുഖൻ
വൈസ് പ്രസിഡണ്ട്

### മെമ്പർമാർ



എസ്. ഇസ്മയിൽ
സ്ററാൻറിംഗ് കമ്മററി ചെയർമാൻ



സി. എ. അബ്ദുൾ റഹിമാൻ



കെ. വി. അംബുജം



പി. വിജയകുമാരി



ആർ. കെ. രവീന്ദ്രൻ



വി. എസ്. സിദ്ധിക്ക്



കെ. വി. ചന്ദ്രൻ



സി. കെ. രാജേന്ദ്രൻ



കെ. രത്നകുമാരി



**ആലീസ് മാത്യു**
*ചെയർപേഴ്സൺ*
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി
പാലക്കാട് ജില്ലാ പഞ്ചായത്ത്



**എൻ. വിജയൻ**
*ചെയർമാൻ*
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി
ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്



കെ. ആർ. കാശു
വൈസ് പ്രസിഡണ്ട്
ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

| വാർഡ് നമ്പർ | നിയോജക മണ്ഡലത്തിൻെറ പേര് | ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ പേര് | പൊതു വിവരണം |
|---|---|---|---|
| 1 | കല്ലിങ്കൽപ്പാടം | കെ. വി. ചന്ദ്രൻ | പട്ടിക ജാതി |
| 2 | ചൂർക്കുന്ന് | സി. കെ. രാജേന്ദ്രൻ | ജനറൽ സീററ് |
| 3 | ചല്ലിപറമ്പ് | പി. വിജയകുമാരി | പട്ടിക ജാതി സംവരണം |
| 4 | കാരപ്പൊററ | കെ. വി. അംബുജം | വനിത സംവരണം |
| 5 | കൊട്ടേക്കാട് | കെ. ആർ. ഷണ്മുഖൻ | ജനറൽ സീററ് |
| 6 | കണ്ണമ്പ്ര | ആർ. കെ. രവീന്ദ്രൻ | ജനറൽ സീററ് |
| 7 | വടക്കുമുറി | കെ. രത്നകുമാരി | വനിത സംവരണം |
| 8 | മഞ്ഞപ്ര | എസ്. ഇസ്മായിൽ | ജനറൽ സീററ് |
| 9 | ചിറ | സി. എ. അബ്ദുൾറഹിമാൻ | ജനറൽ സീററ് |
| 10. | കൊന്നഞ്ചേരി | വി. എസ്. സിദ്ധിക്ക് | ജനറൽ സീററ് |
| 11 | പന്തലാംപാടം | ഏലിയാമ്മ മാത്യു | വനിത സംവരണം |

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



പി. പത്മനാഭൻ
(1964 - 1978)



സി. എ. പഴണിമല
(1978 - 1995)



വൈത്തീശ്വരയ്യർ പി. എസ്.

# സാമൂഹ്യ വികസന പദ്ധതി

മദിരാശി സ്റ്റേററ്

## യോഗ്യതാ സട്ടിഫിക്കററ്

"ഐക്യമുണ്ടെങ്കിൽ നമുക്കു വിജയിക്കാം" എന്ന ആദർശവാക്യമനുസരിച്ചു പ്രവർത്തിക്കയാൽ ഗ്രാമവികസനത്തിന്റെ കാര്യത്തിൽ പരസ്പരം സഹകരിച്ചുകൊണ്ടുള്ള പ്രയത്നംമൂലം നേടിയ ഉൽകൃഷ്ടഫലങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രിയായ പണ്ഡിററ് ജവഹർലാൽ നെഹ്റു 1955-ാമത്തു കൊല്ലത്തേക്കുള്ള ഈ യോഗ്യതാ സട്ടിഫിക്കററ് ........ മലബാർ ........ ജില്ല ........ പാലക്കാട് ........ താലൂക്കിലെ ........ മലമ്പുഴ ........ ഫർക്കയോടുചേർന്ന ........ കണ്ണമ്പ്ര ........ ഗ്രാമത്തിന്നു നൽകിയിരിക്കുന്നു.

മദിരാശി
1955 ഒക്ടോബർ 2-ാം തിയ്യതി
(ഗാന്ധിജയന്തി)

മുഖ്യമന്ത്രി.

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 19 |
| പഞ്ചായത്ത് പൊതു വിവരണം | 23 |
| കണ്ണമ്പ്രയുടെ ചരിത്രം | 24 |
| ഭൂപ്രകൃതിയും - ഒരു പഠനപര്യടനവും | 30 |
| സാമൂഹിക - സാമ്പത്തിക മേഖലകൾ | |
| കൃഷിയും ജലസേചനവും | 37 |
| മൃഗസംരക്ഷണം | 57 |
| വ്യവസായം | 74 |
| വിദ്യാഭ്യാസം | 79 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 91 |
| ഗതാഗതം - ഊർജ്ജം | 101 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 120 |
| സംസ്കാരം | 130 |
| വനിത | 138 |
| സഹകരണം | 144 |
| പട്ടിക ജാതി - പട്ടികവർഗ്ഗ ക്ഷേമം | 149 |
| വിഭവ സമാഹരണം | 156 |

ആമുഖം

# അധികാരം ജനങ്ങൾക്ക്
# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗം തുറക്കാൻ പോവുകയാണ്. താഴെത്തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടു കുടിയുള്ള ആസൂത്രണം ഒമ്പതാം പദ്ധതിക്കുവേണഅടിയുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചു കൊണ്ടിരുന്നത്. ഇതിൻെറ ഫലമായി പല നേട്ടങ്ങളും കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാന ദൗർബല്യങ്ങൾ ഉണ്ടായിരുന്നുവെന്നു അനുഭവങ്ങൾ ചൂണ്ടികാണിക്കുന്നു.

1. വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ എല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാന തലത്തും തീരുമാനങ്ങളെടുത്തും വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണം ചെയ്തത്. അതിരുകവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിൻേറയും ഭൂപ്രകൃതിയ്ക്കോ ജനകീയാവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി യഥാരത്ഥത്തിൽ നടപ്പാക്കപ്പെട്ടത്.

2. ആസൂത്രണം അതിൻെറ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി മാറി. സ്ഥലജലവിഭവങ്ങളുടെ സാധ്യതകളേയും അവയുടെ വിനിയോഗപ്രവർത്തനങ്ങളേയും സമഗ്രമായി കണ്ട് പരിപാടികൾ തയ്യാറാക്കുന്നതിനു പകരം ഡിപ്പാർട്ടുമെൻറലിസമായിരുന്നു. ഇന്ത്യൻ ആസൂത്രണത്തിൻെറ മുഖമുദ്ര.

3. പദ്ധതികളുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജനപങ്കാളിത്തം പരിമിതമായിരുന്നു. തന്മൂലം പദ്ധതി പ്രവർത്തനം ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടു. ഇത് പ്രാദേശികമായ വിഭവ സമാഹരണത്തിലും നടത്തിപ്പിലും കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു.

കേരളം ഇന്ന് അതിരൂക്ഷമായ പ്രതിസന്ധിയിലാണ്. കാർഷിക മേഖല പ്രതീക്ഷകൾക്കൊപ്പം വളരുന്നില്ല. വ്യവസായ മേഖല മുരടിച്ചു നിൽക്കുന്നു. തന്മൂലം തൊഴിലില്ലായ്മ പെരുകുന്നു. സേവന മേഖലകളുടെ നിലവാരത്തകർച്ച് ജനജീവിതത്തെ ബാധിച്ചിരിക്കുന്നു.

വൈദ്യുതി ക്ഷമത നിലവിലുള്ള വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പോലും അവതാളത്തിലാക്കിയിരിക്കുന്നു. ഇത് പരിഹരിക്കേണ്ടത് ഒരടിയന്തിര ആവശ്യമാണ്. അതോടൊപ്പം കേരളത്തിലെ കാർഷിക ചെറുകിട വ്യവസായ മേഖലകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തുകയും സേവനത്തുറകളുദ്ദടെ ഗുണനിലവാരം മെച്ച

പ്പെടുത്തുകയും ചെയ്യണം.

രണ്ടാമത് പറഞ്ഞ പ്രശ്നത്തിനുള്ള പരിഹാര മാർഗ്ഗം ആസൂത്രണം സമഗ്രവും വികേന്ദ്രീകൃതവുമാക്കലാണ്. അതായത് ഇതുവരെ തുടർന്നുവന്ന ആസൂത്രണ പ്രക്രിയയുടെ വൈകല്യങ്ങൾ ഇല്ലാതാക്കലാണ്. അത് ഗ്രാമ പഞ്ചായത്തു തലത്തിൽ നിന്നും ആരംഭിക്കണം. എല്ലാ കാര്യങ്ങളും ഗ്രാമപഞ്ചായത്തിൽ വെച്ച് തീരുമാനിക്കാനാവില്ല. എന്നാൽ, എന്തെല്ലാം കാര്യങ്ങൾ അവിടെ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുവാൻ കഴിയുമോ അവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്കു നൽകിയേ പററൂ. ബാക്കി വരുന്നതാണം മുകൾത്തട്ടിൽ, ബ്ലോക്ക് - ജില്ല - സംസ്ഥാനതലങ്ങളിൽ ആസൂത്രണം ചെയ്യേണ്ടത് ഇപ്രകാരം പല തട്ടുകളിൽ ഒരേ സമയം ആസൂത്രണം നടത്തുകയും അവയെ ഉത്ഗ്രഥിച്ച് സംസ്ഥാന പദ്ധതികൾക്ക് രൂപം നൽകുകയും വേണം.

ഒമ്പതാം പദ്ധതിയുടെ 35 - 40 ശതമാനം ഇപ്രകാരം താഴെത്തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് പ്ലാനിംഗ് ബോർഡിൻെറ കാഴ്ചപ്പാട്. ചെറുതല്ല ഈ തുക. കൃത്യമായി ഇപ്പോൾ പറയുക സാധ്യമല്ലെങ്കിലും 4000 നും - 5000 നും ഇടക്ക് കോടി രൂപ വരും. വളരെ വലിയ ഉത്തരവാദിത്തമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറെറടുക്കുവാൻ പോകുന്നത്. ചെയ്ത് ശീലമില്ലാത്ത കാര്യമാണ് നമ്മൾ ചെയ്യാൻ പോകുന്നത്. അതിനാൽ മാമൂൽ വിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തയ്യാറാവണം. അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടു വേണം ഈ കടമ നിർബഹിക്കുവാൻ ഈ ലക്ഷ്യം മുൻനിർത്തികൊണ്ടാണ് കേരള സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത് ഇത് സംബന്ധിച്ച് ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഇനി സംക്ഷിപ്തമായി വിവരിക്കുന്നു.

ഒമ്പതാം പദ്ധതിയുടെ 35 മുതൽ 40 ശതമാനം വരെ വിവിധ തട്ടുകളിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവക്ക് നിർവ്വഹിക്കപ്പെട്ടിരിക്കുന്ന ചുമതലകളുടെ പിരിധിക്കുള്ളിൽ നിന്ന് തീരുമാനിക്കേണ്ടതാണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അതോടൊപ്പം വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിലേക്കും താഴെ നിന്നും ഉയർനുവന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടണം. പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിലാവണം ഇതിലേക്കുള്ള മുൻഗണനകൾ നിശ്ചയിക്കേണ്ടത്. ഈ പങ്കാളിത്തം ഉറപ്പാക്കികൊണ്ടുള്ളതായിരിക്കണം.

പദ്ധതിയെപോലെ തന്നെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതി രൂപീകരണം മുതൽ അത് നടപ്പിലാക്കുന്നതുവരെ എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പു വരുത്തുക വഴി ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്തുവാൻ കഴിയണം. ഇന്ന് ജനങ്ങൾക്കിടയിൽ വ്യാപകമായി കാണുന്ന നിരാശയും ''ഒന്നും ശരിയാവില്ല'' എന്ന മാനോഭാവവും മാററിയെടുത്ത് അവരിൽ പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും ദിശാബോധവും വളർത്തണം എങ്കിലേ നമുക്കിതുവരെ പ്രയോജനപ്പെടുത്താൻ കഴിയാതിരുന്ന മനുഷ്യവിഭവമടക്കമുള്ള വിഭവങ്ങൾ വൻതോതിൽ സമാഹരിച്ച് പ്രാദേശിക നല്ല വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ.

പ്രദേശിക സ്വയം ഭരണ സമിതികളെന്ന നിലയിൽ പഞ്ചായത്ത് സമിതികളെ ശക്തിപ്പെടുത്താൻ ഈ പ്രവർത്തനം കൊണഅട് സാധ്യമാകും. സാമ്പത്തിക പരിമിതി ഭരണതടസ്സങ്ങൾ, നിയമത്തിൻെ അപര്യാപ്ത തുടങ്ങി അനേകം ഘടകങ്ങൾ ഈ ജനകീയ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനം തടസം സൃഷ്ടിക്കുന്നു.

അധികാര വികേന്ദ്രീകരണത്തനുവേണഅടിയും അതിനേ തുടർന്നുള്ള മാററങ്ങൾക്കുവേണ്ടിയും ജനങ്ങങ്ങ സംഘടിപ്പിച്ച് അണിനിരത്തിക്കൊണ്ടല്ലാതെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ പററില്ലാ എന്നാണ് മുൻ കാല അനുഭവങ്ങൾ കാണിക്കുന്നത്. പഞ്ചായത്തുകൾക്കും മുൻസിപ്പാലിററികൾക്കും. ഇതിനകം കൈ മാറിയിട്ടുള്ള സ്കീമുകൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം സഹായിക്കും.

നടപ്പു വർഷം നൽകിയിരിക്കുന്ന ഉപാധിരഹിത ഫണ്ടിൻെറ വിനിയോഗത്തിൽ ഗുണപരമായ ഒരു മാററം വരുത്തണം. സന്നദ്ധ പ്രവർത്തനവും പ്രാദേശിക ധനസമാഹരണവും ഉപയോഗപ്പെടുത്തി അൺടൈഡ് ഫണ്ടിൻെറ വിനിയോഗം പല മടങ്ങ് കാര്യക്ഷമമാക്കുവാൻ കഴിയും.

## കണ്ണമ്പ്ര പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ

ഒമ്പതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയ പ്രസ്ഥാനത്തിൻെറ 1-ാം ഘട്ടം വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിലൂടെ ആയിരുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ വിശേഷാൽ ഗ്രാമസഭ 1-ാം വാർഡിലെ കല്ലിംകൽപാടം ഗവ. യു. പി. സ്ക്കൂളിൽ വെച്ച് ചേർന്നു. ഒക്ടോബർ മാസം 13-ന് 8-ാം വാർഡിലെ ഗവ. എൽ. പി. സ്ക്കൂളിലെ ഗ്രാമസഭയോടുകൂടി പഞ്ചായത്തിലെ 11 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ അവസാനിച്ചു.

ഈ ക്യാമ്പിൽ വിജയകരമായി പൂർത്തിയാക്കുന്നതിനുവേണ്ടി മൂന്നുതലത്തിൽ പരിശീലന പരിപാടികൾ നടന്നു. ആദ്യം സംസ്ഥാന തലത്തിലും പിന്നീട് ജില്ലാ തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്തു തലത്തിലും ആണ് പരിശീലന പരിപാടികൾ നടന്നത്.

ജില്ലാതല പരിശീലനം ആലത്തൂര കമ്മ്യൂണിററി ഹാളിലാണ് നടന്നത്. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും കെ. ആർ. സുധീർ ബാബു മാസ്റററും ആർ. ചാമുണ്ണി മാസ്റററും പങ്കെടുത്തിരുന്നു. തുടർന്ന് സെപ്തംബർ 24-ാംനു ആർ. മംഗലം സ്ക്കൂളിൽ വെച്ച് പഞ്ചായത്തുതല പരിശീലനം നടന്നു. ഈപരിപാടിയിൽ 138 പേർ പങ്കെടുത്തു ഇവിടെ പരിശീലനങ്ങൾ ലഭിച്ച എൽ. ആർ. പി. മാരാണ് ഗ്രാമസഭകളിൽ വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകളെ നയിച്ചത്. വിശേഷാൽ ഗ്രാമസഭകളെ സംബന്ധിക്കുന്ന പൂർണ്ണ വിവരം താഴെ ചേർത്തിരിക്കുന്നു.

| വാർഡ് | നിയ്യതി | ഗ്രാമസഭ നടന്ന സ്ഥലം | പങ്കെടുത്തവർ | | | പങ്കെടുത്ത ഉദ്യോഗ സ്ഥന്മാരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | 28-9-96 | G. U. P. S. കല്ലിങ്കൽപാടം | 178 | 45 | 223 | - |
| 2 | 28-9-96 | A. U. P. S. കണ്ണമ്പ്ര | 84 | 02 | 86 | - |
| 3 | 12-10-96 | A. U. P. S.കണ്ണമ്പ്ര | 157 | 70 | 232 | 5 |

| വാർഡ് | നിയ്യതി | ഗ്രാമസഭ നടന്ന സ്ഥലം | പങ്കെടുത്തവർ | | | പങ്കെടുത്ത ഉദ്യോഗ സ്ഥന്മാരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 4 | 12-10-96 | K. M. L. P. S. കാരപ്പൊററ | 144 | 75 | 220 | 1 |
| 5 | 6-10-96 | K. M. L. P. S. കാരപ്പൊററ | 103 | 8 | 112 | 1 |
| 6 | 13-10-96 | A. L. P. S. ഋഷിനാരദമംഗലം | 83 | 26 | 110 | 1 |
| 7 | 2-10-96 | A. L. P. S. ഋഷിനാരദ മംഗലം | 53 | 38 | 91 | - |
| 8 | 13-10-96 | G. L. P. S. മഞ്ഞപ്ര | 217 | 90 | 307 | - |
| 9 | 6-10-96 | P. K. H. S.മഞ്ഞപ്ര | 58 | 20 | 78 | - |
| 10 | 2-10-96 | C. A. L. P. S.ആയക്കാട് | 82 | 30 | 112 | - |
| 11 | 12-10-96 | M. M. H. S. പന്തലാംപാടം | 137 | 18 | 155 | - |

വിശേഷാൽ ഗ്രാമസഭകളിൽ 12 വിഷയങ്ങളിൽ ചർച്ചകൾ നടന്നു. അതിൻെറ ഫലമായി വിശദമായ ഗ്രാമസഭാ റിപ്പോർട്ടുകൾ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. ഈ റിപ്പോർട്ടുകളിൽ ഓരോ വാർഡിൻേറയും പ്രധാനപ്പെട്ട പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങവും ഉണ്ടായിരുന്നു.

തുടർന്ന് ജില്ലാ തലത്തിൽ 2-ാം ഘട്ട പരിശീലനം വീണ്ടും 3 ദിവസങ്ങളിലായി ആലത്തൂർ കമ്മ്യൂണിററി ഹാളിൽ നടന്നു. രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തെ തുടർന്ന് പഞ്ചായത്ത് തലത്തിലും 2-ാം ഘട്ട പരിശീലനം 2-11-96 ന് നടന്നു. ഏഴ് ഉദ്യോഗസ്ഥന്മാരടക്കം 98 പേർ പങ്കെടുത്തു.

നവംബർ മാസം 5-ാംനു കണ്ണമ്പ്ര പഞ്ചായത്ത് ഹാളിൽ പഞ്ചായത്തിലെ വിവിധ ഉദ്യോഗസ്ഥന്മാരുടേയും ബാങ്ക് അധികൃതരുടേയും സംയുക്ത യോഗം നടക്കുയുമ്ടായി ഈ യോഗത്തിൽ നടപ്പു പദ്ധതികളെ കുറിച്ച് പശകലനം ചെയ്യുകയുണ്ടായി.

12 വിഷയങ്ങളിലായി വികസന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു വേണഅടി നവംബർ 13-ാം തിയ്യതി പ്രത്യേക യോഗം ചേർന്ന് തീരുമാനങ്ങളെടുത്തു. ഇങ്ങനെ തയ്യാറാക്കിയ റിപ്പോർട്ട ഇവിടെ സമർപ്പിക്കുന്നകയാണം. നമ്മളെ ബാധിച്ചിട്ടുള്ള കാർഷിക രംഗത്തെത്തകർച്ചയും വ്യവസായ രംഗത്തെ മുരടിപ്പും നേരിടാനുള്ള അവസരം കൈ വന്നതിലുള്ള ആഹ്ലാദത്തോടെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ സമഗ്ര വികസന രേഖ യാഥാർതഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ പങ്കു ചേരുമെന്നുള്ള പ്രതിജ്ഞയോടെ നമുക്ക് സഹകരിക്കാം.

ഈ വികസന റിപ്പോർട്ടിൻെറ പിന്നിൽ പ്രവർത്തിച്ചിട്ടുള്ള കരങ്ങൾ അപകമാണെന്നതിന് സംശയമില്ല. ഈ റിപ്പോർട് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നുമില്ല. ഈ റിപ്പോർട്ട് വികസന സെമിനാറിൽ ചർച്ച ചെയ്യുകയും വിട്ടുപോയ കാര്യങ്ങളും, നിർദ്ദേശങ്ങളും ചേർക്കേണ്ട സ്ഥലത്ത് ചേർക്കണമെന്നും താൽപര്യപ്പെടുന്നു.

# പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | കണ്ണമ്പ്ര ഗ്രമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | കണ്ണമ്പ്ര - 1, കണ്ണമ്പ്ര - 2 |
| ബ്ലോക്ക് പഞ്ചായത്ത് | - | ആലത്തൂർ |
| ജില്ലാ പഞ്ചായത്ത് | - | പാലക്കാട് |
| താലൂക്ക് | - | ആലത്തൂർ |
| ജില്ല | - | പാലക്കാട് |
| അസംബ്ലി നിയോജകമണ്ഡലം | - | ആലത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലം | - | കണ്ണമ്പ്ര |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | പുതുക്കോട് പഞ്ചായത്ത് |
| | | കാവശ്ശേരി പഞ്ചായത്ത് |
| കിഴക്ക് | - | വടക്കൻ ചേരി പഞ്ചായത്ത് |
| | | മംഗലം പുഴ |
| തെക്ക് | - | കിഴക്കഞ്ചേരി പഞ്ചായത്ത് |
| | | പാണഞ്ചേരി പഞ്ചായത്ത് (തൃശൂർ ജില്ല) |
| പടിഞ്ഞാറ് | - | പഴയന്നൂർ പഞ്ചായത്ത് (തൃശൂർ ജില്ല) |
| | | പുതുക്കോട് പഞ്ചായത്ത് |
| ആകെ വീടുകൾ | - | 6376 |
| ജനസംഖ്യ | - | 23570 |
| പുരുഷന്മാർ | - | 11,264 |
| സ്ത്രീകൾ | - | 12,306 |
| ജനസാന്ദ്രത | - | 793 |
| സാക്ഷരത | - | 82.61% |
| നിയോജകമണ്ഡലങ്ങൾ | - | 11 |
| പ്രസിഡൻറിൻെറ പേര് | - | എലിയാമ്മ മാത്യു |
| വൈസ് പ്രസിഡൻറിൻെറ പേര് | - | കെ. ആർ. ഷണ്മുഖൻ |
| സ്ററാൻഡിംഗ് കമ്മിററി ചെയർമാൻെറ പേര് | - | എസ്. ഇസ്മയിൽ |

# കണ്ണമ്പ്രയുടെ ചരിത്രം

കണ്ണമ്പ്രയുടെ ചരിത്രമെഴുതാൻ വാമൊഴിയും ചരിത്ര രേഖകളും അടിസ്ഥാനമാക്കിയിരക്കുന്നു. കുതിരാൻ മലയുടെ തുടർച്ചയാ യി കിടക്കുന്ന ഈ പ്രദേശം പാറക്കാടുകൾ നിറഞ്ഞതായിരുന്നെന്ന് ചാരിത്രകാരൻമാർ പറയുന്നു. ഇവിടുത്തെ ചില സ്ഥലനാമങ്ങൾ അതിനെ അന്വർത്ഥമാക്കുന്നു. വാണിയംപാറ നീലിപ്പാറ, നടത്തിപ്പാറ, വാളുവെച്ചപാറ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അതുപോലെ കണ്ണമ്പാറ എന്ന പേരുള്ള ഒരു സ്ഥലം ഉണ്ടായിരുന്നെന്നും ആ പേര് ലോപിച്ചാണ് കണ്ണമ്പ്ര എന്ന പേരുണ്ടായതെന്നും പറയപ്പെടുന്നു.

കുന്നുകളും, പാറകളും, പറമ്പുകളും നിറഞ്ഞ ഈ പ്രദേശത്തെ പൂർവികർ എന്ന് പറയാവുന്നത് മലയരും, പറയരും, ചെറുമക്കളും മാത്രമാണ്. മററുള്ള എല്ലാ വിഭാഗക്കാരും പുറമേ നിന്ന് വന്നവരാണ്. കുന്നിൻ താഴ്വരയിലുള്ള പാടങ്ങൾ സമൃദ്ധമായ വിളവിന് അനുയോജ്യമാം വിധം ഫലപുഷ്ഠിയുള്ളതിനാൽ കൃഷി ചെയ്യുന്നതിനു വേണ്ടി ആദ്യമായി ഇങ്ങോട്ട് കുടിയേറിപ്പാർത്തത് തമിഴ് ഭാഷ സംസാരിക്കുന്ന ചെട്ടിയാർ മാരാണ് വള്ളുവനാടൻ പ്രദേശത്ത് നിന്നും, തലപ്പിള്ളി താലൂക്കിൽ നിന്നും നായർമാരും, നമ്പൂതിരിമാരും ഇവരോടൊരപ്പം വന്നതായി ചരിത്രരേഖകളിൽ കാണുന്നുണ്ട്.

പാലക്കാടൻ രാജവംശത്തിൻെറ രണ്ട് തായ്‌വഴികളായിരുന്നു തെന്മലപ്പുറവും, വടമലപ്പുറവും അതിൽ നമ്മുടെ പ്രദേശം സ്ഥിതി ചെയ്യുന്ന തെന്മലപ്പുറത്ത് ജനവാസം കുറവായിരുന്നു. അതിനാൽ കൃഷി ചെയ്ത് ജീവിക്കുന്നതിനായി വടമലപ്പുറത്തു നിന്ന് ഈഴവർ, ആശാരി, കരുവാൻ മൂശാരി, തണ്ടാൻ, എലുത്തച്ഛൻ, പാണൻ, കൊശവൻ, തുടങ്ങി കാർഷിക മേഖലയെ സഹായിക്കുന്ന പിന്നോക്ക വിഭാഗക്കാരും ഇവിടെ കുടിയേറിപ്പാർത്തു.

അങ്ങിനെ ഇവിടെ വന്നവർ മണ്ണിനോട് മല്ലിട്ട് നല്ല വിളവ് ഉണ്ടാക്കിയിരുന്നു. ഈശ്വരവിശ്വാസികളായിരുന്ന ഇവർ സമൃദ്ധമായ വിളവ് കിട്ടിയ സംതൃപ്തിയിൽ അവരുടെ കുലദൈവമായിരുന്ന ''ശ്രീ കുറുമ്പ ഭഗവതിക്ക്. (ഈ വിഗ്രഹം ഐനിപ്ലാവിൽ തീർത്തതാണ്.) ആദ്യകാലത്ത് നിവസിച്ചിരുന്നവർ വൃശ്ചികം 1-ാം തിയ്യതി കതിരുത്സവം നടത്തിയിരുന്നു. ഇന്നും ഈ ഉത്സവം മുടങ്ങാതെ തുടർന്നുവരുന്നുണ്ട്. ഈ ക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യം എ്ലാ സമുദായക്കാർക്കും തുല്യമായിരുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിൽ ബ്രാഹ്മണരും മുസ്ലീങ്ങളും ക്രിസ്ത്യാനികളും കുടിയേറിപാർത്തു.

## ഭരണ ചരിത്രം

ഏകദേശം 500 വർഷങ്ങൾക്ക് മുൻപ് കണ്ണമ്പ്ര ഭരിച്ചിരുന്നത് വ്യക്തമായി പേരറിയാത്ത ഒരു ചെട്ടിയാരായിരുന്നു. അന്ന് അദ്ദേഹം താമസിച്ചിരുന്നത്. ഇന്നത്തെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന കോളത്തോണി എന്ന് സ്ഥലത്തായിരുന്നു. നിഷ്ഠൂരനായ ഒരു ഭരണാധികാരിയായിരുന്നു ഇയാൾ. ജനങ്ങളെ പലരീതിയിലും പീഢിപ്പിച്ചിരുന്നു. അന്നത്തെ വന്നേരി കുടംബക്കാർ പന്തലാംപാടം എന്ന സ്ഥലത്തെ കൃഷിക്കാ

രായിരുന്നു. ചെട്ടിയാരും വന്നേരി കുടുംബക്കാരും തമ്മിൽ തെററുകയും ചെട്ടിയാർ ഈ കുടുംബക്കാരെ ഉപദ്രവിക്കുകയും ചെയ്തിരുന്നു. ചെട്ടിയാരെ തുരത്തുന്നതിനായി പല മാർഗ്ഗങ്ങളും നോക്കിയെങ്കിലും ഫലവത്തായില്ല.

ഒരു ദിവസം വന്നേരിക്കാർ കൃഷിക്ക് ആവശ്യമായ കന്നുകൾ വാങ്ങുന്നതിനുവേണ്ടി മണ്ണാർക്കാട്ടേക്ക് പോയി. മടക്കത്തിൽ രാത്രിയായപ്പോൾ കന്നുകളെ ഒരു മരത്തിൽ കെട്ടി കിടന്നുറങ്ങി. രാവിലെ നോക്കുമ്പോൾ കന്നുകളെ മറെറാരാൾ കൈവശപ്പെടുത്തിയിരിക്കുന്നതാണം കണ്ടത്. തിരിച്ചേൽപിക്കാൻ ആവശ്യപ്പെട്ടപ്പോൾ അയാൾ വിസമ്മതിച്ചു. പ്രശ്നം പരിഹരിക്കുന്നതിനായി അവർ ചെർപ്പുളശ്ശേരി വീട്ടിക്കാട്ട് നാടുവാഴിയെ സമീപിച്ചു. നാടുവാഴി പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കുകയും. വന്നേരിക്കാർക്ക് കന്നുകൾ വിട്ടുകൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു സന്തുഷ്ടരായ വന്നേരിക്കാർ ചെട്ടിയാരുടെ ക്രൂരതകളെക്കുറിച്ച് നാടുവാഴിയെ ബോധിപ്പിച്ചു. നാടുവാഴിയോട് സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച് വീട്ടിക്കാട്ടു നിന്ന് ചുങ്കത്തച്ചൻ എന്ന സ്ഥാനപ്പേരും, രാമനുണ്ണി എന്നു പേരുമുള്ള തരിവയൂർ പടവലിയ നായകൻ സൈന്യം നയിച്ച് കണ്ണമ്പ്രയിലെത്തി.

പടയുടെ വരവിനെക്കുറിച്ച് അറിഞ്ഞ് ഭയന്ന ചെട്ടിയാർ തൻെറ സകല ജംഗമസ്വത്തുക്കളും കോളത്തോണിയിലെ ഒരു കിണററിൽ നിക്ഷേപിച്ച് മൂടിക്കല്ലുകൊണ്ട് മൂടി അതിൻമേൽ ഭഗവതി വിഗ്രഹത്തെ മാററി പ്രതിഷ്ഠിച്ച് താൻ വരുന്നതുവരെ കാത്തുകൊള്ളണം എന്ന് പ്രാർത്ഥിച്ച് നാടുവിട്ടു. പക്ഷെ ചെട്ടിയാർ പിന്നീട് മടങ്ങിവന്നില്ല.

ചെട്ടിയാരുടെ സ്വത്തുക്കളുടെ അവകാശം കൈയേററ് കോളത്തോണിയിൽ താമസമുറപ്പിച്ച് നാടുവാഴികളാണ് പിന്നീട് കണ്ണമ്പ്ര നായർ മാരായി അറിയപ്പെട്ടത്. കണ്ണമ്പ്ര നായർ പടയും ചരിത്രരേഖകളിലുണ്ട്. ബ്രിട്ടീഷ് അധിപത്യം വേരുറച്ച പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യദശകം വരെ കണ്ണമ്പ്ര പ്രദേശത്തെ കൊല്ലും കൊലക്കും കണ്ണമ്പ്ര നായർ വീട്ടുകാർക്ക് അധികാരമുണ്ടായിരുന്നു.

ഒരിക്കൽ കണ്ണമ്പ്രനായർ വീട്ടുകാർ ചെട്ടിയാർ പ്രതിഷ്ഠിച്ച ദേവീ വഗ്രഹം ഇളക്കി മാററാൻ ശ്രമിച്ചപ്പോൾ തറവാട് അഗ്നിക്ക് ഇരയാകുകയും ശ്രമം പിന്നീട് ഉപേക്ഷിക്കുകയും ചെയ്തു. ഇന്ന് കാണുന്ന ''നായർ വീട്'' 1900-ാംമാണ്ടിൽ സ്ഥാപിച്ചതാണ്.

നായർ വീട്ടുകാർ സാമൂതിരിയുടെ തരിവയൂർ പടയുടെ നായകൻ മാരാകയാൽ ആ സ്വാധീനം ഉപയോഗിച്ച് ധാരാളം സ്വത്തുക്കൾ സ്വന്തമാക്കി. പിന്നീട് ബ്രിട്ടീഷ് ഭരണകാലത്ത്, കോഴിക്കോട് കലക്ടരുടെ കീഴുദ്യോഗസ്ഥനായ ഒരു കണ്ണമ്പ്ര നായർ തനിക്കുള്ള ഇംഗ്ലീഷ് പരിജ്ഞാനവും സ്വാധീനവും ഉപയോഗിച്ച് ധാരാളം ഭൂസ്വത്തുക്കൾ സ്വന്തമാക്കുകയും ഉണ്ടായി അങ്ങനെ കണ്ണമ്പ്രയുടെ മുഴുവൻ പ്രദേശവും കണ്ണമ്പ്ര നായർ വീട്ടുകാരുടെതായി.

ഈ കഥകളൊക്കെ അൽപ്പം വ്യതിയാനങ്ങളോടെ എല്ലാ ഭാഗത്തം പറഞ്ഞ് പ്രചരിക്കുന്നുണ്ട്. പൊതുകാര്യ പ്രസക്തരും പരോപകാരികളുമായ കെ. എസ് യു. നായർ, റിട്ട. പ്രിൻസിപ്പൽ, പാലക്കാട്, രാമനുണ്ണിനായർ, എന്നിവർ ഈ കുടുംബത്തിലുണ്ടായിട്ടുണ്ട്. അവരിൽ നിന്ന് ഈ നാട്ടിലും നാട്ടുകാർക്കും ഒട്ടേറെ നന്മകളും ഉണ്ടായിട്ടുണ്ട്. പ്രശസ്തമായ കണ്ണമ്പ്ര സ്ക്കൂളും, കണ്ണമ്പ്ര ആശുപത്രിയും അതിന് ദൃഷ്ടാന്തങ്ങളാണ്.

സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചയിലും ശ്രീ. രാമനുണ്ണി നായരെ പോലുള്ളവർ ചെയ്ത പരിശ്രമങ്ങൾ അവിസ്മരണീയങ്ങളാണ്. ശ്രമദാന പരിപാടിയിലൂടെ റോഡുകൾ നിർമ്മിക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. കണ്ണമ്പ്ര - കൊ

ട്ടേക്കാട് വാര്യർ കുന്ന് നെല്ലിയാംമ്പാടം മുതലായ പല റോഡുകളും അങ്ങിനെ ഉണ്ടായിരുന്നതാണ്. അതിന് ലഭിച്ചിട്ടുള്ള യോഗ്യതാപത്രം ഇതിൽ ചേർത്തിയിട്ടുണ്ട്.

കഴിഞ്ഞ തലമുറയിലെ ചില വിശിഷ്ടവ്യക്തികൾ പ്രസ്ഥാനമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും കേവലം തേഞ്ഞുമാഞ്ഞ് പൊയ്കൊണ്ടിരിക്കുകയാണ്. 1930 ൽ കോഴിക്കോട്ടുനിന്ന് പയ്യന്നൂരിലേക്ക് കേളപ്പജി നയിച്ച ഉപ്പു സത്യാഗ്രഹ ജാഥയിൽ പങ്കെടുത്ത സ്വാതന്ത്ര്യസമരഭടനായിരുന്നു. സ്രീ. യു ഗോപാലകൃഷ്ണൻ നായർ. പ്രസ്തുത സ്കൂളിൽ പഠിച്ചിരുന്ന കോങ്ങോട്ടു വീട്ടിലെ ഒരു പെൺകുട്ടിയെ ശുദ്ധി വരുത്തുന്നതിനുവേണ്ടി 101 കുടം വെള്ളത്തിൽ കുളിപ്പിക്കുകയും ആ കാരണത്താൽ ആ കുട്ടി തണുപ്പു പിടിച്ചു മരിച്ചു പോവുകയും ചെയ്തിരുന്നതായി പഴമക്കാർ പറയുന്നുണ്ട്. ശ്രീ വന്നേരി ബാലകൃഷ്ണൻ നായർ കോങ്ങോട്ടു കൊച്ചുമാധവൻ നായർ, കോങ്ങോട്ടു രാമൻകുട്ടി നായർ,ണ്ണമ്പ്ര നായർ വീട്ടിലെ കുഞ്ഞൻ നായർ മുതലായവർ. ദേശീയ പ്രശ്ഥനാവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച പ്രമുഖ വ്യക്തികളായിരുന്നു. താലൂക്ക് കോൺഗ്രസ്സ് കമ്മററിയുടെ അദ്ധ്യക്ഷനായിരുന്നു കൊച്ചുമാധവൻ നായർ. അയിത്തോച്ചാടന പ്രവർത്തനങ്ങളുടെ ഭാഗമായി മഞ്ഞപ്രയിൽ നായാടി വിഭാഗത്തിൽപ്പെട്ട കുട്ടിയെ സ്ക്കൂളിൽ പ്രവേശിപ്പിച്ചപ്പോൾ യഥാസ്ഥിതിക പക്ഷത്തുനിന്ന് വലിയ എതിർപ്പുണ്ടായി. തുടർന്ന് ഹിന്ദു മിഡിൽ സ്ക്കൂൾ ഗ്രൗണ്ടിൽ കേളപ്പജിയുടെ സാന്നിധ്യത്തിൽ നടന്ന സമ്മേളനത്തിൽ രാമൻ കുട്ടി നായർ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. എം. എൻ. നാകേലനും ചില സവർണ്ണ വിദ്യാർത്ഥികളും അയിത്താചരണം അവസാനിപ്പക്കണമെന്ന് അഭ്യർത്ഥിച്ചുകൊണഅട് പ്രസംഗിക്കുകയും ചെയ്തു. ജില്ലയുടെ പല ഭാഗങ്ങളിലും നടന്നു മിശ്ര ഭോജനങ്ങളിലും ക്ഷേത്ര പ്രവേശന സംരംഭങ്ങളിലും ഇവർ പങ്കെടുത്തു. ചൂർക്കുന്നിൽ നടന്ന മിശ്രഭോജനത്തിൽ നാനാജാതിയിൽപ്പെട്ട പ്രമുഖ് വ്യക്തികൾ പങ്കെടുത്തു. അവർക്കെല്ലാം സമൂഹത്തിൻെറ ക്രൂരമായ പരിഹാസശരം ഏൽക്കേണ്ടിവന്നു. സ്വാതന്ത്ര്യസമരസേനാനിയായി ശ്രീ. സി. കെ. കുട്ടികൃഷ്ണനും പങ്കെടുത്തിരുന്നു. അദ്ദേഹം സ്വാതന്ത്യസമരപെൻഷൻ വാങ്ങിച്ചിട്ടില്ല.

ദശാബ്ദങ്ങൾക്കുള്ളിൽ വിപ്ലവപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് കാർഷികമേഖലയിലും ചില പ്രക്ഷോഭങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. നാടുവാഴിത്വവും, ജന്മിത്വവും നിലനിന്നിരുന്നു. കാലഘട്ടമായിരുന്നു അത്. ജാത്യാചാരങ്ങളും, തൊട്ടുകൂടായ്മയും, തീണ്ടികൂടായ്മയും, നിലനിന്നിരുന്ന അക്കാലത്തുത്തന്നെ സ്ത്രീകൾക്ക് മാറ് മറക്കാനുള്ള സ്വാതന്ത്ര്യവും, അധ:സ്ഥിത സമുദായങ്ങൾക്ക് വെള്ള വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യവും നിഷേധിച്ചിരുന്നു. മാത്രമല്ല, മുളയുടെ അലക് മലർത്തി വേലി കെട്ടുവാനുള്ള അനുവാദം പോലും നൽകിയിരുന്നില്ല. ഈ ദു:സ്ഥിക്കെല്ലാം അറുതി വന്നത് 1970 ലെ ഭൂപരിഷ്ക്കരണ നിയമം കേരളത്തിൽ നടപ്പിലായതോടെയാണ്. ഈ നിയമത്തിനുശേഷം ഇവിടെ കർഷകത്തൊഴിലാളികൾ കൂലിക്കും, പതമ്പിനും വേണ്ടി നിരവധി സമരത്തിന്നേതൃത്വം കൊടുത്തു. എന്നാൽ ജന്മിത്വകാലഘട്ടത്തിൽ മഞ്ഞപ്രയിൽ ഇതേരൂപത്തിൽ വലിയൊരു സമരം നടന്നിട്ടുണ്ട്. നിരവധി പോലീസ് മർദ്ധനങ്ങൾക്ക് ഇവിടത്തെയാളുകൾ വിധേയരായിട്ടുണ്ട്. ഇവിടത്തെ സമരങ്ങൾ നേതൃത്വം കൊടുത്ത വിപ്ലവ പ്രസ്ഥാനത്തിൻെറ നേതാക്കളായ കെ. ഇ. ഹനീഫ, വി. എസ്. സിദ്ദിക്ക്, കുന്നശ്ശേരികളം അപ്പുക്കുട്ടൻ, സി. സി. വേലുകുട്ടൻ, ശങ്കുവൈദ്യർ, സി. വി. മാധവൻ സ. ആലത്തൂർ ആർ. കൃഷ്ണൻ അദ്ദേഹത്തിൻെറ ജീവിചത സായാഹ്നത്തിൽ രചിച്ച വീഴ്മലയുടെ താഴ്വരയിൽ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ

സമരങ്ങളെക്കുറിച്ചും നമ്മുടെ പഞ്ചായത്തിൻെറ ചരിത്രവും ഇതിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു.

## രാഷ്ട്രീയ ഭരണ ചരിത്രം

അഞ്ച് പേരടങ്ങുന്ന സമിതിയാണ് പുരാതനകാലങ്ങളിൽ ഗ്രാമങ്ങളുടെ ഭരണം നിരവഹിച്ചിരുന്നത് അതിൽ നിന്നാണ് പഞ്ചായത്ത് എന്ന പദം തന്നെ ഉണ്ടായത്. പട്ടണങ്ങളും നഗരങ്ങളും, ഉണ്ടാവുന്നതിന് മുൻപ് തന്നെ മനുഷ്യൻെറ അധിവാസ കേന്ദ്രങ്ങളായിരുന്നു ഗ്രാമങ്ങൾ. ഒരു ഗ്രാമപ്രദേശത്ത് വസിക്കുന്ന ജനവിഭാഗമാണം ഗ്രാമസമുദായം. ചരിത്രാതീതകാലത്തുതന്നെ ഭാരതത്തിൽ സ്വയം പര്യാപ്തമായ ഗ്രാമ ഭരണ വ്യവസ്ഥ ഉണ്ടായിരുന്നു എന്നതിന് വേദങ്ങളിൽ തന്നെ തെളിവുകളുണ്ട്.

ആധുനിക രീതിയിലുള്ള ഗ്രാമ പഞ്ചായത്തുകൾ കേരളത്തിൽ രൂപം കൊണ്ടത് ഈ നൂററാണ്ടിൽ പല ഘട്ടങ്ങളായിട്ടാണ്. രാജാക്കന്മാരുടെ കാലത്തുതന്നെ 1914 ൽ കൊച്ചിയിലും 1925 ൽ തിരുവിതാംകൂറിലും വില്ലേജ് പഞ്ചായത്ത് ആക്ടുകൾ നിലവിൽ വന്നു. മലബാറിനു സംബന്ധിച്ചിടത്തോളം 1950 ലാണം ഇത്തരമൊരു നിയമം നടപ്പിലായത്. ഇതിൽ ആദ്യം അംഗങ്ങളെ ഗവണമെൻറ് നോമിനേററ് ചെയ്യാനും പിന്നീട് ജനങ്ങൾ തിരഞ്ഞെടുക്കാനുമായിരുൻു വ്യവസ്ഥ. അതനുസരിച്ച് കോങ്ങോട്ട് കൊച്ചുമാധവൻ നായർ മഞ്ഞപ്ര പഞ്ചായത്തിലും സർക്കാർ നിയമിച്ച പ്രസിഡൻറുമാരായിരുന്നു. തർക്കങ്ങൾ പറഞ്ഞു തീർക്കാനും അമ്പതു രൂപവരെയുള്ള കേസുകളിൽ തീർപ്പുകൽപ്പിക്കാനും ഈ പഞ്ചായത്ത് കോടിതകൾക്ക് അധികാരമുണ്ടായിരുന്നു.

1954 ലാണ് ഇവിടങ്ങളിൽ ആദ്യം ജനങ്ങൾ തിരഞ്ഞെടുത്ത പ്രസിഡൻറുമാർ ഉണ്ടായത്. വോട്ടർമാരുടെ യോഗത്തിൽ കൈപൊക്കി എണ്ണം നാക്കിയാണ്. അന്ന് ഭൂരിപക്ഷം നിർണ്ണയിച്ചത്. അങ്ങിനെ കണ്ണമ്പ്ര പഞ്ചായത്തിൽ പി. എസ്. വൈത്തീശ്വര അയ്യരും, മഞ്ഞപ്ര പഞ്ചായത്തിൽ കുന്നശ്ശേരി കളം അപ്പുകുട്ടനും പ്രസിഡൻറുമാരായി തെരഞ്ഞെടുക്കപ്പെട്ടു.

ഇവരുടെ കാലത്ത് 1961 ൽ മഞ്ഞപ്ര കണ്ണമ്പ്ര പഞ്ചായത്തുകൾ കുട്ടിചേർത്ത് കണ്ണമ്പ്ര പഞ്ചായത്ത് രൂപീകരിച്ചു. അന്നത്തെ പഞ്ചായത്ത് ആഫീസ് കണ്ണമ്പ്ര തോട്ടുപാലത്തെ രാമനാഥയ്യരടെ കെട്ടിടത്തിലാണ് ഏകീകരിച്ച പഞ്ചായത്താഫീസ് നിലനിന്നത്. പിന്നീടത് കമ്മ്യൂണിററി ഹാളിലേക്ക് മാററി സ്ഥാപിച്ചു.

1960ൽ കേരള നിയമസഭ സംസ്ഥാനത്തിനു മുഴുവൻ ബാധകമായ പഞ്ചായത്ത് ആക്ട് പാസാക്കി. അതിനുശേഷം 1964 ൽ സംസ്ഥാന വ്യാപകമായ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നു. അങ്ങിനെ രഹസ്യബാലററ് സമ്പ്രദായത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു സമിതികൾ നിലവിൽ വന്നു. കണ്ണമ്പ്ര പഞ്ചായത്തിൽ ശ്രീ. പി. പത്മനാഭൻ പ്രസിഡൻറും, ശ്രീ. കെ. ആർ. വിക്രമൻ വൈസ് പ്രസിഡൻറുമായി. ശ്രീമാന്മാരായ പി. എസ്. വൈത്തീശ്വര അയ്യർ, പി. കെ. സേതുമാധവൻ, കെ. ഗോപിനാഥൻ നായർ, പി. കുഞ്ചേലൻ, സി. കെ. ഗോപാലൻ, കെ. പി. ശങ്കരൻ, എന്നിവർ അംഗങ്ങളുമായിരുന്നു. വിദ്യാഭ്യാസ ചട്ടങ്ങളുനസരിച്ച് രാഷ്ട്രീയം ജോലിയെ ബാധിക്കുമെന്ന് ഭയന്ന് സ്വകാര്യം സ്കൂൾ അദ്ധ്യാപകരായിരുന്നു ശ്രീ. കെ. ആർ. വിക്രമൻ, ശ്രീ. കെ. വി ഗോപിനാഥൻ നായർ, പി. കെ. സേതുമാധവൻ എന്നിവർ. പിന്നീട് രാജിവക്കുകയും ആ ഒഴിവുകളിലേക്ക് ശ്രീ. കെ. പി. അറുമുഖൻ. ശ്രീ. പി. ചന്ദ്രൻ, ശ്രീ. കെ. പി. കുട്ടിരാമൻ, പി.

കെ. കല്യാണി (നോമിനേററഡ്) പി. സി. മാണിക്യൻ എന്നിവർ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കാലാവധി കഴിഞ്ഞിട്ടും അന്ന് പുതിയ തെരഞ്ഞെടുപ്പ് ഉണ്ടായില്ല. 1978 ലെ പുതിയ തെരഞ്ഞെടുപ്പുവരെ 14 കൊല്ലക്കാലം ശ്രീ. പത്മനാഭൻ പ്രസിഡൻറായി തുടർന്നു.

1964 ൽ മൂന്നാം ഗ്രേഡ് പഞ്ചായത്തായി തുടർന്ന് 1967 ൽ രണ്ടാംഗ്രേഡ് ആയും 1976 ൽ ഒന്നാം ഗ്രേഡ് ആയും ഉയർന്നു. പട്ടിക ജാതി, വട്ടികവർഗ്ഗങ്ങൾക്ക് വീട്ടുനികുതി ഒഴിവാക്കികൊണ്ട് ശ്രീ. പത്മനാഭൻ ഭരണം ആരംഭിച്ചു. ഈ കാലഘട്ടങ്ങളിൽ ലക്ഷം വീട് പദ്ധതിയനുസരിച്ച് 10 വീട് പൂർത്തീകരിക്കകയും 40 പേർക്ക സ്ഥലം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലാൻറ് സെസ്സ് ഒഴിവാക്കിയ പഞ്ചായത്തുകളിൽ ഒന്നാണ് കണ്ണമ്പ്ര പഞ്ചായത്ത്. കണ്ണമ്പ്ര തോട്ടു പാലത്തിന് സമീപം ഉള്ള ശുദ്ധജലവിതരണപദ്ധതി 1974 ൽ പൂർത്തീകരിച്ചതാണ്.

1978 ൽ നടന്ന രണ്ടാമത്തെ തെരഞ്ഞെടുപ്പിൽ ശ്രീ. സി. എ. പഴണിമല പ്രസിഡൻറും കെ. പി. അറുമുഖൻ വൈസ് പ്രസിഡനൻറും ശ്രീ. പി. ബാലൻ, ശ്രീ. കെബി. സുബ്രഹ്മണ്യൻ, ശ്രീ. സി. സി വേലായുധൻ, ശ്രീ. കുട്ടൻ, ശ്രീമതി എ. ജാനകി, ശ്രീ. മാത്യു സെബാസ്ററ്യൻ, ശ്രീ. എം. ഇ. ഫ്രാൻസിസ് എന്നിവർ അംഗങ്ങളുമായുള്ള പുതിയ ബോർഡ് നിലവിൽ വന്നു. ഈ ബോർഡ് ഇങ്ങനെ 6 കൊല്ലം തുടർന്നു. 1984 ൽ കേരള സർക്കാർ ഈ പഞ്ചായത്ത് ബോർഡുകളെ പിരിച്ചുവിടുകയും ടി. പി. ഒ. ഓപീസർമാരെ താൽക്കാലികമായി ഭരണചുമതല ഏൽപ്പിക്കുകയും ചെയ്തു. 1988 ൽ നടന്ന മൂന്നാമത് തിരഞ്ഞെടുരപ്പിൽ സി. എ. പഴഞ്ഞിമല വീണ്ടും പ്രസിഡൻറായി ഈ ബോർഡിൽ ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, വൈസ്പ്രസിഡൻറും, ശ്രീ. വേലുണ്ണി, ശ്രീ. കെ. സി. ഉമാദേവി, ശ്രീ. ജി. കരുണാകരൻ നായർ, സ്രീ. സി. കെ. ചാമുണ്ണി, ശ്രീ. ഗംഗാധരൻ ശ്രീ. ചന്ദ്രൻ, ശ്രീ. മാത്യു സെബസ്ററ്യൻ, ശ്രീമതി ഭവാനി എന്നിവർ അംഗമായിരുന്നു. ഏഴു വർഷം ഈ ബോർഡ് ഭരണം നടത്തി.

1978 മുതൽ 1995 വരെ പഞ്ചായത്ത് പ്രസിഡൻറയാരിുന്ന സി. എ . പഴഞ്ഞിമല ഭരണകാലത്തെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിൽ ഉള്ള പഞ്ചായത്ത് കെട്ടിടം, സാംസ്കാരിക നിലയം, ശിശുവിഹാർ, കളിസ്ഥലം എന്നിവ ഉണ്ടാക്കിയിട്ടുണ്ട്. പാവപ്പെട്ട ഹരിജനങ്ങൾക്കു പിന്നേക്കവിഭാഗകാർക്കും വീടുകൾ അനുവദിച്ചുട്ടുണ്ട്. ഏതാനും അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കുറെ റോഡുകൾ മെററലിങ്ങും ടാറിങ്ങും നടത്തിയിട്ടുണ്ട്. ചൂർക്കുന്ന കുളം, പന്തലാം പാടംകുളം, കാരപ്പൊറ വലിയകുളം, മഞ്ഞപ്ര വലിയകുളം, തേർകുളം, വെമ്പിരകുളം എന്നീ കുളങ്ങൾ ഇക്കാലത്താണ് പുനരുദ്ധീകരിച്ചിട്ടുള്ളത്. ഇന്നും പണി പൂർത്തീകരിക്കാത്ത ശുദ്ധജലവിതരണ പദ്ധതി ഇക്കാലത്താണ് ആരംഭിച്ചത്.

1995 സെപ്തംബറിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി ശ്രീമതി ഏലിയാമ്മ മാത്യുവിൻെറ നേതൃത്വത്തിൽ അധികാരം ഏറെറടുത്തു കെ. ആർ. ഷണ്മുഖൻ (വൈസ്പ്രസിഡൻറ്) എസ്. ഇസ്മായിൽ (സ്ററാൻറിങ്ങ് കമ്മിററി ചെയർമാൻ) സി. എ. അബ്ദുൾറഹിമാൻ, ആർ. കെ. രവീന്ദ്രൻ, സി. കെ. രാജേന്ദൻ, വി. എസ്. സിദ്ധിക്ക്, കെ. വി. ചന്ദ്രൻ, രതകുമാരി, വിജയകുമാരി, അംബുജം എന്നിവർ മെംബർന്മാരും ആണ്. ഇക്കാലത്തെ ഭരണനേട്ടങ്ങൾ താഴെ ചേർക്കുന്നു.

കേരള സംസ്ഥാനത്തിൽ ആദ്യമായി കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും അപകരടമരണ-അംഗവൈകല്യ ഇൻഷൂറൻസ് ഏർപ്പെടുത്തി. ഭൂരഹിത

കർഷക തൊഴിലാളികൾക്ക് സൗജന്യമായി 4 സെൻറ് വീതം സ്ഥലം കൊടുക്കുകയും ആയതിന് അനുമതിപ്പത്രവും പട്ടയവും കൊടുത്തു. പഞ്ചായത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ 19 സോഡിയം വേപ്പർ ലാമ്പും സ്ഥാപിച്ചു. നിലവിൽ ഉള്ള കുടിവെള്ള ക്ഷാമം പരിഹിക്കുന്നതിന് കൊട്ടേക്കാട്ടിൽ 500 മീററർ പൈപ്പ് ലൈൻ സ്ഥാപിച്ചു. മഞ്ഞപ്രപൂത്തറയിൽ ഒരു പാമ്പിങ്ങ് സ്റേറഷനും തേവാരകടവിൽ ഒരു ബോർവെല്ലും കുഴിച്ചു. ചൂർക്കുന്ന ലക്ഷം വീട്, കൊളയക്കാട് ലക്ഷം വീട് എന്നീ ഗുണഭേക്താക്കൾക്ക് അററകുററപ്പണികൾക്കായി 1,000 രൂപാ വീതം അനുവദിച്ചു. കല്ലേരിയിൽ പുതിയതായി ഒരു അങ്കണവാടി കെട്ടിടം നിർമ്മിച്ചു. കൊട്ടേക്കാട് സബ്സൻെറർ പുനർനിർമ്മാണം നടത്തി. കണ്ണമ്പ്ര പി. എച്ച്. സി. യിൽ അററകുററപ്പണി നടത്തി.

ഹരിജനങ്ങൾക്കും പിന്നോക്കവിഭാഗങ്ങൾക്കും 25 വീടും 25 കക്കൂസും കൊടുത്തു. വിവിധ വാർഡുകളിലായി ഏതാനും റോഡുകൾ കോൺക്രീററും, മെററിലിട്ടും ടാറിങ്ങും നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉള്ള കിണറുകളിൽ അററകുററ പണി ചെയ്തു പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കിയിട്ടുണ്ട്. 20-ാം ഓളം റോഡുകൾ പുനർനിർമ്മാണ പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നു.

വായനശാലകൾക്ക പത്രമാസികൾ അനുവദിക്കുകയും പൂട്ടികിടന്ന് മഞ്ഞപ്ര വായനശാല തുറന്ന് പ്രവർത്തനം ആരംഭിക്കുകയും മഞ്ഞപ്ര കുന്നുശ്ശേരി പറമ്പ് ഐ. എച്ച്. ഡി. പി. കോളനിയിൽ ഒരു ടെലിവിഷൻ സ്ഥാപിക്കുകയും ചെയ്തു.. സമർത്ഥരായ വിദ്യാർത്ഥികൾക്ക് അവാർഡ് കൊടുക്കുകയും കലാകായിക പ്രതിഭകളെ ആദരിക്കുകയും ചെയ്തു.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ വരുന്ന '97 മാർച്ച് മാസത്തിനുള്ളിൽ പതിനൊന്നു വാർഡുകളിലായി വിവിധ മേഖലകളിൽ 21 ലക്ഷത്തിൽ പരം രൂപയുടെ വികസനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ നടത്തിവരുന്നു.

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്മാർ

| | | |
|---|---|---|
| സെക്രട്ടറി | - | ഒന്ന് |
| ജൂനിയർ സൂപ്രണ്ട് | - | ഒന്ന് |
| യു. ഡി. ക്ലർക്ക് | - | 3 |
| എൽ. ഡി. ക്ലർക്ക് | - | 3 |
| പ്യൂൺ | - | ഒന്ന് |
| നെഴ്സ്സറി ടീച്ചർ | - | ഒന്ന് |
| ആയ | - | ഒന്ന് |
| ലൈബ്രേറിയൻ | - | ഒന്ന് |
| പാർട്ട് ടൈം സ്വീപ്പർ | - | രണ്ട് |
| പാർട്ട് ടൈം നൈററ് വാച്ച്മാൻ | - | ഒന്ന് |

## ഭൂപ്രകൃതി

കണ്ണമ്പ്ര പഞ്ചായത്തിൻെറ വിസ്തീർണ്ണം 29.72 കി. മീററാണ്. ഈ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച രണ്ടായി തിരിക്കാം. ഒ ന്ന് സമതല പ്രദേശം. രണ്ട് മലമ്പ്രദേശം. വർഷങ്ങൾക്കുമുമ്പ് പഞ്ചായത്തിൻെറ ഭൂരിഭാഗം സ്ഥലങ്ങളും വനപ്രദേശങ്ങളും പാറ പ്രദേശങ്ങളും നിറഞ്ഞതായിരുന്നു. ബാക്കിയുള്ള വളരെക്കുറച്ച് സ്ഥലത്തു മാത്രമാണ് നെൽകൃഷി ചെയ്തിരുന്നത്.

കുടിയേററക്കാർ പഞ്ചായത്തിൻെറ കാർഷികമേഖലയിൽ കാതലായ മാററം വരുത്തി. മലഞ്ചെരിവുകളിൽ റബ്ബറും മററു നാണ്യവിളകളും വൻതോതിൽ കൃഷി ചെയ്യാൻ തുടങ്ങി. സമതല പ്രദേശങ്ങളിൽ പച്ചക്കറികളും, വാഴ കൃഷിയും വ്യാപകമാക്കി. 10, 9, 8, 7, 6 എന്നീ വാർഡുകളിൽ നെൽകൃഷിയാണ് കൂടുതലായികാണുന്നത്. 5, 1, 11, 3, 4, 2 വാർഡുകളിൽ നാണ്യ വിളകളാണ് കൂടുതലായി കൃഷി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ പ്രധാന കൃഷി ഇപ്പോൾ റബ്ബറാണ്.

കണ്ണമ്പ്ര പഞ്ചായത്തിൽ പാറകൾ കൂടുതലുള്ളതുകൊണഅട് കരിങ്കൽ വ്യവസായം വ്യാപകമായിട്ടുണ്ട്. നീലിപ്പാറ, മൈലാടുംപാറ, വാളുവെച്ചപാറ, മഞ്ഞപ്ര, എന്നീ പ്രദേശങ്ങളിൽ ക്വാറികൾ നടത്തുന്നുണ്ട്.

പഞ്ചായത്തിൻറ മിക്ക പ്രദേശങ്ങളിലും നല്ല ഫലപുഷ്ടിയുള്ള മണ്ണാണ് കാണപ്പെടുന്നത്. ചില ഭാഗങ്ങളിൽ ചരൽ മണ്ണും, മണൽ കലർന്ന മണ്ണും കാണാം. ഈ പ്രദേശങ്ങളിൽ നെല്ല, തെങ്ങ്, വാഴ, ഇഞ്ചി എന്നി വകൃഷി ചെയ്തുവരുന്നു. ഇവിടെ ഉണ്ടാക്കുന്ന നെല്ലിനങ്ങൾക്ക് മററു പ്രദേശങ്ങളെ അപേക്ഷിച്ച് തൂക്കവും ഗുണവും കൂടുതൽ കാണുന്നുണ്ട്.

ഈ പഞ്ചായത്തിൽ കണ്ണമ്പ്ര - 1, കണ്ണമ്പ്ര - 2 എന്നീ വില്ലേജുകൾ ഉണ്ട്. 1991 ലെ കാനേഷുകുമാരി കണക്കനുസരിച്ച് 23570 ആകെ ഇവിടത്തെ ജനസംഖ്യ. ജനസാന്ദ്രത 793 ആണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളാണ്. കുറച്ചാളുകൾ തോട്ടം മേഖലയിലും, നിർമ്മാണ മേഖലയിലും പണിയെടുക്കുന്നു. സർക്കാർ ജോലിക്കാർ കുറവാണ്.

വർഷത്തിൽ ശരാശരി 2329 മി. മീററർ മഴ ഇവിടെ ലഭിക്കുൻുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏററവും കൂടുതൽ മഴ ലിക്കുന്നത്. ഏററവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. നവംബർ, ഫെബ്രുവരി മാസങ്ങളിൽ ശക്തിയായ കാററ് വീശാറുണ്ട്.

## പഠനപര്യടനം

ജനകീയാസൂത്രണത്തിൻെറ ഭാഗമായി പഞ്ചായത്തിൻെറ ഭൂപ്രകൃതിയും, മൺതരങ്ങളും മനസ്സിലാക്കുന്നതിനായി ഒരു പഠനപര്യടനം നടത്താൻ തീരുമാനിച്ചു. പഞ്ചായത്ത് ആസത്രണ സമിതിയുടെ കോ - ഓർഡിനേററായ ശ്രീ. കെ. ആർ. സുധീർബാബുവിൻെറ നേതൃത്വത്തിൽ 12 പേരടങ്ങുന്ന ഒരു പഠനസംഘം 1996 നവംബർ മാസം 8-ാം തിയ്യതി വെള്ളിയാഴ്ച കാലത്ത് 9-3- ന് കാരപ്പൊററ ജംഗ്ഷനിൽ നിന്നും യാത്രതിരിച്ചു.

ഞങ്ങളുടെ ലക്ഷ്യം കാരപ്പൊററയുടെ ഭാഗത്തുള്ള പോത്തുചാടി ആയിരുന്നു.

## മററു സംഘാംഗങ്ങൾ

| | |
|---|---|
| 1. ശ്രീ. പി. ബാലൻ | District Resource Person |
| 2. ജി. വിശ്വനാഥൻ | ,, |
| 3. ടി. കണ്ണൻ | ,, |
| 4. സിദ്ധിഖ് | പഞ്ചായത്ത മെമ്പർ |
| 5. ആർ. കെ. രവീന്ദ്രൻ | പഞ്ചായത്ത് മെമ്പർ |
| 6. ശ്രീമതി. പി. വിജയകുമാരി | പഞ്ചായത്ത് മെമ്പർ |
| 7. ശ്രീമതി. അംബുജം | പഞ്ചായത്ത് മെമ്പർ |
| 8. കെ. വി. ചന്ദ്രൻ | പഞ്ചായത്ത് മെമ്പർ |
| 9. ശ്രീ. വി. പ്രഭാകരൻ | പഞ്ചായത്ത് ഉദ്യോഗസ്ഥൻ |
| 10. ശ്രീ. ഇ. കെ. മുസ്തഫ | പഞ്ചായത്ത് ഉദ്യോഗസ്ഥൻ |
| 11. ശ്രീ. രാജു | ഗ്രാമ സേവകൻ |
| 12. ശ്രീ. സതീശൻ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |

കൃഷിഭവൻ, വില്ലേജ് ഓഫീസുകൾ എന്നിവടങ്ങളിൽ നിന്നും ആരും പങ്കെടുക്കുകയുണ്ടായില്ല. പഠന യാത്ര ആരംഭിക്കുന്നതിനു മുൻപ് തന്നെ ഈ രണ്ടു പേരടങ്ങുന്ന ഗ്രൂപ്പ് ഉണ്ടാക്കുകയും ഓരോ ഗ്രൂപ്പിന് ഓരോ ചുമതലകൾ വീതിച്ചു കൊടുക്കുകയും ചെയ്തു.

ഞങ്ങളുടെ കൂട്ടത്തിൽ ഏററത്തവും പ്രായം കൂടിയ ആൾ പഞ്ചായത്ത് മെമ്പറായ സിദ്ധിഖ് ആയിരുന്നു. ചെറുപ്പക്കാരായ മററു സംഘാംഗങ്ങൾക്ക് പ്രചോദനവും, ശക്തിയും സംശയ നിവാരണവും അദ്ദേഹം നൽകിയിരുന്നു.

കാരപ്പൊറയിൽ നിന്ന് കൊട്ടയ്ക്കാട് ചൂർക്കുന്ന് റോഡിലൂടെ യാത്ര തിരിക്കുമ്പോൾ വെയിലിന് ചൂട് ഏറിവരുന്നുണ്ടായിരുന്നു. പക്ഷെ റോഡിനിരുവശവുമുള്ള വൃക്ഷലതാദികൾ ഞങ്ങൾക്ക് കുളിർമപകർന്നു. ചരൽ കലർന്ന മണ്ണുള്ള ആ പ്രദേശത്ത് തെങ്ങും, വാഴയം കൃഷി ചെയ്തിരിക്കുനനു. അല്പം ഉയർന്ന പ്രദേശമാണ് കൊട്ടയ്ക്കാട് അവിടെ നിന്ന് തെക്കോട്ട് താഴേക്കിറങ്ങിയാൽ ചൂർക്കുന്ന് ഭാഗത്തെ നെൽവയലുകളാണ് കാണൻ കഴിയുക. ഇവിടെ ഇരുപ്പൂവൽ കൃഷിസ്ഥലങ്ങളാണ്. ഈ വയലേലകളുടെ തെക്കുപിഞ്ഞാറു ഭാഗത്തായി രണ്ടു കുന്നുകൾ കാണാൻ കഴിയും. പരുതക്കുന്നും, ചുടുക്കുന്നും ഈ കുന്നുകളിൽ റബർ തോട്ടങ്ങളാണ്. ഉള്ളത്.

ചൂർക്കുന്നിൽ നിന്നും ഞങ്ങൾ കല്ലേരി ഭാഗത്തേക്ക് നീങ്ങി. പശിമരാശി മണ്ണു നിറഞ്ഞ സമതലപ്രദേശമാണ് കല്ലേരി. നെല്ലും, വാഴയും, തെങ്ങും കൃഷി ചെയ്യുന്നു. കല്ലേരിയോടു ചേർന്നാണ് കണ്ണമ്പ്രതോട് ഒഴുകുന്നത്. ഈ തോട്ടിൽ ക്രോസ്ബാറുള്ള തട?യണയുണ്ട്. തോട് മുറിച്ച് കടന്നാൽ ചല്ലിപ്പറമ്പിലാണ് എത്തിച്ചേരുന്നത്. ചരൽപ്പറമ്പാണ് ചല്ലിപ്പറമ്പായതെന്ന് പറയപ്പെടുന്നു. ഇവിടെയം ചരൽ നിറഞ്ഞ പശിമരാശി മണ്ണാണ് ഉള്ളത്. നല്ലും, വാഴയും, തെങ്ങും കപ്പയും സമൃദ്ധിയായി കൃഷി ചെയ്യുന്ന പ്രദേശമാണിത്. ചല്ലിപ്പറമ്പിൽ ഒരു കുന്നുണ്ട് മരുതകുന്ന് ഞങ്ങൾ ആ കുന്നിൽ കയറി. ഈ കുന്നിൻ ജനങ്ങൾ താമസിക്കുന്നുണ്ട്. അവർക്ക നല്ല വഴിയില്ല എന്ന പരാതി ഉണ്ട്.

ഈ കുന്നിന് മുകളിൽ നിന്ന് നോക്കിയാൽ ചുററുമുള്ള സമതലപ്രദേശം ഭംഗിയായി കാണാം.

മരുതകുന്നിൽ നിന്നും ഇറങ്ങി വരുമ്പോൾ സമയം 11 മണിയായിരുന്നു. മൂന്നാം വാർഡ് മെമ്പർ വിജയകുമാരിയുടെ വക ചെറിയ ചായ സൽക്കാരത്തിനുശേഷം വീണ്ടും യാത്ര തുടർന്നു. ചല്ലിപ്പറമ്പ് ചുവട്ടു പാടം റോഡിലൂടെ യാത്ര ചെയ്ത ഞങ്ങൾ ചരിത്ര പ്രധാന്യമുള്ള വാവുമലയുടെ ചുവട്ടിലെത്തി അവിടമാകെ പാറപ്രദേശമാണ്. എങ്കിലും റബർ നന്നായി വളർന്നു നിൽകുന്നത് കാണാമായിരുന്നു. അവിടെയൊരു കുളം കണ്ടു. പൊട്ടച്ചിറ എന്നാണതിൻെറ പേര് കെട്ടി സംരക്ഷിക്കുകയാണെങ്കിൽ മത്സ്യകൃഷി നടത്താൻ കഴിയുമെന്ന് ചിലർ പറഞ്ഞു. അതിനടുത്ത് തന്നെ ഒരു കരിങ്കൽ ക്വാറിയും ഉണ്ട്. പിന്നീട് എത്തിച്ചേർന്നത് വാവുമലയുടെ ചുവട്ടിലാണ്.

ഏതാണ്ട് 500 അടി പൊക്കമുള്ള ഒരു മലയാണ് വാവുമല. സംഘത്തിലെ ചിലർ മലകയറുവാൻ വിസമ്മതം പ്രകടിപ്പിച്ചു പക്ഷെ മററുള്ളവരുടെ നിർബന്ധത്തിനുവഴങ്ങി എല്ലാവരും വാവുമല കയറി വാവുമലയുടെ മുകളിലെത്തിയപ്പോൾ സമയം 12 മണി ആയി. സൂര്യൻ തലക്കുമുകളിൽ കത്തിജ്വലിച്ചു നിൽക്കുമ്പോഴും മലമുകളിൽ നല്ല തണുപ്പ് അനുഭവപ്പെട്ടിരുന്നു. മലമുകളിൽ നിന്ന് നോക്കിയാൽ കണ്ണമ്പ്ര പഞ്ചായത്തും തൊട്ടടുത്ത പഞ്ചായത്തുകളിലെ ചില പ്രദേങ്ങളും ഭംഗിയായി കാണാൻ കഴിയും. അതിമനോഹരവും, അതിശയകരവുമായിരുന്ന ആകാഴ്ച അവസാനിപ്പിച്ച് നടത്തം തുടരുവാൻ സംഘാംഗങ്ങൾക്ക് ആർക്കും തോന്നിയില്ല. അത്രയ്ക്ക് നയനമനോഹമായിരുന്നു മലമുകളിൽ നിന്നുള്ള ദൃശ്യം വാവുമലയുടെ മുകളിൽ ഒരു ശിവലിംഗ പ്രതിഷ്ഠയുണ്ട്. വൃശ്ചികമാസം 1-ാം തിയ്യതി അവിടെ പ്രത്യേക പൂജയുണ്ട്. അന്ന് ധാരാളം കുട്ടികളും മറു ഭക്തജനങ്ങവും അവിടെ സന്ദർശിക്കാറുണ്ട് അങ്ങിനെയാണ് വാവുമല എന്ന പേരു വന്നതെന്നും അറിയാൻ കഴിഞ്ഞു. എൻ. എച്ച്. 47 ൽ നിന്നും അധികം ദൂരത്തല്ലാതെ സ്ഥിചെയ്യുന്ന ഈ വാവുമല ഒര ടൂറിസ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

വാവുമലയിൽ ഒരു ചെറിയ ഗുഹയുണ്ട് അഞ്ച് മീററർ മാത്രമേ അതിന് നീളുമുള്ളു. സംഘാംഗങ്ങളായ സതീശനും, കണ്ണനും, രാജുവിനും, അംബുജത്തിനും ആ ഗുഹക്കുള്ളിലൂടെ നടക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നു അവർ അത് നിർവ്വഹിക്കുകയം ചെയ്തു. മറു സംഘാംഗങ്ങൾ ഗുഹയുടെ ഒരറത്ത് നിന്ന് നോക്കി തിരിച്ചു വന്നു.

വാവുമലയുടെ ചുററുമുള്ള മുഴുവൻ പ്രദേശവും റബർ തോട്ടങ്ങളാണ്. വാവുമലയിൽ നിന്ന് ചുവട്ടിലിറങ്ങിയപ്പോൾ ജോസഫ് ഇളനീർ വെള്ളവുമായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. ചെറിയ വിശ്രമത്തിനുശേഷം വീണ്ടും യാത്ര തുടർന്നു. ചുററും റബർ തോട്ടങ്ങൾ മാത്രം, താഴ്ന്ന സ്ഥലത്ത് നെൽകൃഷിയും കണ്ടു. കൃഷിക്ക് വളരെ അനുയേജ്യമായ മണ്ണാണ് ആ സമതലത്ത് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. രണ്ടുവിളവ് മാത്രമടുക്കുന്ന ആ സ്ഥലത്ത് മൂന്നാം വിളയായി പച്ചക്കറി കൃഷി ഭംഗിയായി നടത്താൻ കഴിയും.

പിന്നീട് ഞങ്ങൾ എത്തിച്ചേർന്നത് വാളുവെച്ചപാറ എന്ന് സ്ഥലത്താണ് നെല്ലും, വാഴയം, തെങ്ങും, അല്പം കവുങ്ങും കൃഷി ചെയ്യുന്ന പ്രകൃതി സൗന്ദര്യം വഴിഞ്ഞൊഴുകുന്ന സ്ഥലമാണ് വാളുവെച്ച പാറ. അവിടെയാണം കണ്ണമ്പ്ര തോട്ടിലെത്തുന്ന ജലത്തിൻെറ പ്രധാന സ്രോതസ്സുകൾ. സംരക്ഷിക്കാൻ കഴിയുന്ന ശക്തമായ രണ്ടു ജലസ്രോതസ്സുകൾ തദ്ദേശവാസികൾ ഞങ്ങൾക്ക് കാണിച്ചുതന്നു. വേനൽക്കാലത്ത് പോലും ടാ

പ്പിൽ നിന്ന് ജലം വരുന്നതുപോലെ ഉറവ് ജലം പുറത്തേക്ക് ഒഴുകുന്നത് കാണാൻ കഴിയുമത്രേ. ശരിക്ക് പഠിച്ച് സംരക്ഷിക്കേണ്ടവയാണ് ആ ജലസ്രോതസ്സുകൾ. ഇനിയെങ്കിലും ശ്രദ്ധിക്കാതെ വിട്ടാൽ കണ്ണമ്പ്ര പഞ്ചായത്തിലെ കാർഷികരംഗം മുരടിക്കുക തന്നെ ചെയ്യു.

പണ്ട് യുദ്ധത്തിന് പോകുന്ന പോരാളികൾ തങ്ങളുടെ വാളുകൾ കുലദൈവത്തിന് മുമ്പിച്ച വെച്ച് പൂജിക്കാറുണ്ടായിരന്ന സ്ഥലമാണ് വാളുവെച്ച് പാറ. അത് അന്വർത്ഥമാക്കുന്ന വിധത്തിൽ ഒരു ചെറിയ ക്ഷേത്രവും അവിടെ കാണാൻ കഴിഞ്ഞു.

അപ്പോഴേക്കും സമയം ഒരു മണി കഴിഞ്ഞിരുന്നു. സംഘംഗങ്ങൾക്ക് വിശപ്പോ, ദാഹമോ, ക്ഷീണമോ തോന്നിയില്ല. ഞങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് ശ്രീ. കെ. പി. രാമൻ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ കെ. പി. രാമകൃഷ്ണൻ എന്ന കർഷകൻെറ വീട്ടിലേക്ക് നയിച്ചു. അവിടെയായിരുന്നു ഞങ്ങൾക്കുള്ള ഉച്ചഭക്ഷണം ഒരുക്കിയിരുന്നത്. വിഭവസമൃദ്ധമായ ആഹാരം കഴിച്ചു കഴിഞ്ഞപ്പോൾ അല്പം വിശ്രമം വേണമെന്നു തോന്നി. പക്ഷെ വിശ്രമിക്കാൻ നിൽക്കാതെ വീണ്ടും യാത്ര തുടർന്നു.

അവിടെ നിന്ന് നേരേ കുന്നുകയറി. ചെമ്മണ്ണും കുന്ന് എന്നാണതിൻെറ പേര്. പേരിനെ അന്വർത്ഥമാക്കുന്ന വിധമായിരുന്നു അവിടത്തെ മണ്ണം. ആ പ്രദേശം മുഴുവനും റബർ കൃഷിയാണ് ആകുന്ന് കയറിയിറങ്ങുന്നത് എൻ. എച്ച്. 47 ലേക്കാണ് മേരിഗിരി എന്നാണ് ആ സ്ഥലം അറിയപ്പെടുന്നത്. അിവടെനിന്ന് ചക്കുണ്ട്. കുമ്പളപ്പാടി വഴി ഞങ്ങൾ രക്കാണ്ടിയിലെത്തി ഇതും ഒരു കുന്ന് ആണ്. ഇവിടെയും പ്രധാന കൃഷി റബറാണ്. രക്കാണ്ടി കുന്നിറങ്ങിയാൽ കവറപ്പാറയായി. ഒരു വനപ്രദേശത്തിനെ പ്രതീതി തോന്നിപ്പിക്കുന്ന സ്ഥലത്ത് ഒരു പാറയുണ്ട്. പണ്ട് കൊട്ട, പനമ്പ്, വട്ടി തുടങ്ങിയ വനെയ്യുന്ന കവറ സമുദായക്കാർ ഈറ, മുള തുടങ്ങിയവ വെട്ടുന്നതിനായി ഇവിടെ വരികയും ഈ പാറയിൽ വിശ്രമിക്കുകയും തങ്ങളുടെ ആയുധങ്ങൾ മൂർച്ച വരുത്തുകയും ചെയ്തിരുന്നതു കൊണ്ടാണത്രെ കവറപ്പാറ എന്ന പേരു വന്നത്.

കവപ്പാറയിൽ നിന്ന് പോത്തു ചാടി എന്ന ഞങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. ഈ പ്രദേശവം ഒരു കുന്നാണ്. ഇവിടത്തെയും പ്രധാന കൃഷി റബ്ബറാണ്. അല്പം കുരുമുളകു കൃഷിയും കാണാൻ കഴിഞ്ഞു. പോത്തു ചാടി കഴിഞ്ഞാൽ തൊട്ടടുത്ത പ്രദേശം തൃശൂർ ജില്ലയാണ്. പോത്തു ചാടിയിലാണ് ഞങ്ങളുടെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. എലിയാമ്മ മാത്യുവിൻെറ വീട്. ഞങ്ങൾ വിടെയെത്തിയപ്പോഴേക്കും സമയം 4.30 ആയി. പ്രസിഡൻറും അവരുടെ മകളും ഞങ്ങളെ പ്രതീക്ഷിച്ച് കാത്തിരിക്കുകയായിരുന്നു. ചായയും പലഹാരങ്ങളുമായി അവർ ഞങ്ങളെ സൽക്കരിച്ചു.

പഠന യാത്ര സംഘാംഗങ്ങൾക്കെല്ലാവർക്കം ഒരു പുതിയ അനുഭവമായിരുന്നു. അതുകൊണ്ട് തന്നെ എല്ലാവരും ഊർജ്ജ സ്വലതയോടെ പരിപാടിയിൽ പങ്കെടുത്തു. യാത്രയിൽ ഞങ്ങൾക്ക് ഏകദേശം നാല്പതോളം ഔഷധസസ്യങ്ങൾ കാണാൻ ശേഖരിക്കാനും കഴിഞ്ഞു. പഞ്ചായത്തിൽ ഔഷധ സസ്യത്തോടും സ്ഥാപിക്കാൻ കഴിയുന്ന സ്ഥലങ്ങളാണ് നേരത്തേ സൂചിപ്പിച്ചവയൊക്കെ. അതിൻെറ സാദ്ധ്യതകളെക്കുറിച്ച് കൃഷി ഉദ്യോഗ്സ്ഥർ പഠിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുയാണെങ്കിൽ പഞ്ചായത്തിൽ ഔഷധ സസ്യക്കൃഷി ഭംഗിയായി നടത്തൻ കഴിയുമെന്നതിന്ന് ഒരു സംശയവുമില്ല.

1. ഭൂവിനിയോഗം




2. മൺതരം




3. ഭൂപ്രകൃതി




4. ജൈവസമ്പത്ത്




5. വിളകൾ



## പഠന പര്യടനം



കൊട്ടേക്കാട്
PH Centre
(കുന്ന്)
വാളുവെച്ചപാറ
NH·47
TCR·DT
വാഴ
നെല്ല്
തെങ്ങ്
റബ്ബർ
കവുങ്ങ്
കുളം
നീരുറവ

# സാമൂഹിക - സാമ്പത്തിക മേഖല




# കൃഷിയും ജലസേചനവും

# കൃഷിയും ജലസേചനവും

കണ്ണമ്പ്ര പഞ്ചായത്തിന്റെ സമ്പദ്ഘടന തികച്ചും കൃഷിയെ ആശ്രയിച്ചിരിക്കുന്നു. കൂടുതലും നിരപ്പായ ഭൂപ്രദേശങ്ങളാണെങ്കിലും തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ വലിയ കുന്നുകളും താഴ്‌വരകളും ഉണ്ട്. കിഴക്കെ അതിർത്തികളിൽ ചെറിയ മൊട്ടക്കുന്നുകളും കാണാം. ചരൽ മണ്ണ്, കരിമണ്ണ്, ചുവന്ന മണ്ണ്, മണൽകലർന്ന മണ്ണ് എന്നിവയാണ് പ്രധാന മൺ തരങ്ങൾ.

ഐക്യകേരളപ്പിറവിയ്ക്കുശേഷം കേരളമാകെ നടപ്പാക്കിയ കുടികിടപ്പു നിയമവും ഭൂപരിഷ്ക്കരണ നിയമവും കർഷക ബന്ധ ബില്ലും പഞ്ചായത്തിലെ കാർഷിക മേഖലയിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടാക്കി. ഒരു പിടി ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്ന കൃഷി ഭൂമികൾ ആയിരകണക്കിനു വരുന്ന കാണക്കുടിയാന്മാരുടെ കൈവശമായി മാറി. ഈ മാററം കാർഷികോൽപ്പാദനരംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് ഇടയാക്കി.

ഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരാണ്. ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള നാമമാത്ര കർഷകരാണ് കൂടുതൽ. ഏററവും അധികം സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. എന്നാൽ കർഷകരിൽ മഹാഭൂരിപക്ഷവും നെല്ല് കൃഷി ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ മുഖ്യവിളയാണ് നെല്ല്. ഇവയ്ക്കുപുറമെ തെങ്ങ്, വാഴ, കപ്പ എന്നിവയും പ്രധാന കൃഷികളാണ്. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, അടയ്ക്ക തുടങ്ങിയ നാണ്യവിളകളും പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചേന, ചേമ്പ് കച്ചോലം, പൈനാപ്പിൾ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവും ഇവിടെ കൃഷി ചെയ്തു വരുന്നു.

പഞ്ചായത്തിലെ വിള വിസ്തീർണ്ണം, ഉൽപ്പാദനം, ഭൂമി സംബന്ധച്ച വിവരങ്ങൾ എന്നിവയുടെ പട്ടികകൾ താഴെ ചേർക്കുന്നു.

പട്ടിക 2

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉത്പാദനം (കി. ഗ്രാമിൽ) | ഉത്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 980-00 | 79,00,000 k. g. | 5000 k. g. |
| നെല്ല് (രണ്ടാം വിള) | 910-00 | 36,40,000 k. g. | 4000 k. g. |
| റബ്ബർ | 1000-00 | 10,00,000 k. g. | 1000 k. g. |
| തെങ്ങ് | 75-00 | 15,75,000 എണ്ണം | 21000 എണ്ണം |
| വാഴ | 50-00 | 7,50,000 k. g. | 15000 k. g. |
| മരച്ചീനി | 22-00 | 3,41,000 k. g. | 15500 k. g. |
| പയർ | 20-00 | 40,000 k. g. | 2000 k. g. |
| പച്ചക്കറികൾ | 15-00 | 75,000 k. g. | 5000 k. g. |
| കശുമാവ് | 15-00 | 19,200 k. g. | 1280 k. g. |

പട്ടിക 2

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 980-00 |
| പുരയിടം | 1100-00 |
| പുറമ്പോക്ക് | 85-00 |
| കൃഷിയോഗ്യ തരിശ് | 50-00 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 30-00 |
| മററുള്ളവ | 822-00 |
| ആകെ ഭൂമി | 3067-00 |

കണ്ണമ്പ്ര പഞ്ചായത്തിനെ രണ്ടു വില്ലേജുകളായി തിരിച്ചിരിക്കുന്നു. ഒന്നാം വില്ലേജ് ഭൂമി വിസ്തൃതിയിൽ 74.76% (1293) ഉൾക്കൊള്ളുന്നതും പഞ്ചായത്തിലുള്ള നാണ്യവിളകളുടെ കലവറയുമാണ്. മൊത്തം റബ്ബർ ഉത്പാദനത്തിൻെറ 95% ഈ വില്ലേജിലാണ്.

രണ്ടാം വില്ലേജിൽ പ്രധാനമായും നെല്ല് കൃഷി ചെയ്യുന്നു. 774 ഹെക്ടർ (25.24%) ഭൂമിവസ്തൃതിയാണ് ഈ വില്ലേജിനുള്ളത്. നാണ്യവിളകൾ നാമമാത്രമായി കൃഷി ചെയ്തുവരുന്നു.

പഞ്ചായത്തിലെ മൊത്തം ഭൂമി കൈവശത്തെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 3

## (കൃഷിഭവൻ രേഖയിൽ നന്ന്)

| | |
|---|---|
| നാമമാത്ര കർഷകർ (1 ഹെക്ടർ) | 4939 പേർ |
| ചെറുകിട കർഷകർ (1-2 ഹെക്ടർ) | 434 പേർ |
| വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) | 226 പേർ |

## നെൽകൃഷി

പഞ്ചായത്തിൻെറ മൊത്തം ഭൂമിവസ്തൃതിയുടെ 32% നെല്ല് കൃഷി ചെയ്യുന്ന വയലുകളാണ്. വിശാലമായ നെല്പാടങ്ങൾ പണ്ടെന്നപോലെ ഇന്നും വലിയ ഏററക്കുറച്ചിൽ ഇല്ലാതെ നിലകൊള്ളുന്നു. കർഷകരിൽ ഭൂരിഭാഗവും നെല്ല് പ്രധാനമായും കൃഷി ചെയ്യുന്നവരാണ്. പല ആവശ്യങ്ങൾക്കായി പാടങ്ങൾ നികത്തുന്നത് താരതമ്യേന ഇവിടെ കുറവാണ്. നെൽകൃഷി കൂടുതൽ ആദായകരമല്ലാത്ത അവസ്ഥയും മററ് പ്രായോഗിക ബുദ്ധിമുട്ടുകളും മൂലം കർഷകരിൽ അസംതൃപ്തിയുണ്ട്. ഇത് ഭാവിയിൽ നെല്ലുൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുമോ എന്ന ആശങ്ക നിലനിൽക്കുന്നു.

വയലുകൾ 93% വും ഇരുപ്പു നിലങ്ങളാണ്. വാർഡുകൾ 1, 2, 4, 11 എന്നിവ പൂർണ്ണമായും 3-ാം വാർഡ് നാടൻ വിത്തിനങ്ങളായ തവളക്കണ്ണൻ, ചെറുമണിയൻ, പൊന്നാര്യൻ തുടങ്ങിയവ 1970 നു മുമ്പ് ഇവിടെ കൃഷി ചെയ്തിരുന്നു. ജൈവവളം മാത്രമേ അന്ന് ഉപയോഗിച്ചിരുന്നുള്ളു. നിലവിൽ സങ്കരയിനം വിത്തുകൾ മാത്രം ഉപയോഗിച്ചു വരുന്നു. ആതിര, ത്രിവേണി, പവിഴം, കാഞ്ചന, കുഞ്ഞുകുഞ്ഞ്, പൊന്മണി തുടങ്ങിയവയാണം പ്രചാരത്തിലുള്ളത്. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപ

യോഗം ഇതോടൊപ്പം വർദ്ധിച്ചുവന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള രാസവളപ്രയോഗം തീരെ നടക്കുന്നില്ല. അശാസ്ത്രീയമായ രാസവളപ്രയോഗം മൂലം മണ്ണിൻെറ ഗുണം നഷ്ടപ്പെടുന്നു. എന്നുമാത്രമല്ല കൃഷിച്ചെലവ് അനാവശ്യമായി വർദ്ധിക്കുവാനും കാരണമാകുന്നു.

പട്ടിക 4

### കീടനാശിനി - രാസവളത്തിൻെറ ഉപയോഗം

| | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| രാസവളം | 1378 | 1225 | 1174 |
| (ലായനി) | 6000 ലിററർ | 6360 ലിററർ | 6300 ലിററർ |
| കീടനാശിനി | | | |
| (വരം) | 575 കി. ഗ്രാം | 175 കി. ഗ്രാം | 525 കി. ഗ്രാം |

## ജൈവവളം

കാലി വളം, പച്ചില വളം, ചാരം ഇവയാണ് പ്രധാനമായും ഉപയോഗിക്കുന്ന ജൈവവളങ്ങൾ. കാലി വളർത്തൽ ഗണ്യമായി കുറഞ്ഞതുമൂലം കാലിവളം ദുർലഭമാണ്. പച്ചില വളവും കിട്ടുവാനില്ല. കർഷകരുടെ കൂട്ടായ്മയിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടത് അനിവാര്യമാണ്.

## കൃഷിഭവൻ

കണ്ണമ്പ്ര ആസ്ഥാനമായി കൃഷിഭവൻ ഇവിടെ പ്രവർത്തിക്കുന്നു. ജീവനക്കാരായി ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്ററൻറുമാരും ഉണ്ട്. കാർഷിക മേഖലയായ ഈ പ്രദേശത്തെ കർഷകർക്കു താങ്ങും തണലുമായി പ്രർത്തിക്കുവാൻ ഈ സ്ഥാപനത്തിനു കഴിയേണ്ടതാണ്. എന്നാൽ പല കാരണങ്ങളാലും പോരായ്മകൾ ഏണ്ട്. ശസ്ത്രീയമായ കൃഷി രീതി, രാസവളപ്രയോഗം, കീടനാശിനി പ്രയോഗം, ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും സംഭരിച്ച് വിതരണം ചെയ്യൽ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ കർഷകരെ ബോധവൽക്കരിച്ച് അവരുടെ കൂട്ടായ്മയിലൂടെ പ്രാവർത്തികമാക്കുന്നതിന് നേതൃത്വം കൊടുക്കുന്ന ഒരു സ്ഥാപനമായി കൃഷിഭവൻ മാറേണ്ടതുണ്ട്. 1991 മുതൽ '95 വരെയുള്ള കാലയളവിൽ 27,88,786 രൂപ കൃഷിഭവൻ മുഖേന കർഷകർക്കു സബ്സിഡി നൽകിയിട്ടുണ്ട്. ധാരാളം പദ്ധതികൾ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതായി കൃഷിഭവൻ രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. എന്നാൽ പ്രസുതത പദ്ധതികൾ ഈ പ്രദേശത്തെ കാർഷികാഭിവൃദ്ധിക്കു കാര്യമായ പുരോഗതി ഉണ്ടാക്കി എന്നു വിലയിരുത്തുവാൻ കഴിയുകയില്ല. നടപ്പിലാക്കിയ ചില പദ്ധതികൾ താഴെ കൊടുക്കുന്നു.

1. രാസവള, കീടനാശിനി ഉന്നത നിലവാര പരിശോധന.
2. മണ്ണു പരിശോധന.
3. ഗ്രൂപ്പ് ഫാമിങ്ങ്.
4. ദേശീയ പയർ കൃഷി വികസന പദ്ധതി.
5. പച്ചക്കറി ഉല്പാദന വികസന പദ്ധതി
6. കുരുമുളകു പുനരുദ്ധാരണ പദ്ധതി.
7. ടിഷ്യൂകൾച്ചർ വാഴക്കന്ന് വിതരണം.
8. പച്ചില - ജൈവവള വികസന പരിപാടി.
9. നാളികേര വികസന പദ്ധതി.
10. ഫലവർഗ്ഗ വികസന പരിപാടി.
11. നെൽവത്ത് സംഭരണം.
12. കശുമാവ് വികസനം.

13. കാർഷിക യന്ത്രവൽക്കരണ പദ്ധതി.
14. ഡ്രിപ്പ് ഇറിഗേഷൻ
15. സെമിനാറുകൾ, കർഷക ദിനാചരണം.
16. പ്രത്യേക നെല്ലുല്പാദന പദ്ധതി.

## പാടശേഖര സമിതികൾ

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 15 പാടശേഖര സമിതികളാണ് നിലവിലുള്ളത്. **പലതും** വേണ്ടത്ര ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്. പോരായ്മകൾ നികത്തി നല്ല നിലയിൽ പ്രവർത്തിച്ചാൽ കാർഷിക രംഗത്ത് വമ്പിച്ച അഭിവൃദ്ധി ഉണ്ടാക്കുവാൻ കഴിയും.

**പട്ടിക 5**

| നമ്പർ | പാടശേഖരത്തിന്റെ പേര് | രജിസ്ററർ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | കൊന്നഞ്ചേരി | 497/87 | 74-00 | 99 |
| 2 | ഭഗവതി പാടം | 50/89 | 46-00 | 99 |
| 3 | മടത്തിപാടം | 48/89 | 22-00 | 36 |
| 4 | വടക്കുമുറി | 192/86 | 82-00 | 204 |
| 5 | മഞ്ഞപ്ര | 6/88 | 67-00 | 134 |
| 6 | രക്കാണ്ടി | 451/91 | 50-00 | 102 |
| 7 | കല്ലിങ്കൽപാടം | 58/91 | 87-00 | 187 |
| 8 | ചേവക്കോട് | 743/90 | 150-00 | 202 |
| 9 | കാരപ്പൊററ | 357/90 | 152-00 | 225 |
| 10 | വാരുകുന്ന - വളയൽ | 38/91 | 50-00 | 76 |
| 11 | പന്നിക്കോട് | 47/91 | 30-00 | 52 |
| 12 | ചിറ | 191/86 | 50-00 | 83 |
| 13 | വറുകപ്പാടം | 53/86 | 50-00 | 83 |
| 14 | പുഞ്ച | 9/94 | 10-00 | 16 |
| 15 | വാളുവെച്ചപാറ | 449/95 | 26-00 | 30 |

## കാർഷികോപകരണങ്ങൾ

ഉഴവുയന്ത്രങ്ങളായ ട്രാക്ടർ, ട്രില്ലർ; മരുന്നു തളിക്കുവേണ്ടിയുള്ള സ്പെയറുകൾ കൂടാതെ പമ്പു സെററുകൾ എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്ന കാർഷികോപകരണങ്ങൾ. നാടൻ കലപ്പ അപൂർവ്വമായി ഉപയോഗിക്കുന്നു.

കാർഷികോപകരണങ്ങളുടെ വാർഡുതിരിച്ചുള്ള കണക്ക് പട്ടികയായി താഴെ കൊടുക്കുന്നു.

**പട്ടിക 6**

| | ഉഴവ് ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണം | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രയർ | താപ്സ് ററാക്ക് സ്പ്രയർ | മററുള്ളവ | മെതിയന്ത്രം | തെങ്ങ് കയററു യന്ത്രം | ഷോർട്ടബീൾ പമ്പ്സെററ് |
| 1 | 7 | 1 | - | 10 | - | 8 | - | - | 10 |
| 2 | 3 | 1 | 12 | 20 | - | - | - | - | 10 |
| 3 | 1 | 1 | 7 | 12 | - | - | - | - | 3 |
| 4 | 4 | - | 6 | 5 | - | - | - | - | - |
| 5 | - | - | 5 | 3 | - | - | - | - | - |
| 6 | - | 1 | 5 | - | 3 | - | - | - | - |
| 7 | 2 | - | 50 | - | 10 | - | - | - | 12 |
| 8 | - | - | - | 3 | - | - | - | - | 1 |
| 9 | 2 | - | 8 | 4 | - | - | - | - | 4 |
| 10 | 3 | - | 12 | 3 | 4 | - | - | - | 9 |
| 11 | 5 | - | - | 2 | - | 8 | - | - | 6 |

## റബ്ബർ കൃഷി

ഭൂവിസ്തീർണ്ണത്തിന്റെ 33% സ്ഥലത്ത് ഇപ്പോൾ റബ്ബർ കൃഷി ചെയ്തുവരുന്നു. RRI 105 എന്ന ഇനമാണ് കൂടുതലും. ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ ഇവിടെ റബ്ബർ തോട്ടം ഉണ്ടായിരുന്നു. 'ആനന്ദം' റബ്ബർ കമ്പനി എന്നായിരുന്നു അതിന്റെ പേർ. പിന്നീട് എ. വി. ജോർജ് ആൻറ് കമ്പനി എന്ന് പേരു മാറി. ഇപ്പോൾ അത് ചെറിയ തുണ്ടുതോട്ടങ്ങളായി തീർന്നു. ഇവിടുത്തെ കുന്നിൻ പ്രദേങ്ങൾ റബ്ബർ കൃഷിക്കു വരെ യോജിച്ചതാണ്. തിരുവിതാംകൂർ പ്രദേശത്തു നിന്നും കുടിയേററകർഷകരുടെ വരവോടെയാണ് ഈ പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപകമായത്. താരതമ്യേന കൂടുതൽ ആദായമുള്ളതിനാൽ കർഷകർ ഈ രംഗത്തേയ്ക്കു കൂടുതലായി ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ ഇവിടുത്തെ റബ്ബർ കൃഷി ഏതാണ്ട് മൂന്നു മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ വൻകിടക്കാർ മാത്രമുണ്ടായിരുന്ന ഈ മേഖലയിൽ ഇന്ന് ചെറുകിടക്കാരാണ് കൂടുതൽ. ഒരു വർഷത്തിൽ ഏതാണ്ട് 10 ലക്ഷം കി. ഗ്രാം റബ്ബർ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. എല്ലാവർഷവും റബ്ബർ കൃഷിയുടെ വ്യാ

പനവും അതനുസരിച്ച് ഉല്പാദനവും വർദ്ധിച്ചുവരികയാണ്. എങ്കിലും അതുപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നുമില്ല എന്നത് ആശ്ചര്യജനകമാണ്. റബ്ബർ കർഷകരുടേതായ മൂനനു സൊസൈററികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. റബ്ബർ ബോർഡിൽ നിന്നും കർഷകർക്ക് നിരവധി സഹായങ്ങൾ ലഭിക്കുന്നുണ്ട്. കാര്യമായ പരാതികൾ ഈ രംഗത്ത് കേൾക്കാനില്ല.

## തെങ്ങുകൃഷി

ഏതാണ്ട് 75 ഹെക്ടർ സ്ഥലത്ത് നാളികേരം കൃഷി ചെയ്യുന്നു. നാടൻ ഇനങ്ങൾ കൂടാതെ വെസ്ററ് കോസ്ററ് ടാൾ (W. C. T.) എന്ന ഇനമാണ് കൂടുതലായും ഉപയോഗിക്കുന്നത്. T X D, D X T എന്നീ ഇനങ്ങളും ഉണ്ട്. ജലസേചനത്തിൻെറ അപര്യാപ്തത ഇവിടെ തെങ്ങുകൃഷിക്കു വലിയ തടസ്സമാണ്. തോടുകളുടേയും നതിയൂടെയും തീരപ്രദേശങ്ങളിലാണ് തെങ്ങുകൾ കൂടുതലായി കണ്ടുവരുന്നത്. ഇവിടുത്തെ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ ഉല്പാദനം വളരെ പിന്നിലാണ്. ഒരു വർഷത്തിൽ എണ്ണയുൾപ്പെടെ മൊത്തം ഉപഭോഗം 38,70000 എണ്ണം. എന്നാൽ ഉല്പാദനമാകട്ടെ 15,75000. കുറവ് 22,95000. ഈ ഇനത്തിൽ മാത്രമായി ഒരു കോടിയിലധികം രൂപ പഞ്ചായത്തിൽ നിന്നും വെളിയിലേയ്ക്കു ഓരോ വർഷവും പോയിക്കൊണ്ടിരിക്കുന്നു. ഈ പ്രശ്നം അടിയന്തിരമായും പരിഹരിച്ചേ മതിയാകൂ.

വാർഡു തിരിച്ചുള്ള തെങ്ങകളെ സംബന്ധിച്ച ചില വിവരങ്ങൾ പട്ടികായി താഴെ ചേർക്കുന്നു (കൃഷി (കൃഷിഭവൻ രേഖയിൽ നിന്ന്)

പട്ടിക 7

(കൃഷിഭവൻ രേഖ)

| വാർഡ് നമ്പർ | കായ്ക്കുന്നവ | കായ്ക്കാത്തവ | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്ററെം ബ്ലീഡിംഗ് | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 2625 | 875 | 3500 | 175 | 170 | 165 | 170 | 680 |
| 2 | 656 | 219 | 875 | 44 | 40 | 45 | 42 | 171 |
| 3 | 1050 | 350 | 1400 | 70 | 72 | 70 | 40 | 252 |
| 4 | 918 | 307 | 1225 | 61 | 60 | 59 | 69 | 249 |
| 5 | 525 | 175 | 700 | 35 | 34 | 31 | 60 | 160 |
| 6 | 393 | 132 | 525 | 27 | 25 | 27 | 30 | 109 |
| 7 | 525 | 175 | 700 | 35 | 30 | 42 | 26 | 133 |
| 8 | 656 | 219 | 875 | 44 | 44 | 33 | 32 | 153 |
| 9 | 825 | 175 | 1000 | 35 | 35 | 41 | 40 | 151 |
| 10 | 626 | 219 | 845 | 44 | 42 | 35 | 32 | 153 |
| 11 | 1969 | 659 | 2628 | 132 | 130 | 130 | 128 | 520 |

## പച്ചക്കറി കൃഷി

കൃഷിഭവൻ രേഖപ്രകാരം 15 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ, പയർ, പാവൽ, പടവലം, കുമ്പളം, വെള്ളരിക്ക, മത്തങ്ങ, തുടങ്ങിയ ഇനങ്ങളാണ് പൊതുവെകാണുന്നത്. മൊത്തം ആഭ്യന്തര ഉപഭോഗത്തിൻെറ 10% മാത്രമേ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളു. 90% വും അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ദശലക്ഷക്കണക്കിനുരൂപ ഈ ഇനത്തിൽ വെളിയിൽ പോകുന്നു.

വളക്കൂറുള്ള മണ്ണും അനുയോജ്യമായ കാലാവസ്ഥയും ഉണ്ടെങ്കിലും ജലസേചനത്തിൻെറ അപര്യാപ്തത, വിപണനത്തിൻെറ അസൗകര്യം എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ഗുണമേന്മയുള്ള വിത്തുകൾ ലഭിക്കുന്നില്ല എന്ന പരാതിയും ഉണ്ട്. ആസൂത്രിതമായ പ്രവർത്തനത്തിലൂടെ ഓരോ വീട്ടുവളപ്പിലും അനുയോജ്യമായവ കൃഷി ചെയ്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയും. വയലുകളിൽ ഇടവിളയായും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## മററുകൃഷികൾ

സമുമാർ 50 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നുണ്ട്. നേന്ത്രവാഴ, പൂവൻ, പാളയംകോടൻ എന്നീ ഇനങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്. വിപണനത്തിനെറ അസൗകര്യം ഈ രംഗം അനാകർഷകമാക്കുന്നു.

മരച്ചീനി വളരെ വ്യാപകമായി കൃഷി ചെയ്തിരുന്ന ഒരു പ്രദേശമാണ് കണ്ണമ്പ്ര പഞ്ചായത്ത്. അതിനു പററിയ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. എന്നാൽ അടുത്ത കാലത്തായി മരച്ചീനി കൃഷി വലിയതോതിൽ കുറഞ്ഞുവരുന്നുണ്ട്. ആദായം കുറഞ്ഞുപോയതും വിപണനത്തിൻെറ അസൗകര്യവുംപ്രശ ങ്ങളാണ്.

കശുമാവ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ നാണ്യവിളകളും ചെറിയ തോതിൽ കൃഷി ചെയ്തുവരുന്നു . പന്നിയൂർ, കരിമുണ്ട തുടങ്ങിയ ഇനം കുരുമുളകുകളാണ്. പൊതുവെ കാണുന്നത്. ഇഞ്ചി കൃഷി അടുത്തകാലത്ത് കർഷകരെ കൂടുതൽ ആകർഷഇച്ചിരുന്നു. ഇഞ്ചിയുടെ 'മൂടുചീയൽ' എന്ന രോഗത്തിന് പരിഹാരം കണ്ടെത്താൻ കഴിയാത്തതിനാൽ ഈ കൃഷിയിൽ നിന്നും കർഷകർ പിൻവാങ്ങുകയാണ്.

ഔഷധ സസ്യങ്ങളുടെ കൃഷി, കൂൺ കൃഷി, പുഷ്പകൃഷി എന്നിവ നല്ലരീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള സാധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിപണനസൗകര്യങ്ങളും മററ് സഹായങ്ങളും നൽകുകയാണെങ്കിൽ പലരും പ്രത്യേകിച്ചും വനിതകൾ ഈ രംഗത്തേയ്ക്കു വരുവാൻ തയ്യാറാണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം നൂതന കൃഷി സംരംഭങ്ങൾ ജനങ്ങളുടെയും അതുവഴി പഞ്ചായത്തിൻെറയും സാമ്പത്തിക സ്ഥിതി വലിയ അളവിൽ മെച്ചപ്പെടുത്താനുതകും.

## വിത്തുകൾ, നടീൽ വസ്തുക്കൾ

തികച്ചും കാർഷികഗ്രാമമായ കണ്ണമ്പ്ര പഞ്ചായത്തിൽ കാര്യമായ നഴ്സറി സൗകര്യങ്ങളൊന്നുമില്ല. സ്വകാര്യ നഴ്സറികൾ ചെറിയതോതിലുള്ളവ രണ്ടെണ്ണം ഉണ്ടെങ്കിലും പ്രയോജന പ്രദമല്ല. കൃഷിഭവനിലൂടെ വല്ലപ്പോഴും ലഭിക്കുന്ന വിത്തുകളും നടീൽ വസ്തുക്കളും തീരെ അപര്യാപ്തമാണ്. ഗുണമേന്മയുള്ള നെൽ വിത്തുകൾ കിട്ടാനില്ലാത്ത അവസ്ഥയാണ്. നല്ല റബ്ബർ തൈകൾ, തെങ്ങിൻ തൈകൾ, വാഴക്കന്ന്, പച്ചക്കറി വിത്തുകൾ തുടങ്ങിയവ ലഭിക്കുന്നതിന് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചേ മതിയാകു. നല്ല രീതിയിൽ നഴ്സറികൾ ആരംഭിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ അനുകൂലമാണ്.

### പട്ടിക 8
## കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കൾ

| ഇനം | 1993-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങ് | 1500 | 1300 | 1050 |
| കശുമാവ് | 600 | 450 | 640 |
| കുരുമുളക് | 6000 | 5000 | 6000 |

### കാർഷിക വായ്പ

ഒരു സഹകരണ ബാങ്ക് നല്ല നിലയിൽ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ കോർപ്പറേഷൻ ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നീ സ്ഥാപനങ്ങളും കാർഷിക വായ്പ കൊടുത്തുവരുന്നു. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മററ് ആവശ്യങ്ങൾക്കു എന്നതാണ് യഥാർത്ഥ്യം ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. കണ്ണമ്പ്ര സഹകരണബാങ്ക് വിവിധ കൃഷികൾക്കു അനുവദിച്ച വായ്പകളുടെ ചില വിവരങ്ങൾ താഴെ കൊടുക്കുന്നു.

### പട്ടിക 9

| നമ്പർ | ഇനം | 1994 രൂപ | 1995 രൂപ | 1996 രൂപ |
|---|---|---|---|---|
| 1 | നെല്ല് | 5,29,810 | 466380 | 335170 |
| 2 | റബ്ബർ | 217910 | 29115 | 190765 |
| 3 | കപ്പ | 933240 | 854595 | 687910 |
| 4 | വാഴ | 792920 | 10,01485 | 9,77990 |
| 5 | തെങ്ങ് | 30090 | 29990 | 19505 |
| 5 | ഇഞ്ചി | 995560 | 248120 | 528925 |
| | ആകെ | 2599530 | 2629685 | 2740265 |

## ജലസേചനം

കണ്ണമ്പ്ര പഞ്ചായത്തിലെ കാർഷിക പുരോഗതിക്ക് ഏററവും തടസ്സമായി നിൽക്കുന്നത് ജലസേചന സൗര്യത്തിൻെറ അപര്യാപ്തതയാണ്. മൊത്തം ഭൂവിസ്തൃതിയുടെ 16% സ്ഥല്ത്തുമാത്രമാണ് മംഗലം അണക്കെട്ടിൽ നിന്നുള്ള ജലസേചനസൗകര്യം ലഭിക്കുന്നത്. അതും നെൽകൃഷിക്കുമാത്രമായിട്ടുള്ളതാണ്. നെല്ല് കൃഷി ചെയ്യുന്ന നിലങ്ങളുടെ കണക്കെടുത്താൽ ആകെ വയലുകളുടെ 51% മാത്രമാണ് ആയക്കെട്ട് പരിധിയിൽ വരുന്നത്. ഈ സംവിധാനത്തിനും പോരായ്മകൾ ഏറെയുണ്ട്. യഥാസമയത്ത് വെള്ളം കിട്ടുന്നില്ല, വാലററ പ്രദേശങ്ങളിൽ വെള്ളം എത്താറില്ല തുടങ്ങിയ പരാതികളും നിലനിൽക്കുന്നു. കനാലുകളുടെ വിനിയോഗം, സംരക്ഷണം മുതലായ കാര്യങ്ങൾ അടന്തിരമായ ശ്രദ്ധ അർഹിക്കുന്നവയാണ്.

തോടുകൾ, കുളങ്ങൾ, കിണറുകൾ, നദീജലം എന്നിവ ജലസേചനത്തിനായി പ്രയോജനപ്പെടുത്തുന്നു. എന്നാൽ അത് തീരെ അപര്യപാതമാണ്.

## തോടുകൾ

വാളുവെച്ചപാറ - ചേവക്കാട് - ചല്ലിപ്പറമ്പ് - കണ്ണമ്പ്ര പ്രദേശങ്ങളിലൂടെ ഒഴുകി കൊളയക്കാട് എന്ന സ്ഥലത്തുവെച്ച് നദിയുമായി ചേരുന്നതാണ് പഞ്ചായത്തിലെ പ്രധാനതോട്. ഇത് സമുമാർ 7 കി. മീ. പഞ്ചായത്തിലൂടെ ഒഴുകുന്നു. കൂടാതെ രക്കാണ്ടി ചിറയിൽ നിന്നു തുടങ്ങി കുമ്പളപ്പാടി വഴി കടന്നുപോകുന്ന മററൊരു തോടും ഉണ്ട്. മുൻകാലങ്ങളിൽ വേനലിലും നീരൊഴുക്ക് ഉണ്ടായിരുന്ന ഈ തോടുകൾ ഏറെ പ്രയോജന പ്രദങ്ങളായിരുന്നു. മണ്ണൊലിപ്പും കൈയേററവും തോടുകളുടെ ജലസംഭരണം വളരെ കുറച്ചിരിക്കുന്നു. വേനൽക്കാലങ്ങളിൽ വററി വരളുന്ന അവസ്ഥയാണ് ഇന്നുള്ളത്. വർൾച്ചയ്ക്കും ഉല്പാദന മാന്ദ്യത്തിനും ഇത് കാരണായി തീർന്നിട്ടുണ്ട്. പഞ്ചായത്തിൻെറ രക്തധമനികൾ എന്നു വിശേഷിപ്പിക്കാവുന്ന ഈ നീർമറി പ്രദേശത്തിൻെ സംരക്ഷണവും വികസനവും ഇവിടുത്തെ കർഷിക പുരോഗതിക്ക് അനിവാര്യമാണ്. നിലവിൽ 3 ക്രോസ് ബാറുകൾ (വിയർ) കണ്ണമ്പ്ര തോട്ടിൽ നിർമ്മിച്ചിട്ടുണ്ട്. ചെറിയ തോതിൽ ജലം സംഭരിച്ചു നിർത്തുവാൻ ഇതുമൂലം കഴിയുന്നു.

ചെറിയ കുന്നുകളും താഴ്വരകളുമായി കിടക്കുന്ന വാളുവെച്ചപാറയിൽ രണ്ടു സ്ഥലങ്ങളിൽ അപൂർവ്വലവമായ ചില നീരുറവകൾ കാണപ്പെടുന്നു. വേനൽക്കാലങ്ങളിൽ പ്രസ്തുത ഉറവകളിൽ നിന്നും ഒരു കുഴലിൽ നിന്നെന്നപോലെ പ്രകൃതിയുടെ വരദാനമായ ഈ നിരുറവകളെ വികസിപ്പിച്ചെടുത്ത് പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

## കുളങ്ങൾ

പഴകാലത്ത് ഇവിടുത്തെ ഓരോ പ്രദേശത്തും നെല്പാടങ്ങൾക്ക് ജലസേചനത്തിനായി നിരവധി കുളങ്ങൾ ഉണ്ടായിരുന്നു. അവയിൽ പലതും നികത്തുകയോ ഉപയോഗശൂന്യമാകുകയോ ചെയ്തിട്ടുണ്ട്. ഇതമൂലം ജലസേചനസൗകര്യം വലിയ തോതിൽ കുറയാൻ ഇടയായി. നിലവിൽ ചെറുതും വലുതുമായ 52 കുളങ്ങൾ പഞ്ചായത്തിലുണ്ട്. ചുരുക്കം ചിലതുമാത്രമേ ജലസേചനത്തിനായി ഉപകരിക്കുന്നുള്ളു. വേൽക്കാലങ്ങളിൽ വററുന്നവയാണ് ഭൂരിഭാഗവും.

## കിണറുകൾ, കുഴൽ കിണറുകൾ

ജലസേചനത്തിന് ഉപയോഗിക്കുന്ന 62 കിണറുകവും 43 കുഴൽ കിണറുകളും ഇവിടെയുണ്ട്. വിശാലമായ കൃഷിയിടങ്ങൾക്ക് അവ പ്രയോജനപ്പെടുന്നില്ല. വേനൽക്കാലങ്ങളഇൽ മിക്കതും വററുന്നു. ചില കുഴൽ കിണറുകൾ കുറച്ചു വർഷങ്ങൾ കഴിയുമ്പോൾ വററിപ്പോകാറുണ്ട്. മറു ജലാശ്യയങ്ങളെ കുഴൽ കിണറുകൾ ദോഷകരമായി ബാധിക്കുന്നു എന്ന അഭിപ്രായവും ഉണ്ട്.

## നദീജലം

പഞ്ചായത്തിൻെറ കിഴക്കും വടക്കും അതിർത്തികളിലൂടെ സുമാർ 6 കി. മീ. ദുരം ഒഴുകിപോകുന്ന 'മംഗലം പുഴ'യിലെ ജലം വമ്പിച്ച ജലസേചന സാധ്യതയുള്ളതാണ്. വളരെ ചെറിയ അളവിൽ മാത്രമേ ഇപ്പോൾ പ്രയോജനപ്പെടുത്താറുള്ളു. മണ്ണൊലിപ്പ്, കൈയേററം എന്നിവ മൂലം നദിയുടെ ജലസംഭരണശേഷി കുറഞ്ഞു പോയിട്ടുണ്ട്. വേനൽ·ക്കാലങ്ങളിൽ വരണ്ടുപോകുന്നു. മഴക്കാലങ്ങളിൽ പാഴായി പോകുന്ന ജലത്തെ തടയണകൾ നിർമ്മിച്ച് പരമാവധി സംഭരിച്ചാൽ സുമാർ 300 ഹെക്ടർ കൃഷി സ്ഥലങ്ങൾക്കു പ്രയോജനം ലഭിക്കും.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും, പഠനര്യടനത്തിലൂടെ ശേഖരിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ കാർഷികമേഖലയിൽ പരിഗണിക്കേണ്ടുന്ന പ്രധാന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. ജലസേചനത്തിൻെറ അപര്യാപ്തത.
2. ജൈവവളത്തിൻെറ ദൗർലഭ്യം.
3. കീടബാധ.

4. ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും ലഭിക്കുന്നില്ല.

5. കാർഷികോല്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കുന്നില്ല.

6. നെൽകൃഷി ആദായകരമല്ല.

7. കർഷകതൊഴിലാളികളെ യഥാസമയം വേണ്ടത്ര കിട്ടാനില്ല.

8. ഉല്പന്നങ്ങൾ വിപണനം ചെയ്യുവാൻ സൗകര്യമില്ല.

9. ഇടത്തട്ടുകാരുടെ ചൂഷണം.

10. പൂട്ടുകൂലിയുടെ അമിതമായ വർദ്ധനവ്.

11. ഹ്രസ്വകാലയിന നെൽവിളകളിലേയ്ക്കുറം മാററം.

12. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടക്കുന്നില്ല.

13. കൃഷിഭവൻെറ സേവനം വേണ്ടത്ര എല്ലാവർക്കും ലഭിക്കുന്നില്ല.

14. വായ്പാസൗകര്യങ്ങൾ വേണ്ടത്രയില്ല.

15. പച്ചക്കറി കൃഷി നഷ്ടത്തിലാണ്.

16. പുഷ്പ കൃഷി, കൂൺ കൃഷി തുടങ്ങിയ നൂതനങ്ങളായ കൃഷികളെകുറിച്ചുള്ള അജ്ഞതയും ഇവയുടെ വിപണനത്തിനുള്ള അസൗകര്യങ്ങളും.

17. സൗകര്യമുള്ള പ്രദേശങ്ങളഇൽ പോലും വയലുകളിൽ ഇടവിളകൾ കൃഷി ചെയ്യുന്നില്ല.

18. കൂട്ടായ്മയുടെ കുറവ്.

19. തിരിശിടൽ.

20. മണ്ണൊലിപ്പ്.

21. തോട്, നദി, ചാലുകൾ, കനാലുകൾ എന്നിവയുടെ സംരക്ഷണവും വികസനവും നടക്കുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

I ജലസേചന സൗകര്യങ്ങൾ വേണ്ടത്ര ഇല്ലാത്ത ഒരു പ്രദേശമാണ് കണ്ണമ്പ്ര പഞ്ചായത്ത്. കാർഷിക മേഖലയുടെ വികസനം ജലസേചനത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. അതിനുള്ള അത്യാവശ്യമായ ചില നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. കണ്ണമ്പ്ര നായർ വീടിനു താഴെ കൽച്ചിറയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക.

2. കൊളയക്കാട് തോട്ടിലും പുഴയിലും ഓരോ ചെക്ക് ഡാമുകൾ നിർമ്മിക്കുക.

3. കൂരോട് ലിററിൽ ഇറിഗേഷൻ ഡാം പുതുക്കി പണിയുകയും ഇറിഗേഷൻ ചാലുകൾ കല്ലുകെട്ടി കോൺക്രീററ് ചെയ്ത സംരക്ഷിക്കുകയും വേണം.

4. വാളുവെച്ച് പാറയിൽ തോടിൽ ഒരു വെൻറഡ് ക്രോസ്ബാർ (വി. സി. ബി.) നിർമ്മിക്കണം.

5. ക്രോസ് ബാറിൽ നിന്നും കനാൽ കെട്ടി ചൂർക്കുന്നിലേക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

6. കൽച്ചിറയിൽ (കണ്ണമ്പ്ര നായർ വീടിനു താഴെ) ഒരു ചെക്ക് ഡാം നിർമ്മിക്കണം.

7. കണ്ണമ്പ്ര തോട്ടിൽ നിലവിൽ നായർ വീട്ക കടവിലുള്ള ക്രോസ് ബാർ ഉയരം കൂട്ടണം. ലീക്കേജ് തടയണം.

8. പുത്തൂർ, ചുവട്ടിൽ കല്ലിങ്കൽ പാടം, ആറിങ്കൽ പാടം, പൂത്തൂർ 25 എന്നീ സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള പൊതു കുളങ്ങൾ (പന്തലാംപാടം, കല്ലിങ്കൽ പാടം, കറളോട്) ആഴം കൂട്ടുകയും വേണം. രണ്ട് വർഷങ്ങൾ കൂടുമ്പോൾ ചേറ് എടുത്ത് വൃത്തിയാക്കണം.

9. ചേവക്കോട് - കോളതോണി അമ്പലക്കുളം, പൊട്ടച്ചിറ ഇവ ആഴം കൂട്ടുകയും കല്ലുകെട്ടി സംരക്ഷിക്കുകയും ചെയ്യണം. കണ്ണമ്പ്ര അമ്പലത്തിൻെറ പരിസരത്ത് ഒരു പുതിയ കുളം നിർമ്മിക്കണം. വേലപ്പറമ്പിൽ പച്ചക്കറി കൃഷി നടത്താൻ ഉള്ള സൗകര്യം ഉണ്ടാക്കണം.

10. മംഗലം ഡാമിൽ നിന്നുള്ള 17-ാം നമ്പർ ബ്രാഞ്ച് കനാൽ കോളതോണി വരെ നീട്ടണം. ആഴം കൂട്ടുകയും വേണം. മംഗലം ഡാം ചുരുങ്ങിയത് 10 അടിയെങ്കിലും ഉയർത്തണം. കർഷകർക്ക് യഥാസമയം വെള്ളം ലഭ്യമാക്കണം.

11. കാരപ്പൊററ പ്രദേശം മഴയെമാത്രം ആശ്രയിക്കുന്നു. തോടുകളോ മററു സൗകര്യങ്ങളോ ഇല്ല. മംഗലം ഡാം കനാൽ കീഴയിൽ നിന്നും മാട്ടുവഴി, കാരപ്പൊററ പാടശേഖരങ്ങളിലേയ്ക്കു സബ്കനാൽ നിർമ്മിച്ചാൽ ജലസേചന സൗകര്യം ലഭിക്കും. പുറമെ കൊട്ടേക്കാട് ഭാഗത്തുനിന്ന് ലിഫ്ട് ഇറിഗേഷൻ വഴി കനാലിൽ നിന്നുറം വെള്ളം കാരപ്പൊററ പ്രദേശത്ത് എത്തിക്കുക. പരിതകൊളുമ്പിൽ

നിന്നും കാരപ്പൊറ പാടത്തുകൂടി ഒഴുകുന്ന കാട്ടുചാൽ ആഴം കൂട്ടിെ കെട്ടി സംരക്ഷിക്കുക. കാരപ്പൊററ പഞ്ചായത്ത് കുളം ഒരു ഭാഗം കൂടി കെട്ടി ചേർച്ചതടഞ്ഞ് കൂടുതൽ ആഴം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കുക. കാർഷികാവശ്യത്തിനായി കരപ്പൊററ മുതൽ കൊക്കികുളമ്പുവരെ വൈദ്യുതി എത്തിക്കുക.

12. മംഗലം - തെന്നിലാപരും പുഴയിൽ തെന്നിലാപുരം പാലത്തിനു സമീപത്തായി സാമാന്യം ഉയത്തിൽ തടയണ നിർമ്മിക്കണം. സുമാർ 300 ഹെക്ടർ സ്ഥലം അതുവഴി ജലസേചന യോഗ്യമാകും. മഞ്ഞപ്ര തെക്കെതറയിൽ 3 ഏക്രയോളം വിസ്തീർണമുള്ള 'വലുകുളം' പൊതു ഉടമസ്ഥതയിൽ ഉണ്ട്. അത് ആഴം കൂട്ടി കെട്ടി സംരക്ഷിച്ചാൽ സുമാർ 75 ഹെക്ടർ സ്ഥലത്ത് ലിഫ്ട് ഇറിഗേഷൻ സൗകര്യം ലഭിക്കും. ചിറ - കടാമ്പാടം കനാൽ വർഷങ്ങളായി ഉപയോഗ ശൂന്യമാണ്. അത് ഉപയോഗപ്രദമാക്കണം. ചിറ പാടശേഖരങ്ങളുടെ വാലററപ്രദേശങ്ങൾ വരെ ഫീൽഡ് ബൂത്തികൾ നിർമ്മിക്കണം. മംഗലം പുഴയിൽ ചിറ തോണിക്കടവിൽ ഒരു തടയണകൂടി നിർമ്മിക്കണം.

II കൊന്നഞ്ചേരി പ്രദേശത്തുകൂടി ഒഴുകുന്ന കാക്കതോടിൽ തടയണ നിർമ്മിക്കണം. തോടിൻെറ ഇരുവശങ്ങളിലുമുള്ള പാടശേഖരങ്ങളിലേയ്ക്കു ട്രാക്ടർ കടക്കുവാൻ പ്രയാസമുണ്ട്. അത് പരിഹരിക്കുന്നവാൻ തോട്ടിൽ ഒരു പാലം നിർമ്മിക്കണം. മന്തത്തുകുളം, അണിയഞ്ചേരികുളം, ചാത്തൻ കുളം, പാണ്ടികുളം എന്നിവ ആഴം കൂട്ടി ജലസേചനത്തിന് ഉപയുക്തമാക്കണം.

14. രക്കാണ്ടി - കുമ്പളപ്പാടി തോട് വർഷം തോറും മണ്ണു തൂർന്ന് നികന്നു കൊണ്ടിരിക്കുന്നു. പ്രസ്തുതതോട് ആഴം കൂട്ടി സംരക്ഷിക്കണം. അത് വിസ്തൃതമായ കൃഷിയിടങ്ങൾക്കു വളരെ പ്രയോഗജനപ്പെടും. രക്കാണ്ടി ചിറ ആഴം കൂട്ടി സംരക്ഷിച്ചാൽ 150 ഏക്ര കൃഷി സ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കും. പന്തലാമ്പാടത്ത് സ്ഥിതിചെയ്യുന്ന പാതക്കുളം ആഴം കൂട്ടി സംരക്ഷിക്കുകയും മറെറാരു പുതിയ കുളം നിർമ്മിക്കുകയും ചെയ്താൽ ആ പ്രദേശത്തെ ജലസേചനത്തിനെ അപര്യാപ്തത പരിഹരിക്കാം.

15. വലുപറമ്പ് മുതൽ കെളയക്കാട് വരെ വയലുകളിൽ വെള്ളം എത്താൻ പ്രയാസമാണ്. ഫീൽഡ് പത്തികൾ നിർമ്മിച്ച് വെള്ളം എത്തിക്കണം. കണ്ണമ്പ്ര തോട്ടിൽ മാർലാട് പ്രദേശത്ത് ഒരു ക്രോസ് ബാർ നിർമ്മിക്കണം.

16. ആർ. മംഗലം ഗ്രാമക്കുളം, വാരുകുന്ന് വെമ്പലിക്കുളം, പൂക്കുഴികുളം എന്നീ പൊതുകുളങ്ങൾ ആലം കൂട്ടി സംരക്ഷിച്ച് ജലസേചനയോഗ്യമാക്കണം. എണ്ണടിക്കുളം പൊതുകുളമാക്കി ആഴം കൂട്ടി ജലസേചനത്തിന് ഉപയുക്തമാക്കണം.

17. ആയക്കെട്ട് പ്രദേശങ്ങളിൽ നിലവിലുള്ള കനാലുകൾ പല ഭാഗങ്ങളിലും പൊട്ടിപൊളിഞ്ഞും മണ്ണുതൂർന്നും കിടക്കുന്ന സ്ഥിതിയാണ്. ആയത് സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

18. വാളുവെച്ച പാറയിൽ നിന്നും വരുന്ന കണ്ണമ്പ്ര തോട് ഏററവും ധ്രാനപ്പെട്ട ഒരു ജലസ്രോതസ്സാണ്. ഇതിൻെറ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. മണ്ണൊലിപ്പ് മൂലം വർഷം തോറും നികന്നുവരുന്നു. ഇരുവശങ്ങളിലും വ്യാപകമായ കൈയേററം നിമിത്തം വീതി വളരെ കുറഞ്ഞിരിക്കുന്നു. ഇത് വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും ഇടയാക്കുന്നു. പഞ്ചായത്തിലെ ഏതാണ്ട് പകുതി പ്രദേശങ്ങൾക്കു വളരെയേറെ പ്രയോജനപ്പെടുന്ന പ്രസ്തുത തോടിൻെറ സംക്ഷണവും വികസനവും പ്രത്യേക പ്രാധന്യം അർഹിക്കുന്നു. ആഴം കൂട്ടുന്നതിനും കൈയേററക്കാരെ എത്രയും വേഗം ഒഴിപ്പിക്കുന്നതിനും സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ജൈവവ വളത്തിൻെറ ദൗർലഭ്യം പരിഹരിക്കൽ

ജൈവവളത്തിൻെ പ്രാധാന്യത്തെകുറിച്ച് കർഷകർക്കിടയിൽ ബോധവൽക്കരണം അത്യാവശ്യമാണ്. ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തി കൂട്ടായ്മയിലൂടെ ജൈവവളത്തിനെറ ദൗർലഭ്യം പരിഹരിക്കാം. കാലിവളം, ചാരം തുടങ്ങിയവ കൂട്ടായി സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുവാൻ പാടശേഖര കമ്മിററികൾ നേതൃത്വം നൽകണം. കമ്പോ

സ്ററ വളനിർമ്മാണം വ്യാപകമാക്കുവാനും ഇതേരീതിയിൽ കഴിയും. പച്ചില വളച്ചെടികൾ വെച്ചുപിടിപ്പിക്കുവാൻ ധാരാളം സധ്യതകളുണ്ട്. ശീമക്കൊന്ന, സസ്ബേനിയ തുടങ്ങിയ വളച്ചെടികൾ വീട്ടു വളപ്പിൽ വേലികളിലും വയൽ വരമ്പുകളിലും വെച്ചു പിടിപ്പാം. കൂടാതെ കനാൽ ബണ്ടുകളും പററുന്ന പുറമ്പോക്കുകളും ഇത്തരം സസ്യങ്ങൾ വെച്ചുപിടിപ്പിക്കാൻ പ്രയോജനപ്പെടുത്തികൊണ്ട് ജൈവവ വളക്ഷാമം വലിയൊരളവിൽ പരിഹരിക്കുവാൻ കഴിയും. അതിനായി കൃഷിഭവനും ഗ്രാമപഞ്ചായത്തം നേതൃത്വപരമായ പങ്കു വഹിക്കേണ്ടതാണം. ഡെയിഞ്ച, ചണമ്പ്, കൊഴിഞ്ഞിൽ, കിലുക്കി തുടങ്ങിയ വളച്ചെടികൾ ഉണ്ടാക്കുവാനുള്ള പ്രോത്സാഹനവും നൽകേണ്ടതാണ്. ഇടവിളകൾക്ക് സാധ്യതയില്ലാത്ത തെങ്ങിൻ തോട്ടങ്ങളിലും മററും കിലുക്കി പോലുള്ള സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് വെട്ടിയെടുക്കാം.

## കീടബാധ നിയന്ത്രിച്ച് സസ്യ സംരക്ഷണം ഉറപ്പു വരുത്തണം.

കീടനാശിനികളും മരുന്നു തളിയന്ത്രങ്ങളും കർഷകർക്കു കൃഷിഭവൻ മുഖേന സൗജന്യമായി വിതരണം ചെയ്യുഗകയും ആവശ്യമായ ബോധവൽക്കരണം വടത്തുകയും വഴി കീടബാധ നിയന്ത്രിക്കുവാൻ സാധിക്കും.

## നഴ്സറികൾ സ്ഥാപിക്കുക

കൊട്ടേക്കാട്ടിലും കണ്ണമ്പ്രയിലും കൃഷിഭവൻെറ മേൽനോട്ടത്തിൽ നല്ലരീതിയിലുള്ള മൂന്നു നഴ്സറികൾ സ്ഥാപിക്കണം. ഗുണമേന്മയുള്ള വിത്തുകൾ കൂട്ടായി സംഭരിക്കുവാനും വിതരണം ചെയ്യുവാനും ആവശ്യമായ നേതൃത്വം കൃഷിഭവൻ നൽകേണ്ടതാണ്. പഞ്ചായത്തു ഭരണസമിതി ഇതിന് മുൻകൈ എടുക്കണം. പ്രാദേശികമായി വിത്ത് ഉല്പാദിപ്പിക്കുന്നതിന് പാടശേഖരസമതികളെ ഉപയോഗപ്പെടുത്താവുന്നതാനണ്.

## പൊതു വിപണി

പഞ്ചായത്തിലെ കാർഷികോല്പന്നങ്ങൾക്ക് പ്രദേശികമായി വിപണന സൗകര്യമുണ്ടാകണം. നാണ്യവിളകൾക്ക് പ്രാധാന്യമുള്ള ഒന്നാം വില്ലേജിൽ കല്ലിങ്കൽ പാടത്തും ഭക്ഷ്യവിളകൾക്കു മുന്തൂക്കമുള്ള രണ്ടാം വില്ലേജിൽ കണ്ണമ്പ്രയിലും പൊതുവിപണികൾ ആരംഭിക്കുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം. സഹകരണാടിസ്ഥാനത്തിലും ഇത് സംഘടിപ്പിക്കാം. ഇതിലൂടെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും കർഷകരെ മോചിപ്പിക്കുവാനും കൃഷി ആദായകരമാക്കുവാനും കഴിയും. നെല്ല്, തേങ്ങ തുടങ്ങിയ ഉല്പന്നങ്ങൾക്കു പഞ്ചായത്തടിസ്ഥാനത്തിൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും സംസ്കരണ യൂണിററുകൾ സ്ഥാപിക്കുകയും വേണം. പഴം, പച്ചക്കറി മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കുന്നതിലൂടെ ആ മേഖലയെ പ്രോത്സാഹിപ്പിക്കാം.

## പാഡി ബോർഡ്

ജില്ലയിൽ പാഡി ബോർഡിൻെറ പ്രവർത്തനം ആരംഭിക്കുവാൻ പോകുകയാണല്ലൊ. നെല്ലുല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന ആലത്തൂർ താലൂക്കിൽ ആയിരിക്കണം ബോർഡിൻെറ ആസ്ഥാനം. നെൽകർഷകർക്കു ആശ്വാസമെത്തിക്കുന്നതിന് പഞ്ചായത്തുകൾ തോറും ബോർഡിൻെറ ഓഫീസുകൾ പ്രവർത്തിക്കേണ്ടതാണ്.

## മണ്ണ് പരിശോധന

ഫലപ്രദമായ രീതിയിൽ മണ്ണു പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെകുറിച്ച് കർഷകർക്കു വ്യക്തമായ ധാരണ നൽകേണ്ടതാണ്. അതിന് നിലവിലുള്ള അസൗകര്യങ്ങൾ പരിഹരിക്കണം. പാടശേഖര കമ്മിററികളുടെ സഹകരണത്തിലൂടെ കൃഷിഭവൻ ഇതിന് മുൻകൈ എടുക്കേണ്ടതാണ്.

## വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം

കുറഞ്ഞ പലിശയ്ക്കു കാർഷിക വായ്പ ആവശ്യാനുസരണം ലഭിക്കുന്നതിന് പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ആയത് വർദ്ധിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനങ്ങൾ ഉണ്ടാകണം. എടുക്കുന്ന കാർഷിക വായ്പകൾ അതിനായി വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും അത്യാവശ്യമാണ്.

## വിളകൾക്കു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണം

കർഷകന് ആത്മവിശ്വാസം പകർന്ന് ഈ മേഖലയെ പരിപോഷിപ്പിക്കുവാൻ ഇത് സഹായമാകും. നിലവിലുള്ള പദ്ധതി പ്രയോജനരഹിതമാണെന്ന് പറയേണ്ടതില്ലല്ലൊ.

പച്ചക്കറി കൃഷി വ്യാപിപ്പിച്ച് സ്വയം പര്യാപ്തമാകണം.

കൃഷിഭവന്റെ മേൽനോട്ടത്തിൽ തിക്ചചും ആസൂത്രിതമായ പ്രവർത്തിയിലൂടെ നമുക്കാവശ്യമായ പച്ചക്കറികൾ മിക്കതും പഞ്ചായത്തിൽ ഉല്പാദിപ്പിക്കുവാൻ കഴിയും. അതിനായി ജനങ്ങളുടെ സഹകരണം ഉണ്ടാക്കി എടുക്കുവാൻ ഗ്രാമപഞ്ചായത്തും സന്നദ്ധസംഘടനകളും പ്രവർത്തിക്കണം. സാഹചര്യങ്ങൾ അനുകൂലമായ വീടുകൾ തിരഞ്ഞെടുത്ത് പച്ചക്കറി കൃഷി വ്യാപകമാക്കാം. അതിന് ആവശ്യമായ എല്ലാ സഹായങ്ങളും സന്നദ്ധ സംഘടനകൾ വഴിയോ തിരഞ്ഞെടുക്കപ്പെട്ട കമ്മററികൾ മുഖേനയോ കർഷകർക്കു ലഭ്യമാക്കണം. കൂടാതെ കൃഷിയോഗ്യമായ തരിശു ഭൂമികൾ ഇതിനായിപ്രയോജനപ്പെടുത്തണം. ഇവയ്ക്കെല്ലാം ആവശ്യമായ മേൽനോട്ടം കൃഷിഭവനും, നേതൃത്വം ഗ്രാമപഞ്ചായത്തും വഹിക്കേണ്ടതാണം. ആവശ്യമായ വായ്പാ സൗകര്യങ്ങവും ഏർപ്പെടുത്തേണ്ടതാണ്. വയലുകളിൽ ഇടവിളയായും പച്ചക്കറി കൃഷി വ്യാപകമാക്കാം.

പുഷ്പകൃഷി, കൂൺ കൃഷി എന്നിവ പ്രോത്സാഹിപ്പിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതിൽ താൽപ്പര്യമുള്ളവരെ കണ്ടെത്തി സഹകരണ യൂണിററുകൾ സ്ഥാപിച്ചുകൊണ്ട് ഇത്തരം കൃഷികൾ വിജയപ്രദമാക്കാം. ഇതിനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും കൃഷിഭവൻ മുഖേന നൽകുവാൻ കഴിയണം. സ്വയം തൊഴിൽ എന്ന രീതിയിൽ നൂതന കൃഷികൾക്ക് നല്ല സാദ്ധ്യതയുണ്ട്. ആഗോളതലത്തിൽതന്നെ നല്ല വിപണന സാധ്യതയുള്ള ഓർക്കിഡ്, ആന്തൂറിയം, കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കണം. കുററിമുല്ല കൃഷിയെകുറിച്ചും ബോധവൽക്കരണം ആവശ്യമാണ്.

കർഷരുടെ കൂട്ടായ്മയും വിവിധ വകുപ്പുകളുടെ കൂട്ടായ്മയും വളർത്തി എടുത്താൽ നിലവിലുള്ള പല പ്രശ്നങ്ങളും എളുപ്പത്തിൽ പരിഹരിക്കുവാൻ കഴിയും. അതിനാവശ്യമായ നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കേണ്ടതാണ്.

ഇന്ധനങ്ങൾ പാടശേഖരസമിതികൾക്കോ മററു കർഷക സമിതികൾക്കോ ചുരുങ്ങിയ വിലയ്ക്കു ലഭിക്കുവാൻ സൗകര്യങ്ങൾ ഉണ്ടാകുകയും എല്ലാ പാടശേഖരങ്ങൾക്കും അവയുടെ വിസ്തീർണ്ണം അനുസരിച്ച് ട്രാക്ടറോ ട്രില്ലറോ ഉണ്ടാകുന്ന സാഹചര്യം ഒരുക്കുകയും ചെയ്യണം. അതുവഴി നിലം ഉഴുന്ന കാര്യത്തിൽ വരുന്ന അമിതമായ ചിലവ് ചുരുക്കാം. അതുപോലെ മരുന്നു തളിയന്ത്രങ്ങൾ കർഷക സമിതികളുടെ നേതൃത്വത്തിൽ കർഷകന് സൗജന്യമായി ലഭിക്കുന്നതിന് സൗകര്യമുണ്ടാക്കണം. ഈ സമിതികൾ മുഖേന കീടനാശിനികൾ മിതമായ വിലയ്ക്കു ലഭ്യമാക്കണം. ശാസ്ത്രീയ രീതിയിലുള്ള കൃഷി സമ്പ്രദായം, വളപ്രയോഗം, കീടനാശിനി പ്രയോഗം തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ കർഷകസമിതികളുടെആഭിമുഖ്യത്തിൽ പ്രാദേശികമായി ഫലപ്രദമായ രീതിയിൽ സംഘടിപ്പിക്കണം.

പഞ്ചായത്തു തലത്തിൽ കാർഷിക വികസനസമിതികൾ രൂപീകരിക്കണം. വാർഡു തലങ്ങളിൽ ഉപസമിതികളും ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണസിതി, കൃഷി വകുപ്പിലെ ഉദ്യോ

ഗസ്ഥന്മാർ, രാഷ്ട്രീയ പാർടിടയുദ്ദടെയും കർഷകഗ - കർഷകതൊഴിലാളി സംഘടനകളുടെയും പ്രതിനിധികൾ, പ്രഗത്ഭരായ കർഷകർ എന്നിവരെല്ലാം ഉൾപ്പെട്ടതായിരിക്കണം സമിതികൾ. ഈ സമിതി പഞ്ചായത്തിൻറ മൊത്തം കാർഷിക പുരോഗതിക്ക് ഫലപ്രദമായ നേതൃത്വം നൽകേണ്ടതാണ്. സ്ഥരമായതും വ്യവക്ഥാപിതവുമായ പ്രവർത്തനങ്ങൾ കർഷകവികസന സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക വഴി നമ്മുടെ പഞ്ചായത്തിൻെറ കാർഷിക അടിത്തറ സമ്പുഷ്ടമാക്കുവാനും അതിലൂടെ ജനങ്ങളുടെ സർവതോമുഖമായ പുരോഗതി കൈവരിക്കുവാനും നമുക്ക് നിശ്ചമായും സാധിക്കും.

അപ്പുറമാരോ നട്ടുവളർത്തി
വിളമ്പിവിളിപ്പതു കാക്കാതെ
ഉപ്പും മുളക് പരിപ്പും പയറരി
പച്ചക്കറി തൊട്ടെല്ലാം നാം
കെല്പുള്ളതു പോൽ സ്വന്തം മണ്ണിൽ
ഉപ്പും വേർപ്പുമൊരുക്കൂട്ടി
ഉത്പാദിപ്പിക്കേണം നമ്മുടെ
പത്രാസൊട്ടും കുറയില്ല.

# കൃഷി പഞ്ചാംഗം

| വിള | 1. നെല്ല് | 2. തെങ്ങ് | 3. റബ്ബർ |
|---|---|---|---|
| ജനുവരി | 20-ാം തിയ്യതി മുതൽ 31-ാം തിയ്യതി വരെ മുണ്ടകൻ വിളവെടുപ്പ് | | റെയിൻ ഗാർഡ് മാററുക കുമിൾ നാശിനി തളിക്കുക. |
| ഫെബ്രുവരി | 1-ാം തിയ്യതി മുതൽ 15-ാം തിയ്യതി വരെ വേനൽക്കാല ഉഴവ് | 15 മുതൽ വിളവെടുപ്പ് ആരംഭം. ജലസേചനം തുടങ്ങുന്നു | തൈകളുടെ തടിയിൽ ചുണ്ണാമ്പു പൂശുക. |
| മാർച്ച് | ഇല്ല | വിത്തുതേങ്ങ ശേഖ രണം വിളവെടുപ്പ്, ജലസേചനം | വെട്ടിത്തീർത്ത പട്ടയിൽ റബ്ബർ കോട്ടിംഗ് പോലുള്ള പെട്രോളിയം ഉൽപന്നം പുരട്ടുക. |
| ഏപ്രിൽ | ഇല്ല | വിത്തു തേങ്ങ ശേഖ രണം വിളവെടുപ്പ്, ജലസേചനം | പുതുകൃഷിക്കും ആവർത്തന കൃഷിക്കുമുള്ള പണികൾ തുടങ്ങാം. ബഡ്ഡു ചെയ്യാം. |
| മെയ് | 1 മുതൽ 15 വരെ പൊടി വിത 15 മുതൽ 25 വരെ ഞാറുപാകൽ | ജലസേചനം | കളയെടുപ്പ്, വളമിടൽ, റെയിൻ ഗാർഡ് വെക്കൽ, കുമിൾ നാശിനി തളിക്കൽ |
| ജൂൺ | 1 മുതൽ 15 വരെ കള യെടുക്കലും ആദ്യത്തെ വളപ്രയോഗവും. 20 മുതൽ 30 വരെ കള യെടുക്കലും രണ്ടാം വളപ്രയോഗവും പറിച്ചു നടീലും. | വിത്തുതേങ്ങ പാകൽ. തൈ നടാൻ തടമെടു ക്കൽ ജൈവവളപ്രയോഗം. | ആവരണകൃഷി ചെയ്യൽ. |
| ജൂലായ് | പറിച്ചുനടീലും അടിവള പ്രയോഗവും. ജൂണിൽ നട്ട നെല്ലിനു മേൽ വളപ്രയോഗം | തൈനടീൽ. വളപ്രയോഗം. | ബഡ്ഡുതൈകൾക്ക് താങ്ങു കൊടുക്കാം. റബ്ബർ വിത്ത് ശേഖരിച്ചു വെക്കാം. |
| ആഗസ്ററ് | വൈകി നട്ട കണ്ടങ്ങളിൽ ആദ്യവാരത്തിൽ മേൽ വളപ്രയോഗം. | | കൂടത്തൈ നടുക. പുതിയ തൈകൾക്ക് വിത്തു മുളപ്പി ക്കുക. |
| സെപ്തമ്പർ | 1 മുതൽ 20 വരെ കൊയ്ത്ത്. 15 മുതൽ 30 വരെ മുണ്ടകന് ഞാറുപാകൽ. വരമ്പുപൊതിയൽ | | റെയിൻ ഗാർഡു വെച്ച മര ങ്ങളിൽ ടാപ്പിങ്ങ് തുടരാം. |
| ഒക്ടോബർ | 10 മുതൽ 25 വരെ രണ്ടാം വിളയുടെ നടീൽ അതോടൊപ്പം അടിവള പ്രയോഗവും | തെങ്ങിൻതടം പുതയിടൽ, തടം മൂടൽ. തോട്ടങ്ങളിലെ മണ്ണിളക്കൽ | റബ്ബർ തൈകൾക്ക് രണ്ടാംവട്ടം വളം ചെയ്യാം. മരുന്നു തളിക്കാം |
| നവമ്പർ | 10 മുതൽ 15 വരെ കള പറിയും ആദ്യത്തെ മേൽ വളപ്രയോഗവും 25 മുതൽ 30 വരെ കളയെ ടുക്കലും വളപ്രയോ ഗവും. | | പുതിയതായി നട്ട തൈകൾ ക്ക് തണൽ നൽകാം. ചെടി കളുടെ ചുവട്ടിൽ ചവറിടുക. നഴ്സറി നനക്കുക. |
| ഡിസംബർ | ഇല്ല | | ഫയർ ബെൽട്ട് തെളിയിക്കുക. |

| വിള | 4. കുരുമുളക് | 5. കമുക് | 6. കശുമാവ് |
|---|---|---|---|
| ജനുവരി | ചെടികൾക്കു ചുററും പുതയിടുക. വിള വെടുപ്പ് തുടരാം. | വിത്തിനുള്ള അടക്ക ശേഖരിക്കൽ. ജല സേചനം തുടരാം. | |
| ഫെബ്രുവരി | വിളവെടുപ്പ് തുടരാം. | വിത്തടക്ക ശേഖരിക്കുക. ജലസേചനം തുടരുക. | |
| മാർച്ച് | തൈകൾ നട്ടുനനക്കാം. | ജലസേചനം തുടരുക. | വിളവെടുപ്പ്. |
| ഏപ്രിൽ | താങ്ങുമരങ്ങൾ നടുക. വള്ളി നടാനുള്ള കുഴിയെടുക്കുക. | നനയുള്ള തോട്ടങ്ങളിൽ വളപ്രയോഗം നടത്താം. | വിത്തണ്ടി ശേഖരിക്കുക. |
| മെയ് | കുമിൾ നാശിനി തളിക്കുക | ഫെബ്രുവരിയിൽ മുള പ്പിച്ച തൈകൾ ഞാററ ടിയിലേക്കു മാററാം. ജലസേചനം തുടരാം. | നടാനുള്ള കുഴി തയ്യാറാക്കാം. |
| ജൂൺ | വള്ളികൾ നടുക. | കുമിൾ നാശിനി തളിക്കൽ തൈ നടീൽ. | ഉണങ്ങിയ കൊമ്പുകൾ മുറിച്ചു കളഞ്ഞ് കുമിൾ നാശിനി പുരട്ടുക. |
| ജൂലായ് | രാസവളവും ജൈവ വളവും കൊടുക്കാം. | ജൈവവളവും രാസവള വും കൊടുക്കാം. | വളവും ചേർക്കുക. |
| ആഗസ്ററ് | കീടനാശിനി തളിക്കുക. | കുമിൾ നാശിനി തളിക്കുക. | തൈകൾ നടുക. |
| സെപ്തംബർ | രണ്ടാം രാസവള പ്രയോഗം നടത്താം. | തോട്ടം മണ്ണിളക്കുക. | |
| ഒക്ടോബർ | കുമിൾ നാശിനി തളിക്കുക. | ജലസേചനം തുടങ്ങാം. | കീടനാശിനി തളിക്കുക. മണ്ണിളക്കുക. |
| നവമ്പർ | മൂപ്പെത്തിയ കുരുമുളക് പറിച്ചെടുക്കുക. | ജലസേചനം തുടരാം. | |
| ഡിസമ്പർ | വിളവെടുപ്പ് തുടരാം. | ജലസേചനം തുടരാം. തടിയിൽ വെള്ളപൂശുക. | കീടനാശിനി തളിക്കുക. |

| വിള | 7 (a) ഓണവാഴ (നേന്ത്രൻ) | 7 (b) പൊടിവാഴ (നേന്ത്രൻ) | 7 (c) നാടൻ വാഴ |
|---|---|---|---|
| ജനുവരി | 15-ാം തിയ്യതി വരെ കള യെടുപ്പും ആദ്യത്തെ വളപ്രയോഗവും | 15-ാം തിയ്യതി വരെ വിത്തു കന്ന് വേർ തിരിച്ചെടുക്കൽ. | |
| മാർച്ച് | | | |
| ഏപ്രിൽ | 15-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ മൂന്നാം വളപ്രയോഗം. | | 15-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ കന്നുകൾ നടുന്നു. |
| മെയ് | | 15-ാം തിയ്യതി വരെ കളയെടുപ്പും ആദ്യത്തെ വളപ്രയോഗവും. | |
| ജൂൺ | | | |
| ജൂലായ് | | | |
| ആഗസ്ററ് | 15 മുതൽ 30 വരെ തിയ്യതികളിൽ വിളവെ ടുപ്പും വിത്തു കന്ന് വേർതിരിച്ചെടുക്കലും. | 15 മുതൽ 30 വരെ കള യെടുപ്പും രണ്ടാം വള പ്രയോഗവും. | |
| സെപ്തമ്പർ | | | |
| ഒക്ടോബർ | 15-ാം തിയ്യതി മുതൽ കന്നുകൾ നട്ടുതുട ങ്ങുന്നു. | 1 മുതൽ 15 വരെ തിയ്യ തികളിൽ കളയെടുക്കലും മൂന്നാം വളപ്രയോഗവും. | |
| നവംബർ | 20-ാം തിയ്യതി വരെ കന്ന് നടുന്നു. | | |
| ഡിസംബർ | 15-ാം തിയ്യതി മുതൽ കളയെടുക്കലും ആദ്യ ത്തെ വളപ്രയോഗവും. തുടങ്ങുന്നു. | 15 മുതൽ 30 വരെ തിയ്യതികളിൽ വിളവെടുപ്പ്. | |

| വിള | 8 മരിച്ചീനി | 9. പയർ | 10 (a) പച്ചക്കറികൾ |
|---|---|---|---|
| ജനുവരി | 15-ാം തീയതി മുതൽ വിളവെടുപ്പ് ആരംഭം. വിത്തുകമ്പ് ശേഖരണം. | മുണ്ടകൻ വിളയോ ടൊപ്പം വരമ്പിൽ കൃഷി ചെയ്തിരുന്ന പയറിന ങ്ങളുടെ വിളവെടുപ്പ്. | |
| ഫെബ്രുവരി | 15-ാം തിയതി വരെ വിള വെടുപ്പ്. വിത്തുകമ്പ് ശേഖരിക്കൽ. | | |
| മാർച്ച് | | | |
| ഏപ്രിൽ | നിലം തയ്യാറാക്കൽ. കൂനയെടുക്കൽ നടീൽ. | | 15 മുതൽ 30 വരെ തീയതി കളിൽ വിത്തു നടീലും ഞാററടിയിൽ വിത്തു പാകലും. |
| മെയ് | കന്ന് നടീൽ. | 15-ാം തീയതി വരെ നെല്പാടങ്ങളുടെ വര മ്പുകളിൽ പയർ, തുവര എന്നിവയുടെ വിത്തിടുന്നു. | 15-ാം തീയതിമുതൽ 25-ാം തീയതി വരെ തൈകൾ നടുന്നു. |
| ജൂൺ | 15 മുതൽ 30 വരെ തീയ തികളിൽ കളയെടു ക്കൽ, ആദ്യത്തെ വളപ്ര യോഗം, മണ്ണിട്ടു കൊടു ക്കൽ. | 15-ാം തീയതി മുതൽ 20-ാം തീയതി വരെ പറ മ്പുകളിൽ ഉഴുന്ന്, ചെറു പയർ എന്നിവ വിത ക്കുന്നു. | 10-ാം തീയതി വരെ കള നീ ക്കൽ, ഇട ഇളക്കൽ, വളപ്ര യോഗം, മണ്ണിട്ടുകൊടുക്കൽ. |
| ജൂലായ് | | | കളയെടുക്കൽ. |
| ആഗസ്ററ് | 1-ാം തീയതി മുതൽ 15-ാം തീയതി വരെ കള യെടുക്കലും രണ്ടാം വള പ്രയോഗവും. | 15-ാം തീയതി മുതൽ വിളവെടുപ്പ് ആരംഭി ക്കുന്നു. | 15-ാം തീയതി മുതൽ വിള വെടുപ്പ് തുടങ്ങുന്നു. |
| സെപ്തംബർ | | മുണ്ടകൻ വിളയ്ക്ക് പൊ തിഞ്ഞ വരമ്പുകളിൽ ഉഴു ന്ന്, മുതിര, ചെറുപയാർ എന്നിവ വിത്തിടുന്നു. 15-ാം തിയ്യതിമുതൽ പറ മ്പിൽ കൃഷി ചെയ്തിരു ന്നവരുടെ വിളയെടുപ്പ് | |
| ഒക്ടോബർ | 15-ാം തീയതി മുതൽ 30-ാം തീയതി വരെ കള നീക്കൽ. | | 10-ാം തീയതി വരെ വിളവെടുപ്പ്. |
| നവംബർ | | | |
| ഡിസംബർ | | ആദ്യവാരം മുതൽ തുവര യുടെ വിളവെടുപ്പ് തുട ങ്ങുന്നു. | |

| വിള | 10 (b) വേനൽക്കാല പച്ചക്കറികൾ | 11. ഇഞ്ചി | 12. മഞ്ഞൾ |
|---|---|---|---|
| ജനുവരി | നിലം തയ്യാറാക്കലും വിത്തിടലും. | വിളയെടുക്കൽ | |
| ഫെബ്രുവരി | 15-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ കള യെടുക്കലും വളപ്രയോ ഗവും. | വിളയെടുക്കൽ - വിത്തിനുള്ള ഇഞ്ചി ശേഖരിക്കൽ. | വിത്തു ശേഖരിക്കാം. വിളയെടുക്കൽ. |
| മാർച്ച് | വിളവെടുപ്പ് | നടുന്നതിനുള്ള സ്ഥലം ശരിയാക്കുക. | നടുന്നതിനുള്ള സ്ഥലം ശരിപ്പെടുത്തുക. |
| ഏപ്രിൽ | വിളവെടുപ്പ് | നല്ല മഴ ലഭിച്ചാൽ നടാം. | ആവശ്യത്തിന് മഴ ലഭിച്ചാൽ നടാം. |
| മെയ് | | വിത്ത് നടാം. | വിത്ത് നടാം. |
| ജൂൺ | | വിത്ത് നടാം. | വിത്ത് നടാം. |
| ജൂലായ് | | ഏപ്രിൽ, മെയ് മാസങ്ങ ളിൽ നട്ട ഇഞ്ചിക്ക് വളം ചെയ്യാം. | ഏപ്രിൽ മെയ് മാസങ്ങ ളിൽ നട്ട മഞ്ഞളിന് വളം കൊടുക്കുക. |
| ആഗസ്ററ് | കളയെടുക്കുക. വൈകി നട്ട കൃഷിക്ക് വളം ചെയ്യാം. | കളയെടുക്കലും, വൈ കി നട്ടവയ്ക്ക് വളം കൊടുടുക്കലും. | |
| സെപ്തംബർ | | കള നീക്കം ചെയ്യുക. | കള നീക്കം ചെയ്യൽ. |
| ഒക്ടോബർ | | | |
| നവംബർ | | വിളവെടുപ്പു തുടങ്ങാം. | വിളവെടുപ്പു തുടങ്ങാം. |
| ഡിസംബർ | | വിളവെടുപ്പ്. | വിളവെടുപ്പ്. |




# മൃഗസംരക്ഷണം

# മൃഗസംരക്ഷണ മേഖല

## ആമുഖം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൻെറ സാമ്പത്തിക, തൊഴിൽ മേഖലകളിൽ മൃഗസംരക്ഷണമേഖലയ്ക്ക പ്രഥമ ഗണനീയമായ സ്ഥാനമാണ് ഉള്ളത്. വളരെയധികം വികസന സാധ്യതയുള്ള ഈ മേഖലയുടെ മുഴുവൻ സാധ്യതകളും ചൂഷണം ചെയ്യണമെന്നുണ്ടെങ്കിൽ വളംരെ ശ്രദ്ധയോടെ രൂപപ്പെടുത്തേണ്ട ആസൂത്രണ പ്രക്രിയയുടെ പിൻബലമുണ്ടാകേണ്ടതുണ്ട്.

പ്രോട്ടീൻ പ്രാധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, വ്യാവസായിക പ്രാധാന്യമുള്ള തുകൽ, എല്ല്, ഓസീൻ, ജെലാററിൻ, കൊഴുപ്പ് എന്നിവയുടെ ലഭ്യത, പരീക്ഷണശാലകളിലേക്കുള്ള മൃഗങ്ങൾ എന്നിവയെല്ലാം മൃഗസംരക്ഷണ മേഖലയുടെ സാധ്യതകളാണ്. എന്നാൽ, പാൽ ഉൽപാദനം എന്ന ഒരേയൊരു സാധ്യതയിലൂന്നികൊണ്ടുള്ള വികസന തന്ത്രമാണ് കണ്ണമ്പ്ര പഞ്ചായത്തിൽ ഇതുവരേയും നിലനിന്നു പോന്നിട്ടുള്ളത്.

ജന്തു ജന്യരോഗങ്ങളായ പേവിഷബധ, ബ്രൂസെല്ലോസിസ്, ലെപ്റേറാസ്പൈറോസിസ് അഥവാ എലിപനി എന്നിവയുടെ നിയന്ത്രണവും നർമ്മാർജ്ജനുവുംകൂടാതെ വെറററിനറി മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപാദനം എന്നീ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന സേവനങ്ങളും മൃഗസംരക്ഷണ മേഖലയ്ക്ക് നിർവ്വഹിക്കുവാൻ കഴിയും. ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണ, നിർമ്മാർജനരംഗത്തും ശാസ്ത്രീയമായ മാംസോൽപാദനത്തിലൂടെ മാംസത്തിൽ നിന്നും പകരുവാൻ സാധ്യതയുള്ള വിവിധ രോഗങ്ങള ഒഴിവാക്കുക വഴി, പൊതുജനാരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിലും കണ്ണമ്പ്ര പഞ്ചായത്തിൽ ക്രിയാത്മകമായ യാതൊരു നീക്കവും നടന്നിട്ടില്ല.

കണ്ണമ്പ്ര പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന മാംസത്തിനുാം മൃഗങ്ങളിൽ 90 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. മുട്ടയുടെ കാര്യമെടുത്താൽ ഈ പഞ്ചായത്തിൻെ വിപണി സാധ്യത മുഴുവനായും ചൂഷണം ചെയ്യുന്നത് അയൽ സംസ്ഥാനങ്ങളാണ്. ഇതുവഴി പഞ്ചായത്തിന് വളരെ വലിയ സാമ്പത്തിക ചോർച്ചയുണ്ടാകുകയും തൊഴിൽ സാധ്യതകൾ നഷ്ടപ്പെടുകയും ചെയ്യുന്നു. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചാൽ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിപോകുന്ന വലിയ സമ്പത്ത് ഈ പഞ്ചായത്തിലെ ഉൽപാദകരുടെ കൈകളിലേക്കെത്തിക്കുവാൻ സാധിക്കും.

കണ്ണമ്പ്ര പഞ്ചായത്തിലെ വിളകൃഷിമേഖലയ്ക്ക് ആവശ്യമായ ജൈവവളവും, നിലമാരുക്കുവാനും ഭാരം വലിക്കുവാനുമുള്ള മൃഗശക്തിയും മൃഗസംരക്ഷണമേഖല സംഭാവന ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചാണകം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴഇഞ്ഞാൽ അതിൽ നിന്നും ലഭിക്കുന്ന ബയോഗ്യാസിലൂടെ, പഞ്ചായത്തിൽ പാചകത്തിനുപയോഗിക്കുന്ന ഊർജ്ജത്തിനെ ഗണ്യമായ പങ്ക് സംഭാവന ചെയ്യുവാൻ കഴിയും. പാചകത്തിന് വിറകിനെ അമിതമായി ആശ്രയിക്കുന്ന പ്രവണത ഒഴിവാക്കുവനാും സാധിക്കും. കൂടാതെ ബയോഗ്യാസ് ഉപയോഗിച്ചുള്ള വിളക്കുകൾ പ്രചരിപ്പിച്ചാൽ പാവപ്പെട്ടവരുടെ വീടുകളിൽ വെളിച്ചത്തിൽ വേണ്ടിയുള്ള തീരാത്ത കാത്തിരിപ്പ് ഴിവാക്കുവാൻ സാധിക്കും.

കണ്ണമ്പ്ര പഞ്ചായത്തിലെ മൃഗസമ്പത്തിൻെറ 90 ശതമാനത്തിലധികവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പക്കലാണ്. ഈ മേഖലയിലെ അദ്ധ്വാനം നിർവ്വഹിക്കുന്നത് കൂടുതലായും വീട്ടമ്മമാരാണ്. ആയതുകൊണ്ട് മൃഗസംരക്ഷണ മേഖലയുടെ വികസനം കൊണ്ടുണ്ടാകുന്ന പ്രയോജനം കൂടുതലായും പഞ്ചായത്തിലെ ദുർബല വിഭാഗങ്ങൾക്കാണ് ലഭിക്കുക.

മൃഗസംരക്ഷണമേഖലയുടെ ആസൂത്രിതവികസനം വഴി പഞ്ചായത്തിൻറ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, ദുർബലവിഭാഗങ്ങളുടെ നിതവ്യവരുമാനം ഉയർത്തുന്നതിനും, ഈ

മേഖലയിൽ സ്വയം പര്യാപ്തത കൈവിക്കുക വഴി സാമ്പത്തിക ചോർച്ച ഒഴിവാക്കുവാനും യുവതീ-യുവക്കാൾക്ക് തൊഴിൽ - ഉപതൊഴിൽ ലഭ്യത കൂട്ടുവാനും സാധിക്കും.

## കണ്ണമ്പ്ര പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

ആദ്യകാലങ്ങളിൽ പഞ്ചായത്തിലെ മൃഗസമ്പത്തിൻെറ ഗണ്യമായ പങ്കും, കൃഷി പണിക്കും ഭാരം വലിക്കുന്നതിനും മററുമാണ് ഉപയോഗിച്ചിരുന്നത്. അക്കാലത്ത് പശുക്കളുടെയും എരുമകളുടേയും പാലുൽപാദനശേഷി വളരെ കുറവായിരുന്നു. കൃത്രിമ ബീജദാന പരിപാടിയിലൂടെ പഞ്ചായത്തിലെ കന്നുകാലികളുടെ പാലുൽപാദനശേഷി ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇന്നുള്ള പശുക്കളിൽ 70 ശതമാനവും ഉൽപാദനക്ഷമതയുള്ള സങ്കരവർഗ്ഗം പശുക്കളാണ്.

പഞ്ചായത്തിലെ പഴയ തലമുറയിൽ പെട്ടവർ കറവമാടുകളിൽ നിന്നും ചെറിയ പാത്രങ്ങളിലും മററും പാൽ കറന്നെടുത്ത അനുഭവം ഇന്നും ഓർമ്മിക്കുന്നു. തുടർക്കഥപോലെ ആവർത്തിക്കപ്പെട്ട കുളമ്പുരോഗം, അടപ്പൻ, കരലടപ്പൻ, കാലിവസന്ത എന്നീ രോഗങ്ങളുടെ ആക്രമണം പഞ്ചായത്തിലെ കാലിസമ്പത്തിന് ഗണ്യമായ നഷ്ടം പഴയ കാലങ്ങളിൽ വരുത്തിയിരുന്നു. എല്ലാം ഒരു ദുഃസ്വപ്നം പോലെയാണ് ഇവർ ഇക്കാര്യം ഓർക്കുന്നത്.

ആദ്യകാലത്ത് കുളമ്പുരോഗം വന്നാൽ ഒടുക് ഇല വെള്ളത്തിലിട്ട് തിളപ്പിച്ച് കറയെടുത്തശേഷം കാലിൽ പുരട്ടുകയും, ഇല ധരാളം പറിച്ച് തൊഴുത്തിലെ നിലത്തിടുകയും ചെയ്തിരുന്നു. വ്രണങ്ങളിൽ പുളിയില തിളപ്പിച്ചാററിയ വെള്ളം കൊണ്ട് കഴുകുക, ഉപ്പും ചാരവും ചേർത്ത് പുരട്ടുക, അടുപ്പിനുമുകളിലെ കരി, ഉപ്പ് എന്നിവ വെളിച്ചെണ്ണ ചേർത്തു പുരട്ടുക, വേപ്പെണ്ണ പുരട്ടുക, വിരയിളക്കുവാൻ മഞ്ഞളും ആരിവേപ്പിലയും അരച്ച് തിന്നുവാൻ കൊടുക്കുക, കിടാങ്ങളുടെ ആര്യവേപ്പിലയം അരച്ച് തിന്നുവാൻ കൊടുക്കുക, കിടാങ്ങളുടെ തടിവീക്കത്തിന് കണ്ണൻ ചിരട്ട ചരടിൽ കോർത്ത് കഴുത്തിലണിയുക. പശുക്കൾ പ്രസവിച്ച് മറുപിള്ള (പ്ലാസൻറ) വീഴുന്നതിന്, പാറകത്തിനെറ ഇല തിന്നുവാൻ കൊടുക്കുക, ഇല്ലിയില (മുളയുടെ ഇല) തിന്നുവാൻ കൊടുക്കുക എന്നീ നാട്ടു ചികിത്സാ രീതികൾ ഇവ കൂടാതെ മന്ത്രവും പൂജയും ചികിത്സാ ഉപാധിയായി ഗ്രാമത്തിൽ നിലനിന്നിരുന്നു. ഇവയിൽ ചിലത് ഇപ്പോഴും തുടർന്ന് പോരുന്നു.

കഴിഞ്ഞ രണ്ടു ദശാബ്ദത്തിനിടയിൽ ഈ മേഖല കൈവരിച്ച പുരോഗതി വളരെ ആശ്ചര്യത്തോടെയാണ് പഴയ തലമുറയിലുള്ളവർ വീക്ഷിക്കുന്നത്. ഇന്ന് ഉൽപാദനക്ഷമതകൂടിയ സങ്കരവർഗ്ഗം പശുക്കളിൽ നിന്നും പാൽ കറന്നെടുക്കുന്ന സ്ഥിതി വന്നിട്ടുണ്ട്. രണ്ടോ മൂന്നോ പശുക്കൾകൊണ്ട് കുടുംബം പോററാമെന്ന സ്ഥിതിയും ഇപ്പോൾ കൈവന്നിരിക്കുന്നു.

കണ്ണമ്പ്ര പഞ്ചായത്തിൽ പശുവളർത്തൽ, ആടുവളർത്തൽ, എരുമ വളർത്തൽ, പോത്തിൻകുട്ടികളെ വളർത്തിയശേഷം ഉഴുവമൃഗങ്ങളാക്കുക, അടുക്കളമുററത്തെ കോഴിവളർത്തൽ, പന്നിവളർത്തൽ എന്നീ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നിലവിലുണ്ട്. പാലുൽപാദനം ലക്ഷ്യമാക്കിയിട്ടുള്ള പശുവളർത്തലിൽ മാത്രമാണ് ശാസ്ത്രീയസമീപനം ഉണ്ടായിട്ടുള്ളത്. എരുമ വളർത്തൽ കുറഞ്ഞു വരുന്നതായി കാണുന്നു. വീടുകളിൽ നായക്കളെ വളർത്തുന്നവർ ധരാളമായിട്ടുണ്ട്.

### കണ്ണമ്പ്ര പഞ്ചായത്തിലെ മൃഗസമ്പത്ത് 1996 സെൻസസിലെ വിവരങ്ങൾ

| ഇനം | എണ്ണം |
|---|---|
| കാള-നാടൻ | 82 |
| കാള-സങ്കരം | 150 |
| പശു-നാടൻ കറവ | 238 |
| പശു നാടൻ കറവയില്ലാത്തത് | 300 |
| പശു സ്കരം കറവ | 786 |
| പശു കറവയില്ലാത്തത് | 1561 |
| എരുമ കറവയുള്ളത് | 32 |
| എരുമ കറവ്യില്ലാത്തത് | 51 |

| ഇനം | എണ്ണം |
|---|---|
| പോത്ത് | 59 |
| ആട് | 1203 |
| പട്ടി | 1670 |
| പന്നി നാടൻ | 32 |
| പന്നി സങ്കരം | 90 |

കണ്ണമ്പ്ര പഞ്ചായത്തിൽ സങ്കര ഇനം പശുക്കൾ നാടൻ ഇനവുമായി താരതമ്യം ചെയ്യുമ്പോൾ എണ്ണത്തിൽ വളരെ കൂടുതലാണ്. എരുമയുടെയും, ഭാരം വലിക്കുന്നതിനും കൃഷി നിലം ഒരുക്കുന്നതിനുമുള്ള കാളകളുടെയും, പോത്തുകളുടെയും എണ്ണം ഗണ്യമായി കുറവുള്ളതായി കാണാം.

## വളർത്തുപക്ഷി സംഖ്യ 1996 ലെ കണക്കെടുപ്പ്

| ഇനം | എണ്ണം |
|---|---|
| പൂവൻ കോഴി | 2902 |
| പിടകോഴി-മുട്ടയിടുന്നത് | 2861 |
| പിടക്കോഴി-മുട്ടയിടാത്തത് | 4421 |
| ആൺ താറാവ് | 22 |
| പെൺ താറാവ് | 42 |
| ടർക്കി, ഗിനി, കാട | 83 |

(കണ്ണമ്പ്ര പഞ്ചായത്തിലെ ബ്രോയ്‌ലർ കോഴി വളർത്തൽ നിലവിലില്ല.)

## കണ്ണമ്പ്ര പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

കണ്ണമ്പ്ര പഞ്ചായത്തിൽ 42 വർഷങ്ങൾക്കു മുൻപ് സ്ഥാപിതമായ കീ വില്ലേജ് കേന്ദ്രമാണ് ആദ്യത്തെ മൃഗസംരക്ഷണ സ്ഥാപനം. അക്കാലത്ത് മദ്രാസ് സംസ്ഥാനത്തിൽ ഉൾപ്പെട്ടതായിരുന്നു കണ്ണമ്പ്ര പ്രദേശം. 1972 ൽ ഈ സ്ഥാപനം മൃഗാസ്പത്രിയായി ഉയർത്തപ്പെട്ടു. തുടർന്നാണ് ഈ സ്ഥാപനത്തിൽ ഡോക്ടറുടെ തസ്തിക സൃഷ്ടിക്കപ്പെട്ടത്.

ഇപ്പോൾ കണ്ണമ്പ്ര മൃഗാസ്പത്രി അര ഏക്കറോളം വിസ്തൃതിയുള്ള സ്ഥലത്ത് പഞ്ചായത്ത് വക കെട്ടിടത്തിലാണം പ്രവർത്തിക്കുന്നത്. ആസ്പത്രിക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒന്നുംതന്നെ ഈ കെട്ടിടത്തിൽ ഇല്ല. ഓപ്പറേഷൻ തിയേററർ, ലബോറട്ടറി സൗകര്യങ്ങൾ, റഫ്രിജറേററർ, മൈക്രോസ്കോപ്പ്, സ്റെററിലേസർ, വാഹനങ്ങൾ, കർഷക പരിശീലനഹാൾ എന്നീ സൗകര്യങ്ങൾ ആസ്പത്രിയിൽ ലഭ്യമാകാൻ സാധിക്കും. അടിയന്തിര സന്ദർഭങ്ങളിൽ വെററിനറി സർജനുമായി കർഷകർക്ക് ബനധപ്പെടുവാൻ ആസ്പ്രതിയിൽ ടെലിഫോൺ, പേജർ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## ആസ്പ്രതിയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ

1. ക്രത്രിമ ബീജദാനം
2. വിജ്ഞാന വ്യാപനം
3. രോഗ പ്രതിരോധ കുത്തിവെപ്പ്.
4. രോഗങ്ങളുടെ ചികിത്സ
5. സർജറി
6. പേ വിഷബാധക്കെതിരെയുള്ള കുത്തിവെപ്പ്
7. വിവിധ പദ്ധതികളുടെ നടത്തിപ്പ്
8. വന്ധ്യതാ നിവാരണം

തീരെ അപര്യാപ്തമായ സൗകര്യങ്ങളും, സാഹചര്യങ്ങളും, ഉപയോഗപ്പെടുത്തിയാണ് മേൽപ്പറഞ്ഞ സേവനങ്ങൾ ആസ്പത്രിയിൽ നിന്നും ലഭ്യ

മാക്കുന്നത്. കർഷകർക്ക് ഉയർന്ന തലത്തിലുള്ള സേവനങ്ങൾ ലഭിക്കുന്നതിനുവേണ്ടി ആസ്പത്രിയിലുള്ള അസൗകര്യങ്ങൾ അടിയന്തിരമായി പരിഹരിക്കപെടേണ്ടതാണ്.

പഞ്ചായത്തിൽ ഒരു വെററിനറി ഡോക്ടറുടെ സേവനം തീരെ അപര്യാപ്തമാണ്. പഞ്ചായത്തിലെ കല്ലിങ്കൽപ്പാത്തും മഞ്ഞപ്രയിലും മൃഗാസ്പത്രി കൂടി അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്. കർഷകർക്ക് എളുപ്പത്തിൽ തക്കസമയത്തും, ഡോക്ടറുടെ സേവനം ലഭ്യമാക്കുവാൻ ഇത് ഉപകരിക്കും.

## മററ് മൃഗസംരക്ഷണ സ്ഥപാനങ്ങൾ

കണ്ണമ്പ്ര പഞ്ചായത്തിൽ കല്ലിങ്കൽപ്പാടത്തും, ചെമ്മം കുന്നിലും ക്ഷീര സഹകരണ സംഘങ്ങളോടനുബന്ധിച്ച് ഊർജ്ജിത കന്നുകാലി വികസന പരിപാടി (I C D P) പ്രകാരമുള്ള കൃത്രിമ ബീജദാനം ഉരപകേന്ദ്രങ്ങസ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ രണ്ടിത്തും ഓരോ ലൈവ് സ്റേറാക്ക് ഇൻസ്പെക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. പഞ്ചായത്തിൽ പുളിങ്കൂട്ടം കേന്ദ്രമാക്കി ഒരു കൃത്രിമ ബീജദാന കേന്ദ്രം കൂടി സ്ഥാപിച്ചാൽ പശുക്കളുടെ ബീജദാന സൗകര്യം വർദ്ധിപ്പിക്കാൻ സാധിക്കും.

### കണ്ണമ്പ്ര മൃഗാശുപത്രിയിൽ ചിക്തസക്കെത്തിയ മൃഗങ്ങളുടെ രോഗവിവരങ്ങൾ 1994-95

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|
| ദഹന സംബന്ധമായ | 468 | 24 | 120 | 20 | 62 | |
| ശ്വാസകോശസംബനധമായ | 60 | | 32 | | | |
| ഉപാപചയ സംബന്ധം | 268 | 32 | 186 | | | |
| ത്വക്ക് രോഗങ്ങൾ | 576 | 10 | | | 92 | |
| ധാതുലവണങ്ങളുടെ അഭാവം | 122 | 14 | 68 | | | 108 |
| പരാദു രോഗങ്ങൾ | 2028 | 209 | 1018 | 40 | 80 | |
| പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 624 | 18 | 2 | | | |
| വന്ധ്യത | 82 | 8 | | | | |
| അകിടുവീക്കം | 248 | 24 | 48 | | | |
| മുടന്തൻ പനി | 130 | 8 | | | | |
| പകർച്ചവ്യാധികൾ | 238 | | | | | 400 |
| സർജിക്കൽ | 144 | 2 | 46 | 1 | 12 | |

## പേ വിഷബാധ പ്രതിരോധവും ചികിത്സയും 1994 - 95

| വിവരം | പശു | ആട് | പട്ടി |
|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം. | - | - | 62 |
| കുടിയേറതിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 34 | 22 | - |

## കണ്ണമ്പ്ര മൃഗാസ്പത്രി ജീവനക്കാരുടെ വിവരങ്ങൾ

| തസ്തിക | എണ്ണം |
|---|---|
| വെററിനറി സർജൻ | 1 |
| ലൈവ് സ്റോക്ക് ഇൻസ്പെക്ടർ | (ഒഴിഞ്ഞു കിടക്കുന്നു) |
| അററൻറൻറ് | 1 |
| പാർട് ടൈം സ്വീപ്പർ | (ഒഴിഞ്ഞു കിടക്കുന്നു) |

## കൃത്രിമ ബീജ സങ്കലന വിവരങ്ങൾ 1995

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1231 | 980 | 400 |
| കിടാരി | 769 | 550 | 230 |
| എരുമ | 60 | 40 | 25 |

## പഞ്ചായത്തിൻെറ കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലത്ത് നടപ്പാക്കിയ പദ്ധതികൾ

1. വന്ധ്യതാ നിവാരണ ക്യാമ്പ് : കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പഞ്ചായത്തിൽ ഒരു വന്ധ്യതാ ക്യാമ്പ് നടത്തി.

2. ഗോരക്ഷാ ക്യാമ്പ് : രണ്ട് ക്യാമ്പുകൾ നടത്തി.

3. സമഗ്ര കന്നുകാലി ഉൽപ്പാദന പദ്ധതി (MLPP): 333 കർഷകർക്ക് 3 കോഴികൾ ( 2 പിട, 1 പൂവൻ) വീതം വിതരണം ചെയ്തു.

4. പേ വിഷബാധ നിർമ്മാർജന പദ്ധതി : 2 പ്രതിരോധ കുത്തിവയ്പ് നടത്തി.

5. സ്പെഷൽ കമ്പോണൻറ് പ്ലാൻ:

കേളനി

കേളനി : 16 ഗുണഭോക്താക്കൾക്ക്

11 മുട്ടകോഴികൾ വീതവും, 5 പേർക്ക് കറവ പശുക്കളും വിതരണവും ചെയ്തു.

6. കന്നുകുട്ടി പരിപാലന പദ്ധതി : ഈ പദ്ധതി പ്രകാരം 152 സങ്കര ഇനം പശുകിടാങ്ങൾക്ക് 50 ശതമാനം വിലക്ക് കാലിത്തീററ നൽകി വരുന്നു.

വന്ധ്യത മൂലം പശുക്കളിൽ രണ്ടു പ്രസവത്തിനിടക്ക് നഷ്ടപ്പെടുന്ന ഓരോ ദിവസത്തിനും. കർഷകന് ഏകദേശം 30 രൂപയോളം നഷ്ടപ്പെടുന്നു.

പ്രശ്നത്തിൻെറ രൂക്ഷത കണക്കിലെടുക്കുമ്പോൾ ഇപ്പോൾ നടത്തികൊണ്ടിരിക്കുൻു വന്ധ്യതാ നിവാരണ പദ്ധതി തീരെ അപര്യാപ്തമാണ്.

മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഗുണനിലവാരമില്ലായ്മയാണ് വിതരണം ചെയ്ത കുറെ കുഞ്ഞുങ്ങൾ ചത്തുപോവാൻ ഇടയാത്.

വീടുകളിൽ മുട്ടയുടെ ഉപഭോഗം വർദ്ധിക്കുവാനുതകുമെങ്കിലും കമ്പോള സാദ്ധ്യതകൾ ചൂഷണം ചെയ്യുവാനും, വരുമാനം വർദ്ധിപ്പിക്കാനുമുള്ള സാദ്ധതകൾ MLPP പദ്ധതിയിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

വളരെ ചുരുക്കം നായ്ക്കളെ പ്രതിരോധകുത്തിവയ്പ്പിന് വിധേയമാക്കിയതുകൊണ്ട് പേവിഷാധ നിർമ്മാർജനം സാദ്ധ്യമാകുകയില്ല.

കന്നുകട്ടി പരിപാലന പദ്ധതി കർഷകർക്ക് ഏറവും പ്രയോജനം ചെയ്യുന്ന പദ്ധതിയാണ്. കണ്ണമ്പ്രയിലെ പശുവളർത്തലുകാരുടെ പ്രശംസ ഈ പദ്ധതി പിടിച്ചു പററിയിട്ടുണ്ട്. ഈ പദ്ധതി കുറെയേറെ പേർക്ക് ഗുണം ചെയ്യുന്ന തരത്തിൽ എല്ലാ സങ്കര ഇനം പശുകിടാങ്ങൾക്കും പദ്ധതി പ്രയോജനം കിട്ടത്തക്കതരത്തിൽ വിപുലപ്പെടുത്തേണ്ടതുണ്ട്.

## പാൽ ഉൽപാദന രംഗം

കണ്ണമ്പ്ര പഞ്ചായത്തിൽ പ്രതിവർഷം ഏകദേശം 14 ലക്ഷം ലിററർ പാൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട് എന്നു കണക്കാക്കപ്പെടുന്നു. ഉൽപാദിപ്പിക്കപ്പെടുന്ന പാലിൻെറ മൂല്യം ഒന്നര കോടി രൂപയിലധികം വരും. ഉൽപാദിപ്പിക്കപ്പെടുന്ന പാലിൻെറ 67 ശതമാനവും (9.5 ലക്ഷം ലിററർ) ക്ഷീര സഹകരണ സംഘം വഴി വിററഴിക്കപ്പെടുന്നു. ബാക്കി വരുന്ന പാൽ ഉൽപാദകൻെറ ഗാർഹിക ആവശ്യത്തിനും അടുത്ത വീടുകളിലും ഹോട്ടലുകളിലും വിൽക്കപ്പെടുന്നു.

വന്ധ്യത, അകിടുവീക്കം, ഉൽപാദനരോഗങ്ങസ്, കാലിത്തീററ ലഭ്യതകുറവ് എന്നിവയാണ് പാലുത്തപാദനം വർജ്ജിപ്പിക്കുന്നതിനു വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ. അകിടുവീക്കം നിയന്ത്രിക്കുന്നതിന് ശസ്ത്രീയമായ തൊഴുത്തുകൾ നിർമ്മിക്കുക, തൊഴുത്തുകളുടെ നിലം ശാസ്ത്രീയമായി പുനർനിർമ്മിക്കുക, വന്ധ്യത നിയന്ത്രിക്കുന്നതനു വേണഅടി സമഗ്രവും സുസ്സജ്ജവുമായ പദ്ധതി ആവിഷ്ക്കരിക്കുകയും സ്പെഷ്യലൈസ്ഡ് സർവ്വീസ് ലഭ്യമാക്കുന്ന തരത്തിൽ മേഖലാ തലത്തിൽ ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും അവരുടെ സേവനം ഓരോ പഞ്ചായത്തിലും ലഭ്യമാക്കാവുന്നതാണ്. കാലിത്തീററയുടെ ഉൽപാദനത്തിനും വിപണനത്തിനും സമഗ്രമായ സമീപനം ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പാൽ സംഭരണ സംവിധാനം കുറെകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. മിത്മയുടെ പാൽ വിലനിർണ്ണയം വളരെ ആഴത്തിൽ പഠനവിധേയമാക്കേണ്ടതുണ്ട്. ഓരോ ലിററർ പാലും ഉൽപാദകരിൽ നിന്നും ഉപഭോക്താവിലെത്തുമ്പോൾ, 3 രൂപയോളമാണ് സംസ്കരണ വിപണന ചിലവായി മിൽമ കവർന്നെടുക്കുന്നത്. ഉൽപാദകനേയും ഉപഭോക്താവിനേയും ഒരേപോലെ ചൂഷണം ചെയ്യുന്ന രീ

തിയിലാണ് മിൽമയുടെ നടപടി. വളരെ ഭീമമായ ഈ സംസ്കരണ വിപണന ചിലവ് കുറക്കുന്നതിന് മിൽമ പുന:സംഘടിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

## മാംസോൽപ്പാദന രംഗം

കണ്ണമ്പ്ര പഞ്ചായത്തിലെ ജനങ്ങളിൽ 90 ശതമാനത്തിലധികവും മാംസം ഉപയോഗിക്കുന്നവരാണം. ഇവിടെ ശാസ്ത്രീയമായ അറവുശാല നിലവിലില്ല. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അനധികൃതമായി അറവുനടത്തുന്ന സ്ഥിരം സ്ഥലങ്ങൾ ഉണ്ട്.

## കണ്ണമ്പ്ര പഞ്ചായത്തിലെ അനധികൃത അറവുസ്ഥലങ്ങൾ

1. കല്ലിങ്കൽ പാടം
2. നീലിപ്പാറ
3. പന്തലാം പാടം
4. കണ്ണമ്പ്ര തെരുവ്
5. പുളിക്കൂട്ടം
6. കൊളയക്കാട്
7. വാരുകുന്ന്
8. കാരപ്പൊററ
9. കാരേങ്കാട്
10. ആമകുളം

## പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാംസത്തിൻെറ മൂല്യം

| ഇനം | പ്രതിവർഷം അറക്കപ്പെടുന്നത് | ലഭിക്കുന്ന മാംസം (kg.) | മൂല്യം |
|---|---|---|---|
| കാള, പശു, എരുമ, പോത്ത് | 1200 | 120000 | 4200000 |
| ആട് | 300 | 4500 | 450000 |
| പന്നി | 40 | 2400 | 132000 |

പ്രതിവർഷം 1 കോടി രൂപ വിലയ്ക്കും മാംസം ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഇതിൽ ഭൂരിഭാഗവും കണ്ണമ്പ്ര പഞ്ചായത്തു പ്രദേശത്തും വടക്കുഞ്ചേരി പഞ്ചായത്തിലുമായി വിററഴിക്കപ്പെടുന്നു. കാരേങ്കാട്, ആമകുളം എന്നീ സ്ഥലങ്ങളിൽ അറക്കുന്ന മൃഗങ്ങളുടെ മാംസം ഭൂരിഭാഗവും വടക്കുഞ്ചേരി പഞ്ചായത്തിലാണ് വിൽക്കപ്പെടുന്നത്.

മാംസാവശ്യത്തിനുള്ള മൃഗങ്ങളിൽ 90 ശതമാനവും അന്യസംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. ഇതുമൂലം പഞ്ചായത്തിന് ഈ രംഗത്തുമാത്രം വലിയൊരു സാമ്പത്തിക ചോർച്ചയുണ്ടാകുന്നു. ഇതിനോടനുബന്ധിച്ച തൊഴിൽ സാധ്യതകളും നഷ്ടമാകുന്നു.

അറവുനടത്തുന്ന സ്ഥലങ്ങളിൽ എല്ലാംതന്നെ വൃത്തികെട്ട സാഹചര്യമാണ് നിലവിലുള്ളത്. ഇതുമൂലം വളരെ മൂല്യമുള്ള ഉപോൽപന്നങ്ങൾ സംസ്കരിക്കാനാവാതെ പാഴായിപ്പോകുന്നു. ശുദ്ധമായ മാംസോൽപാദനത്തിന് ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ മാംസോൽപാദനം നടത്തുമ്പോൾ അറവിനുമുമ്പും ശേഷവും മൃഗത്തെ വിശദമായ വെററിനറി പരിശോധനയ്ക്ക് വിദേയമാകുന്നു. തന്മൂലം രോഗം ബാധിച്ച മൃഗങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. തന്മൂലം രോഗം ബാധിച്ച മൃഗങ്ങളെ ഒഴിവാക്കി ആരോഗ്യമുള്ള മൃഗങ്ങളെ മാത്രം അറവിന് വിധേയമാക്കുകവഴി ശുദ്ധമായ മാംസം ഉപഭോക്താവിനു ലഭ്യമാക്കുവാൻ സാധിക്കുന്നു. എന്നാൽ പഞ്ചായത്തിൽ തികച്ചും വൃത്തിക്കെട്ട സാഹചര്യങ്ങളിൽ നടക്കുന്ന അശാസ്ത്രീയവും പ്രാകൃതവു

മായ അറവും അറവു സമ്പ്രദായങ്ങളും നിമിത്തം, രോഗം ബാധിച്ച മൃഗത്തേയും ചത്ത മൃഗത്തേയും മാംസമാക്കി വിററഴിയപ്പെടുവാനുള്ള സാധ്യതയുണ്ട്. ആയതിനാൽ, വലിയൊരു പൊതുജനാരോഗ്യപ്രശ്നവുമായിട്ടുകൂടി ഇതിനെ കാണേണ്ടതുണ്ട്. അനധികൃത അറവുശാലകളിൽ നിന്ന് ഒഴുകുന്ന മാലിന്യങ്ങൾ ഒരു പരിസര മലിനീകരണ പ്രശ്നം തന്നയാണ്. തെുരവുനായക്കളുടെ വംശവർദ്ധനവിനും ഇത് വഴിവെയ്ക്കുന്നു.

മാംസോൽപാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സമഗ്രമായ ആസൂത്രണതന്ത്രം ആവിഷ്കരിക്കേണ്ടതുണ്ട്. കാളകുട്ടികൾ, പന്നി, ആട്, ടർക്കി, താറാവ്, മുയൽ എന്നിവയെ വളർത്തുന്നതിനുള്ള പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്.

മാംസോൽപാദനരംഗത്ത് ഉപഭോക്താവിനേയും ഉൽപാദകനേയും ഒരുപോലെ ചൂഷണം ചെയ്ത, ഈ മേഖലയിൽ ക്രിയാത്മകമായ ഒരു ജോലിയും ചെയ്യാതെ വലിയൊരു ലാഭം കൈക്കലാക്കുന്ന ഇടനില്കകാര ഒഴിവാക്കുന്നതിന് മാംസോൽപാദകരുടെ ഒരു സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. ഈ സംഘം മുഖേന ഉൽപാദകർക്കാവശ്യമായ ധനസഹായം, മാസോൽപാദനത്തിനുള്ള മൃഗങ്ങൾ, പരിശീലനം എന്നിവ നൽകാവുന്നതാണ്. മാംസോൽപാദനത്തിനും, ഉപോൽപന്ന സംസ്കരണത്തിനും സമീപത്തുള്ള പഞ്ചായത്തുകളമായി സഹകരിച്ച് ഒരു ശാസ്ത്രീയ മാംസോൽപാദന സംസ്കരണശാല സ്ഥാപിക്കാവുന്നതാണ്.

## ആടുവളർത്തൽ

പഞ്ചായത്തിൽ ആടുവളർത്തൽ പരിമിതമായ തോതിൽ നിലവിലുണ്ട്. 1996 സെൻസസ് പ്രകാരം 1203 ആടുകൾ പഞ്ചായത്തിൽ ഉണ്ട്. ആടുവളർത്തൽ രംഗത്ത് ശാസ്ത്രീയമായ സമീപനം ഇതുവരെ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. ശാസ്ത്രീയമായ സമീപനം ഇതുവരെ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല., ശാസ്ത്രീയ തീററ സമ്പ്രദായം, വിരമരുന്ന് നൽകൽ, രോഗപ്രതിരോധം, കൃത്രിമ ബീജസങ്കലനം, ശാസ്ത്രീയമായ കൂട് നിർമ്മാണം, ആടുകൾക്കുള്ള തീററപുൽ, വൃക്ഷവിളകൾ ആവിഷ്ക്കരിക്കപ്പെടേണ്ടതായിട്ടുണ്ട്.

ആടുകളെ അഴിച്ചുവിട്ട് മേയ്ക്കുന്ന രീതിയാണ് ഇവിടെ നിലനിൽക്കുന്നത്. എന്നാൽ ഈ രീതി കുറെയേറെ പരിമിതികളും പ്രശ്നങ്ങളും നിറഞ്ഞതാണ്. ആയതിനാൽ കൂട്ടിൽതന്നെ വളർത്തി തീററ കൂട്ടിൽ ലഭ്യമാക്കുന്ന രീതി ആവിഷ്കരിക്കുകയാണെങ്കിൽ ആടുവളർത്തൽ കുറെയേറെ വ്യാപകമാക്കുവാൻ സാധിക്കും.

ആടുകൾക്കുള്ള തീററലഭ്യത കൂട്ടുവാൻ പ്ലാവ്, സുബാബുൾ, മുരിക്ക്, പ്ലാശ്, മൈസൂർ പൂച്ചെടി, ശീമകൊന്ന എന്നീ ചെടികളും വൃക്ഷവിളകളും വേലികളിൽ ധാരാളമായി കൃഷിചെയ്യുവാൻ കർഷകരെ പ്രേരിപ്പിക്കുകയും, ശാസ്ത്രീയമായ വളർത്തുരീതികളെ കുറിച്ച് അവർക്ക് പരിശീലനം നൽകുകയും വേണം. മാംസോൽപാദനം, സംസ്കരണം, വിപണനം എന്നിവയ്ക്ക് സഹകരണ സംഘം സ്ഥാപിച്ചാൽ ഉൽപാദകന് സ്ഥിരമായ വിപണി ലഭിക്കുകയും ഇടനിലക്കാരുടെ ചൂഷണത്തിനിരയാവുന്നത് ഒഴിവാക്കുവാനും സാധിക്കും.

## കന്നുകുട്ടി പരിപാലനം

കണ്ണമ്പ്ര പഞ്ചായത്തിൽ പ്രതിവർഷം 500 പശു പ്രസവം നടക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇത്രയും പ്രസവത്തിൽ നിന്നും 250 കാളകുട്ടികൾ 90 ശതമാനവും ചത്തുപോകുകയാണ് പതിവ്. ഇതുമൂലം വലിയൊരു സമ്പത്താണ് ഓരോ വർഷവും പഞ്ചായത്തിന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത്. ശാസ്ത്രീയമായ പരിചരണ മുറകൾ അവലംബിക്കുകയാണെങ്കിൽ ഇവയെ വളർത്തി വലുതാക്കി മാംസാവശ്യത്തിനുപയോഗിക്കാവുന്നതാണ്. കർഷകരുടെ വരുമാന വർദ്ധനവും, തൊഴിൽ സാധ്യതയും, സ്വയം പര്യാപ്തതയും കൈവരിക്കുവാൻ ഇതുമൂലം സാധിക്കുന്നു. മാംസോൽപാദകരുടെ സഹകരണ സംഘം സ്ഥാപിക്കുകയാണെങ്കിൽ ഉൽപാദന സംസ്കരണ വിപണന സാധ്യതകൾ ഫലപ്രദമായി ചൂഷണം ചെയ്യുവാൻ സാധിക്കും.

## പന്നിവളർത്തൽ

ശാസ്ത്രീയ പന്നിവളർത്തൽ രംഗത്ത് കണ്ണമ്പ്ര പഞ്ചായത്ത് ചെറിയൊരു ചുവടുവയ്പ് നടത്തിയിട്ടുണ്ട്. കണ്ണമ്പ്ര പഞ്ചായത്തിൽ കല്ലിങ്കൽ പാടത്തുള്ള പന്നി വളർത്തൽ കേന്ദ്രം കഴിഞ്ഞ ഒന്നര വർഷമായി പ്രവർത്തിച്ചു വരുന്നു. മഞ്ഞപ്ര കൊളയക്കാടും, പോത്തു ചാടിയിലും പന്നി വളർത്തുന്നുണ്ട്. മാംസ സംസ്കരണത്തിനും, വിപണനത്തിനും പന്നി കുഞ്ഞുങ്ങളുടെ വിപണനത്തിനും ഉള്ള സംവിധാനമില്ലത്തതിനാൽ ഇക്കാലമത്രയും വിജയകരമായി പ്രവർത്തിച്ചിരുന്ന ഫാം പ്രതിസന്ധി നേരിടുകയാണ്. ഉൽപാദകരുടെ ഒരു സഹകരണ സംഘം സ്ഥാപിക്കുകയാണെങ്കിൽ മാംസസംസ്കരണത്തിനും വിപണനത്തിനുമുള്ള തടസ്സങ്ങൾ പരിഹരിക്കാവുന്നതാണ്. കൂട്ടായ്മയോടെയുള്ള സമീപനമുണ്ടെങ്കിൽ പന്നികുഞ്ഞുങ്ങളെ ഈ പഞ്ചായത്തിലെ ഉൽപാദകർക്ക് വിതരണം ചെയ്യുന്നതിനും, അതാതു വീടുകളിലും അയൽ വീടുകളിലിമുള്ള അടുക്കള അവശിഷ്ടങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാനും സാധഇക്കും. തന്മൂലം ഗ്രാമത്തിലെ ഉൽപാദകർക്ക് വരുമാനവർദ്ധനവും, തൊഴിൽ ലഭ്യതയും ഉറപ്പുവരുത്താം. അശാസ്ത്രീയമായി കണ്ണമ്പ്ര 6-ാം വാർഡിൽ മേക്കുന്നിൽ പന്നിവളർത്തുന്നുണ്ട്.

## മുയൽ, ടർക്കി, കാട എന്നിവയുടെ വളർത്തൽ

പഞ്ചായത്തിൻെറ മാംസാവശ്യം നിറവേററുന്നതിനും സാമ്പത്തിക നേട്ടം ഉറപ്പാക്കുന്നതിനും, മുയൽ, ടർക്കി, കാട, എന്നിവ വളർത്തുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഉൽപാദകർക്ക് ഈ രംഗത്തുള്ള പരിശീലനവും, ഉൽപന്നം സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണ സംഘം രൂപീകരിക്കേണ്ടതുമാണ്.

## കാലിത്തീററ ഉൽപ്പാദനരംഗം

കാലിത്തീററ ഉൽപാദനരംഗത്ത് കഴിഞ്ഞ കാലങ്ങളിൽ ശാസ്ത്രീയമായ യാതൊരു നീക്കവും ഉണ്ടായിട്ടില്ല. പഞ്ചായത്തിനാവശ്യമുള്ള മിശ്രിത കാലിത്തീററ മുഴുവനുമായും സംസ്ഥാനത്തിനു പുറമെ നിന്നു ഇറക്കുമതി ചെയ്യപ്പെടുന്നു. കാലിത്തീററ മിശ്രിതത്തിനു ഉപയോഗിക്കാവുന്ന അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ അവയിലേറെയും അന്യസംസ്ഥാനങ്ങളിലേക്ക് ക?യററി അയയ്ക്കുകയോ ഫലപ്രദമായി ഉപയോഗിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നു.

### കാലിത്തീററ / കോഴിത്തീററ മിശ്രിതത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്ത്രങ്ങൾ - കണ്ണമ്പ്ര പഞ്ചായത്തിലെ പ്രതിവർഷ ലഭ്യത

| അസംസ്കൃത വസ്തു | ലഭ്യത അളവ് | ഇപ്പോൾ ഉപയോഗിക്കപ്പെടുന്ന രീതി |
|---|---|---|
| കപ്പ | 1000 ടൺ | 90 ശതമാനവും സേലത്തേക്ക് കയററി അയക്കുന്നു |
| നെൽത്തവിട് | 200 ടൺ | കർഷകർക്ക് വിൽക്കപ്പെടുന്നു |
| തേങ്ങാപിണ്ണാക്ക് | 150 ടൺ | കർഷകർക്ക് വിൽക്കപ്പെടുന്നു |
| പുളിങ്കുരു | ലഭ്യതയുണ്ട് അളവ് തിട്ടപ്പെടുത്തിയിട്ടില്ല | പാഴായി പോകുന്നു |

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്തുകയും ആവശ്യമായ വസ്തുക്കൾ മാത്രം ഇറക്കുമതി ചെയ്യുകയും ചെയ്താൽ സമീകൃതമായ കാലിത്തീററ മിശ്രിതം ഇവിടെത്തന്നെ ഉൽപാദിപ്പിക്കുവാൻ സാധിക്കും. അടുത്ത പഞ്ചായത്തുകളുമായി ചേർന്ന് സഹകരണമേഖലയിൽ കാലിത്തീററ മിശ്രിത ഫാക്ടറി സ്ഥാപിച്ചാൽ ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും പഞ്ചായത്തിൻെറ സാമ്പത്തിക ചോർച്ച ഒഴിവാക്കുന്നതിനും സാധിക്കും. അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിന് സഹകരണ സംഘം മുഖേന സംവിധാനം ഉണ്ടാക്കാവുന്നത്. സഹകരണാടിസ്ഥാനത്തിൽ ഒരു ഫീഡ് മിക്സിംഗ് യൂണിററ് കിഴക്കേകളത്ത് തുടങ്ങാൻ കഴിയും.

തീററപുൽ, കാലിത്തീററ വൃക്ഷവിളകൾ എന്നിവയുടെ വ്യാപനത്തിനു പഞ്ചായത്തിൽ ആത്മാർത്ഥമായ സമീപനം ഉണ്ടായിട്ടില്ല.

## കണ്ണമ്പ്ര പഞ്ചായത്തിൽ കാലിത്തീററയ്ക്കുള്ള പരുഷാഹാര ലഭ്യത

| ഇനം | ലഭ്യത | ഉപയോഗ രീതി |
|---|---|---|
| വൈക്കോൽ | 1000 ടൺ | 400 ടൺ അയൽ ജില്ലകളിലേക്ക് കയററി അയക്കുന്നു |
| തീററപുൽ | വളരെ കുറഞ്ഞ ലഭ്യത | കാലിത്തീററയായി ഉപയോഗിക്കുന്നു. |

പഞ്ചായത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും ജലസേചന കനാൽ ബണ്ടുകൾ, പുറംപോക്കുകൾ, വീട്ടുവളപ്പുകൾ, തെങ്ങിൻതോപ്പുകൾ എന്നിവടങ്ങളിലും ശാസ്ത്രീയ തീററപുൽ, കാലിത്തീററ വൃക്ഷവിളകൾ എന്നിവ ഊർജ്ജിതമായി വ്യാപിപ്പിക്കേണ്ടതുണ്ട്. കൂട്ടായ്മയോടെ സമീപിക്കുയാണെങ്കിൽ, ഫോഡർ ബാങ്ക് സ്ഥാപിച്ച്, തീററപുൽ ഇലകൾ എന്നിവ സംഭരിച്ച് പച്ചയായോ ഉണക്കിയ ശേഷമോ കർഷകർക്ക് വിപണനം ചെയ്യുവാൻ സാധിക്കും.

### ബ്രോയിലർ കോഴി വളർത്തൽ

കണ്ണമ്പ്ര പഞ്ചായത്തിൽ ഒര ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രം പോലും നിലവിലില്ല. എന്നാൽ പഞ്ചായത്തിലെ ജനങ്ങൾ പ്രതിവർഷം ഏകദേശം 25000 ബ്രോയിലർ കോഴികളേയും 6000 വീട്ടുമുററത്തെ മുട്ടകോഴികളേയും മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു. ഏകദേശം 37500/- കിലോഗ്രാം ബ്രോയിലർ കോഴിയിറച്ചിയും 5000 കിലോഗ്രാം നാടൻ കോഴികളുടെ ഇറച്ചിയുമാണ് കണ്ണമ്പ്ര പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നത്അഭ്യന്തര ഉൽപാദനം ഇല്ലാത്തതിനാൽ ബ്രോയലർ കോഴിയിറച്ചിയുടെ മൂല്യമായ 13 ലക്ഷം രൂപയോളം പ്രതിവർഷം പഞ്ചായത്തിനു നഷ്ടമാകുന്നു. സ്വയം പര്യാപ്തത കൈവരിക്കുകയാണെങ്കിൽ ഈ സമ്പത്ത് പഞ്ചായത്തിലെ ഉൽപാദകരുടെ കൈകളിൽ എത്തിക്കുവാൻ പററും. ബ്രോയിലർ കുഞ്ഞുങ്ങളുടെ ഹാച്ചറി, ബ്രോയിലർ കോഴിത്തീററ ഉൽപാദനകേന്ദ്രം വെറററിനറി സൗകര്യങ്ങൾ, കർഷകർക്ക് പരിശീലനം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

## കോഴിയിറച്ചി ഉപഭോഗം - വിവരങ്ങൾ

| ഇനം | എണ്ണം | അളവ് | മൂല്യം |
|---|---|---|---|
| ബ്രോയിലർ | 25000 | 37500 | 1312500 |
| നാടൻ | 6000 | 12000 | 480000 |

ഈ ഗ്രാമത്തിൽ നടക്കുന്ന ആഘോഷങ്ങൾക്ക് കോഴിയിറച്ചി ഉപയോഗിക്കുന്നത് പതിവാണ്.

### മുട്ടയുൽപ്പാദന രംഗം

പഞ്ചായത്തിലെ മുട്ടയുൽപ്പാദനം, പഞ്ചാത്തിലെ ജനങ്ങളുടെ ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ തീന്മര ഉപര്യാപ്തമാണ്. വീട്ടുമുററത്തെ കോഴിവളർത്തൽ പ്രചാരത്തിലുണ്ടെങ്കിലും അതെല്ലാം ഗാർഹികാവശ്യങ്ങൾക്കായി ഉൽപാദകന്റെ വീട്ടിൽ തന്നെ ഉപയോഗിക്കപ്പെടുന്നു.

### കണ്ണമ്പ്ര പഞ്ചായത്തിലെ മുട്ടയുടെ ഉപഭോഗം

| | എണ്ണം | മൂല്യം രൂപ |
|---|---|---|
| ആഭ്യന്തര ഉൽപാദനം | 4.25 ലക്ഷം | 4.67 ലക്ഷം |
| ഇറക്കുമതി | 20 ലക്ഷം | 22 ലക്ഷം |

ഇറക്കമതി ചെയ്യപ്പെടുന്ന മുട്ടയുടെ മൂല്യമായ ഉദ്ദേശം 22 ലക്ഷം രൂപ പഞ്ചായത്തിൽ നിന്നും പ്രതിവർഷം അന്യസംസ്ഥാനങ്ങളിലേക്ക് ചോർന്നു പോകുന്നു.

മുട്ടയുൽപാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് നൂറോ, നൂററിയമ്പതോ എണ്ണം മുട്ടകോഴികളെ വീട്ടുമുററത്തോ, കൂട്ടിലോ വളർത്തുന്നുവാനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. മുട്ട സംഭരിക്കുവാൻ സഹകരണ സംഘമുണ്ടാക്കി വിപണിയിലെത്തിച്ചാൽ പഞ്ചായത്തിലെ വീട്ടമ്മമാർക്ക് സ്ഥിരവരുമാനമാർഗ്ഗമാകും. മുട്ടകോഴി ലഭ്യതയ്ക്കുള്ള ഹാച്ചറി, നേഴ്സറി, കോഴിത്തീററ ലഭ്യത, വെററിനറി സേവനം, പരിശീലനം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

### തുകൽ സംസ്കരണം / അറവുശാല ഉപോൽപ്പന്ന സംസ്കരണം

പഞ്ചായത്തിൽ പ്രതിവർഷം അറവിന് വിധേയമാക്കപ്പെടുന്ന മൃഗങ്ങൾ

| ഇനം | പ്രതിവർഷം അറക്കപ്പെടുന്ന എണ്ണം | കിട്ടുന്ന തൊലിയുടെ എണ്ണം | മൂല്യം രൂപ |
|---|---|---|---|
| കാള പോത്ത് പശു | 1200 | 1200 | 720000 |
| ആട് | 300 | 300 | 30000 |

പശു കാള, പോത്ത് എന്നിവയുടെ തൊലിക്ക് (സംസ്കരിക്കാത്തത്) 600 രൂപയം, ആടിന്റെ തൊലിക്ക് 100 രൂപയും വിലയുണ്ട്.

പഞ്ചായത്തിൽ അറവു നടത്തപ്പെടുന്ന മൃഗങ്ങളിൽ നിന്ന് പ്രതിവർഷം നല്ല മൂല്യമുള്ള തൊ

ലി ലഭിക്കുന്നുണ്ട്. ഈ തൊലി സംസ്കരിച്ച് (ടാനിംഗ്) തുകലാക്കുയാണെങ്കിൽ 10 ഇരട്ടിയോളം മൂല്യവർദ്ധനവുണ്ടാകും. എന്നാൽ പരിസരമലിനീകരണ പ്രശ്നം ഉള്ളതിനാൽ തൊലി പ്രാഥമിക സംസ്കരണത്തിനുശേഷം കയററി അയച്ച് സംസ്ഥാനത്തെവിടെയെങ്കിലും ഒഴിഞ്ഞ സ്ഥലത്ത് ടാനിംഗിന് വിധേയമാക്കുകയാണെങ്കിൽ സംസ്ഥാനത്തിന് വലിയ സാമ്പത്തിക നേട്ടവും തൊഴിൽ ലഭ്യതയും വിദേശ നാണ്യവും നേടാം.

അറവുശാലയിൽ നിന്നുള്ള ഉപോൽപന്നങ്ങൾ (രോമം, എല്ല്, ജെലാററിൻ, ഓസീൻ, കൊഴുപ്പ്, ഹോർമോൺ ഗ്രന്ഥികൾ, രക്തം മുതലായവ) മുഴുവനും സംസ്കരിക്കുവാൻ ശാസ്ത്രീയ അറവുശാല സ്ഥാപിക്കുകയും അതിനോടുബന്ധിച്ച് ഉപോൽപന്ന സംസ്കരണശാല നിർമ്മിക്കുകയും വേണം.

## ജൈവവളം

ദിവസേന ഓരോ പശുവിൽ നിന്നും എരുമയിൽ നിനനും 25 മുതൽ 40 കിലോഗ്രാം വരെ ചാണകം ലഭിക്കും.

പഞ്ചായത്തിലെ മൃഗസമ്പത്തിൽനിന്നുള്ള ജൈവവള ലഭ്യത.

| മൃഗങ്ങളുടെ എണ്ണം | ലഭിക്കുന്ന ജൈവവളത്തിൻെറ അളവ് വർഷത്തിൽ |
|---|---|
| 2500* | 27375 ടൺ |

* പഞ്ചായത്തിലെ മൊത്തം കന്നുകാലികളെയും 2500 cow unit ആയി കണക്കാക്കിയിരിക്കുന്നു. ഒരു കൗയൂണിററിൽ നിന്നും 30 kg. ചാണകം പ്രതിദിന ലഭ്യത.

ഈ ജൈവവളം ഒട്ടും നഷ്ടപ്പെടുത്താതെ സംഭരിക്കുവാനും കാർഷികാവശ്യത്തിനുപയോഗിക്കുവാനുള്ള നടപടി വേണം.

## മൃഗശക്തി

പഞ്ചായത്തിൽ 5 ജോടി കാളകളേയും 10 ജോടി പോത്തുകളേയും ഭാരം വലിക്കുവാനും നിലമൊരുക്കുവാനും ഉപയോഗിച്ചു പോരുന്നു. ഭാരം വിക്കുന്നതിന് പ്രവർത്തന ക്ഷമതയേറിയ ആധുനിക ഡിസൈനിലുള്ള വണ്ടികൾ പ്രചരിപ്പിക്കേണ്ടതാണ്. മോടി പിടിപ്പിച്ച കാളവണ്ടികൾ പരിസ്ഥിതി ടൂറിസ്ററ് കേന്ദ്രങ്ങളിൽ (Eco friendly tourist centres)യാത്രയ്ക്കായി ഉപയോഗിക്കുവാനുള്ള സാധ്യതകൾ ചൂഷണം ചെയ്യേണ്ടതാണ്.

## ബയോഗ്യാസ്

പഞ്ചായത്തിൽ മൊത്തം ബയോഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. എന്നാൽ ബയോഗ്യാസ് ഉൽപാദനത്തിന് മൊത്തം 9125 ടൺ* ചാണകം പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. (മേച്ചിൽ സമയത്തെ ചാണകത്തിനെറ നഷ്ടം കണക്കിലെടുത്തിട്ടുണ്ട്). ഇതിൽ നിന്നും 11862500 ഘന അടി ബയോഗ്യാസ് ലഭിക്കും. ഇതുപയോഗിച്ച് ചുരുങ്ങിയത് 1000 കുടുംബങ്ങൾക്ക് പാചകാവശ്യം മുഴുവനും നിറവേററാം. തൻമൂലം വിറകിനുവേണ്ടിയുള്ള അമിതാശ്രയം ഒഴിവാക്കാം. പഞ്ചായത്തിൽ കർഷകരുടെ വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകൾ നൽകുകയും കമ്മ്യൂണിററി ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയും വേണം.

* കുറിപ്പ്

ബയോഗ്യാസ് ഉൽപ്പാദനത്തിന് പഞ്ചായത്തിലെ കന്നുകാലികളെ 2500 കൗ യൂണിററായി കണക്കിലെടുത്തിരിക്കുന്നു. ഓരോ കൗ യൂണിററിൽ നിന്നും പ്രതിദിനം 10 kg. ചാണകം (മേച്ചിൽ സ്ഥലത്ത് നഷ്ടപ്പെടുന്നത് കണക്കിലെടുത്തുകൊണ്ട്) ലഭിക്കുന്നു. ഒരു കിലോ ചാണകത്തിൽ നിന്നും 1.3 അടി ഗ്യാസ് ലഭിക്കുന്നു.

## കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് പരിരക്ഷ

കന്നുകാലികളുടെ ആകസ്മിക മരണമുണ്ടായാൽ മുഴുവൻ നഷ്ടവും കർഷകനുതന്നെ സഹിക്കേണ്ട സ്ഥിതിയാണുള്ളത്. ഇതൊഴിവാക്കുവാൻ കുറഞ്ഞ പ്രീമിയം കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും ഇൻഷൂർ ചെയ്യുന്നതിനുള്ള സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കണം.

## കർഷക പരിശീലനം

മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന് ഉള്ള സൗകര്യം ഏററവും അടുത്തുള്ളത് ആലുവായിലാണ്. കർഷകർക്ക് ഇതിനെ പ്രയോജനം ഉപയോഗിക്കുവാൻ പററാതെ പോകുന്നു. ആയതിനാൽ താലൂക്കുതലത്തിൽ പരിശീലനകേന്ദ്രം തുടങ്ങുവാൻ നടപിട ഉണ്ടാകണം. ഈ പരിശീലന കേന്ദ്രത്തിൽ നിന്ന് പഞ്ചായത്തിൽ വന്ന് പരിശീലനം നൽകുവാനുള്ള മൊബൈൽ സംവിധാനമുണ്ടായിരിക്കണം.

## മൃഗസംരക്ഷണമേഖലയിലെ ഉൽപ്പാദകർക്ക് അവാർഡ്

മൃഗസംരക്ഷണമേഖലയിലെ നല്ല ഉൽപാദകന് പഞ്ചയത്ത് തലത്തിൽ അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

## പേ വിഷബാധ നിർമ്മാർജനം

പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് 3 പേർ മരണമടഞ്ഞിട്ടുണ്ട്. ധരാളം മൃഗങ്ങളും പേ വിഷബാധയേററു ചത്തിട്ടുണ്ട്. മൃഗങ്ങളെ നായകടിയേററശേഷം കുത്തവെപ്പിന് വിധേയമാക്കിയുട്ടണ്ട്. ധാരാളം ആളുകൾ നായ്ക്കളെ വളർത്തുന്നുണ്ടെങ്കിലും വാക്സിനേഷനും, ലൈസൻസും നിർബന്ധമാക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായക്കളുടേയും പേപ്പട്ടികളുടേയും ശല്യം സാധാരണമായുണ്ട്.

മാരകമായ പേ വിഷബാധയുടെ നിയന്ത്രണ നിർമ്മാർജന പ്രവർത്തനങ്ങൾ ഒരു സമഗ്രമായ പദ്ധതിയായി തന്നെ സംസ്ഥാനത്ത് നടപ്പാക്കണം.

## കണ്ണമ്പ്ര പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികനത്തിനുള്ള പൊതുവായ നിർദ്ദേശങ്ങൾ

### 1. മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1. കണ്ണമ്പ്ര മൃഗാശുപത്രിയുടെ കെട്ടിടം നവീകരിക്കുക, ആധുനിക ലബോറട്ടറി, ഓപ്പറേഷൻ തിയ്യററർ, കർഷക പരിശീലന ഹാൾ എന്നിവ നിർമ്മിക്കുക.
2. മൃഗാശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുക.
3. കർഷകർക്ക് അടിയന്തിര സന്ദർഭങ്ങളിൽ വെററിനറി സർജ്ജനുമായി ബനധപ്പെടുന്നതിന് ഫോൺ, പേജർ എന്നീ സംവിധാനങ്ങൾ ആശുപ്രതിയിൽ ഏർപ്പെടുത്തുക. വാഹനം ലഭ്യമാക്കുക.
4. പഞ്ചയത്തിൽ കല്ലിങ്കൽ പാടം പ്രദേശത്ത് ഒരു മൃഗാശുപത്രി സ്ഥാപിക്കുക.
5. പുളിംകൂട്ടം പ്രദേശത്ത് ഒരു കൃത്രിമ ബീജാദാന കേന്ദ്രം സ്ഥാപിക്കുക.
6. വെററിനറി സർജൻെറ സേവനം ഡ്യൂട്ടി സമയങ്ങളിൽ കിട്ടാറില്ല. അതിന് വേണ്ടുന്ന സൗകര്യം ഉണ്ടാക്കണം.

### 2. പാലുൽപ്പാദന രംഗം

1. പാൽ വിപണന സൗകര്യം കൂട്ടുവാൻ കല്ലേരി, കാരപ്പററ പ്രദേശത്ത് പാലുൽപാദനസഹകരണ സംഘം സ്ഥാപിക്കുക.
2. അകിടുവീക്കം നിയന്ത്രിക്കുന്നതിന് സമഗ്രപദ്ധതി ആവിഷ്കരിക്കുക.
3. വന്ധ്യതാ നിവാരണത്തിന് പ്രത്യേക പദ്ധതി

ആവിഷ്കരിക്കുക.

4. ശാസ്ത്രീയ തൊഴുത്തുകൾ നിർമ്മിക്കുകയും നിലവിലുള്ള തെഴുത്തുകളുടെ നിലം ശാസ്ത്രീയമായി പുനർ നിർമ്മുക്കുകയും ചെയ്യുക.
5. തീററപുൽ കൃഷി ഊർജ്ജിതമായി നടപ്പാക്കുക, മിശ്രിത കാലിത്തീറ ഉൽപാദന ഫാക്ടിറി സ്ഥാപിക്കുക.
6. ഡയറി യൂണിററുകൾ തുടങ്ങുക.
7. പ്രതിശീർഷ വാർഷിക പാലുൽപാദനം 6000 ലിററർ കൈവരിക്കാനുള്ള കൃത്രിമ ബീജാദാന പരിപാടിയും പ്രജനന നയുവം നടപ്പിലാക്കുക.

**3. മാംസോൽപ്പാദന** രംഗം

1. മാംസോൽപാദക സഹകരണ സംഘം സ്ഥാപിക്കുക.
2. സാസ്ത്രീയ അറവുശാല നിർമ്മിക്കുക. അറവിനു മുമ്പും ശേഷവും വെറററിനറി മാസം പരിശോധന നിർബന്ധമാക്കുക.
3. മാംസോൽപന്നങ്ങളും ഉപോൽപന്നങ്ങളും സംസകരിക്കുന്നതിനുള്ള ശാല സ്ഥാപിക്കുക.
4. മാംസവിപണനം ചെയ്യുന്നതിന് പഞ്ചായത്തിൽ ശാസ്ത്രീയ മീററ് സ്ററാളുകൾ സ്ഥാപിക്കുക.
5. മാംസോൽപാദനരംഗത്ത് കർഷകർക്ക് പരിശീലനം നൽകുക. ശാസ്ത്രീയമായി ഉൽപാദിപ്പിക്കപ്പെടുന്ന മാംസം ഉപയോഗിക്കേണ്ടതിൻെറ പ്രാധാന്യപ്പെററി പൊാതുജനങ്ങൾക്കിടയിൽ ബോധവൽകരണം സംഘടിപ്പിക്കുക.

**4. ആടു വളർത്തൽ**

1. ശാസ്ത്രീയ ആടുവളർത്തൽ പദ്ധതിയെകുറിക്ഷച്ച് കർഷകർക്ക് പരിശീലന സൗകര്യമുണ്ടാക്കുക.
2. ശാസ്ത്രീയമായ ആട്ടിൻകൂടുകൾ സ്ഥാപിക്കുകയും ആടുകളെ കൂട്ടിനകത്തു വർത്തുവാൻപ്രേരിപ്പിക്കുകയും, പുല്ലും ഇലകളും മററുതീററകളും കൂടിനകത്ത് ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
3. ആട്ടിൻ തീററയ്ക്കുള്ള പ്ലാവ്, സുബാബുൾ, മുരിക്ക്, മൈസൂർ - പൂച്ചെടി (ഒടിച്ചുകുത്തി) എന്നിവ ഉൽപാദകൻെറ വീട്ടുലവളപ്പ് വേലി, ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വളർത്തുവാൻ പദ്ധതി തയ്യാറാക്കുക.
4. മാംസോൽപാദക സഹകരണ സംഘം ഉണ്ടാക്കുക.
5. ആടുകളുടെ വർഗോദ്ധാരണത്തിന് കൃത്രിമബീജാദാനം ഏർപ്പെടുത്തുക.

**5. കാളകുട്ടി പരിപാലനം**

1. കർഷകർക്ക് പരിശീലന സൗകര്യം ഏർപ്പെടുത്തുക.
2. മാംസോൽപാദകരുടെ സഹകരണ സംഘം രൂപീകരിക്കുക.
3. തീററുപൽകൃഷി, വൃക്ഷകാലിത്തീററ കൃഷി വ്യാപിപ്പിക്കുക.
4. കാളകുട്ടി പരിപാലനത്തിനുള്ള സമഗ്രപദ്ധതി ആവിഷ്കരിക്കുക.

**6. പന്നി വളർത്തൽ**

1. മാംസോൽപാദനത്തിനുള്ള പന്നി വളർത്തൽ യൂണിററുകൾ കർഷകർക്ക് നൽകുക.
2. കർഷക പരിശീലനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. ഉൽപാദക, സംസ്കരണ, വിപണന സഹകരണ സംഘം രൂപീകരിക്കുക.
4. കല്ലിങ്കൽ പാടത്തെ പന്നി വളർത്ത് കേന്ദ്രത്തിൻെറ വികസനത്തിന് പദ്ധതി ആവിഷ്കരിക്കുക.

**7. മുയൽ, ടർക്കി, കാട, ഗിനി വളർത്തൽ**

1. കർഷകർക്ക് പരിശീലന സൗകര്യം ഏർപ്പെടുത്തുക.
2. മുയൽ, ടർക്കി, കാട, ഗിനി എന്നിവയുടെ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുവാനുള്ള ഫാം

സ്ഥാപിക്കുക.
3. മുയൽ, ടർക്കി, കാട, ഗിനി എന്നിവ വളർത്തുന്നതിനുള്ള യൂണിററുകൾ സ്ഥാപിക്കുക.
4. സംസ്കരണത്തിനും വിപണനത്തിനും സഹകരണ സംഘം ഏർപ്പെടത്തുക.

8. കാലിത്തീററ ഉൽപ്പാദന രംഗം

1. കാലിത്തീററ പുൽ, വൃക്ഷ വിളകൾ എന്നിവയുടെ ഉൽപാദനത്തിൽ സമഗ്രപദ്ധതി ആവിഷ്കരിക്കുക. വീട്ടുവളപ്പ് തെങ്ങിൻ തോട്ടങ്ങൾ, കണ്ണമ്പ്ര വേലപറമ്പ്, കനാൽ ഓരങ്ങസ്, ഓഫീസ് വളപ്പുകൾ, എന്നീ സ്ഥലങ്ങളിൽ പുല്ലും വൃക്ഷവിളകളും വച്ചു പിടിപ്പിക്കുക.
2. മിശ്രിത കാലിത്തീററക്കുള്ള അസംസ്കൃത വസ്തുക്കൾ (കപ്പ, പുളിങ്കുരു, നെൽ തവിട്) എന്നിവ സംഭരിക്കാവുനാം സഹകരണ സംഘമുണ്ടാക്കുവാനും ഇവയുപയോഗിച്ച് കലിത്തീററ മിശ്രണ യൂണിററ് ഗുണനിലവാര സംവിധാനത്തോടെ ആരംഭിക്കുവാനും കാലിത്തീററ ന്യായമായ വിലയ്ക്ക് കർഷകർക്ക ലഭ്യമാക്കുവാനും നടപടി എടുക്കുക.
3. തീററപുൽ, ഇലകൾ, വൈക്കോൽ എന്നിവ സംഭരിക്കുന്നതീ ഫോഡർ ബാങ്ക് സ്ഥാപിക്കുകയും ന്യായമായ വില്യക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക.

9. ബ്രോയിലർ കോഴി വളർത്തൽ

1. കർഷകർക്ക് പരിശീലന സൗകര്യൾ ഏർപ്പെടുത്തുക.
2. ബോയിലർ ഹാച്ചറികൾ സ്ഥാപിക്കുക.
3. ബ്രോയിലർ യൂണിററുകൾ കർഷകർക്ക് അനുവദിക്കുക.
4. കോഴിത്തീററ ഉൽപാദനവും ബ്രോയിലർ ഇറച്ചിയുടെ വിപണനവും സഹകരണ സംഘം വഴി നിരവ്വഹിക്കുക.

10. മുട്ടയുൽപ്പാദനരംഗം

1. മുട്ടക്കോഴി ഹാച്ചറിയും നേഴ്സറിയും സ്ഥാപിക്കുക.
2. കർഷകർക്ക് പരിശീലനം നൽകുകയും 100 മുതൽ 150 എണ്ണം കോഴികളുള്ള മുട്ടയുൽപാദന യൂണിററുകൾ വീട്ടമ്മമാർക്ക് നൽകുക.
3. കോഴിത്തീററ ഉൽപാദനം, മുട്ട സംഭരണം വിപണനം എന്നിവയ്ക്ക് സഹകരണ സംവിധാനം ഏർപ്പെടുത്തുക.

11. തുകൽ, അറവുശാല ഉപോൽപ്പന്ന സംസ്കരണം

1. അറവുശാലയോടനുബന്ധിച്ച് ഉപോൽപന്ന സംസ്കരണവും തുകലിൻെറ പ്രാഥമിക സംസ്കരണവും നിർവ്വഹിക്കുന്നതിനുളള സംവിധാനമേർപ്പെടുത്തുക.
2. പ്രാഥമിക സംസ്കരണം നടത്തിയ തുകൽ ടാനിംഗ് സെൻററിലേക്ക് കയറി അയയ്ക്കുവാനുള്ള സംവിധാനമേർപ്പെടുത്തുക.

12. കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും കർഷകർക്ക് പരിരക്ഷ

1. പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും സമഗ്രകന്നുകാലി ഇൻഷുറൻസ് സംവിധാനമേർപ്പെടുത്തുക.

13. കന്നുകാലി രോഗ നിയന്ത്രണം

1. പകർച്ച വ്യാധികൾ (കുളമ്പുരോഗം, കുരലടപ്പൻ, അടപ്പൻ,) എന്നിവ നിയന്ത്രിക്കുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്കരിക്കുക.
2. പരാദരോഗങ്ങൾ (Trematode) നിയന്തണത്തിനുള്ള പദ്ധതി.
3. ബാഹ്യപരാദരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

**14. കർഷക പരിശീലനം**

1. കർഷകർക്ക് കർഷകർക്ക് പരിശീലനം നൽകുന്നതിന് ബ്ലോക്കടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ ഏർപ്പെടുത്തുക. പഞ്ചായത്തിൽ വച്ച് കർഷകർക്ക് പരിശീലനം നൽകുന്നതിന് മൊബൈൽ സംവിധാനമേർപ്പെടുത്തുക.

**15. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അവാർഡ്**

1. പഞ്ചായത്തിലെ മൃഗസംരക്ഷണരംഗത്തുള്ള കർഷകരെ തെരഞ്ഞെടുത്ത് ആദരിക്കുകയും അവാർഡ് നൽകുകയും ചെയ്യുക.

**16. ജൈവവളം, ബയോഗ്യാസ്**

1. ജൈവവളം സംഭിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും കർഷകർക്ക് ബോധവൽക്കരണം ഏർപ്പെടുത്തുക.
2. കർഷകർക്ക് ബയോഗ്യാസ് യൂണിററുകൾ നൽകുന്നതിനും കമ്മ്യൂണിററി ബയോഗ്യാസ് യൂണിററുകൾ തുടങ്ങുന്നതിനും പദ്ധതി ആവിഷ്കരിക്കുക.

17. മൃഗശക്തി

1. കൂടുതൽ പ്രവർത്തനക്ഷമതയുള്ള ആധുനിക ഡിസൈനിലുള്ള കാളവണ്ടികൾ ലഭ്യമാക്കുക.
2. മോടിപിടിപ്പിച്ച കാളവണ്ടികൾ പരിസ്ഥതി ടൂറിസ്ററ് കേന്ദ്രങ്ങളിൽ (Eco friendly tourist centre) യാത്രയ്ക്കായി ഉപയോഗിക്കുവാനുള്ള സാധ്യതകൾ ചൂഷണം ചെയ്യുക.

**18. പേ വിഷ നിർമ്മാർജ്ജനം**

1. പേ വിഷബാധനിർമ്മാർജ്ജനത്തിനുള്ള സമഗ്ര പരിപാടി സംസ്ഥാന തലത്തിൽ ആവിഷ്കരിക്കുക.
2. അലഞ്ഞുതിരഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക, വളർത്തു നായ്ക്കളെ വാക്സിനേഷന് വിധേയമാക്കുക, ലൈസൻസ് നിർബന്ധമാക്കുക, പൊതുജന ബോധവൽകരണ പരിപാടി ആവിഷ്കരിക്കുക.

**19. വിദ്യാർത്ഥികൾ മൃഗസംരക്ഷണ ജോലികളിൽ പ്രവൃത്തി പരിചയം**

1. പഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് മൃഗസംരക്ഷണജോലികളിൽ പ്രവൃത്തി പരിചയമുണ്ടാക്കുവാൻ പദ്ധതികളും (5-ാം ക്ലാസു മുതൽ 8-ാം ക്ലസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി വളർത്ത പദ്ധതി. 8-ാംക്ലാസ്സുമുതൽ 10-ാം ക്ലാസ്സു വരെയുള്ളവർക്ക് ബ്രോയിലർ കോഴി, ആടു വളർത്തൽ പദ്ധതികൾ) പരിശീലന പദ്ധതികളും ആവിഷ്കരിക്കുക.




# വ്യവസായം

# വ്യവസായം

കേരളം വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ്. ഏററവും കൂടുതൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതും പൂട്ടുന്നതും നമ്മുടെ സംസ്ഥാനത്തിലാണ്. അതുപോലെ തന്നെ പരമ്പരാഗത വ്യവസായങ്ങളും ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ പരമ്പരാഗത വ്യവസായങ്ങൾക്കുപകരം ആധുനിക വ്യവസായങ്ങൾ വളർന്നു വരുന്നതുമില്ല എന്നതാണ് കേരളത്തിൻെറ ദുരവസ്ഥ. നമ്മുടെ സംസ്ഥാനത്തിലെ ഉല്പാദനരംഗത്തെ മുരടിപ്പ് മാറണമെങ്കിൽ ധാരാളം ചെറുകിട വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതും അത് നിലനിറുത്തുവാൻ കൂട്ടായ ചർച്ചയിലൂടെ പരിഹാരങ്ങൾ കാണേണ്ടതുമാണ്. ഇന്ത്യയിൽ ഏററവും കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികൾ കേരളത്തിലാണ്, പക്ഷേ ഇവരുടെ ഒക്കെ സേവനം നമ്മുടെ സംസ്ഥാനത്തിന് നാമാത്രമായേ ലഭിക്കുന്നുള്ളു. ഉദാഹരണത്തിന് ബോംബെയിലെ 90 ശതമാനത്തോളം ''റെഡിമെയ്ഡ്'' വസ്ത്ര വ്യവസായത്തിലും, ''കട്ടിങ്ങ് മാസ്ററർ'' മാരായി ജോലി നോക്കുന്നത് മലയാളികളാണ്. ഈ വിഭവശോഷണം ഒഴിവാക്കാൻ നമുക്ക് കഴിയണം. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കിയതിലൂടെ ഇതിനുള്ള അവസരം നമുക്ക് കൈവന്നിരിക്കുകയാണ്. പദ്ധതിവിഹിതം നേരിട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്നതുമൂലം പഞ്ചായത്ത് തലത്തിൽ മുൻഗണന അർഹിക്കുന്ന വ്യവസായങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയും.

വ്യവസായ മേഖലയിൽ കാര്യമായ നേട്ടമൊന്നും അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണ് കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിലെ പ്രധാന വ്യവസായം ''റൈസ് മില്ലു''കളാണ്. പരമ്പരാഗതങ്ങളായ മൺപാത്ര നിർമ്മാണം, ഓട്ടു പാത്രനിർമ്മാണം, കുട്ട, വട്ടി, പനമ്പ് നിർമ്മാണം, കൈത്തറി, ബീഡി, ചുണ്ണാമ്പ് തുടങ്ങിയവ ഈ പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങളാണ്. ഇപ്പോൾ പ്രവർത്തിക്കുന്ന മററ് ചെറുകിട വ്യവസായങ്ങൾ, തീപ്പെട്ടി നിർമ്മാണം, ഈർച്ചമിൽ, പ്രിൻറിങ്ങ്, കൊപ്രാമിൽ, തേൻ സംസ്ക്കരണം, ആയുർവേദമരുന്നു നിർമ്മാണം, ഇഷ്ടിക നിർമ്മാണം, കരിങ്കൽ വ്യവസായം, സോഡാഫാക്ടറി, റെഡിമെയ്ഡ് വ്യവസായം, പടക്ക നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ബ്രഷ് നിർമ്മാണം, അവൽമിൽ, റബ്ബർ പാൽ സംസ്ക്കരണം തുടങ്ങിയവയാണ്. മേൽ പറഞ്ഞവയിലെ പരമ്പരാഗത വ്യവസായങ്ങൾ നാശോന്മുഖമായിരിക്കുകയാണ്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ രെു ടൈൽ ഫാക്ടറി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത് നാമാവശേഷമായിരിക്കുകയാണ്.

നിരവധി ചെറുകിട വ്യവസായങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടെങ്കിലും അവയൊക്കെ ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നവയാണ്. വ്യാവസായിക ഉല്പന്നങ്ങൾ വിററഴിക്കാനുള്ള സ്ഥിരമായ മാർക്കററിംഗ് സൗകര്യങ്ങൾ ഇല്ലാത്തതാണ് മുഖ്യകാരണം. അതുപോലെതന്നെ വ്യാവസായിക വളർച്ചക്ക് ആവശ്യമായ മൂലധനത്തിൻെറ കുറവും ഈ മേഖലയെ ബുദ്ധിമുട്ടിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതിയുടെ ലഭ്യത വളരെ കുറവാണ്, ലഭിക്കുന്നിടത്താണെങ്കിൽ ആവശ്യത്തിന് വോൾട്ടേജ് കിട്ടാറുമില്ല. അതിനാൽ വ്യവസായിക ഉല്ാദനത്തിന് വളരെ ഏറെ അസൗകര്യങ്ങൾ നേരിടേണ്ടി വരുന്നു. മററുമേഖലകളുമായി ബന്ധപ്പെടാനാവശ്യമാ. വാർത്താവിനിമയ സൗകര്യങ്ങൾ കുറവായതാണം മറെറാരു കാരണം. പരമ്പരാഗതവ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഉദാഹരണത്തിന് കുട്ട നെയ്ത്തിനാവശ്യമായ തുക ധനകാര്യ സ്ഥാപനങ്ങളിൽ കിട്ടാത്തതും, സാങ്കേതിക പരിജ്ഞാനത്തിൻെറ കുറവും ഈ മേഖലയിലെ വ്യവസായ പുരോഗതിക്കു തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണ്.

## കണ്ണമ്പ്ര പഞ്ചായത്തിൽ കൂടുതൽ സാധ്യതയുള്ള വ്യവസായങ്ങൾ

### I റബ്ബർ വ്യവസായം

കണ്ണമ്പ്ര പഞ്ചായത്തിലെ പ്രധാന കൃഷി ഇപ്പോൾ റബ്ബർ ആണ്. ഏകദേശം ആയിരം ഹെക്ടർ സ്ഥലം റബ്ബർ തോട്ടങ്ങളാണ്. പ്രതിവർഷം ആയിരത്തഞ്ഞൂറു ടൺ റബ്ബർ ഇവിടെ ഉല്പാദിപ്പിക്കുന്നു. എന്നിരുന്നാലും ഒരു കിലോ റബ്ബർ പോലും വ്യാവസായിക ഉല്പന്നമാക്കി മാററുവാൻ നമുക്ക് സാധിക്കുന്നില്ല. ഇത് മുഴവുൻ ബോംബെ, കൽക്കത്ത, പഞ്ചാബ് എന്നിവിടങ്ങളിൽ പോയി ടയർ, ട്യൂബ്ബ്, റബ്ബർ ബുഷ്, കൈ ഉറകൾ, ബലൂൺ, റബ്ബർ ബാൻഡ് മുതലായവയായി ഇവിടെ തിരിച്ചുവരുന്നു. ഈവക ഉല്പന്നങ്ങൾ തുകകൊടുത്ത് നാം തന്നെ വാങ്ങി ഉപയോഗിക്കേണ്ട ഗതികേട് വന്നിരിക്കുന്നു.

ഈ പഞ്ചായത്തിൽ റബ്ർ ഷീററ് (ഡ്രൈ റബ്ബർ) കൊണ്ട് ഉണ്ടാക്കാവുന്ന ഉല്പന്നമായ ഒട്ടോമൊബൈൽ റബ്ബർ പുഷുകൾ, ടയർ റീസോൾ ചെയ്യുന്നതിനുറം ത്രെഡ് റബ്ബർ, എന്നിവയും, റബ്ബർ കറ കൊണ്ട് ഉണ്ടാക്കാവുന്ന ഇലാസ്ററിക് ത്രെഡ്, റബർ ബാൻഡ്, കൈ ഉറകൾ, ഫോംബെഡ്, ബലൂൺ, റബ്ബർ ചെരുപ്പുകൾ എന്നിവയടെ ചെറുകിട വ്യവസായ യൂണിററുകൾ ഉണ്ടാക്കുവാൻ വളരെ എളുപ്പം സാധിക്കാവുന്നതാണ്.

### II കരിങ്കല്ലു വ്യവസായം

കണ്ണമ്പ്ര പഞ്ചായത്തിൽ സുമാർ നൂറ് ഏക്കറോളം സ്ഥലത്ത് ഗതാഗത സൗകര്യങ്ങളോടുകൂടിയ പാറകൂട്ടങ്ങളുണ്ട്. ഇവയിൽ പലതും അഞ്ചും പത്തും, ഏക്കറുകൾ ഒരുമിച്ച് കിടക്കുന്നതും, ഈ വവസായത്തിന് അനുയോജ്യവുമാണ്. മെററൽ ഉണ്ടാക്കുന്നതിനുള്ള മെറൽ ക്രഷിംഗ് യൂണിററുകൾ ആരംഭിക്കാവുന്നതും. പാറപ്പൊടികൊണ്ട് ഹോളോബ്രിക്സ് ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണം.

### III കാലിതീററ ഉല്പാദന വ്യവസായം

ഈ പഞ്ചായത്തിൽ കാലിവളർത്തൽ ജനങ്ങളുടെ ഒരു പ്രധാന കൃഷിയാണ്. പാൽ ഉല്പാദനത്തിലൂടെ ഉപജീവനം നടത്തുന്ന കുറേ കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ വൻകമ്പനികളുടെ കാലിതീററ വളരെ ഏറെ വില കൊടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്. ഈ പഞ്ചായത്തിൽ ഒരു മാസം സുമാർ 150 ടൺ കാലിത്തീററ ആവശ്യമാണ്. ഈ വ്യവസായത്തിനാവശ്യമായ തവിട് കപ്പ, തേങ്ങാ പിണ്ണാക്ക്, പുളികുരു മുതലായവ ഈ പഞ്ചായത്തിൽ സുലഭമാണ്. ആയതിനാൽ ഈ പഞ്ചായത്തിൽ കാലിത്തീററ ഉല്പാദനം ആരംഭികക്കേണ്ടത് ഒരു ആവശ്യ ഘടകമാണ്. റബ്ബർ കുരു സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കേണ്ടതാണം.

### IV റെഡിമെയ്ഡ് വ്യവസായം

തയ്യൽ ജോലിയിൽ വൈവിദ്ധ്യം നേടിയ ചെറുപ്പക്കാർ ധാരാളം ഉള്ള ഒരു പഞ്ചായത്താണ് കണ്ണമ്പ്ര. ഇവരിൽ ഭൂരിപക്ഷവും വൻനഗരങ്ങളിൽ അവരുടെ സേവനം അർപ്പിക്കുന്നു. എന്നാൽ ഈ വ്യവസായം പഞ്ചായത്തിൽ ആരംഭിച്ചാൽ അവരുടെ സേവനം ഇവിടെതന്നെ ഉപയോഗിക്കുവാൻ കഴിയും. വളരെ കുറഞ്ഞ വിലയ്ക്ക് നമുക്ക് റെഡിമെയ്ഡ് വാങ്ങി ഉപയോഗിക്കുകയും ചെയ്യാം. ഇതിനെല്ലാമുപരിയായി വളരെയധികം തൊഴിൽ സാധ്യതകൾ ഉള്ള ഒരു മേഖല കൂടിയാണ്.

### V സോപ്പ് നിർമ്മാണം

ഈ പഞ്ചായത്തിൽ മൂവായിരത്തിനുമേൽ കുടുംബങ്ങളുണ്ട്. ഇവിടെ ലഭ്യമാകുന്ന സോപ്പുകൾ ഗുണനിലവാരം കുറഞ്ഞവയും, വളരെ വില കൂടിയതുമാണ്. എന്നാൽ വളരെ ചെറിയ മുതൽ മുടക്കോടു കൂടി ആരംഭിക്കാവുന്ന അലക്ക്, കുളി സോപ്പുകൾ നമുക്ക് ഇവിടെ നിർമ്മിക്കാവുന്നതേ ഊള്ളൂ.

## വനിതാ വ്യവസായ സംരംഭങ്ങൾ

1. പാൽ ഉപയോഗിച്ച്
നിർമ്മിക്കാവുന്ന ഉല്പന്നങ്ങൾ

ഈ പഞ്ചായത്തിൽ പ്രതിദിനം 3000 ലിററർ പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. എന്നിരുന്നാലും ഇവ പാൽ സൊസൈററികൾ വഴി വിൽക്കപ്പെടുകയാണ്. ചെയ്യുന്നത്. എന്നാൽ ഈ പാല് സമാഹരിച്ച്, പാല് ഉല്പന്നങ്ഹളായ മിഠായികൾ, കേക്കുകൾ, പാൽ കട്ടികൾ, ഐസ്ക്രീം തുടങ്ങിയവ ഉല്പാദിപ്പിക്കുവാൻ വളരെ ഏറെ സാധ്യതകൾ ഉള്ള ഒരു പഞ്ചായത്താണ് കണ്ണമ്പ്ര.

2. കറിപൊടികൾ, അച്ചാറുകൾ

വനിതകൾക്ക് വളരെയധികം, തൊഴിൽ സാധ്യതകൾ ഉള്ള ഒരു മേഖലയാണം. കറിപൊടി നിർമ്മാണവും, അച്ചാർ ഉണ്ടാക്കുന്നതും, നല്ല ഗണമേന്മയോടു കൂടിയതും വളരെ കുറഞ്ഞ വിലയ്ക്ക ഇവ നമുക്ക് വിപണികളിൽ എത്തിക്കുവാൻ സാധിക്കും.

3. കയർ വ്യവസായം

കണ്ണമ്പ്ര പഞ്ചായത്തിൽ സുലഭമായി നാളികേരം ഉള്ളതിനാൽ അതിൻെറ തൊണ്ട് ഉപയോഗിച്ച് ഒരു ചകിരി ഉല്പന്ന യൂണിററ് ആരംഭിക്കാവുന്നതാണ്.

4. ചിപ്സ് നിർമ്മാണം

നാം സാധാരണയായി ഉപയോഗിക്കാറുള്ള ചിപ്സുകൾ. നേന്ത്രക്കായ, കപ്പ, മുതലായവ ഈ പ്രദേശത്ത് സുലഭമായി ലഭിക്കുന്നതിനാൽ വളരെ എളുപ്പം ആരംഭിക്കാവുന്ന പററിയ ഒന്നാണ് ചിപ്സ് നിർമ്മാണം.

### കണ്ണമ്പ്ര പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായം | തൊഴിലാളികളുടെ എണ്ണം പു. | സ്ത്രീ. |
|---|---|---|---|---|
| 1 | റൈസ്മില്ലുകൾ | 15 | 35 | 6 |
| 2 | പൊടി മില്ലുകൾ | 8 | 7 | |
| | സോഡാ നിർമ്മാണം | 4 | 8 | |
| 4 | ഓട്ടുപാത്ര നിർമ്മാണം | 6 | 16 | 6 |
| 5 | ചുണ്ണാമ്പ് | 4 | 16 | |
| 6 | പാറ ക്വാറികൾ | 12 | 100 | 50 |
| 7 | ഈർച്ച മില്ലുകൾ | 2 | 10 | |
| 8 | അച്ചടിശാല | 1 | 2 | 2 |
| 9 | തീപ്പെട്ടി വ്യവസായം | 3 | 10 | 25 |
| 10 | അവൽ മിൽ | 2 | 9 | |
| 11 | പ്ലാസ്ററിക് നിർമ്മാണം | 1 | 3 | |
| 12 | ഐസ്സ് ഫാക്ടറി | 1 | 3 | |
| 13 | ബേക്കറി | 1 | 2 | 1 |
| 14 | തേൻ വ്യവസായം | 1 | 7 | 5 |
| 15 | റബ്ബർ പാൽ ക്രീം ഉല്പാദനം | 1 | 10 | 10 |

## വ്യവസായത്തിൻെറ പ്രധാന പ്രശ്നങ്ങൾ

കണ്ണന്പ്ര പഞ്ചായത്തിലെ വ്യവസായങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ ചുവടെ കാണിക്കുന്നു.

1. വ്യവസായിക ഉല്പന്നങ്ങൾ വിററഴിക്കാൻ സ്ഥിരമായ മാർക്കററിംഗ് സൗകര്യങ്ങളുടെ അഭാവം.

2. വ്യവസായാവശ്യത്തിനാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ട സമയത്തോ, ആവശ്യമായ തുകയോ ലഭിക്കുന്നില്ല.

3. നമ്മുടെ പഞ്ചായത്തിലെ വൈദ്യുതിയുടെ ലഭ്യത വളരെ കുറവാണ്, ലഭിക്കുന്ന വൈദ്യുതിയ്ക്ക വോൾട്ടേജ് ഇല്ലാത്തതും ഒരു മുഖ്യ പ്രശ്നം തന്നെയാണ്.

4. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ ആൾക്കാർ വളരെ കുറച്ചു മാത്രമേ ഈ പ്രദേശത്ത് ഉള്ളൂ, ഉള്ളവർ തന്നെ രാജ്യത്തിൻെറ വിവിധ സ്ഥലങ്ങളിലും, രാജ്യത്തിന് വെളിയിലുമായി സേവനം അർപ്പിക്കുന്നു.

5. മറെറാരു പ്രധാന പ്രശ്നം, നമ്മുടെ ആൾക്കാരിൽ തൊഴിലിനോട് അർപ്പിതമനോഭാവം കാണിക്കാത്തവർ വളരെയാണ്.

6. ട്രേഡ് യൂണിയനുകളുടെ മത്സര സ്വഭാവവും വ്യവസായ വളർച്ചയുടെ തടസ്സങ്ങളായി ചൂണ്ടികാണിയ്ക്കപ്പെടുന്നു.

## നിർദ്ദേശങ്ങൾ

1. കണ്ണന്പ്ര പഞ്ചായത്തിൽ കാർഷിക വ്യാവസായിക ഉല്പന്നങ്ങൾ വിററഴിക്കാൻ ഓരോ വാർഡിലും ഓരോ കേന്ദ്രങ്ങളിലും പഞ്ചായത്തുവക സ്റാളുകൾ. വില്പകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. മത്സ്യ മാംസവിപണനത്തിന് ഒന്നാം വാർഡിൽ കല്ലിങ്കൽ പാടത്തം, പതിനൊന്നാം വാർഡിൽ മേരിഗിരിയിലും ഒൻപതാം വാർഡിൽ പുളികൂട്ടത്തം ആറാം വാർഡിൽ കണ്ണന്പ്രയിലും പഞ്ചായത്ത് മുൻകൈ എടുത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് കോൾഡ് സ്റേറാറേജുകൾ സ്ഥാപിക്കേണ്ടതാണ്. മാർക്കററിംഗ് സംവിധാനം മെച്ചപ്പെടുന്നതോടുകൂടി കാർഷികവ്യാവസായിക മേഖലകൾ പുഷ്ടിപ്പെടുമെന്നും ഗ്രാമങ്ങൾക്ക് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുവാൻ കഴിയുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

2. വ്യവസായത്തിനാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് സഭകളുടെ ഒത്താശയോടു കൂടി കഴിവതു വേഗം വാങ്ങി കിട്ടുവാൻ പരിശ്രമിക്കണം.

3. വൈദ്യുതിയുടെ തകരാറുകൾ അതാത് സമയത്ത് വൈദ്യുതി ബോർഡുമായി ആലോചിച്ച് അററകുററപണികളും തകരാറുകളും കഴിവതും വേഗം നേരെയാക്കുകയും, ഓരോരോ പ്രദേശത്തും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

4. ഈ പഞ്ചായത്തിൽ ടെക്നിക്കൽ സ്കൂളുകൾ തുടങ്ങുന്നതിനും സാങ്കേതിക പരിശീലനം നടത്തുന്നതിനും സമഗ്രവും അത്യാവശ്യവുമായ പദ്ധതികൾ തുടങ്ങണം.

5. ഇന്ന് ജനങ്ങൾ എന്തു തൊഴിൽ ചെയ്യാൻ വിമുഖത കാണിക്കുന്നു. ആ സ്വഭാവത്തിന് മാററം വരുത്തി എന്തു സംരംഭവും വിജയിപ്പിക്കണമെന്ന് ദൃഢനിശ്ചയം ഉണ്ടാവണം.

6. നല്ല നേതൃത്വമുള്ള ട്രെയിഡു യുണിയനുകളും, ട്രേയിഡു യൂണിയനുകളിൽ നല്ല പരിശീലനവും അച്ചടക്കവും ആവശ്യമാണ്.

7. വ്യവസായികാടിസ്ഥാനത്തിൽ കുററിമുല്ലക്കൃഷി നടത്താൻ സൗകര്യമുള്ള സ്ഥലങ്ങൾ ധാരാളമുണ്ട് അതിനാൽ അതിൻെറ സാധ്യത പരിശോധിച്ച് നടപ്പിലാക്കേണ്ടതാണ്.

8. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിവും സന്നദ്ധതയുള്ള ചെറുപ്പക്കാർ ഇവിടെയുണ്ട്. ഒരു ചെറുകിട വ്യവസായ യൂണിററ് തുടങ്ങാൻ കഴിയും.

9. മിഠായി നിർമ്മാണ ഫാക്ടറിയും, ശീതളപാനീയ ഫാക്ടറിയും തുടങ്ങാൻ കഴിയും.

10. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്തി അവർക്ക് നിലവിലുള്ള ആശങ്കകൾ അകററാനും, വിജയകരമായി നടത്താനും പഠന യാത്രകൾ സംഘടിപ്പിക്കണം.




# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

സാർവത്രിക വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കേരളം മററ് സംസ്ഥാനങ്ങളുടെ ഇടയിൽ മുൻനിരയിലാണ്. എന്നാൽ ഗുണനിലവാരത്തിൻെറ കാര്യത്തിൽ നമ്മുടെ സംസ്ഥാനം പിന്നിലാണ്. പറയാൻ കാരണങ്ങൾ പലതും ഉണ്ടവും. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ആണ്. ഇത് തൃപ്തികരമാണോ എന്ന് പരിശോധിക്കേണ്ടതാണ്. വൻതോതിലുള്ള മോഡറേഷനാണ് എസ് എസ്., എൽ. സി. അടക്കം വിവിധ ക്ലാസുകളിലെ റിസൾട്ടിൻെറ പിന്നിലുള്ളത്. പഠിക്കാൻ വേണ്ടി പഠിപ്പിക്കുക, ജീവിക്കാൻ വേണ്ടി പഠിപ്പിക്കുക തുടങ്ങിയ കാര്യങ്ങളൊന്നും വിദ്യാലയങ്ങൾക്ക് ഒരു പ്രധാന കാര്യമല്ല: പരീക്ഷക്ക് മാത്രമായി കുട്ടികളെ ഒരുക്കുൻ പ്രക്രിയയാണ് ഇന്നത്തെ വിദ്യാഭ്യാസം. മൂല്യനിർണ്ണയത്തിൽ കുട്ടികളുടെ ഓർമശക്തി മാത്രമേ പരിശോധിക്കപ്പെടുന്നുള്ള. ഈ രീതി മാററി വ്യക്തിത്വ വികസനത്തിലൂടെ ഉത്തമ പൗരന്മാരാക്കി ഇന്നത്തെ വിദ്യാർത്ഥികളെ മാററിയെടുക്കേണ്ട ബാദ്ധ്യത വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ ഉണ്ടാവേണ്ടിയിരിക്കുന്നു. ഈ പ്രവർത്തനത്തിനും ജനകീയ ഇടപെടലുകൾ വളരെ അത്യാവശ്യമാണ്.

മുഴുവൻ അക്ഷരങ്ങളും അറിയാത്ത 35 ശതമാനം കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിലുണ്ടെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മററ് നിരവധി സംസ്ഥാനങ്ങളിലുള്ളതിനെക്കാൾ കുറവാണ്. ആംഗല മാദ്ധ്യമം കൊണ്ടും, അംഗീകൃത വിദ്യാലയങ്ങൾ കൊണ്ടും തീരുന്നതല്ല ഈ പ്രശ്നം.

വിദ്യാലയങ്ങളിൽ നല്ല അദ്ധ്യായന അന്തരീക്ഷം ഉണ്ടാവുകയാണ് ആദ്യം വേണ്ടത്. ഇത് സമൂഹം വിദ്യാലയങ്ങളെ ഏറെറടുക്കുന്നതിനലൂടെ മാത്രമെ സാദ്ധ്യമാകൂ. ഇന്നത്തെ അധികാര വികേന്ദ്രീകരണ രീതി ജനകീയ ഇടപെടലുകൾ ധാരാളം അവസരം നൽകുന്നു. ജനകീയ വിദ്യാഭ്യാസ സ്മിതികൾക്ക് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നതിന് ധാരാളം തെളിവുകളുണ്ട്. ഓരോ വിദ്യാലയത്തിനും അതിൻെറ പരിസരവാസികളുടേതായ വിദ്യാലയ സമിതി പഞ്ചായത്തിന് മൊത്തത്തിലൊരു വിദ്യാഭ്യാസ സമിതി തുടങ്ങിയ സമിതികൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും പഠന പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും കഴിയും. നമ്മുടെ കുട്ടികൾ എന്തു പഠിക്കുന്നു എങ്ങിനെ പഠിക്കുന്നു എന്ന് ശ്രദ്ധിക്കും. പഠിക്കുന്നത് അവർ മനസിലാക്കുന്നുണ്ടോ എന്ന് അന്വേഷിക്കും. കാണാപാഠം പഠിക്കുന്ന മിടുക്കന്മാർക്ക് പകരം കാര്യം മനസിലാക്കി പഠിക്കുന്ന മിടുക്കന്മാർ ഉണ്ടാകുകയും ഇവർ നാടിനെയും, നാട്ടുക്കാരെയും അറിയുന്നവരാകുകയും, മനസിലാക്കാൻ കഴിയുന്ന വരാകുകയും ചെയ്യും. അങ്ങിനെ നാടിൻെറ സർവോന്മുഖമായ പുരോഗതിക്ക് ഇവർ കാരണക്കാരാകും. ഇതിനുപററിയ രീതിയിൽ വിദ്യാഭ്യാസത്തിൻെറ ഗുണപരത വർദധിപ്പിക്കുവാൻ സാമൂഹ്യ ഇടപെടൽ ഉറപ്പാക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തിൻെറ വിദ്യാഭ്യാസ പുരോഗതിയെ കുറിച്ച് ചിന്തിക്കുമ്പോൾ പ്രാചീനങ്ങളായ ചില കുടുംബങ്ങളുടെയും, ഉദാരമതികളായ ചില വ്യക്തികളുടെയും സേവനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. പത്തൊമ്പതാം നൂററാണ്ടിൻെറ അന്തിമദശകത്തിൽ തന്നെ മഞ്ഞപ്രയിലെ ശ്രീ. വെങ്കിട്ടരാമവാദ്ധ്യാരും അദ്ദേഹത്തിനെറ ചില സഹായികളും പള്ളികൂടം നടത്തിയിരുന്നു. അദ്ദേഹത്തിൻെറ പുത്രൻ ശ്രീ. മണിയൻ വാദ്ധ്യാർ 1900-ാം മാണ്ട് മഞ്ഞപ്ര ഹിന്ദുമിഡിൽ സ്ക്കൂൾ സ്ഥാപിച്ചു. 1900-ാം മാണ്ട് മഞ്ഞപ്ര ഹിന്ദു മിഡിൽ സ്കൂൾ സ്ഥാപിച്ചു സന്തം പണവും, വിഭവങ്ങളും നിർലോഭം ചിലവു ചെയ്ത് നല്ല കെട്ടിടവും, ഫർണീച്ചറും, മററ് ഉപകരണങ്ങളും വേണ്ടത്ര നിർമ്മിച്ച് അദ്ദേഹം ആരംഭിച്ച ആ വിദ്യാലയം പ്രശസ്തിയുടെ പാരമ്യത്തിൽ ഇന്നും നിൽക്കുന്നു. 1965 നുശേഷം ഇതിൻെറ മാനേജ്മെൻറ് പലകുറി കൈമാററം ചെയ്യപ്പെട്ടു. 1965 ൽ വിദ്യാഭൂഷണൻ ശ്രീ. സി. പി. ശർമയും, 1986 ൽ പ്രൊഫ തോമസ് ജേക്കബം 1995 ൽ അദ്ധ്യാപക വരേണ്യനായ ശ്രീ. കെ. എൻ. ലാസറും ഇതിൻെറ മാനേജ്മെൻറ് കൈ

യേററു. ഒടുവിൽ ടിങ്കിൾ മെമ്മോറിയൽ ഹിന്ദു യു. പി. സ്ക്കൂൾ എന്ന് പേരും മാറി.

എന്നാൽ ഈ വിദ്യാലയത്തിൽ ആദ്യകാലത്ത് എല്ലാ ക്ലാസിലും ഫീസ് ഉണ്ടായിരുന്നതിനാൽ സാമ്പത്തികശേഷിയുള്ള കുടുംബത്തിലെ കുട്ടികൾക്കു മാത്രമേ ഇവിടെ ചേർന്നു പഠിക്കാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ട് ഏറെക്കുറെ തുല്ല്യ പ്രശസ്തിയിൽ വർത്തിച്ചിരുന്നതും ഫീസ് ഇല്ലാത്തതുമായ കണ്ണമ്പ്ര ഹയർ എലിമെൻററി സ്ക്കൂൾ ആയിരുന്നു അധികമാളുകൾക്കുമാശ്രയം. കണ്ണമ്പ്ര രാമനുണ്ണി വലിയ നായരായിരുന്നു 1913 ൽ കണ്ണമ്പ്ര എലിമെൻററി സ്ക്കൂൾ ആരംഭിച്ചത്. 1920 ഇത് ഹയർ എലിമെൻററി സ്ക്കൂൾ ആയി ഉയർന്നു. മാനേജുമെൻറിൻെറ സാമ്പത്തിക ശേഷി സ്ക്കൂളിൻെറ നിർമ്മാണത്തിനും പ്രവർത്തനിലും നല്ലവണ്ണം പ്രയോജനപ്പെട്ടു. പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവനം ഈ വിദ്യാലയത്തെ പ്രശസ്തമാക്കി തീർത്തു. സർക്കാരിൻെറ ഗ്രാൻറ് വരുന്നത് എന്നാണെന്നോ എത്രയാണെന്നോ നോക്കാതെ അദ്ധ്യാപകർക്ക് മാസശമ്പളം നൽകുന്നു പതിവും ഇവിടെ ഉണ്ടായിരുന്നു. സാധാരണക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന് ഈ വിദ്യാലയത്തിന് ഉണ്ടായിരുന്ന പങ്ക് വലുതായിരുന്നു.

വിദ്യാഭ്യാസത്തിൻെ ഉന്നതമേഖലകളിലേക്ക് രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയാകർഷിക്കാൻ ഉതകുന്ന പലകാര്യങ്ങളും ഇവിടെ ഉണ്ടയിരുന്നു. വളരെ പ്രശസ്തനായ ഇംഗ്ലീഷ് അദ്ധ്യാപകനും പിന്നീട് പാലക്കാട് ഗവ:വിക്ടോറിയാ കോളേജ് പ്രിൻസിപ്പാളുമായിരുന്നു ശ്രീ. കെ. എസ്. യു നായർ ഓക്സ് ഫോർഡ് യൂണിവേർസിററിയിൽ നിന്ന് എം. എ. ബിരുദം നേടി കണ്ണമ്പ്രയിൽ തിരിച്ചെത്തിയ സന്തോഷാവസരം ആഘോഷിച്ചത്. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നെയ്യപ്പവും, പാനകവും വിതരണം ചെയ്തുകൊണ്ടാണ്. കേരളം സാഹിത്യ ചരിത്രത്തിൽ പ്രമുഖ സ്ഥാനം നേടിയിട്ടുള്ള കവിയായ ശ്രീ കുഞ്ഞുണ്ണനായരുടെ കൃതികൾ പാഠപുസ്തകമായി ഉപയോഗിച്ചിരുന്നത് കുട്ടികളിൽ അന്തർലീനമായിരുന്നു സാഹിത്യകൗതുകത്തെ ഉണർത്താനും ഉതകിയിരുന്നിരിക്കണം.

ഇരുപതാം നൂററാണ്ടിൻെറ ആദ്യവർഷങ്ങളിൽ തന്ന മഞ്ഞപ്രയിൽ ശ്രീമാന്മാരായ വീരരാഘവയ്യരും, രാമകൃഷ്ണയ്യരും, സുന്ദരൻ വാധ്യാരുമൊക്കെ വിദ്യാലയങ്ങൾ ആരംഭിക്കുകയും, പിന്നീട് വേണ്ടെന്ന് വയ്ക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. കുറെ ഏറെക്കാം ഒരു എലിമെൻററി സ്ക്കൂൾ നടത്തിയത് കോങ്ങോട്ടെ ചെല്ലമണി നായരാണ്. പിന്നീട് ജില്ലാ ബോർഡിൻെറ കീഴിൽ ഗേൾസ് ഹയർ എലിമെൻററി സ്ക്കൂൾ വളരെ നല്ല നിലയിൽ കുറെക്കാലം പ്രവർത്തിച്ചു. പിന്നീട് പല കാരണങ്ങളാൽ അവിടെ കുട്ടികളുടെ എണ്ണം കുറഞ്ഞു. ഒടുവിൽ ആ വിദ്യാലയമാണ് ഇന്ന് മഞ്ഞപ്രയിലെ ഗവ: എൽ. പി. സ്ക്കൂളായി രൂപാന്തരപ്പെട്ടത്. നാമമാത്രമായ വാടകക്ക് കോങ്ങോട്ടുകാർ ഗവൺമെൻറിന് നൽകിയിട്ടുള്ള കെട്ടിടത്തിലാണ് ഈ സ്ക്കൂൾ പ്രവർത്തിക്കുന്നത്.

ആയക്കാട് എൽ. പി. സ്ക്കൂൾ ചാമി അയ്യരുടെ മാനേജുമെൻറിലാണ് പ്രശസ്തി നേടിയത്. 1930 നോടടുത്ത് ചങ്ങരംകണ്ടത്ത് ഗോപാലകൃഷ്ണൻ നായരാണ് ഇത് സ്ഥാപിച്ചത്. അദ്ദേഹത്തിൽ നിന്ന് ശ്രീ. ചാമി അയ്യർ സ്ക്കൂൾ ഏററെടുത്തു. പിൽക്കാലത്ത് ശ്രീ. സി. പി. ശർമ്മ മാനേജരായിരുന്നപ്പോഴാണ് അത് ഇന്നത്തെ സ്ഥാനത്തേക്ക് മാറിയതും സ്ക്കൂളിന് സകലവിധ ശ്രേയസ്സും ഉണ്ടയതും. പ്രഗത്ഭരായ കെ. സി. രാമൻകുട്ടിനായർ ദീർഘകാലം അവിടെ ഹെഡ്മാസ്റററായിരുന്നു. പിന്നീട് ശർമ്മാ മാസററർ സ്ക്കൂൾ വിൽക്കുകയും അവിടത്തെ രണ്ട് അദ്ധ്യാപകർ തന്നെ സ്ക്കൂൾ വാങ്ങുകയും ചെയ്തു.

ഒരദ്ധ്യാപകൻ കൂടിയായിരുന്നു കോങ്ങേട്ടു പുതിയ വീട്ടിൽ രാമൻകുട്ടിനായരാണ് ഋഷിനാരദമംഗലത്ത് പാണ്ഡ്യാലയയിൽ 1923 ൽ ഒരു എലിമെൻററി സ്ക്കൂൾ ആരംഭിച്ചത്. പിന്നീട് മറെറാരു ഗേൾസ് സ്ക്കൂളായി രംഗത്തു വന്നു ഈച്ചരൻകുട്ടി അധികാരി ഈ സ്ക്കൂളിനെ വിലക്കു വാങ്ങിച്ചു. അദ്ദേഹത്തിൻെറയും അനന്തരഗാമികളുടെയും മേൽനോട്ടത്തിൽ ഈ സ്ക്കൂൾ വളരെക്കാലം പ്രവർത്തിച്ചു. അധികാരിയുടെ ●നന്തരാവകാശികളിൽ നിന്ന് 1967 ൽ ശ്രീമാൻ ചാമി ചെട്ടിയാർ ഈ വിദ്യാലയം വിലക്കുവാങ്ങി. ചാമിചെട്ടിയാരുടെ പു

ത്രേനായ ശ്രീ. സി. അപ്പുമാസ്ററാണ്.

1897 ൽ പുതുക്കോട് ഗോപാലകൃഷ്ണ അയ്യർ സ്ഥാപിച്ചു നടത്തിയിരുന്നു എലിമെൻററി സ്ക്കൂളും സ്ക്കൂളുകളുടെ ഗണത്തിൽപ്പെടുന്നതാണ്. ഇന്ന് ആ വിദ്യാലയം ആൺകുട്ടികശക്കുവേണഅടിയുള്ള ജി. എ. എൽ. പി. സ്ക്കൂളും, പെൺകുട്ടികൾക്കായും എൽ. പി. എൽ. പി. സ്കകൂളുമായി രൂപാന്തരപ്പെട്ടിട്ടുണ്ട്. കാരപ്പൊററയിൽ ശ്രീ. കറുപ്പുണ്ണി മാസ്ററർ 1935 ൽ ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിച്ച് നടത്തിയിരുന്നു. പുരോഗതിയുടെ പലപടവുകൾ കയറി മുന്നൂറ് വിദ്യാർത്ഥികളും പത്ത് അദ്ധ്യപാകരുമുള്ള ഒരു വിലയ വിദ്യാലയമായി വളർന്നിട്ടുണ്ട്.

കല്ലിങ്കൽപ്പാടം ഗവ. യു. പി. സ്ക്കൂളിൻെറ ചരിത്രം ഇതിൽ നിന്നെല്ലാം വിഭിന്നമാണ്. അവിടെ നാട്ടുകാർ സംഘടിച്ച് സ്ഥലവും, കെട്ടിടവും ഉണ്ടാക്കി ഗവൺമെൻറിലേക്ക് നൽകിയതുകൊണ്ടാണ് അവിടെ ഒരു എൽ. പി. സ്ക്കൂൾ ഉണ്ടായത്. നാട്ടുകാരും രക്ഷാകർത്താക്കളും താൽപര്യമെടുത്തതുകൊണ്ട് കാണെക്കാണെ വളർച്ച പ്രാപിച്ചു. 1990 ൽ അതൊരു യു. പി. സ്ക്കൂളായി ഉയർന്നു. ഇന്ന് അതിന് വേണ്ടത്ര സ്ഥലവും കെട്ടിടവും ഉണ്ട്. ഗവൺമെൻറ് സ്ക്കൂൾ ആയാലും നാട്ടുകാർ സംഘടിച്ചാൽ നന്നാവുമെന്നതിന് ഒരു ദൃഷ്ടാന്തമാണ് ഈ സ്ക്കൂൾ.

മഞ്ഞപ്ര ചിറയിൽ 1923 ൽ പുത്തൻകുളം ഗോപാലൻമാസ്ററർ ഒരു പ്രൈമറി വിദ്യാലയം ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കു ശേഷം കോതനത്ത് ഈച്ചരൻ കുട്ടി അധികാരി ആ സ്കൂൾ വില്യ്കകുവാങ്ങി. തനാല് ദശാബ്ദത്തോളം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ആ വിദ്യാലയം 1961 ൽ ശ്രീമാൻ പി. കുഞ്ചേലൻ 1961 ൽ വിലക്കു വാങ്ങിക്കുകയം അടുത്ത വർഷം തന്നെ യി. പി. സ്കൂളായി ഉയർത്തുകയും ചെയ്തു. പുതിയ മാനേജരും അദ്ധ്യാപകരും വലിയ താൽപര്യമെടുത്തതുകൊണഅട് വളരെ വേഗം വളർച്ച നേടി. 1982 ൽ അത് പി. കെ. ഹൈസ്ക്കൂൾ ആയി രൂപാന്തരപ്പെട്ടു. അതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ. തൊട്ടടുത്ത കൊല്ലം പന്തലാംപാടത്ത് മേരിമാതാ ഹൈസ്ക്കൂളും ആരംഭിച്ചു. അങ്ങിനെ ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും മൂന്ന് യു. പി. സ്ക്കൂളും ആറ് എൽ. പി. സ്ക്കൂളുകളുമായി മാറി.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ പിന്നോക്കവസ്ഥയ്ക്ക് കാരണമായത് സാമ്പത്തികമായ ബുദ്ധിമുട്ടും, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അജ്ഞതയുമാണ്.

കണ്ണമ്പ്ര പഞ്ചായത്തിൽ ആകെ 11 സ്ക്കൂളുകൾ ഉണ്ട്. ഇതിൽ ഒമ്പത് (9) സ്ക്കൂളുകളിൽ എൽ. പി. സൗകര്യവും, നാല് (4) സ്ക്കൂളുകളിൽ യു. പി. സ്ക്കൂളുകളും രണഅട് (2) സ്ക്കൂളുകളിൽ ഹൈസ്ക്കൂൾ സൗകര്യങ്ങളുമുണ്ട്. പഞ്ചായത്തിൽ ആകെ രണ്ട് സർക്കാർ വിദ്യാലയങ്ങളാണ് ഉള്ളത്. ബാക്കി എയ്ഡഡ് സ്ക്കൂളുകളാണ് പഞ്ചായത്തിൽ 10 വാർഡുകളിലും അങ്കണവാടിയുണ്ട്. 5-ാം വാർഡിൽ അങ്കണവാടിയില്ല. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൂർണ്ണവിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

## പട്ടിക 1

# വിദ്യാർത്ഥികളും അദ്ധ്യാപകരും

| ക്രമ നമ്പർ | സ്ക്കൂളുകൾ | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | നിലവിൽ | ഒഴിവ് |
| 1 | പി. കെ. എച്ച് എസ്. മഞ്ഞപ്ര | എയ്ഡഡ് | 667 | 574 | 1241 | 53 | 1 |
| 2 | എം. എം. എച്ച്. എസ്. പന്തലാംപാടം | എയിഡഡ് | 669 | 402 | 1071 | 36 | ഇല്ല |
| 3 | എ. യു. പി. എസ് കണ്ണമ്പ്ര | എയിഡഡ് | 227 | 225 | 452 | 23 | ഇല്ല |
| 4 | എച്ച. യു. പി. എസ് മഞ്ഞപ്ര | എയിഡഡ് | 101 | 117 | 218 | 11 | ഇല്ല |
| 5 | സി. എ. എൽ. പി. എസ്. കൊന്നഞ്ചേരി | എയിഡഡ് | 223 | 204 | 427 | 13 | ഇല്ല |
| 6 | എ. എൽ. പി. എസ്. ആർ. മംഗലം | എയിഡഡ് | 194 | 201 | 395 | 11 | ഇല്ല |
| 7 | കെ. എം. എ. എൽ. പി. എസ് കാരപ്പൊററ | എയിഡഡ് | J146 | 154 | 300 | 10 | ഇല്ല |
| 8 | ജി. എ. എൽ. പി. എസ്. പുതുക്കോട് | എയിഡഡ് | 232 | - | 232 | 9 | ഇല്ല |
| 9 | എൽ. വി. എൽ. പി. എസ്. പുതുക്കോട് | എയിഡഡ് | - | 222 | 222 | 9 | ഇല്ല |
| 10 | ജി. യു. പി. എസ് കല്ലങ്കൽപ്പാടം | സർക്കാർ | 345 | 319 | 664 | 18 | 1 |
| 11 | ജി. എൽ. പി. എസ്. മഞ്ഞപ്ര | സർക്കാർ | 70 | 65 | 135 | 4 | ഇല്ല |

കൂടാതെ ഒരു അംഗീകാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ 8-ാം വാർഡിൽ പ്രവർത്തിക്കുന്നു. 9-ാം വാർഡിൽ ഒരു പാരലൽ കോളേജ് പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. 8-ാം വാർഡിൽ മഞ്ഞപ്ര, നാട്ടുകല്ലിൽ സ്ഥിതിചെയ്യുന്ന സർക്കാർ എൽ. പി. സ്ക്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭൗതിക സാഹചര്യങ്ങളും അവിടെ കുറവാണ്. സ്വന്തമായ സ്ഥലവും ഭൗതിക സാഹചര്യങ്ങളും ഈ സ്ക്കൂളിന് ലഭ്യമാക്കേണ്ടതുണ്ട്. 1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സർക്കാർ യു. പി. സ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. ആവശ്യത്തിന് കെട്ടിടങ്ങളോ, മൂത്രപ്പുരയോ, കുടിവെള്ള സൗകര്യമോ ഇല്ല.

(താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.)

### പട്ടിക 2

## ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | ആകെ കുട്ടികൾ | മൂത്ര പ്പുര | കുടി വെള്ളം | കക്കൂസ് | വൈദ്യുത |
|---|---|---|---|---|---|---|
| 1 | പി. കെ. എച്ച്. എസ്. മഞ്ഞപ്ര | 1241 | 4 | ടാപ്പ് | 1 | ഉണ്ട് |
| 2 | എം. എം. എച്ച് എസ്. പന്തലാംപാടം | 1071 | 2 | കിണർ ടാപ്പ് | 1 | ഉണ്ട് |
| 3 | എ. യു. പി. എസ്. കണ്ണമ്പ്ര | 452 | 4 | കിണർ | - | ഉണ്ട് |
| 4 | എച്ച്. യു. പി. പി. എസ്. മഞ്ഞപ്ര | 218 | 2 | കിണർ | - | ഉണ്ട് |
| 5 | സി. എ. എൽ. പി. എസ്. കൊന്നഞ്ചേരി | 427 | 2 | കിണർ | - | ഉണ്ട് |
| 6 | എ. എൽ. പി. എസ്. ആർ. മംഗലം | 395 | - | - | - | ഉണ്ട് |
| 7 | കെ. എം. എ. എൽ. പി. എസ് കാരപ്പൊററ | 300 | 1 | - | - | - |
| 8 | ജി. എ. എൽ. പി. എസ്. പുതുക്കോട് | 232 | - | - | - | - |
| 9 | എൽ. വി. എൽ. പി. എസ്. പുതുക്കോട് | 222 | - | കിണർ | - | - |
| 10 | ജി. യു. പി. എസ്. കല്ലിങ്കൽപ്പാടം | 664 | - | - | 1 | - |
| 11 | ജി. യു. എൽ. പി. എസ്. മഞ്ഞപ്ര | 135 | - | - | - | - |

ഈ പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളുടെയും പഠന നിലവാരം തൃപ്തികരമല്ല. 30 ശതമാനത്തിൽ കുറവ് മാർക്ക് വാങ്ങുന്ന കുട്ടികളാണ് ഭൂരിപക്ഷവും. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന രണ്ട് ഹൈസ്ക്കൂളുകളുടെയും അക്കാദമിക്ക് നിലവാരം മെച്ചപ്പെട്ടതല്ല. (താഴെ കൊടുത്തിരിക്കുന്നു പട്ടിക പരിശോധിക്കുക)

### പട്ടിക 3
## അക്കാദമിക്ക് നിലവാരം ഹൈസ്ക്കൂൾ

| സ്ക്കൂളിന്റെ പേര് | ക്ലാസ് കുട്ടികൾ | ആകെ ത്തിൻ താഴെ കുട്ടികൾ | 30% 40% | 30%- 50% | 40%- 60% | 50%- 60% | 60% ന് മുകളിൽ |
|---|---|---|---|---|---|---|---|
| പി. കെ. | 8 | 191 | 164 | 10 | 4 | 5 | 8 |
| എച്ച്. | 9 | 185 | 140 | 20 | 15 | 5 | 5 |
| എസ് | 10 | 157 | 89 | 29 | 17 | 8 | 14 |
| മഞ്ഞപ്ര | | | | | | | |
| എം. എം. | 8 | 377 | 275 | 42 | 30 | 12 | 18 |
| എച്ച്. | 9 | 355 | 219 | 64 | 40 | 17 | 15 |
| എസ്. | 10 | 261 | 165 | 46 | 23 | 15 | 12 |
| പന്തലാം പാടം | | | | | | | |

രക്ഷാകർത്തൃ സമിതി മാതൃസംഗമവും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. യോഗങ്ങളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം വളരെ കുറവാണ്. രക്ഷകർത്താക്കൾ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നു പ്രവർത്തനങ്ങളിൽ മാത്രം ഊന്നി നിൽക്കാതെ ദൈനം ദിന കാര്യങ്ങളിൽ ഇടപെടുന്ന സംവിധാനമുണ്ടാകണം. കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെ നാല് വർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനം പട്ടിക - 4 ൽ കൊടുത്തിരിക്കുന്നു. മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പട്ടിക 4

## എസ്. എസ്. എൽ. സി. വിജയശതമാനം

| സ്ക്കൂളിൻെറ പേര് | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| പി. കെ. എച്ച് എസ്. മഞ്ഞപ്ര | 26% | 40% | 30% | 20% |
| എം. എം. എച്ച്. എസ്. പന്തലാംപാടം | 68% | 59% | 68% | 56% |

പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ലൈബ്രറി, ലാബോറട്ടറി ദൃശ്യശ്രാവ്യമാധ്യമങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട് ലൈബ്രറിയും ലാബോറട്ടറിയും ഉള്ള സ്ക്കൂളുകളിൽ ഇവയുടെ ഉപയോഗം വേണ്ടത്ര തൃപ്തികരമല്ല.

പഞ്ചായത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ്. ഈ വിഭാഗത്തിൽപെട്ട മുഴുവൻ കുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നില്ല. ഇതിന് പരിഹാരം കാണേണ്ടതുണ്ട്. ഇവരുടെ എസ്. എസ്. എൽ. സി. വിജയശതമാനം വളരെ കുറവാണ്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണ്. പട്ടികജാതി - പട്ടികവർഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണത്തിൻെറ താരതമ്യ പഠനം താഴെപട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 5

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 2349 | 423 | 18 | 896 | 132 | .147 | 1604 | 130 | |

പഞ്ചായത്തിലെ പത്ത് വാർഡിലും ഓരോ അങ്കണവാടികളുണ്ട്. 5-ാം വാർഡിൽ ഇല്ല. പല അങ്കണവാടികളുടേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. മൂന്നാം വാർഡിലെ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടമില്ല. എല്ലാം അങ്കണവാടികളിലും കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ, കുടിവെള്ള സൗകര്യം കക്കൂസ് എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തണം. നാലാം വാർഡിൽ 'പുഞ്ച' മൂന്നാം വാർഡിലെ വാളുവെച്ച് പാറയിലും പതിനൊന്നാം വാർഡിലെ പോത്തിയാടി, മേരിഗിരി, നീലിപ്പാറ 5-ാം വാർഡിൽ കുന്നംകാട് തെരുവ് എന്നീ സ്ഥലങ്ങളിൽ അങ്കണവാടികൾ തുടങ്ങണം. കൊട്ടേക്കാട്, കാര

## പട്ടിക 6

# അക്കാദമിക്ക് സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ലൈബ്രറി | ലാബറട്ടറി | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | T V-VCR | സിനിമാ പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യത്തിന് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | PKHS - മഞ്ചേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | - | - | ഉണ്ട് | ഉണ്ട് |
| 2 | MMHS- പന്തലാംപാടം | ഉണ്ട് | ഉണ്ട് | - | - | ഉണ്ട് | - | - | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | AUPS - കണ്ണമ്പ്ര | ഉണ്ട് | - | - | - | - | - | - | - | - | ആവശ്യത്തിന് ഇല്ല |
| 4 | HUPS - മഞ്ചേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | 3 എണ്ണം വേണം |
| 5 | CALPS - കൊന്നഞ്ചേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | ഉണ്ട് |
| 6 | ALPS - R മംഗലം | ഇല്ല | - | ഉണ്ട് | - | - | - | - | - | - | 2 എണ്ണം വേണം |
| 7 | KMALPS - കാരപ്പൊറ്റ | ഇല്ല | - | ഉണ്ട് | - | - | - | - | - | - | ഉണ്ട് |
| 8 | GALPS - പുതുക്കോട് | ഇല്ല | - | ഉണ്ട് | - | - | - | - | - | - | 4 എണ്ണം വേണം |
| 9 | LVLPS - പുതുക്കോട് | ഇല്ല | - | - | - | - | - | - | - | - | 5 എണ്ണം വേണം |
| 10 | GUPS - കല്ലിങ്കൽപ്പാടം | ഉണ്ട് | - | - | - | - | - | - | - | - | 4 എണ്ണം വേണം |
| 11 | GLPS - മഞ്ചേരി | ഉണ്ട് | - | ഉണ്ട് | - | - | - | - | - | - | 3 എണ്ണം വേണം |

പ്പൊററ, അങ്കണവാടികളിൽ കുടിവെള്ള സൗകര്യം, കെട്ടിട റിപ്പേയറിംഗ്, വഴി സൗകര്യം തുടങ്ങിയവ ആവശ്യമാണ്.

പഞ്ചായത്തിൽ രണ്ട് ടൈപ്പ്റൈററിംഗ് സ്ഥാപനങ്ങളുണ്ട്. കമ്പ്യൂട്ടർ ട്രയിനിംഗ് സ്ഥാപനങ്ങൾ ഒന്നുമില്ല.

നാലാം വാർഡിൽ 'പുഞ്ച' എന്ന സ്ഥലത്തും പതിനൊന്നാം വാർഡിലും ഒരു എൽ. പി. സ്ക്കൂൾ തുടങ്ങണം. ആയിരം പേർക്ക് ഒരങ്കണവാടി എന്നനുപാതം പാലിക്കപ്പെടണമെമങ്കിൽ ഇനിയമൊരു പാട് അങ്കണവാടികൾ ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അങ്കണവാടികൾ ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ എല്ലാ വാർഡിലും നിരക്ഷരരുണ്ട്. നിരക്ഷരത പൂർണ്ണമായി നിരമ്മാർജനം ംചെയ്യാൻ എല്ലാ വാർഡുകളിലും ജനവിദ്യാ കേന്ദ്രങ്ങൾ ആവശ്യമാണ്. വിദ്യാഭ്യാസ കോപ്ലക്സ്. പ്രവർത്തനം ഊർജിതപ്പെടുത്തേണ്ടതാണ്. അദ്ധ്യപകരുടെ പുന:പരിശീലനം D. P. E. P. ഡയററ് തുടങ്ങിയവയുടെ സേവനം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ എൽ. പി. സ്ക്കൂളുകളോട് ചേർന്ന് പ്രീ പ്രൈമറി സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് മൂന്ന് സമിതികൾ ഉണ്ടാക്കി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോവണം. ഇതിന് പഞ്ചായത്തു ഭരണ സമിതി നേതൃത്വപരമായ ചുമതല വഹിക്കേണ്ടതുണ്ട്. സമിതികളുടെ രൂപവും ഓരോ സമിതിയും ചെയ്യേണ്ട ചുമതലകളും താഴെ ചേർക്കുന്നു.

## 1. സ്ക്കൂൾ വിദ്യാഭ്യാസ പരിപാടി

| | | |
|---|---|---|
| ചെയർമാൻ | : | പി. ടി. എ. പ്രസിഡൻറ് |
| വൈസ് ചെയർമാൻ | : | മദർ പി. ടി. എ. ചെയർപേഴ്സൺ |
| കൺവീനർ | : | ഹെഡ്മാസ്ററർ |
| ജോയൻറ് കൺവീനർ | : | തൽപരനായ ഒരദ്ധ്യാപകൻ |
| അംഗങ്ങൾ | : | സ്ററാഫ് സെക്രട്ടറി, അദ്ധ്യാപക പ്രതിനിധികൾ റിട്ടയർ ചെയ്തവരോ അല്ലാത്തവരോ ആയ രണ്ട് വിദ്യാഭ്യാസ പ്രവർത്തകർ, രണ്ട് സന്നദ്ധ പ്രവർത്തകർ |
| ചുമതലകൾ | : | സ്ക്കൂൾ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക. വിഭവ സമാഹരണങ്ങൾ നടത്തുക. ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുക, പഠനോത്സവങ്ങൾ സംഘടിപ്പിക്കുക. |
| മററ് കാര്യങ്ങൾ | : | രൂപീകരണ ചുമതല ഹെഡ്മാസ്ററർക്കാണ്; മാസത്തിലൊരിക്കൽ യോഗം ചേരണം, റിപ്പോർട്ടിംഗ്, ചർച്ച, ഭാവിപ്രവർത്തനങ്ങൾ എന്നിവ രേഖപ്പെടുത്തണം. |

## 2. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി

| | | |
|---|---|---|
| ചെയർമാൻ | : | പഞ്ചായത്ത് പ്രസിഡൻറ് |
| കൺവീനർ | : | നേതൃസ്ക്കൂൾ ഹെഡ്മാസ്ററർ |
| കോ-ഓർഡിനേററർ | : | നേതൃസ്ക്കൂളിലെ ഒരദ്ധ്യാപകൻ. |

| | | |
|---|---|---|
| അംഗങ്ങൾ | : | പഞ്ചായത്ത് മെമ്പർമാർ, ഹെഡ്മാസ്ററർമാർ, പി. ടി. എ. പെസിഡൻറുമാർ, അദ്ധ്യാപക സംഘടനം പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ രണ്ട് വിദ്യാഭ്യാസ പ്രവർത്തകർ, മൂന്ന് സന്നദ്ധ സംഘടനാപ്രവർത്തകൻ, പ്രീ പ്രൈമറി അദ്ധ്യാപകൻ, അക്കാദമിക്ക് കമ്മററി ചെയർമാൻ, അക്കാദമിക്ക് സമിതി കൺവീനർ |
| ചുമതലകൾ | : | പഞ്ചായത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. സ്ക്കൂൾ പ്രവർത്തനങ്ങൾ മോണിററർ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| മററ് കാര്യങ്ങൾ | : | പ്രതിമാസയോഗം വേണം റിപ്പോർട്ടിംഗ്, ചർച്ച, ഭാവി പ്രവർത്തനങ്ങൾ എന്നിവ ഖേപ്പെടുത്തണം. |

## പഞ്ചായത്ത് അക്കാദമിക്ക് സമിതി

| | | |
|---|---|---|
| ചെയർമാൻ | : | തൽപരനായ റിട്ടേയർ ചെയ്ത അദ്ധ്യാപകൻ |
| കൺവീനർ | ട: | തൽപരനായ നേതൃ സ്ക്കൂൾ അദ്ധ്യാപകൻ. |
| അംഗങ്ങൾ | : | സബ്ജക്ട് സമിതി കൺവീനർമാർ, അക്കാദമിക്ക് വൈദഗ്ദ്ധമുള്ള മൂൻ പ്രാദേശിക വിദഗ്ദ്ധർ. രണ്ട് പ്രൈമറി അദ്ധ്യാപകർ, പ്രീപ്രൈമറി അദ്ധ്യാപിക. |
| ചുമതലകൾ | : | അക്കാദമിക്ക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ഗുണനിലവാരം മെച്ച്പ്പെടുത്താനുള്ള തനതു പരിപാടികൾ ആവിഷ്ക്കരിച്ച് പൂർത്തിയാക്കുക. പ്രതിമാസ അദ്ധ്യാപകസംഗമം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. |
| മററ് കാര്യങ്ങൾ | : | രണ്ട് അദ്ധ്യാപക സംഗമങ്ങൾക്കിടക്ക് ഒരു യോഗം ചേരണം. പ്രത്യേക പരിപാടികൾ നടപ്പിലാക്കുമ്പോൾ മുൻകൂട്ടി ആലോചനായോഗങ്ങൾ ചേരേണ്ടതുണ്ട്. |

സ്ക്കൂൾ അന്തരീക്ഷം സജ്ജീവമാക്കുന്നതിന് സഹായിക്കുന്ന ചില പരിപാടികൾ താഴെ ചേർക്കുന്നു.

* പ്രതിവാര സാഹിത്യസമാജ പ്രവർത്തനം
* കൈയ്യെഴുത്തു മാസിക.
* ദിനാചരണങ്ങൾ (ആഗസ്ററ് 15, ജനുവരി 26, നവംബർ 14, മഹന്മാരുടെ ജന്മദിനങ്ങൾ തുടങ്ങിയവ)
* കൃഷി ഭവനുമായി ബന്ധിച്ച് കാർഷികപ്രവർത്തനങ്ങൾ
* ആർട്സ് ക്ലബ്, സയൻസ് ക്ലബ്, റീഡിംഗ് കോർണർ

* പഞ്ചായത്ത് തലത്തിൽ ശാസ്ത്രമേള.
* കുട്ടികളെ തന്നെ ഉപയോഗിപ്പെടുത്തി കൊണ്ടുള്ള പിയർ ടീച്ചിംഗ്.
* ബാലോത്സവങ്ങൾ
* വാർഷികാഘോഷങ്ങൾ

മുകളിൽ കൊടുത്ത പ്രവർത്തനപരിപാടികൾ സമയബന്ധിതമാക്കാൻ പഞ്ചായത്ത് അക്കാദമിക് സമിതിക്കു കഴിയണം.

പ്രോഗ്രസ് കാർഡിൽ കൂടുതൽ വിവവരങ്ങൾ ചേർക്കാൻ കഴിയുന്ന തരത്തിൽ പ്രാഗ്രസ് കാർഡ് പഞ്ചായത്തു തലത്തിൽ ഒ ന്നിച്ച് പ്രിൻറ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണം. പ്രൈമറി ക്ലാസുകളിൽ വെള്ളം ചേർത്ത് വിജയശതമാനം ഉണ്ടാക്കുന്ന ഇന്നത്തെ രീതി മാററി 80-90 ശതമാനം കുട്ടികളും മിനിമം മാർക്കു വാങ്ങിയാണ് വിജയിച്ചത് എന്ന് ഉറപ്പു വരുത്താനും അതിനുവേണ്ടുന്ന പരിഹാര പ്രവർത്തനങ്ങൾ നടത്താനും, പഞ്ചായത്ത് തല അക്കാദമിക്ക് കമ്മററിക്കു കഴിയണം.

സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം സ്പോൺസർഷിപ്പിലൂടെയും സംഭാവനയിലൂടെയും പഞ്ചായത്ത് ഫണ്ട് വിഹിതത്തിലൂടെയും കണ്ടെത്താൻ കഴിയും.

## വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾ

1. പഞ്ചായത്തിൽ ഒരു വനിതാ കോളേജും ഒരു ടെക്നിക്കൽ സ്ക്കൂൾ സ്ഥാപിക്കുക.

2. സ്ക്കൂൾ കോപ്ലക്സ് പ്രവർത്തനം പഞ്ചായത്തിനെറ നേതൃത്വത്തിൽ ഊർജ്ജിതപ്പെടുത്തുക.

3. അദ്ധ്യാപകർക്കുള്ള പരിശീലനം പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കുക.

4. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യം പരിശോധിച്ച് മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

6. കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കുക.

7. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു ഹയർ സെക്കൻഡറി സ്ക്കൂൾ ആരംഭിക്കുക.

8. നിലവിൽ ഉള്ള ഹൈസ്ക്കൂളിൽ പ്ലസ് ടൂ അനുവദിക്കുക.

9. 4-ാം വാർഡിലും, 11-ാം വാർഡിലും ഗവൺമെൻറ് പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

10. നിലവിലുള്ള അങ്കൺവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും, ജനസംഖ്യാനുപാതികമായി പുതിയവ തുടങ്ങുകയും ചെയ്യുക.

11. കല്ലിങ്കൽപ്പാടം ഗവൺമെൻറ് സ്ക്കൂൾ ഹൈസ്ക്കൂളാക്കി മാററുക.

12. നിലവിലുള്ള ഹൈസ്ക്കൂളുകളോടനുബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളുകൾ തുടങ്ങുക.

13. പഞ്ചായത്തി ഐ. ടി. സി. ഐ. ടി. ഐ. തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിക്കുക.

14. ഉച്ചകഞ്ഞി വിതരണം പഞ്ചായത്ത് ഏറെറടുക്കുക.

15. പാഠപുസ്തകങ്ങൾ യഥാസമയം സ്ക്കൂളുകളിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

16. ദരിദ്ര കുടുംബങ്ങളിൽ നിന്ന് സ്ക്കൂളുകളിലേക്ക് വരുന്ന കുട്ടികൾക്ക് യൂണിഫോം, ഉൾപ്പെടെ പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

17. സ്കൂൾ കുട്ടികൾക്ക് ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തണം.




# കുടിവെള്ളവും പൊതുജനാരോഗ്യവും

# കുടിവെള്ളം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളിൽ പ്രഥമ പരിഗണന അർഹിക്കുന്നത് കുടിവെള്ള പ്രശ്നമാണ്. അതിന് നാം ശാശ്വത പരിഹാരം കാണേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയുടെ 90 ശതമാനത്തോളം ജനങ്ങൾ കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ഈ കിണറുകൾ ഭൂരിഭാഗവും ജനുവരി അവസാനത്തോടെ വററിതുടങ്ങുന്നു. പിന്നീട് ജനങ്ങൾ ആശ്രയിക്കുന്നത് അകലെയുള്ള കുഴൽ കിണറുകളേയും ടാപ്പുകളേയുമാണ്.

| വാർഡ് | കിണറുകൾ | | കുഴൽ കിണർ | ടാപ്പുകൾ | കുളങ്ങൾ | നിരുറവകൾ |
|---|---|---|---|---|---|---|
| | പൊതു | സ്വകാര്യം | | | | |
| 1 | 5 | 125 | 13 | 7 | 6 | 2 |
| 2 | 11 | 35 | 10 | 21 | 3 | - |
| 3 | 8 | 192 | 7 | 7 | 7 | 2 |
| 4 | 2 | 20 | 5 | 2 | 6 | - |
| 5 | 1 | 25 | 5 | 13 | 2 | - |
| 6 | 2 | 108 | 13 | 12 | 8 | - |
| 7 | 7 | 12 | 2 | 7 | 7 | - |
| 8 | 8 | 100 | 4 | 20 | 10 | - |
| 9 | 5 | 74 | 3 | 22 | 4 | 1 |
| 10 | 4 | 100 | 5 | 15 | 8 | - |
| 11 | 1 | 12 | 1 | - | 4 | 1 |

കേരള വാട്ടർ അതോറിററിയുടെ 24 വർഷം പഴക്കമുള്ള ഒരു സ്ക്കീമാണ് ആദ്യത്തെ കുടിവെള്ള പദ്ധതി (കണ്ണമ്പ്ര ശുദ്ധജല വിതരണ പദ്ധതി). ഈ പദ്ധതിയുടെ കീഴിൽ 31 ടാപ്പുകൾ ഉണ്ട്. ഇതിൽ 29 ടാപ്പ് നിലവിലുണ്ട്. ഇതിലെ ടാങ്കിൻെറ കപ്പാസിററി 45,000 ലിററാണ്. കണ്ണമ്പ്രതോടു പാലത്തിനു സമീപമുള്ള തേവാര കടവ് എന്ന സ്ഥലത്തു നിന്നാണ് ഇതിലേക്ക് ആവശ്യമായ വെള്ളം എടുക്കുന്നത്. ഇവിടെ ആധുനിക രീതിയിൽ ഉള്ള ഫിൽട്രേഷൻ സംവിധാം നടപ്പിലാക്കണം.

കേരള വാട്ടർ അതോററിയുടെ നാല് കുഴൽ കിണർ ഉണ്ട്. അതിൽ ഒരു കുഴൽ കിണർ മോട്ടോർ ഇല്ല. 6 കുഴൽ കിണറുകൾക്ക് സ്ഥലം കണ്ടിട്ടുണ്ടെങ്കിലും കുഴിച്ചിട്ടില്ല. പഞ്ചായത്തിൽ സ്വകാര്യ കുഴൽ കിണറുകൾ ഉണ്ട്. പഞ്ചായത്തിലെ നെടുകത്തറ എന്ന സ്ഥലത്ത് വെള്ളമുള്ള ബോർവെൽ ഉണ്ട്. ഇവിടത്തെ മോട്ടോർ കേടുവന്നതുകൊണ്ടു മാത്രം പൂട്ടികിടപ്പാണ്.

ലോകബാങ്കിൻെറ സഹായത്തോടെ 2,45000 ലിററർ ജലം കൊള്ളുന്ന ഒരു ടാങ്ക് പുളികൂട്ടത്തും, 2,00000 ലിററർ ജലം കൊള്ളുന്ന ഒരു ടാങ്ക് കണ്ണമ്പ്രയിലും ഉണ്ട്. പക്ഷേ ഇവിടത്തെ പ്രധാന പ്രശ്നം

ടാങ്ക് ഇന്നേവരെ നിറക്കാൻ കഴിഞ്ഞിട്ടില്ല. കാരണം കുഴൽ കിണറിലെ ജലനിരപ്പ് താഴ്ന്നു വരുന്നുഎന്നതാണ്. ഈ ടാങ്കുകളിൽ വെള്ളം നിറക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ കുടിവെള്ളം പ്രശ്നത്തിന് പകുതി പരിഹാരമാകും. തെന്നിലാ പുരം പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ അതിൽ നിന്നും വെള്ളമെടുത്ത് ഈ ടാങ്കുകൾ നിറക്കാൻ കഴിയും. തേവാരകടവിൽ മണൽ വാരി തടയണയുടെ പൊക്കം വർദ്ധിപ്പിച്ച് ഫിൽട്രേഷൻ പ്ലാൻറ് സ്ഥാപിച്ചാൽ ശുദ്ധജലവിതരണം നടത്താനാവും.

## വാർഡ് തിരിച്ചുള്ള കുടിവെള്ള പ്രശ്നങ്ങൾ

## പരിഹാര നിർദ്ദേശങ്ങൾ

| വാർഡ് | പ്രശ്നമേഖല | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| 1 | വാണിയമ്പാറ, പുത്തൂർ, മൈലാടുംപാറ, നീലിപ്പാറ, മോസ്ക്കോ മുക്ക്, കുളങ്ങര ജംഗ്ഷൻ, കല്ലിങ്കൽപാടം കുന്നു പ്രദേശം | കുഴൽകിണറുകൾ സ്ഥാപിച്ചു, ടാങ്ക് നിർമ്മിച്ചും പൈപ്പിലൂടെ ജലവിതരണം നൽകകുക. |
| 2 | ചൂർക്കുന്ന് കല്ലേരി കുന്നുംപുള്ളി | പൈപ്പ് ലൈൻ നീട്ടി ജലവിതരണം നടത്തുക. കുളം, കിണർ എന്നിവ സംരക്ഷിച്ച് ജലലഭ്യത ഉറപ്പു വരുത്തുക. |
| 3 | മരുതകുന്ന്, ചല്ലിപറമ്പ്, ചേവക്കോട്, നടത്തിപ്പാറ, വാളുവെച്ചപാറ, മന്നത്ത് പറമ്പ് | മരുതകുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുക. കുണ്ടുകാട്, കൽകുണ്ട് കിണർ നിർമ്മിക്കുക. ചേവക്കോട്, കോളത്തോണി അമ്പലകുളം എന്നിവയും, പൊട്ടച്ചറിയിലെ വെള്ളം സംരക്ഷിക്കുക. KWA പൈപ്പ് ലൈൻ വിപുലീകരിച്ച് ജലവിതരണം നടത്തുക. |
| 4 | കാരപ്പൊററ, ചേറുംകോട്, കോങ്കളം തെരുവ്, ആലും പെട്ടി പടിഞ്ഞാമുറി, അത്താണിപറമ്പ്, കൊക്കി കൊളുമ്പ്, പുഞ്ച. | കുളങ്ങൾ കെട്ടി ജലലഭ്യത ഉറപ്പാക്കുക, പൊതുകിണറുകൾ, പൈപ്പു ലൈൻ നീട്ടി ജലവിതരണം ചെയ്യുക. |
| 5 | പുളിക്കൽ പറമ്പ്, കെട്ടേക്കാട്, ചേറുംകോട്, കൽച്ചിറ, കുന്നംകാട് തെരുവ് | KWA പൈപ്പ് ലൈൻ വിപുലീകരിക്കുക. തേവാരക്കടവ് ചെക്ക് ഡാം വിപുലീകരിക്കുക. കണ്ണമ്പ്ര നായർ വീടിനു താഴെ കൽച്ചിറയിൽ ഒരു ചെക്ക് ഡാം കെട്ടുക. |
| 6 | കുന്നംങ്കാട്, ഗാന്ധി സ്മാരകം, വടക്കും മുറി, ചുണ്ണാമ്പുതറ, കമ്മാന്തറ, ഇടത്തൊടി എൽ. പി. സ്ക്കൂൾ പരിസരം. | പൈപ്പു ലൈൻ നീട്ടുക |
| 7 | പാതിരിപറമ്പ്, വലിയപറമ്പ്, കോങ്കളം, നെല്ലാണികാട് | പൈപ്പു ലൈൻ വിപുരലീകരിക്കുക, തെന്നിലാപുരം, പുഴയിൽ അണകെട്ടുക, ജലാശയങ്ങൾ നന്നാക്കുക. |

| വാർഡ് | പ്രശ്നമേഖല | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| 8 | കൊയളക്കാട്, കുന്നിശ്ശേരി പറമ്പ്, പ്രാക്കുളം, ആറാം തൊടി, കിഴക്കുമുറി, വളയൽ | പൈപ്പു ലൈൻ നീട്ടുക. കൂമ്പായ്പാറയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക. |
| 9 | കമ്മാന്തറ, കൈക്കൊളത്തറ, പേരലി, ശങ്കരൻ കണ്ടം, ചിറ, കവറത്തറ, പാലക്കൽപറമ്പ് കോളനി, കടാംമ്പാടം | മംഗലം പുഴയിൽ തടയണ നിർമ്മിക്കുക. പൈപ്പുലൈൻ നീട്ടുക. പൊതു കിണറുകൾ സ്ഥാപിക്കുക. |
| 10 | കുന്നംകാട്, പാടത്തുംപള്ള, കിഴക്കുറി, കാരയൻങ്കാട്ട്, പനങ്കാവ്, ജയഭാരത് തിയേറർ പരിസരം വടക്കഞ്ചേരി പഞ്ചായത്തിൽപ്പെട്ട പൈപ്പ ലൈൻ 10 വാർഡിലേക്ക് വിപുലീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. | നെടുകത്തറയിലെ കുഴൽ കിണർ നന്നാക്കുക, പഞ്ചായത്തു കിണറുകൾ വൃത്തിയാക്കുക. മംഗലം പുഴയിൽ തടയണ കെട്ടുക. വാർഡിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. |
| 11 | പോത്തുചാടി, വാളുവെച്ച പാറ, നീലിപ്പാറ, റക്കാണ്ടി ശങ്കരൻകണ്ണൻ തോട്. | റക്കാണ്ടി, പന്തലാംപാടം കുളങ്ങൾ പമ്പ് ചെയ്ത് ശുദ്ധീകരിച്ച് ജലം വിതരണ സംവിധാനം ഉണ്ടാക്കുക. |

## ചെറുകിട ശുദ്ധജല പദ്ധതികൾ

8, 9, 10 വാർഡുകളിൽ പെടുന്ന തെന്നിലാപുരം പുഴയിൽ ചെക്കുഡാം നിർമ്മിച്ച് ജലസംഭരണശേഷി വർദ്ധിപ്പിച്ചാൽ പഞ്ചായത്തിലെ വാട്ടർ ടാങ്കുകളിൽ വെള്ളം നിറക്കാനാവും.

5-ാം വാർഡിലെ തേവാരക്കടവിൽ ചെക്ക്-ഡാമിൽ മണൽ നിറഞ്ഞ് ആഴം കുറഞ്ഞിരിക്കുന്നു. നേരിട്ട് ജലം പമ്പു ചെയ്യാതെ ആധുനികരീതിയിൽ ഉള്ള ഫിൽട്രേഷൻ സംവിധാനം നടപ്പിലാക്കണം. ഗാലറി പൊട്ടിപൊളിഞ്ഞു കിടക്കുന്നത് എത്രയും പെട്ടെന്ന് ഗ്യാലറി പണിയുന്നതിനുള്ള നടപടി സ്വീകരിക്കണം.

3-ാം വാർഡിലെ വാളുവെച്ച പാറയിൽ തടയണ കെട്ടിയാൽ വേനൽക്കാലത്തുപോലും ജലം ലഭിക്കും. കണ്ണമ്പ്ര നായർ വീട് കടവിലെ ക്രോസ്ബാർ നിർമ്മിച്ചിരിക്കുന്നതിൽ മണൽ നിറഞ്ഞിരുന്ന് ആഴം കുറഞ്ഞിട്ടുണ്ട്. മണൽ തോണ്ടി ആഴം കൂട്ടി ക്രോസ് ബാർ ശാസ്ത്രീയമായി പുനർ നിർമ്മിച്ചാൽ കൂടുതൽ ജലം ശേഖരിക്കാൻ കഴിയും. ഈ വാർഡിലെ തോടിനിരുവശവും ജനങ്ങൾ സ്ഥലം കയ്യേറിയിട്ടുണ്ട്. അതുമൂലം തോടിൻെറ വീതി ശോഷിച്ചു പോയിരിക്കുന്നു. ഇതിനെതിരെ നിയമനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് അധീനതയിൽ ഉള്ള തോടുകൾ, പുഴകകൾ, അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

## പഞ്ചായത്ത്തല പദ്ധതി

ഒരു വർഷത്തിൽ ശരാശരി 2500 മി. മീററർ മഴ ലഭിക്കുന്നുണ്ട്. മഴ വെള്ളം സംഭരിക്കുന്നതിനായി കുഴികൾ കുഴിക്കുവാനുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യണം. തകർന്നു കിടക്കുന്ന കിണറുകൾ പുനർ നിർമ്മിക്കുക. തോടു

കളിൽ ചെറിയ ബണ്ടുകൾ സ്ഥാപിക്കുക. 3-ാം വാർഡിലെ വാളുവെച്ച പാറയിൽ രണ്ടു നല്ല നീരുറവകൾ ഉണ്ട്. അത് സംരക്ഷിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ഗുരുതരമായ പ്രശ്നം കുടിവെള്ള പ്രശ്നം തന്നെയാണ്. ഇതു പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പഞ്ചായത്തിലുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ ഉള്ളവ സംരക്ഷിക്കുന്നതിനും മുകളിൽ പറഞ്ഞ സാദ്ധ്യതകൾ നടപ്പിലാക്കുന്നതിനും പഞ്ചായത്തിൻെറ നേതൃത്വത്തിൽ വമ്പിച്ച ജനമുന്നേററം തന്നെ വേണ്ടിയിരിക്കുന്നു. സന്നദ്ധ സംഘടനകളുടേയും, ബഹുജനങ്ങളുടെയും സഹകരണത്തോടെ കുടിവെള്ള ലഭ്യതക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

# ആരോഗ്യം

രാജ്യം 2000 മാണ്ടിൽ കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം വർഷങ്ങൾക്ക് മുമ്പെ കൈവരിച്ചു കഴിഞ്ഞു. എന്നുള്ളത് പരമാർത്ഥമാണ്. എന്നാൽ പലവിധ ആരോഗ്യപ്രശ്നങ്ങളും ഇനിയും അവശേഷിക്കുന്നുണ്ട്. കൂടാതെ നിർമ്മാർജനം ചെയ്യപ്പെട്ട പല രോഗങ്ങളും തിരിച്ചു വന്നുകൊണ്ടിരിക്കുകയാണ്. അതിനുപുറമെയായി പുതിയ പല രോഗങ്ങളും നമ്മളെ ആക്രമിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതിനെതിരെ നാം ജാഗരൂകരായിരിക്കേണഅടതുണ്ട്.

സർക്കാർ വിവിധ വകുപ്പുകളിലായി നിരവധി തുക ആരോഗ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു കൊണ്ടിരിക്കുന്നു. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, കുടുംബക്ഷേമവകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളുടെ കീഴിൽ ഇന്ന് ശിശുക്കൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, വിദ്യാർത്ഥികൾക്കും വേണ്ടി വിവധ ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പക്ഷേ നടപ്പു പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ കൊണ്ടും കാര്യക്ഷമതാക്കുറവുകൊണ്ടും, സർക്കാർ പരിപാടികളായി മാറുന്നതുകൊണ്ടും ലക്ഷ്യപ്രാപ്തിയിൽ എത്താറില്ല. ഈ വക കുറവുകൾ പരിരഹിച്ചും പൂർണ്ണ ലക്ഷ്യപ്രാപ്തി നേടാൻ ജനകീയ ഇടപെടലുകൾ ആവശ്യമാണ്. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തേയും, അതിലെ ജീവനക്കാരേയും, അവരുടെ കടമകളേയും ജനങ്ങൾക്കു പരിചയപ്പെടുത്തണം. ഇതിനുള്ള നല്ല വേദികളാണ് ഗ്രാമസഭകൾ.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ പ്രധാന പൊതുജനാരോഗ്യകേന്ദ്രം 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പബ്ലിക്ക് ഹെൽത്ത് സെൻറർ ആണ്. കല്ലിങ്കൽ പാടം, കെട്ടേക്കാട്, ചിറ എന്നിവിടങ്ങളിൽ സബ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്.

കൊളയക്കാട്, കല്ലേരി എന്നിവിടങ്ങളിൽ കെട്ടിട സൗകര്യമില്ല. 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ ഏക ആരോഗ്യകേന്ദ്രമായ PHC ആണ് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആശ്രയകേന്ദ്രം. കൂടാതെ തൊട്ടടുത്ത് പഞ്ചായത്തുകളിൽ നിന്നു പോലും രോഗികൾ ഇവിടെ എത്തറുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ ആവശ്യത്തിന് ജീവനക്കാരോ, ഉപകരണങ്ങളോ, ആവശ്യമായ മരുന്നോ, ഇല്ല. വർഷങ്ങൾക്ക് മുൻപ് വളരെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നതും, കൂടുതൽ സൗകര്യങ്ങളുമുള്ള ആശുപ്രതിയായിരുന്നു ഇത്. മോർച്ചറി, പ്രസവമുറി തുടങ്ങിയവ ഉണ്ടായിരുന്നു. എന്നാൽ ആരോഗ്യകേന്ദ്രത്തിൻെറ ഇപ്പോഴത്തെ നില വളരെ ശോചനീയമാണ്. ഇതു പരിശോധിക്കേണ്ടതുണ്ട്.

ഗ്രാമസഭകളിൽ നിന്നെല്ലാം ഉയർന്നു വന്നിട്ടുള്ള ഒരു പ്രധാന ആവശ്യം ഈ ഹെൽത്ത് സെൻറർ ഒരു കമ്മ്യൂണിററി ഹെൽത്ത് സെൻറർ ആയി ഉയർത്തണം എന്നതാണ്. ഇപ്പോൾ പ്രസവത്തിനും, മററു സാംക്രമിക രോഗങ്ങൾക്കും, ചികിത്സക്കായി എത്തുന്ന ആളുകളെ സൗകര്യക്കുറവുമൂലം ദൂരെയുള്ള ആശുപത്രികളിലേക്ക് പറഞ്ഞു വിടുന്ന അവസ്ഥയാണ് ഉള്ളത്.

നമ്മുടെ പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആസ്പത്രിയോ, ഹോമിയോ ആസ്പത്രിയോ ഇല്ല. ഒരു ഹോമിയോ ആശുപത്രിയം ആയുർവേദ ആശുപത്രിയും പഞ്ചായത്തിൽ അടിയന്തിരമായി സ്ഥാ

പിക്കണം.

സബ്സെൻററുകളിൽ മരുന്ന കൊടുക്കുന്ന സംവിധാനമില്ല. പ്രവർത്തനം തൃപ്തികരമല്ല. ആഴ്ചയിൽ രണ്ടുതവണ ഇവിടങ്ങളിൽ ഡോക്ടറുടെ സേവനം ആവശ്യമായിട്ടുണ്ട്. ഫീൽഡ് വർക്ക് ചെയ്യുന്നവരുടെ പ്രവർത്തനം തൃപ്തികരമല്ല , 4, 6, 7, 10, 11 വാർഡുകളിൽ സബ്സെൻറർ തുടങ്ങാൻ കഴിയും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ സ്വകാര്യ ആശുപത്രികളില്ല.

2. ഛർദ്ദി, വയറിളക്കം, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ഇടയ്ക്കിടക്ക് ഉണ്ടാകുന്നു.

3. ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നില്ല.

4. കക്കൂസുകൾ 80 ശതമാനം വീടുകളഇലും ഇല്ല.

5. കാരപ്പൊററ മുക്കിൽ മലീന വസ്തുക്കൾ കുമിഞ്ഞു കൂടുന്നു.

6. ലൈസൻസ് ഇല്ലാത്ത അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ.

7. ആരോഗ്യ-പരിസര, വ്യക്തിശുചിത്വ ബോധവൽക്കരണക്കുറവ്.

8. പേപ്പട്ടി ശല്യം.

9. പബ്ലിക് ഹെൽത്ത് സെൻററിൽ ഗൈനക്കോളജിസ്ററ് ഇല്ല.

10. പോഷകാഹാരക്കുറവ്.

11. മന്ദത്ത്പറമ്പ് കനാലിലും, തുറസായ സ്ഥലങ്ങളിലും മല വിസർജനം ചെയ്യപ്പെടുന്നു.

12. പബ്ലിക് ഹെൽത്ത് സെൻററിൽ കിടത്തി ചികിത്സ ഇല്ല.

13. കണ്ണമ്പ്ര സർവീസ് ബാങ്കിൽ നിന്നും സംഭാവനയായി കൊടുത്ത ഓക്സിജൻ സിലണ്ടർ പ്രയോജനപ്പെടുന്നില്ല.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. നല്ല ആശുപത്രികൾ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് PHC-കണ്ണമ്പ്ര ഒരു കമ്മ്യൂണിററ് ഹെൽത്ത് സെൻറർ ആയി ഉയർത്തേണ്ടതാണ്.

2. ഒരു ലേഡി ഗൈനോക്കോളജിസ്ററിനെ നിയമിക്കുകയും ഒരു ആംബുലൻസ് അനുവദിക്കുകയും ചെയ്യുക.

3. പരിസര - വ്യക്തിശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ വൈകുന്നേരങ്ങളിൽ വീഡിയോ - ക്ലാസ്സുകളിലൂടെ നൽകുക.

4. തേവാര കടവിൽ നിന്നും പമ്പു ചെയ്യുന്ന വെള്ളം ശുദ്ധീകരിക്കാതെ നേരിട്ട് ടാപ്പുകളിലൂടെ വിതരണം ചെയ്യുന്നു. ഇതൊഴിവാക്കാൻ ഒരു ഫിട്രേഷൻ പ്ലാൻറ് സ്ഥാപിക്കേണ്ടതാണ്.

5. പുറത്ത് ലമവിസർജനം നടത്തുന്നത് തടയാൻ കക്കൂസുകൾ സ്ഥാപിക്കുവാനും ബോധവൽക്കരണം പരിപാടികൾ നടത്തുവാനും, സന്നദ്ധ സംഘടനകളുടെ സഹായത്തോട് പഞ്ചയാത്ത് നേതൃത്വം നൽകേണ്ടതാണ്.

6. മലിന വസ്തുക്കളും, അറവുശാലകളിലേയും അവശിഷ്ടങ്ങളും കുമിഞ്ഞു കൂടുന്നതു തടയാൻ ആരോഗ്യപ്രവർത്തകരുടെ പഞ്ചായത്തും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. പേപ്പട്ടി ശല്യം തടയാൻ വളർത്തുനായക്കൾക്ക് വാക്സിനേഷനും, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8. ആശുപത്രിയിലെ, കിടക്കകളുടെ എണ്ണം വർധിപ്പിക്കുന്നതും, മററ് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടാക്കലും വിഭവ സമാഹരണത്തിലൂടെ നടപ്പിലാക്കാൻ കഴിയും. ഇതിന് പഞ്ചായത്ത് നേതൃത്വപരമായ ചുമതലകൾ വഹിക്കേണ്ടതാണം.

9. പോഷകാഹാരക്കുറവുകൾ പരിഹരിക്കുവാൻ ബോധവൽക്കരണ ക്ലാസ്സുകൾ, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, നൽകേണ്ടതാണ്. അംഗനവാടികളിലൂടെ കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും വൈററമിൻ ഗുളികൾ നൽകാനുള്ള സംവിധാനം ഉണ്ടാകണം.

10. പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീനലനത്തിനും യോഗാഭ്യാസത്തിനും സഹായിക്കുന്ന ഒരു യോഗ പരിശീലന കേന്ദ്രം പഞ്ചായത്തിൻെറ സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ച് തുടങ്ങണം.

11. പഞ്ചായത്തിൻെറ 8-ാം വാർഡിൽ സ്ഥിതി

ചെയ്യുന്ന പൊതു ശ്മശാനത്തിന് റോഡ് നിർമ്മിക്കണം. 3-ാം വാർഡ് തോടിനു സമീപമുള്ള സ്ഥലം ശ്മശാനമായി ഉപയോഗിച്ചു വരുന്നത് തടയണം.

12. ചികിത്സാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന സംവിധാനമാണ് ഹെൽത്ത് കാർഡ് ചികിത്സക്കായി എത്തുന്ന വ്യക്തികളുടെ മുൻകാല ആരോഗ്യ നിലയെക്കുറഇച്ചുള്ള വിവരങ്ങൾ, രോഗനിർണ്ണയം വേഗത്തിലും കുററമററതാക്കുവാനും സാധിക്കും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഈ കാർഡിൽ രേഖപെടുത്തന്നത് നന്നായിരിക്കും. ഇതിൻെറ പ്രധാന്യം ജനങ്ങളെ ബോധ്യപെടുത്തി നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ആരോഗ്യ വകുപ്പ് നേതൃത്വം നൽകണം.

13. പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ നിയമങ്ങൾ പുതുക്കി ആരോഗ്യരംഗത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുള്ളതാകുന്ന നിയമനിർമ്മാണങ്ങൾ നടപ്പിലാക്കേണ്ടതാണ്.

14. പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യസ്ഥിതിമെച്ചപ്പെടുത്തുവാൻ വേണ്ടി പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നീ ദുശീലങ്ങൾ ഒഴിവാക്കേണ്ടതിൻെറ ആവശ്യകതയെക്കുറിചചും ബോധവൽക്കരണം നടത്തണം.

15. രക്തദാനത്തെക്കുറിച്ചും, ജനങ്ങളുടെ ഭയാശങ്കകൾ ദുരീകരിച്ചും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

16. നേത്രദാനത്തിൻെറ മഹത്വം ബോധ്യപ്പെടുത്തുകയും, ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും, ജില്ലാനേത്രബാങ്കുകളുടെ രജിസ്ടേഷൻ വ്യാപകമാക്കുകയും, ജില്ലാനേത്രബാങ്കുമായും ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി വിനിയോഗിക്കുകയും, മെച്ചപ്പെടുത്തേണ്ടവ മെച്ചപെടുത്തുകയും, ചെയ്താൽ ആരോഗ്യമുള്ള ഗ്രാമീണ ജനതയെ വാർത്തെടുക്കുവാൻ കഴിയും. ഈ പ്രവർത്തനത്തിൽ ജനങ്ങളേയും സന്നദ്ധ സംഘടനകളേയും ഒഴിവാക്കാനാവില്ല. ശുചിത്വവും, ആരോഗവുമുള്ള ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാററുവാൻ നമുക്ക് കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ പ്രവർത്തനം.

17. ഒന്നാം വാർഡിലും പതിനൊന്നാം വാർഡിലും ഉപയോഗിക്കാൻ കഴിയുന്ന ഒരു പൊതുശ്മശാനം ഉണ്ടാക്കണം.

18. പഞ്ചായത്തിലെ എല്ലാ സബ്സെൻററുകളിലും ഹരിജൻ കോളനികളിലും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഡോക്ടർ ക്യാമ്പ് ചെയ്തു രോഗികളെ പരിശോധിക്കേണ്ടതാണ്. അതിനുവേണ്ടുന്ന വാഹനം അനുവദിച്ചു തരേണ്ടതാണ്.

### പട്ടിക 1

## (കണ്ണമ്പ്ര P. H. C. യിൽ രജിസ്ററർ ചെയ്ത രോഗങ്ങൾ)

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993-94 | 5390 | 146 | 30 | 12 |
| 1994-95 | 4930 | 8 | 6 | 2 |
| 1995-96 | 3681 | 6 | 7 | 1 |

പട്ടിക 2

## കണ്ണമ്പ്ര പഞ്ചായത്ത് ആരോഗ്യ സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം/ സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | PHC കണ്ണമ്പ്ര | സർക്കാർ | സ്വന്തം | 15 | 1921 | 1. കെട്ടിടത്തിൻെറ അററകുററപണികൾ നടന്നിട്ടില്ല. 2. വേണ്ടത്ര കിടക്കകൾ ഇല്ല. 3. വളരെ പഴക്കം ചെന്നവയാണ്. |
| 2 | IPP സബ്സെൻറർ കല്ലിങ്കൽപ്പാടം | സർക്കാർ | സ്വന്തം | ഇല്ല | 1985 | - |
| 3 | IPP സെൻറർ മഞ്ഞപ്ര | സർക്കാർ | സ്വന്തം | 3 | 1985 | |
| 4 | കുടുംബക്ഷേമ കേന്ദ്രം കൊട്ടേക്കാട് | സർക്കാർ | സ്വന്തം | 2 | 1964 | |
| 5 | മെഡിക്കൽ ഓഫീസേഴ്സ് ക്വാർഡേഴ്സ് | സർക്കാർ | സ്വന്തം | - | 1985 | |
| 6 | സ്ററാഫ് നേഴ്സ് ക്വാർട്ടേഴ്സ് | സർക്കാർ | സ്വന്തം | - | 1985 | |

പട്ടിക 3

## ശിശു ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1993-94 | 113 | 1 | - |
| 1994-95 | 14 | - | - |
| 1995-96 | 15 | - | - |

## പട്ടിക 4

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗികളെ സംബന്ധിച്ച വിവരം | | | | പ്രതിവർഷം എണ്ണം | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മററു രോഗ ങ്ങൾ | ആകെ |
| 1992-93 | 1036 | 22126 | 566 | 13 | 1437 | - | 21146 | 23162 |
| 1993-94 | 203 | 17684 | 2692 | 16 | 5578 | - | 9016 | 17887 |
| 1994-95 | 17 | 16658 | 2636 | 10 | 4946 | - | 9038 | 16675 |
| 1995-96 | 17 | 12979 | 1977 | 6 | 3695 | - | 7318 | 12996 |
| ആകെ | 1273 | 69447 | 7871 | 45 | 15656 | - | 47148 | 70720 |

## ആരോഗ്യ സ്ഥിതി വിവരങ്ങൾ

| അംഗവൈകല്യമുള്ളവർ | എണ്ണം |
|---|---|
| അന്ധർ | 13 |
| ബധിരർ | 28 |
| മൂകർ | 25 |
| ബധിരമൂകർ | 18 |
| ചലന വൈകല്യമുള്ളവർ | 54 |
| ആകെ | 138 |

## മന്ദബുദ്ധികളുടെ എണ്ണം

| പ്രായം | എണ്ണം |
|---|---|
| 0-5 | 2 |
| 6-10 | 4 |
| 11-15 | 8 |
| 16 ന മേൽ | 6 |
| ആകെ | 20 |

| | M | F | Total |
|---|---|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 159 | 157 | 316 |
| പ്രതിരോധ കുത്തിവെപ്പ് നടത്തിയവർ | 141 | 157 | 298 |
| ആകെ ഗർഭിണികൾ | - | 304 | - |

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| പ്രായം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിനു താഴെ | 62 | 55 | 30 | 40 | 16 | 12 | - | - |
| 1 -3 വയസ്സ് | 62 | 52 | 68 | 66 | 33 | 41 | - | 2 |
| 3 - 6 വയസ്സ് | 55 | 59 | 49 | 52 | 24 | 31 | - | - |

1-ാം ഗ്രേഡ് - ലഘുപോഷണക്കുറവുള്ളവർ.
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ.

- ❑ ഇരുമ്പു / ഫോളിക്കാസിഡ് ലഭിച്ച ഗർഭിണികളുടെ എണ്ണം - 103
- ❑ ഇരുമ്പു / ഫോളിക്കാസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം - 290
- ❑ വിററാമിൻ - എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം - 220
- ❑ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - 188
- ❑ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - 20




# ഗതാഗതം - ഊർജ്ജം

# ഗതാഗതം

ഗതാഗത മേഖലയിൽ കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുറകിലാണ്. മെച്ചപ്പെട്ട റോഡുകളിൽ ഏറിയ പങ്കും തെക്കൻ കേരളത്തിലാണ് ഉള്ളത്. മധ്യ കേരളത്തിലെയും വടക്കൻ കേരളത്തിലെയും ഭൂമി, തെക്കൻ കേരളത്തിലെ ഭൂമിയുമായി താരതമ്യം ചെയ്യുമ്പോൾ റോഡുകളുടെ നിർമ്മിതിയിൽ ഏറെ അനുയോജ്യം തെക്കൻ കേരളത്തിലെ ഭൂമിയാണ്. കാലാവസ്ഥയിലും ഭൂപ്രകൃതിയിലുള്ള വ്യത്യാസം ബാധിച്ചിട്ടുണ്ടെന്ന് മനസിലാക്കാൻ കഴിയും. ഗതാഗതത്തിൻെറ കാര്യത്തിൽ എടുത്തുപറയേണ്ട കാര്യമാണ് നാഷണൽ ഹൈവേയും സ്റേററ് ഹൈവേയും, രാജ്യത്തിൻെറ ഭാഗങ്ങളിൽ നിന്ന് കേരളത്തിൻെറ വടക്കേ അററം മുതൽ തെക്കേ അററം വരെ സുഖമായി യാത്ര ചെയ്യാൻ നമുക്ക് സാധിക്കുന്നു. സ്റേററ് ഹൈവേയുടെയും, മററ് പി. ഡബ്ലി. ഡി. റോഡുകളുടെയും സേവനം ഇക്കാര്യത്തിൽ എടുത്തു പറയാതിരിക്കാൻ വയ്യ.

ഗ്രാമങ്ങളുടെ മുഖച്ഛരായ മാറണമെങ്കിൽ റോഡിൻെറയും കൂടി മുഖച്ഛരായ മാറണമെന്ന കാര്യത്തിൽ രണ്ട് അഭിപ്രായമുണ്ടാകില്ല. ജനസാന്ദ്രതയേറിയ നമ്മുടെ സംസ്ഥാനത്ത് കര, വ്യോമ, ജലഗതാഗതങ്ങൾ പുഷ്ഠിപ്പെടണം. അതിനായി അധികാരത്തിലിരിക്കുന്നു സർക്കാർ കാലോചിതമായ മാററങ്ങൾ ഉൾക്കൊണ്ട് വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിൽ വരുത്തുവാൻ പ്രതിജ്ഞബദ്ധരാണ്.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ 88.950 കി. മീ. റോഡ് നിർമ്മിച്ചിട്ടുണ്ട്. അതിൽ കോൺക്രീററ് ചെയതത് 350 മീററും, ടാർ ചെയ്തത് 3.1 കി. മീ. ഉം മെററൽ ചെയ്തത് 18.30 കി. മീ. ഉം മൺറോഡ് 67.20 കി. മീററുമാണ്. ഇനിയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഗതാഗതത്തിനാവശ്യമായ നിരവധി റോഡുൾ നിർമ്മിക്കേണ്ടിയിരിക്കുന്നു.

ജില്ലാ - ബ്ലോക്കു - പഞ്ചായത്തുമായി സഹകരിച്ച് പണിതീർക്കേണ്ടതും മററ് പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്നതുമായ റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

1. ചിറ - കെടാംപാടം റോഡിൽ മംഗലംപ്പുഴയിൽ ഒരു പാലം നിർമ്മിച്ച് (വടക്കഞ്ചേരി പഞ്ചായത്ത്) ഗതാഗത യോഗ്യമാക്കണം.

2. 8-ാം വാർഡിൽ വാരൂന്നിൽ നിന്ന് തേനുടിക്കലേക്ക് (വടക്കഞ്ചേരി പഞ്ചായത്ത്) ചേരുന്നു റോഡ് ടാർ ചെയ്യണം.

3. പന്തലാംപാടം - പോത്തുചാടി - പനംകുററി വഴി വാൽക്കുളമ്പിലേക്ക് ബന്ധിക്കണം. (കിഴക്കഞ്ചേരി പഞ്ചായത്ത്) ശങ്കരൻ കണ്ണൻ തോട്ടിൽ നിന്ന് ചക്കുണ്ടിലേക്ക് (വടക്കഞ്ചേരി - പഞ്ചായത്ത്) യോജിപ്പിക്കണം.

4. പാറക്കൽ റോഡ് മാർലാഡ് തെരുവുമായി (പുതുക്കോട് പഞ്ചായത്ത്) ബന്ധിപ്പിക്കുന്നതിന് ഒരു പാലം പണിയണം.

5. കണ്ണമ്പ്ര 7-ാം വാർഡിൽ നിന്ന് പാടം വഴി തോടിന് പാലം കെട്ടി പുതുക്കോട് തെരുവുമായി ബന്ധിപ്പിക്കണം.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ഏററവും ഗതാഗതം കൂടിയ റോഡുകളാണ് വാണിയംമ്പാറ - തെന്നിലാപുരം റോഡും, വടക്കഞ്ചേരി - മണപ്പാടം റോഡും: ഇതിൽ തന്നെ ഏററവും അടിയന്തിരമായി ചെയ്തു തീർക്കേണ്ടത് വാണിയംമ്പാറ - തെന്നിലാപുരം റോഡിൻെറ (പി. ഡബ്ലിയു. ഡി. വർക്ക്) റീടാറിങ്ങാണ്. അതുപോലെ വടക്കഞ്ചേരി - മണപ്പാട് റോഡിൻെറ അപകട സാദ്ധ്യതയുള്ള വളവുകൾ നികത്തി വീതി കൂട്ടി റീ ടാറിംഗ് നടത്തേണ്ടതാണ്. പഞ്ചായത്തിലെ മക് ടാറിട്ട റോഡുകളുടെ അററകുററ പണി യഥാസമയം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. അതിൻെറ പട്ടിക താഴെ ചേർക്കുന്നു.

| നമ്പർ | പേര് | ഉടമസ്ഥത | കി. മി. നീളം | വീതി മീററർ | ബസ്സ് ഉണ്ട് | ഓട്ടം ഇല്ല |
|---|---|---|---|---|---|---|
| 1 | ശങ്കരൻ കണ്ണൻതോട് | | | | | |
| | വാണിയംമ്പാറ N H | CPWD | | ഉണ്ട് | 4 | |
| 2 | തെന്നിലാപുരം | | | | | |
| | വാണിയമ്പാറ | PWD | 12 | 8 | ഉണ്ട് | |
| 3 | കല്ലിങ്കൽപ്പാടം | | | | | |
| | പന്തലാംപാടം | പഞ്ചായത്ത് | 1 | 8 | ഇല്ല | |
| 4 | കണ്ണമ്പ്ര ജംഗ്ഷൻ | | | | | |
| | കാരപ്പൊററ | PWD | 3 | 8 | ഉണ്ട് | |
| 5 | വടക്കഞ്ചേരി | | | | | |
| | മണപ്പാടം | PWD | 7 | 8 | ഉണ്ട് | |
| 6 | കല്ലിങ്കൽപ്പാടം | | | | | |
| | വാഴോട് | പഞ്ചായത്ത് | 1 | 8 | ഉണ്ട് | |
| 7 | മന്ദത്തുപറമ്പ് | പഞ്ചായത്ത് | 1.350 | 8 | ഉണ്ട് | |
| | ചല്ലിപറമ്പ് | | | | | |
| 8 | കാരപ്പൊററ | | | | | |
| | ഇളനാട് | പഞ്ചായത്ത് | 2.1 | 8 | ഉണ്ട് | |
| 9 | തോട്ടുപാലം | | | | | |
| | അഞ്ചുമുറി | പഞ്ചായത്ത് | 600 മീ. | 8 | - | |
| 10 | ചിററ - | | | | | |
| | കെടാംപാടം | | | | | |
| | റോഡ് | പഞ്ചായത്ത് | 1 കി. മീ. | 8 | ഇല്ല | |
| 11 | കാരപ്പൊററ- | | | | | |
| | സർവജനാ | | | | | |
| | ഹൈസ്ക്കൂൾ | | | | | |
| | റോഡ് - തെക്കെ | | | | | |
| | ഗ്രാമം | പഞ്ചായത്ത് | 1.300 | 7 | ഇല്ല | |
| 12 | കൊട്ടേക്കാട് - | | | | | |
| | ചൂർക്കുന്ന് | പഞ്ചായത്ത് | 2 കി. മി. | 7 | ഇല്ല | |

നമ്മുടെ ഗ്രാമപഞ്ചായത്തിൽ മെററൽ റോഡുകളുടെ നീളം 18.30 കി. മീററാണ്. പഞ്ചായത്തിലെ വിവിധ മേഖലകളെ ബന്ധിപ്പിക്കുന്നു മെററൽ റോഡുകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. വളരെ അടിയന്തിരമായി ഗതാഗത യോഗ്യമാക്കാൻ കഴിയുന്ന മെററൽ റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ മെററൽ റോഡുകൾ

| നമ്പർ | റോഡ് | നീളം കി. മീ. | വീതി മീ. | മെററൽ വർക്ക് ഉണ്ട് | മെററൽ വർക്ക് ഇല്ല |
|---|---|---|---|---|---|
| 1 | പന്തലാംപാടം - പോത്തു ചാടി | 6.45 | 8 | ഉണ്ട് | |
| 2 | പന്തലാംപാടം - രക്കാണ്ടി കോളനി റോഡ് | 0.8 | 4 | ,, | |
| 3 | കൈവളാം കാട് - ചൂർക്കുന്ന് | 0.5 | 5.2 | ,, | |
| 4 | ചല്ലിപറമ്പ് - വാളുവച്ചപാറ | 2.3 | 8 | ,, | |
| 5 | മന്ദത്തുപറമ്പ് - കിഴക്കേക്കളം | 0.44 | 5 | ,, | |
| 6 | കാരപ്പൊററ - വലുകുളം | 0.57 | 4 | ,, | |
| 7 | മാട്ടുവഴി - അത്താണിപറമ്പ് | 0.8 | 5 | ,, | |
| 8 | പടിഞ്ഞമുറി - തററോഡ് | 0.2 | 3.2 | ,, | |
| 9 | തേവരക്കാടവ് - തെക്കേ ഗ്രാമം | 0.4 | 6 | ,, | |
| 10 | കാരപ്പൊററ - സർവജനാ എച്ച്. എസ്. റോഡ് | 0.75 | 6.5 | ,, | |
| 11 | കാരപ്പൊററ - പുളിക്കപറമ്പ് | 0.6 | 3 | ,, | |
| 12 | കൊട്ടേക്കാട് - ചൂർക്കുന്ന് | 0.37 | 3.5 | ,, | |
| 13 | കൊട്ടേക്കാട് - കണ്ണമ്പ്ര യു. പി. സ്ക്കൂൾ | 0.65 | 7 | ,, | |
| 14 | R മംഗലം തറ - കോതനം റോഡ് | 0.68 | 7.3 | ,, | |
| 15 | R മംഗലം - ഗ്രാമം റോഡ് | 0.68 | 7.3 | ,, | |
| 16 | കണ്ണമ്പ്ര - പാറക്കൽ റോഡ് | 0.54 | 5.5 | ,, | |
| 17 | നടത്തിപ്പാറ - ചുവട്ടുപാടം | 1.4 | 6 | ,, | |
| 18 | നരസിംഹമൂർത്തി - പാതിരാപറമ്പ് | 1.7 | 5 | ,, | |
| 19 | കൊളയക്കാട് നോർത്ത് ഹരിജൻ കോളനി റോഡ് | 0.9 | 6 | ,, | |
| 20 | പ്രാക്കുളം - കിഴക്കുമുറി റോഡ് | 0.6 | 3.5 | ,, | |
| 21 | കിഴക്കേമുറി - ഹരിജൻ കോളനി റോഡ് | 0.5 | 4 | ,, | |
| 22 | കിഴക്കു മുറി - ആറാം തൊടി റോഡ് | 0.750 | 6 | ,, | |
| 23 | വാരുകുന്ന് -തേനിടുക്ക് റോഡ് | 0.650 | 6 | ,, | |
| 24 | വാരുകുന്ന് - വളയൽ റോഡ് | 0.650 | 5 | ,, | |
| 25 | മഞ്ഞപ്ര - കൈക്കൊളത്തറ റോഡ് | 0.550 | 4 | ,, | |
| 26 | ചിറ - കവറത്തറ - നാലിലക്കായി റോഡ് | 1.450 | 6 | ,, | |
| 27 | നൊച്ചിപറമ്പ് റോഡ് | 0.400 | 3.50 | ,, | |
| 28 | പോഴക്കുളം - നെടുകത്തറ | 0.420 | 5 | ,, | |

| നമ്പർ | റോഡ് | നീളം | വീതി | മെററൽ വർക്ക് | |
|---|---|---|---|---|---|
| | | കി. മീ. | മീ. | ഉണ്ട് | ഇല്ല |
| 29 | കൊന്നഞ്ചേരി - പൂങ്കുത്തറ റോഡ് | 0.685 | 4.50 | ,, | |
| 30 | ചുങ്കത്തൊടി - പുളക്കൽ റോഡ് | 1.200 | 5 | ,, | |
| 31 | ചൂർക്കുന്ന് - കുണ്ടം ചിററോഡ് | 0.900 | 5.5 | ,, | |
| 32 | ചൂർക്കുന്ന് - താഴെ മൂർക്കുന്ന് റോഡ് | 0.500 | 5 | ,, | |
| 33 | കൊക്കികുളമ്പ് - മാങ്ങോട് റോഡ് | 1 | 8 | ,, | |
| 34 | രക്കാണ്ടി - പറയൻപ്പൊററ ഹരിജൻ കോളനി | 1 | 6 | ,, | |
| 35 | ചല്ലിപറമ്പ് - മരുതകുന്ന് റോഡ് | 1 | 6 | ,, | |

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏകദേശം 67.20 കി. മീ. നീളത്തിൽ മണ്ണ് റോഡുകളുണ്ട്. നിരവധി റോഡുകൾ പുതിയതായി നിർമ്മിച്ചവയും, പഴയ റോഡുകളിൽ പലതും യാതൊരു വിധ പണി ചെയ്യാത്തതുമായ റോഡുകളും ഇതിൽപ്പെടുന്നു. പഞ്ചായത്തിലെ പതിനൊന്നു വാർഡുകളുടെയും അത്യാവശ്യ ഗതാഗതത്തിന് അടിയന്തിരമായി നേരെയാക്കേണ്ടതാണം ഈ റോഡുകൾ. മിക്ക റോഡുകളുടെയും ഇരുവശവും ചാലുകൾ കീറി മഴക്കാലത്ത് വെള്ളം ഒഴുക്കിവാടാത്തതിനാൽ വെള്ളം കെട്ടി നിന്ന് റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞതാകാൻ ഇടയാവുന്നു. വളരെ അടിയന്തിരമമായി പ്രവർത്തനയോഗ്യമാക്കുകയും പിന്നീട് മെററൽ ചെയ്ത്, ടാർ ചെയ്യേണ്ടതുമായ റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | വാളവച്ചപാറ - നടത്തിപ്പാറ | 1.400 | 4 | മണ്ണ് |
| 2 | വാഴോട് അമ്പത് - കോളനി റോഡ് | 1.000 | 4 | ,, |
| 3 | ചൂണ്ടപ്പാടം - കർള്ളോട് റോഡ് | 2.200 | 4.50 | ,, |
| 4 | കല്ലിങ്കൽപ്പാടം - ആശുപത്രി റോഡ് | 0.210 | 4 | |
| 5 | നീലിപ്പാറ എച്ച്. എസ്. - പുത്തൂർ റോഡ് | 1.400 | 4 | |
| 6 | കല്ലിങ്കൽപ്പാടം - കുളങ്ങര റോഡ് | 1.000 | 6 | |
| 7 | നടത്തിപ്പാറ - കർള്ളോട് റോഡ് | 0.800 | 5.5 | |
| 8 | കല്ലിങ്കൽപ്പാടം - ആശുപത്രി കോളനി റോഡ് | 0.700 | 4 | |
| 9 | കല്ലിങ്കൽപാപടം - മണിമല റോഡ് | 0.600 | 4 | |
| 10 | അത്താണി കുളമ്പ് - കുമ്പള റോഡ് | 1.000 | 4 | |
| 11 | മേരിഗിരി - വാളുവച്ചപാറ | 1.000 | 5 | |
| 12 | രക്കാണ്ടി - തൊഴുത്തുപാറ | 1.000 | 6 | |
| 13 | രക്കാണ്ടി - പറയൻപ്പൊറ | 0.400 | 4 | |
| 14 | താഴെ കല്ലിങ്കൽപ്പാടം - കോളനി റോഡ് | 0.150 | 3.50 | |
| 15 | പറയാം പ്പൊററ - കുബളപാടി റോഡ് | 0.450 | 4 | |
| 16 | ഓട്ടൂർ - തേലക്കാട് റോഡ് | 0.300 | 3.60 | |
| 17 | കുണ്ടംചിറ - ചൂർക്കുന്ന് റോഡ് | 0.900 | 5.50 | |
| 18 | ചൂർക്കുന്ന് - പടിഞ്ഞാറെ കിണർ റോഡ് | 0.550 | 4.50 | |
| 19 | കൈവളാംകാട് - കുണ്ടംചിറ റോഡ് | .500 | 3.00 | |
| 20 | മേലെ ചൂർക്കുന്ന് - പടിഞ്ഞാറെക്കുളം ലിങ്ക് റോഡ് | 0.500 | 4.50 | |
| 21 | വലുപറമ്പ് - തെക്കേ കൂരോട് | 0.350 | 4 | |
| 22 | കണ്ണമ്പ്ര യു. പി. - തെക്കേകൂരാട് | 0.100 | 3 | |
| 23 | വലുപറമ്പ് - ചെട്ടിത്തറ | 0.200 | 3 | |

| | | | |
|---|---|---|---|
| 24 | ചല്ലിപറമ്പ് - മരുതകുന്ന് | 0.720 | 4.70 |
| 25 | വെട്ടുകാട് - ചേവക്കോട് | 1.150 | 5.50 |
| 26 | വാളുവച്ചപാഠ - അമ്പലം റോഡ് | 0.220 | 5 |
| 27 | മന്ദത്തുപറമ്പ് - ചെല്ലിപറമ്പ | 0.100 | 3 |
| 28 | കിഴക്കേകളം റോഡ് | 0.700 | 4.50 |
| 29 | മന്ദത്തുപറമ്പ് - ഭഗവതി പറമ്പ് | 0.300 | 4 |
| 30 | കാരപ്പൊററ - കൂടപ്പുര റോഡ് | 0.260 | 3.70 |
| 31 | കാരപ്പൊററ - ആലുംപട്ടി റോഡ് | 0.560 | 4.50 |
| 32 | പുഞ്ച - പുലിക്കോട് റോഡ് | 0.650 | 4 |
| 33 | കാരപ്പൊററ - തെരുവ് റോഡ് | 0.150 | 4 |
| 34 | ആലുംപെട്ടി - തെരുവ് ലിങ്ക് റോഡ് | 0.200 | 5 |
| 35 | കാരപ്പൊററ- കുന്നുംകാട് തെരുവ് | 0.350 | 3.50 |
| 36 | കൊട്ടേക്കാട് - പള്ളി റോഡ് | 0.300 | 3.80 |
| 37 | തോട്ടുപാലം - പാറക്കാടവ് | 0.380 | 4.50 |
| 38 | മണ്ണാംപറമ്പ് റോഡ് | 0.150 | 3.50 |
| 39 | കണ്ണംപറ - കമ്മാന്തറ റോഡ് | 0.200 | 3.50 |
| 40 | R മംഗലം റോഡ് - മേയ്ക്കര റോഡ് | 0.200 | 3.50 |
| 41 | മടത്തിപ്പറമ്പ് - ഇടവഴി റോഡ് | 0.070 | 4 |
| 42 | ഉരുണിപ്പാറ - ഗ്രാമ റോഡ് | 0.450 | 4 |
| 43 | നാട്ടുകൽ - ഗ്രാമം റോഡ് | 0.300 | 4 |
| 44 | നാട്ടുകൽ - പ്ലായിക്കര റോഡ് | 0.300 | 4 |
| 45 | നാട്ടുകൽ - കന്മാന്തറ റോഡ് | 0.200 | 3 |
| 46 | കൊളയംകാട് - പുഴ റോഡ് | 0.350 | 3 |
| 47 | കെളയംക്കാട്ട് - കുന്നുശ്ശേരി പറമ്പ് | 0.500 | 3.50 |
| 48 | കൊളയക്കാട് - ലക്ഷം വീട് | 0.350 | 3 |
| 49 | കുന്നശ്ശേരി പറമ്പ് - H C റോഡ് | 0.550 | 4 |
| 50 | പ്രാക്കുളം റോഡ് | 0.7502 | 4.30 |
| 51 | പടിഞ്ഞാറെ പാടം റോഡ് | 0.250 | 4 |
| 52 | പെൽമെററൽ കോളനി | 0.500 | 3 |
| 53 | ശാസ്താ റൈസ് മിൽ - പേരലി റോഡ് | 0.420 | 3.50 |
| 54 | ചങ്ങനംകണ്ടം റോഡ് | 0.220 | 5 |
| 55 | കളംപറമ്പിൽ ലൈൻ | 0.100 | 3.50 |
| 56 | വലുളി റോഡ് | 0.150 | 3.50 |
| 57 | കണ്മാന്തറ - പട്ടത്തറ | 0.550 | 3 |
| 58 | കിഴക്കുമുറി - ആറാം തൊടി | 0.250 | 5 |
| 59 | കിഴക്കുമുറി റോഡ് | 0.600 | 5 |
| 60 | ചിറ - മംഗലം പുഴ റോഡ് | 1.000 | 6 |
| 61 | ചിറ - നായാടി കോളനി | 0.200 | 5 |
| 62 | കിഴക്കുമുറി - ചേറുങ്കോട് കുളം | 0.625 | 4 |
| 63 | ചിറ - പൂത്തറ റോഡ് | 0.300 | 3 |
| 64 | ചിറ - കെടാംമ്പാടം റോഡ് | 1.000 | 8 |
| 65 | ചിറ - പൂളക്കൽ റോഡ് | 0.200 | 3 |
| 66 | ചുങ്കത്തൊടി - മന്നം റോഡ് | 0.425 | 4.5 |
| 67 | കിഴക്കുംറി - കോളനി റോഡ് | 0.700 | 5 |
| 68 | കുണ്ടുകാട് - ശിവ ക്ഷേത്രം | 0.150 | 4.5 |
| 69 | കനാൽ പാലം - കുറിച്ചിലാങ്ങാട് റോഡ് | 0.530 | 5 |
| 70 | കൊന്നേത്തുപാടം - ശിവക്ഷേത്രം | 0.300 | 4 |

| | | | |
|---|---|---|---|
| 71 | ആമകുളം റോഡ് | 0.200 | 4 |
| 72 | കാരക്കാട്ട് - കൊന്നേത്തുപാടം | 0.30 | 3.50 |
| 73 | കായേൻ കാട് - ആശാരിത്തറ | 0.400 | 3.50 |
| 74 | ചൂർക്കുന്ന് - പടിഞ്ഞാറെ കുളം | 0.400 | 3.50 |
| 75 | പണ്ടാരം കുളം റോഡ് | 0.330 | 6 |
| 76 | ചൂർക്കുന്ന് - കുന്നംപ്പുള്ളി റോഡ് | 0.385 | 4.20 |
| 77 | ശങ്കരം കണ്ണൻ തോഡ് - ചക്കുണ്ട് | 0.700 | 6 |
| 78 | മേക്കുന്ന് റോഡ് | 0.225 | 3.50 |
| 79 | കൊട്ടേക്കാട് - കൽച്ചറ റോഡ് | 5.00 | 4 |
| 80 | കൊട്ടേക്കാട്ട് പുള്ളിക്കപറമ്പ് | 7.00 | 4 |
| 81 | കൊട്ടേക്കാട് - ചേറുംക്കോട് (എസ്. ജെ. എച്ച്. എസ്.) | 1.500 | 4 |
| 82 | കൊട്ടേക്കാട് - നായർ തറ | 5.00 | 4 |
| 83 | കൊട്ടേക്കാട് - പുള്ളിക്കപറമ്പ് | 1.000 | 4 |
| 84 | കൊട്ടേക്കാട് - ചെറുക്കുട്ടാൻകടവ് റോഡ് | 7.00 | 4 |
| 85 | ചേറുകോട് - എഴുത്തച്ഛൻത്തറ റോഡ് | 3.00 | 3 |
| 86 | കുണ്ടൻചിറ - കുന്നുംമ്പുള്ളി റോഡ് | 2.50 | 4 |
| 87 | കോതനം - വളയൽ | 1.000 | 6 |
| 88 | മേരിഗിരി - കുമ്പളപ്പാടി റോഡ് | 4.50 | 4 |
| 89 | കൊട്ടേക്കാട് - തോട്ടുചാൽ റോഡ് | 400 | 4 |
| 90 | തേവാരകടവ് - L. V. L. P. S. റോഡ് | 1000 | 4 |
| 91 | പറയൻപ്പെറ - കുമ്പളപ്പാടി റോഡ് | 1000 | 6 |
| 92 | മേരിഗിരി - വാളുവെച്ച പാറ റോഡ് | 2000 | 6 |
| 93 | പുളിക്കപറമ്പ് - തോട്ടുച്ചാൽ റോഡ് | 5.00 | 4 |
| 94 | പുത്തൂർ - കൊളങ്ങര റോഡ് | 1 | 6 |
| 95 | രക്കാണ്ടി - കവറപ്പാറ റോഡ് | 7.00 | 5 |
| 96 | മാട്ടുവഴി - അയ്യപ്പൻ കാവ് റോഡ് | 5.00 | 4 |
| 97 | കുന്നംകാട് തെരുവ് പുളിക്കപറമ്പ് | 5.00 | 4 |
| 98 | തെക്കെ ഗ്രാമം - തേവാരകാടവ് റോഡ് | 4.00 | 5 |
| 99 | പടിഞ്ഞാട്ടുമുറി - കുന്നുംപുറം | 1 | 4 |
| 100 | ചിറ - ചിറയിൽ കുളം റോഡ് | 2.50 | 4 |
| 101 | കവറത്തറ - പാടം | 3.00 | 43 |
| 102 | പൂത്തറ - കോതനംചിറയിൽ കുളം | 5.00 | 4 |
| 103 | കൊട്ടേക്കാട് - ചേറുകോട് | 6.00 | 4 |
| 104 | നടത്തിപ്പറ - വാളുവെച്ച് പാറ | 1.5000 | 4 |
| 105 | ചേറുംകോട് - എഴുത്തച്ഛൻ തറ | 2 | 4 |
| 106 | പുഞ്ച - പുലിക്കോട് | 1.500 | 4 |
| 107 | നടത്തിപ്പറ കോളനി | 1 | 4 |
| 108 | ചല്ലിപ്പറമ്പ് - നായക്കകൂടാരം | 1 | 4 |
| 109 | ചല്ലിപ്പറമ്പ് മരുതകുന്ന് - തെക്കുംഭാഗത്ത് റോഡ് | 1 | 4 |
| 110 | കൊളക്കാട് ഇടവഴി റോഡ് | 7.00 | 4 |
| 111 | കൊളക്കാട് ലക്ഷം വീട് കോളനി | 7.50 | 4 |
| 112 | കളത്തിങ്കൽ കർളോട് റോഡ് | 2 | 6 |
| 113 | കാരപ്പൊററ - ആലുംപ്പെടി | 4.00 | 6 |
| 114 | കാരപ്പൊററ - കുന്നംപുള്ളി മാങ്ങോട് | 3 | 6 |
| 115 | കാരപ്പൊററ - അങ്കണംവാടി റോഡ് | 2.00 | 116 |
| 116 | മരുംകുന്ന് വടക്കുപ്പാടം റോഡ് | 1 | 4 |
| 117 | R മംഗലം - വടക്കുമുറി മന്ദത്തുപറമ്പ് കനാൽ ബണ്ട് | 7.00 | 7 |

118 കെളയ്ക്കാട് ലക്ഷം വീട് കോളനി റോഡ്
119 കൊളയ്ക്കാട് ഇടവഴി റോഡ്
120 കുന്നംകാട് ഇടവഴി റോഡ്
121 വലുപറമ്പ് - ഗ്രാമ റോഡ്

നമ്മുടെ പഞ്ചായത്തിലെ മിക്ക റോഡുകളും വർഷങ്ങൾക്കുമുൻപ് നിരമ്മിച്ചതും, പണിപൂർത്തിയക്കിയതുമാണ്. എന്നാൽ ദിനം പ്രതി നമ്മുടെ പ്രദേശങ്ങൾക്ക് വന്നുകൊണ്ടിരിക്കുന്ന മാററത്തിന് റോഡുകളുടെ എണ്ണം കൂടിയേ തീരു. ഇപ്പോൾ നമ്മുടെ പ്രദേശങ്ങളെ തമ്മിൽ യോജിപ്പിക്കുന്നു നിരവധി നടവഴികളാണ് ഉള്ളത്. ഇത്തരത്തിലുള്ള നടവഴികൾ വാഹനങ്ങൾക്ക കടന്നുപോവാൻ കിഴയും വിധം വീതികൂട്ടി, മെററലിംഗ് ടാറിംഗും നടത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള റോഡുകൾ കൂടുതലാണ് നമ്മുടെ പഞ്ചായത്തിൽ. റോഡുകളുടെ പട്ടിക വാർഡ് അടിസ്ഥനത്തിൽ താഴെ കൊടുക്കുന്നു.

## പുതുതായി നിർമ്മിച്ച് ടാറിംഗ് നടത്തേണ്ട റോഡുകളുടെ പട്ടിക.

I മാങ്ങോട് - ആറിങ്കൽ പ്പാടം റോഡ്
കർളോട് - ആറിങ്കൽ പ്പാടം റോഡ്
പുത്തൂർ - മൈലാടുംബാറ റോഡ്
ചൂർക്കുന്ന് - കുന്നം പുള്ളി റോഡ് - ഇളനാട്
കാരപ്പൊററ - മാങ്ങോട് റോഡ്
ചൂർക്കുന്ന് - മാങ്ങോട് റോഡ്
ചൂണ്ടപ്പാടം - കർളോട് റോഡ്
കല്ലിങ്കൽ പ്പാടം - കർളോട് റോഡ്

II നായര് വീട് മുക്ക് - ചൂർക്കുന്ന് ക്രോസ് വേ റോഡ് നായർ
ചൂർക്കുന്ന് - പടിഞ്ഞാറെ കിണർ റോഡ്
ചൂർക്കുന്ന് - പുളിക്കൽ പറമ്പ് റോഡ്
കല്ലേരി - ചെട്ടിത്തറ റോഡ്

III വാളുവെച്ചപാറ - നടത്തിപാറ ഹരിജൻ കോളനി റോഡ്
വെട്ടുകാട് - ചേവക്കോട് റോഡ്
ഭഗവതി പറമ്പ് - നായക്ക കൂടാരം റോഡ്
മന്ദത്തുപറമ്പ് - കിഴക്കേക്കളം റോഡ്
ചല്ലിപറമ്പ് - വാളുവായ പാറ റോഡ്
മരുതകുന്ന് റോഡ്
വാമലക്ക് പടവുകൾ കെട്ടി നിർമ്മിക്കുക.

IV കാരപ്പൊററ -മാട്ടുവഴി റോഡ്
കാരപ്പൊററ പള്ളി വഴി വലുകുളം റോഡ്
കാരപ്പൊററ - മാങ്ങോട് റോഡ്
കാരപ്പൊററ - ഹരിജൻ കോളനി റോഡ്
കാരപ്പൊററ - കുന്നം പുള്ളി റോഡ്
കാരപ്പൊററ - പടിഞ്ഞാറെ മുറി, പുഞ്ച - പുലിക്കോട് റോഡ്
കാരപ്പൊററ - കല്ലുംകുളം റോഡ്
കാരപ്പൊററ - ചേറും കോട് റോഡ്
കൊട്ടേക്കാട് - ചേറുംകോട് - പുതുക്കോട് റോഡ്
കാരപ്പൊററ - മാട്ടുവഴി - കല്ലം കുളം - പടിഞ്ഞാറെ - മുറി റോഡ്

V കാരപ്പൊററ - സർജനം ഹൈസ്ക്കൂൾ റോഡ്
കൊട്ടേക്കാട് - സർവജനം ഹൈസ്ക്കൂൾ (കനാൽ)
പുതക്കോട് ജി. എ. എൽ. പി. - ചേറുംകോട് തേവാരക്കടവ്
കൊട്ടേക്കാട് - കുണ്ടൻകുളം റോഡ്
പുളിക്കൽ പറമ്പ് - തോട്ടുചാൽ റോഡ്
കാരപ്പൊററ - കുന്നംകാട് തെരുവ് റോഡ്
കുന്നംകാട് തെരുവ് - പുളിക്കൽ പറമ്പ്
കൊട്ടേക്കാട് തറ - പുളിയ്ക്കപറമ്പ് റോഡ്
ചേറുക്കോട് - മാട്ടുവഴി അയ്യപ്പൻ കാവ്
കൊട്ടേക്കാട് - ചൂർക്കുന്ന് റോഡ്
കൊട്ടേക്കാട് - തോട്ടചാൽ റോഡ്

VI കുന്നംകാട് - പാതിരിപറമ്പ് റോഡ്
കിഴക്കേത്തറ - മഞ്ഞപ്ര റോഡ്
R മംഗലം കിഴക്കേത്തറ റോഡ്

VII പാറയ്ക്കൽ - ചക്കുതൊടി - നെല്ലാനിക്കാട് റോഡ്
നെല്ലാനിക്കാട് - വല്ലുപറമ്പ് റോഡ്
നരസിംഹമൂർത്തി - പാതിരാപറമ്പ് റോഡ്
വലുപറമ്പ് - നാട്ടുകൽ റോഡ്
ചുണ്ണാമ്പ്ത്തറ - പാറയ്ക്കൽ റോഡ്
കൊളയ്ക്കാട് ഇടവഴി റോഡ്
കൊളയ്കാട് ലക്ഷം വീട് ഇടവഴി റോഡ്
മാത്തി പറമ്പ് ഇടവഴ റോഡ്

VIII പ്രാക്കുളം - മഞ്ഞപ്ര PWD റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.
ഗ്രാമം റോഡ് പാടം വഴി - വലുപറമ്പ റോഡുമായി ബന്ധപ്പിക്കുക.
കെളയക്കാട് റോഡ്

കുനിശ്ശേരി പറമ്പ് - IHDP കോളനി
ശ്മശാനം റോഡ്
ആറാം തൊടി - പ്രാക്കുളം റോഡ്
HUP സ്ക്കൂൾ റോഡ്
വാരുകുന്ന് - വളയൽ പട്ടത്തറ റോഡ്
വാരുകുന്ന് - വളയൽ - പട്ടത്തറ റോഡ്
ലക്ഷം വീട് കോളനി കുനിശ്ശേരിക്കളം വഴിപുഴക്കര റോഡ്

IX ചിറ - കടമ്പാടം - മംഗലം റോഡ്
കമ്മാന്തറ - തെക്കേത്തറ - പൂത്തറ ലിങ്ക് റോഡ്
ചിറ - മംഗലംപുഴ ലിങ്ക് റോഡ്
ചിറ - കവറത്തറ റോഡ്
കൈകൊളത്തറ റോഡ് - പുത്തൻ കുളം - പാടം വഴി - മംഗലം പുഴ റോഡ്
കവറത്തറ ചുറി - പാടം റോഡ്
ചിറ - കുറുമാലി റോഡ്
ചിറ - ചിറയിൻക്കുളം റോഡ്
ബെൽമെററൽ സൊസൈററിയുടെ മുൻ വശത്തുള്ള റോഡ്
പട്ടത്തറ - ചങ്കരൻ കണ്ടം റോഡ്
നാലുപുര - പുഴ റോഡ്

X കാരയങ്കാട് - നായ്ക്കത്തറ റോഡ് കുണ്ടുകാട് - പാറക്കുണ്ട് റോഡ്
കാരയംകാട് - ആമക്കുളം റോഡ്
കാരയംകാട് - ആമക്കുളം റോഡ്
മാരിയമ്മൻ കോവിൽ - നാഷണൽ ഹൈവേ റോഡ്
കൊന്നഞ്ചേരി - മന്ദം റോഡ്
C A H S ഗ്രൗണ്ട് - ശിവകോവിൽ റോഡ്
ചുങ്കത്തൊടി കനാൽപ്പാലം - പോഴക്കുളം ഹരിജൻ കോളനി

XI രക്കാണ്ടി - കവറപ്പാറ ലിങ്ക് റോഡ്
പറയമ്പൊററ - നീലിപ്പാറ ലിങ്ക് റോഡ്
പന്തലാംപാടം - പറയമ്പൊററ - ഹരിജൻ കോളനി റോഡ്
പന്തലാംപാടം - പറയമ്പൊററ - ഹരിജൻ കോളനി റോഡ്
വാളുവച്ച പാറ - അമ്പലം റോഡ്
മേരിഗിരി - വാളുവ്ചച പാറ റോഡ്
മേരിഗിരി - അത്തണിക്കുളമ്പ് റോഡ്
നടത്തിപാറ - കോളനി റോഡ്
വാളുവച്ച പാറ - ചെമ്മണം കുന്ന് ചക്കുണ്ട് റോഡ്

നമ്മുടെ പഞ്ചായത്തിൽ ഗതാഗതം യോഗ്യമായ കുറെ റോഡുകളും പാലങ്ങളുടെ അഭാവം മൂലം ഗതാഗത കുരുക്കിനെ നേരിടുന്നു. വേണ്ട വിധത്തിൽ പാലങ്ങൾ നിർമ്മിച്ചാൽ വളരെ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടും വിധം റോഡുകൾ ഉപയോഗിക്കാവുന്നതാണ്. വളരെ അടിയന്തിരമായി പാലം നിർമ്മിക്കേണ്ട സ്ഥലങ്ങളും, റോഡുകൾ ബന്ധിക്കുന്ന വാർഡുകളുടെ പേരും പട്ടികാ രൂപത്തിൽ താഴെ ചേർക്കുന്നു.

| വാർഡ് | നിർമ്മിക്കേണ്ട പാലങ്ങളും അവ ഉൾക്കൊള്ളുന്ന റോഡുകളുടെയും പേരുകൾ |
|---|---|
| 3 | വാളുവച്ച പാറ റോഡ് - നടത്തിപ്പാറ റോഡിന് പാലം നിർമ്മിക്കണം. |
| 9 | മംഗലം പുഴക്ക് കുറുകെ പുഴക്കൽ പറമ്പുമായി ബന്ധിപ്പിച്ച് മാഗലം പുഴയിൽ പാലം നിർമ്മിക്കുക. |
| 7 | (a) പാറയ്ക്കൽ റോഡ് മാർലാഡ് തെരുവുമായി ബന്ധിപ്പിക്കുന്നതിന് പാലം നിർമ്മിക്കുക.<br>(b) നരസിംഹമൂർത്തി പാതിരിപറമ്പ് റോഡ് മാർലാർഡ് തെരുവ് (പുതുക്കോട് പഞ്ചായത്ത് കണ്ണമ്പ്ര പഞ്ചായത്ത്) എന്നിവ ചേർന്ന് ഒരു പാലം നിർമ്മിക്കുക. |
| 5 | കൊട്ടേക്കാട് ചേറുംകോട് (മംഗലം ഡാം മെയിൻ കനാലിന് കുറകെ ഒരു നടപ്പാലം നിർമ്മിക്കുക) |

വർഷങ്ങൾക്കുമുമ്പ് സർവെ നടത്തിയ കൊല്ലംങ്കോട് തൃശൂർ റെയിൽവെ ലൈൻ, വർദ്ധിച്ച വ്യവസായിക വാണിജ്യ ഗതാഗത സൗകര്യങ്ങൾ പരിഗണിച്ച് സാധ്യതയുണ്ടോ എന്ന് പരിശോധിക്കുക.

പാലക്കാടിൻെറയും തൃശൂരിൻെറയും മധ്യഭാഗമായ കണ്ണമ്പ്ര പഞ്ചായത്തിൽ ഗവൺമെൻറ് ഉടമസ്ഥതയിക്ഷലുള്ള ബസ്സുകൾ ഒന്നും തന്നെ ഇല്ല. ഈ പ്രദേശങ്ങളിൽ ഉള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തിരമായി കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുള്ള ഏർപ്പാടുകൾ സ്വീകരിക്കുക.

## ഊർജ്ജം

വൈദ്യുതിയും, വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചക വാതകം, കൽക്കരി എണ്ണം, എണ്ണയുൽപന്നങ്ങൾ തുടങ്ങിയവും എല്ലാം അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഊർജ്ജാസൂത്രണമാകണം സമ്പൂർണ ഊർജ്ജാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രാമതലത്തിൽ നടക്കുന്ന ഊർജ്ജാസൂത്രണം കൊണ്ടേ ഊർജ്ജ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ കഴിയൂ.

1964 നവംബർ മാസത്തിലാണ് നമ്മുടെ പഞ്ചായത്തിലേക്ക് ആദ്യമായി വൈദ്യുതി കടന്നു വന്നതെന്ന് പറയപ്പെടുന്നു. മഞ്ഞപ്രയിലാണ് ആദ്യത്തെ ട്രാൻസ്ഫോർമർ സ്ഥാപിച്ചത് പിന്നീടാണ് കണ്ണമ്പ്ര തിയേററിന് മുൻപിലുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചത്. അന്ന് പാലക്കാട് സബ്സ്റേഷനിൽ നിന്ന് ആലത്തൂർ ഫീഡർ വഴിയാണ് ആധുനിക ഊർജ്ജം പഞ്ചായത്തിൽ എത്തിയത്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ എത്തിയത്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് 30 കി. മീ. അകലെയുള്ള നെൻമാറയിലെ 66 കെ. വി. സബ്സ്റേഷനിൽ നിന്ന് മുടപ്പല്ലൂർ ഫീഡർ വഴിയാണ്. പഞ്ചായത്തിൽ 1560 ഗാർഹിക കണക്ഷനുകളുണ്ട്. 135 കണക്ഷനുകൾ വ്യാപാരാവശ്യത്തിനും 45 കണക്ഷനുകൾ വ്യവസായത്തിനും 314 കണക്ഷനുകൾ കാർഷിക ആവശ്യത്തിനും ഉപയോഗിക്കുന്നുണ്ട്. പുതിയ കണക്ഷനുകൾ ലഭിക്കാനു

ള്ളവരുടെ എണ്ണം, ഓർഡിനറി വിഭാഗത്തിൽ 115 ഉം, OYEC വിഭാഗത്തിൽ 24 ഉം ആണ്. അവസാനത്തെ കണക്ഷൻ നൽകിയത് 9-1-96 ആണ്.

സ്ട്രീററ് ലൈററുകളുടെ എണ്ണവും ഇനവും താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ബൾബുകൾ | 60 W | 3 എണ്ണം |
| | | 100 W | 2 എണ്ണം |
| | | 25 W | 55 എണ്ണം |
| | | 40 W | 354 എണ്ണം |
| 2. | ട്യൂബ് | | 36 എണ്ണം |
| 3. | സോഡിയം വേപ്പർ | | 19 എണ്ണം |

സ്ട്രീററ് ലൈററിനുവേണ്ടി അടക്കുന്ന പ്രതിമാസ തുക 9264 രൂപയാണ്.

കിഴക്കേ കളം, കുണ്ടംചിറ, നടത്തിപ്പാറ, നായാടി കോളനി, മഞ്ഞപ്ര, കുന്നിശ്ശേരി പറമ്പ് കൊളയക്കാട് എന്നീ ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പക്ഷെ അവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

17 L. T. ട്രാൻസ്ഫോർമറുകൾ വഴി കണ്ണമ്പ്ര പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം നടക്കുന്നുണ്ട്. അവസ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ താഴെ ചേർക്കുന്നു.

1. വാരുകുന്ന്.
2. മഞ്ഞപ്ര.
3. വലുപറമ്പ്
4. കൊളയക്കാട് - 1
5. കൊളയക്കാട് - 2
6. ചിറ
7. കാവുപറമ്പ്
8. കണ്ണമ്പ്ര - 1
9. കണ്ണമ്പ്ര - 2
10. കർലോട്
11. നായർ വീട്
12. കാരപ്പൊററ
13. കർലോട്
14. കല്ലിങ്കൽപാടം
15. പുത്തൂർ
16. പന്തലാംപാടം
17. ചുവട്ടുപാടം

മേൽപ്പറഞ്ഞ ട്രാൻസ്ഫോർമറുകളിൽ നിന്ന് വൈദ്യുതി ലഭിക്കുന്ന ഉപഭോക്താക്കൾ എല്ലാവരും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയും പരിഭവവും ഉള്ളവരാണ്. പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന് ആവശ്യം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നിട്ടുണ്ട്.

32 വർഷങ്ങൾക്കുമുമ്പ് വൈദ്യുതി ഇവിടെ കടന്നുവന്നെങ്കിലും ഇന്നും നമ്മുടെ പഞ്ചായത്തിലെ പല ഭാഗങ്ങളും ഇരുട്ടിൽ തന്നെയാണ്. ഇതിൻെറ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ് പീക് ലോഡ് സമയത്ത് വോൾട്ടേജ് വെറും 20 ആയി കുറയുന്നു. ധാരാളം ഉപഭോക്താക്കൾ 110 V ബൾബാണ് ഉപയോഗിക്കുന്നത്. സ്ററെപ് - അപ് ട്രാൻസ്ഫോർമറുകൾ ധരാളാമായി വീടുകളിൽ ഉപയോഗിക്കുന്നു. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറുമൂലമാണ്. ഈ നഷ്ടത്തിൻെറ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും ചവളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്. പ്രേഷണ വിതരണ നഷ്ടം നികത്തുന്നതിന് ജമ്പർ മെച്ചപ്പെടുത്തുക, വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ച് മാററുക ട്രാൻസ്ഫോർമറുകളുടെ അതിസ്ഥാനം പുനഃക്രമീകരിക്കുക. അത്യാവശ്യ സ്ഥലത്ത് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ്.

വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങൾ ഇനി പറയുന്നവയാണ്.

| വാർഡ് | വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ |
|---|---|
| 1 | വാണിയംപാറ, വാഴോട്, ചൂർക്കുന്ന് |
| 2 | താഴെ ചൂർക്കുന്ന് |
| 3 | ചല്ലിപ്പറമ്പ് |
| 4 | തോട്ടുപാലം, പുളിയ്ക്കപറമ്പ്, കുന്നംകാട് തെരുവ്, മാട്ടു വഴി, തെക്കെ ഗ്രാമം |
| 5 | നരസിംഹമൂർത്തി ക്ഷേത്ര പരിസരം, R മംഗലം ഗ്രാമം, കോതനം -വളയൽ. |
| 6 | വലുപറമ്പ്, ചുണ്ണാമ്പ്ത്തറ, മഠത്തിപ്പറമ്പ്, കണ്ണമ്പ്ര തെരുവ് |
| 7 | കൊളയക്കാട് പ്രാകുളം, മഞ്ഞപ്ര, ആറാം തൊടി കിഴക്കുമുറി, വാരിക്കുന്ന്, ഉരുണിപ്പാറ |
| 8 | ചിറ, നായാടി ക്ലോളനി, നാലിലകായ്, കൈക്കോളത്തറ |
| 9 | കിഴക്കുമുറി, നൊച്ചിപറമ്പ്, വെനടുകത്തറ, കുണ്ടുകാട്, കൊന്നഞ്ചേരി, കായൻങ്കാട് |
| 10 | പോത്തുചാടി, ചക്കുണ്ട്, ശങ്കരൻകണ്ണൻതോട് |

## ട്രാൻസ്ഫോർമറുകൾ ഉടൻ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

ഒ ന്നാം വാർഡിൽ ചൂർക്കുന്ന്, വാഴോട്, വാണി യംപാറ

രണ്ടാം വാർഡിൽ മേലേചൂർക്കുന്ന്

മൂന്നാം വാർഡിൽ ചല്ലിപ്പറമ്പ്

അഞ്ചാം വാർഡിൽ തോട്ടുപാലത്തിന് സമീപം കനാൽ ബണ്ടിൽ

8-ാം വാർഡിൽ പ്രാക്കുളം കിഴക്കുമുറി ആറാം തൊടി

പതിനൊന്നാം വാർഡിൽ പോത്തുചാടി, ശങ്കരൻ കണ്ണൻതോട് .

കണ്ണമ്പ്ര പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| 1 | അമ്പത് ഏക്കർ ഹരിജൻ കോളനി, വടക്കേ കോളനി മയിലാടുംപാറ, കർലോട്, ആറിങ്കൽ പാടം, ചൂർക്കുന്ന് |
| 2 | താഴെചൂർക്കുന്ന്, ലക്ഷം വീട് കോളനി, പടിഞ്ഞാറേ കിണർ ഭാഗം |
| 3 | നടത്തിപാറ ഹരിജൻ കോളനി, മരുതകുന്ന്, കൽക്കുണ്ട് ചേവക്കോട്, ചേവക്കോട് |
| 4 | കല്ലംകുളം, കൊക്കികുളമ്പ്, പടിഞ്ഞാമുറി, ചേറുംകോട്, ആലുംവെട്ടി |
| 5 | കൊട്ടേക്കാട്, കൽച്ചിറ ചേറുംകോട് |
| 6 | പാൽക്കമ്പനി, മേക്കര ഇടവഴി, മേക്കുന്ന് |
| 7 | പാതിരപ്പറമ്പ്, നെല്ലാണിക്കാട്, കോങ്കളംപറമ്പ് അവണിക്കാട് |
| 8 | അറാംതൊടി, പ്രാക്കുളം, കിഴക്കമുറി |
| 9 | പാലയ്ക്കപറമ്പ്, ചിറ കെടാംപാടം പന്നിക്കോട് |
| 10 | കാരങ്കയങ്കാട്, നായ്കത്തറ, പാറക്കുണ്ട് കുണ്ടുകാട് |
| 11 | പറയൻ പൊററ ഹരിജൻ കോളനി, കുമ്പളപ്പാടി |

ഈ പ്രദേശങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കണം. വൈദ്യുതി എത്താൻ കഴിയാത്ത ഒററപ്പെട്ട സ്ഥലങ്ങളിൽ സോളാർ സെല്ലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുക.

ഗ്രാമസഭയിൽ ഉയർന്നുവന്ന ചില ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1. നിർദ്ദിഷ്ട വടക്കൻ ചേരി 110 കെ. വി. സബ്സ്റേറഷൻ 110 ഉടൻ കമ്മീഷൻ ചെയ്യുക.

2. കാലപ്പഴക്കം കൊണ്ട് കേടുവന്ന പോസ്ററുകൾ ഉടൻ മാററി സ്ഥാപിക്കുക.

3. ഒന്നാം വാർഡിൽ വാഴോട് അമ്പതിൽ കുളങ്ങര എസ്റേററിനു മുകളിൽ ഒരു കാററാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

4. മൂന്നാം വാർഡിൽ കിഴക്കേകളത്ത് റോഡിന് നടുവിൽ സ്ഥിതിചെയ്യുന്ന പോസ്ററുകൾ മാററി സ്ഥാപിക്കുക. കണ്ണമ്പ്ര പഞ്ചായത്തിൽ 5-ാം വാർഡിൽ പുളിയ്ക്കപറമ്പ്, കൊട്ടേക്കാട് എന്നീ റോഡുകൾക്ക് നടുവിൽ നിൽക്കുന്ന ഇലക്ട്രിക്പോസ്ററ് സ്ഥാപിക്കുക.

5. അപേക്ഷർക്ക് എത്രയും പെട്ടെന്ന് വൈദ്യുതി കണക്ഷൻ നൽകുക.

6. ചെറുകിട വ്യവസായങ്ങൾക്ക് കൊടുക്കുന്ന വൈദ്യുതിയുടെ നിരക്കിൽ ഇളവു നൽകണം.

7. സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ചാൽ വൈദ്യുതിയുടെ മോഷ ണം കണ്ടുപിടിക്കാൻ കഴിയും.

8. ഒന്നാം വാർഡിൽ മോസ്കോ മുക്കിൽ നിന്ന് മൂന്നാമത്തെ പോസ്ററ് മാററി സ്ഥാപിക്കണം.

9. തെക്കേഗ്രാമത്ത് സ്ഥിതിച്ചെയുന്ന ഓവർ സീയർ ഓഫീസിൽ ബില്ലിംഗ് യൂണിററ് തുടങ്ങുക.

10. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസാക്കി വൈദ്യുതി വിതരണം നടത്തുക.

11. പഞ്ചായത്ത് തല വൈദ്യുത വിതരണം പഞ്ചായത്തുകളെ ഏൽപിക്കുക.

12. കോംപാക്ററ് ഫ്ലൂറസെൻറ് ലാമ്പുകൾ (സി. എഫ്. എൽ.) പ്രചാരത്തിൽ കൊണ്ടുവരിക. അതിൻെറ സബ്സിഡിത്തുക കൂട്ടുക.

13. തെരുവു വിളക്കുകൾ കത്തിക്കുന്ന സമയവും, കെടുത്തുന്നസമയവും സീസൺ അനുസരിച്ച് വ്യത്യാസപ്പെടുത്തിയാൽ ധരാളം വൈദ്യുതോർജ്ജം ലാഭിക്കാൻ കഴിയും.

14. സൂര്യറാന്തലുകളും, സൗരവിളക്കുളും സബ്സിഡിയോടെ വിതരണം നടത്തുക.

## പഞ്ചായത്തിൽ പുതിയതായി വേണ്ട തെരുവ് വിളക്കുകൾ

| വാർഡ് | സ്ഥലത്തിൻെറ പേരും വിവരങ്ങളും | വിളക്കുകളുടെ എണ്ണം |
|---|---|---|
| 1 | താഴത്തെ കല്ലിങ്കൽപ്പാടം<br>കല്ലിങ്കൽപ്പാടം വാഴോട് റോഡിൽ<br>ചൂർക്കുന്ന് - ആരിങ്കൽപ്പാടം | |
| 2 | പടിഞ്ഞാറെക്കുളം - ലക്ഷം വീട് ഭാഗം<br>പടിഞ്ഞാറെ കിണർ ഭാഗം<br>പടിഞ്ഞാറെ കുളം മുതൽ - മേലെ ചൂർക്കുന്ന് | |
| 3 | ചല്ലിപറമ്പ് - പുതിയ റോഡ്<br>മരുതകുന്ന് റോഡ് - ഭഗവതി പറമ്പ് | |

| വാർഡ് | സ്ഥലത്തിൻെറ പേരും വിവരങ്ങളും | വിളക്കുകളുടെ എണ്ണം |
|---|---|---|
| | ചേവക്കോട് - തരിശ്<br>വാളുവച്ചപാറ - തോട്ടിന്നരുകിൽ | |
| 4 | പടിഞ്ഞാറെ മുറി - കുന്നംപുറം<br>കല്ലൻ കുളം - അങ്കൺവാടി ഭാഗം<br>പടിഞ്ഞാറെ മുറി - മാപ്പിള കുളമ്പ്<br>കാരപ്പൊററ - ആലുംപെട്ടി | |
| 5 | കാരപ്പൊററ - കുന്നം കാട് തെരുവ്<br>കൊട്ടേക്കാട് മുസ്ലീം പള്ളി മുതൽ-<br>ഹെൽത്ത് സെൻറർ വരെ.<br>സർവജനാ ഹൈസ്ക്കൂൾ - കൊട്ടേക്കാട് ചേറുംകോട്<br>ചേറുംകോട് - മാട്ടുവഴി ഭാഗം<br>കൊട്ടേക്കാട് - ചൂർക്കുന്ന്, കൊട്ടേക്കാട് - തോട്ടുചാൽ<br>കൊട്ടേക്കാട് - കുണ്ടൻ കുളം, കൊട്ടേക്കാട് നായർത്തറ | |
| 6 | മേക്കര ഇടവഴി - മണ്ണാമ്പറമ്പ് റോഡ്<br>വടക്കുമുറി മുതൽ - മന്ദത്തുപറമ്പ് വരെ (കനാൽ വരമ്പ്)<br>വാരുകുന്ന് - ഭഗവതി പറമ്പ് റോഡ് | |
| 7 | വലുപറമ്പ് - പാതിരിപറമ്പ് ഭാഗത്ത് | |
| 9 | ചിറ - കെടാംപാടം ഭാഗത്ത് - മേലെപ്പാടം -<br>യൂസഫ് കടവരെ | |
| 11 | മേരിഗിരി മുതൽ പേത്തു വാടി വരെ<br>ശങ്കരൻ കണ്ടംതോട് പ്രദേശം | |

## നമ്മുടെ പഞ്ചായത്തിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് | സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ പേരും വിവരങ്ങളും |
|---|---|
| 1 | വാഴോട്, കുണ്ടൻചിറ, നടത്തിപ്പാറ, അയ്യപ്പൻ കാവ് |
| 2 | മേലെ ചൂർക്കുന്ന്, കുണ്ടംചിറ, മേൽ കല്ലേരി, താഴെ കല്ലേരി. |

| വാർഡ് | സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ പേരും വിവരങ്ങളും |
|---|---|
| 3 | ചല്ലിപറമ്പ് തറ, ചേവക്കോട്, വാളുവച്ചപ്പാറ, നടത്തിപ്പാറ |
| 4 | ഹെൽത്ത് സെൻറർ, കാരപ്പൊററ മാട്ടുവഴി |
| 5 | തേവരക്കടവ്, ചേറുംകോട് മാട്ടുവഴി, കൊട്ടേക്കാട്-കണ്ണമ്പ്ര-എ. യു. പി സ്കൂൾ റോഡിൽ തെക്കേഗ്രാമം കോർണർ, സ്ട്രീററ് കൊട്ടേക്കാട് ജംഗ്ഷൻ, കൊട്ടേക്കാട് മുസ്ലീം പള്ളിക്ക് മുൻവശം, പുളിക്കൽ പറമ്പ്, നായരു വീടിനു മുൻവശം. |
| 6 | R മംഗലം തറ, ഗ്രാമം, മണ്ണംപറമ്പിന് പോകുന്ന വഴിക്ക്, കോർണ്ണറിൽ, മുസ്ീം പള്ളിക്ക് മുൻവശം, നരസിംഹ മൂർത്തി അമ്പലത്തി ന് മുൻവശം. |
| 7 | മുനീശ്വരൻ അമ്പലത്തിൻെറ മുൻവശം, അയ്യപ്പൻകാവിന് മുൻവശം, ചെറിയ ഗ്രാമം, വലിയ ഗ്രാമം, ഗുരുവായൂരപ്പൻ അമ്പലം ആറാം തൊടി, ഹരിജൻ കോളനി. പ്രാക്കുളം അമ്പലം, കുനിശ്ശേരി പറമ്പ്, I H D P, കൊളയക്കാട് ഹരിജൻ കോളനി, കൊളയക്കാട് ലക്ഷം വീട് കോളനി. |
| 9 | ചിറ - പീടികമുക്ക്, ചിറ താഴെ അററം, നാലുപുരം, കവറത്തറ, പാലക്കൽ പറമ്പ്, നായാടി കോളനി, പന്നിക്കോട്, കൈക്കൊളത്തറ, തെക്കെത്തറ മാരിയമ്മൻ, കോവിലനി മുൻവശം പട്ടത്തറ, കമ്മാന്തറ അമ്പലത്തിന് മുൻവശം, പൂത്തറ അമ്പലത്തിന് മുൻവശം. |
| 10 | കൊന്നൻഞ്ചേരി ഇന്ദിരാ പ്രതിമക്കു മുൻവശം; തറയിൽ, I C D S കോളനിയിൽ നെടുകത്തറ കോളനി, പാലത്തിന് മുൻവശം, തീപ്പെട്ടി കമ്പനി, കാരയംകാട് |
| 11 | ശങ്കരൻ കണ്ണം തോട്, നീലിപ്പാറ, പറയമ്പററകോളനി, രക്കാണ്ടി കുളത്തിന് സമീപം, പോത്തുചാടി. |

## പാചകാവശ്യത്തിനുള്ള ഊർജ്ജം

പഞ്ചാത്തിൽ 97 ശതമാനം വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത് ഒരു ശതമാനം വീടുകളിൽ മണ്ണെണ്ണയും 2 ശതമാനം വീടുകളിൽ പാചകവാതകവും ഉപയോഗിക്കുന്നു. വിറക് ഉപയോഗിക്കുന്ന വീടുകളിൽ വിരലിലെണ്ണാവുന്ന വീടുകളിലെ പുകയില്ലാത്ത അടുപ്പുകശഅ ഉപയോഗിക്കുന്നുള്ളു. ഗോബർ ഗ്യാസുള്ള വീടുകളും വളരെ കുറവാണ്.

ഊർജ്ജാസൂത്രണത്തിൻെറ കാര്യം പറയുമ്പോൾ കർണ്ണാടകയിലെ പുരി എന്ന ഗ്രാമത്തിൽ നടക്കുന്ന പരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. അവിടെ നൂറോളം കർഷകകുടുംബങ്ങൾ ഗോബർ ഗ്യാസുപയോഗിച്ചാണ് വെള്ള പമ്പു ചെയ്യുന്നതും ഗാർഹിക വൈദ്യുത ആവശ്യങ്ങൾ നിറവേററുന്നതും നമ്മുടെ പഞ്ചായത്തിലും പരീക്ഷിക്കാവുന്നതാണ്.

സാധാരണ അടുപ്പിൽ വിറകിട്ട് കത്തിക്കുമ്പോൾ

10 ശതമാനം ഊർജ്ജം മാത്രമേ ലഭിക്കുന്നുള്ള ബാക്കിയുള്ള വെറുതെ പാഴായിപ്പോകുന്നു. എന്നാൽ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്ന പക്ഷം 30 ശതമാനംത്തോളം ഊർജ്ജം നമുക്കു ലഭിക്കാൻ കഴിയും. കൂടാതെ സ്ത്രീകളുടെ ആരോഗ്യത്തകർച്ചക്ക് ഒരു പരിഹാരം ആവുകയും ചെയ്യും.

വീടുതോറും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. പുറമ്പോക്കിലും വഴിയോരത്തും, വേലിയരികിലും വൃക്ഷവൽക്കരണം നടത്തണം. കൂടാതെ തെങ്ങുൽപ്പന്നങ്ങളും ചേർന്നാൽ നമ്മുടെ പഞ്ചായത്തിലെ വീട്ടാവശ്യത്തിനുള്ള ഇന്ധനം കുറഞ്ഞവിലക്ക് ലഭ്യമാക്കാനാവും. രണ്ടിലധികം കന്നുകാലികളുള്ള വീടുകളിൽ ബയോഗ്യാസ് ഉത്പാദിപ്പിക്കപ്പെടണം കേന്ദ്രീകൃതമായി നാലഞ്ചു പഞ്ചായത്തുകളെ ചേർത്ത് കമ്മ്യൂണിററി ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ വൈദ്യുതോൽപ്പാദനത്തിന് സാദ്ധ്യതയുണ്ട് .

ഈ പഞ്ചായത്തുകളിൽ ഉത്പാദിക്കുന്ന ചാണത്തിനു പുറമേ, വീടുകളിലെ ഖര, ജൈവവമാലിന്യങ്ങൾ ഇറച്ചി, മീൻ ചന്ത, പച്ചക്കറിച്ചന്ത എന്നിവയിലെ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാൻറിൽ നിക്ഷേപിച്ചാൽ മാലിന്യങ്ങൾ ഉത്പാദന പരമായി ഉപയോഗിക്കാൻ കഴഇയും കൂടാതെ ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിഹാരമാവുകയും ചെയ്യും.

## ദക്ഷത കൂടിയ അടുപ്പ് (കർമ്മ പരിപാടി)

ഗ്രാമപഞ്ചായത്ത് തലത്തിൽ ഉടൻ നടപ്പാക്കേണ്ട ഒരു പദ്ധതിയാണ് ദക്ഷത കൂടിയ അടുപ്പുകളുടെ വ്യാപനം. പഞ്ചായത്തിന് ചെയ്യാൻ കഴിയുന്ന കർമ്മപരിപാടി താഴെ ചേർക്കുന്നു.

പരിഷത്തടുപ്പ് സ്ഥാപിക്കാൻ ഏതാണ്ട് 345 രൂപ ചിലവ് വരും. അതിൽ 245 രൂപ സബ്സിഡിയായി അനർട്ട് (ANERT) നല്കും ഓരോ അടുപ്പിന് 50 രൂപ ഗ്രാമപഞ്ചായത്ത് സബ്സിഡി അനുവിദച്ചാൽ ഈ പരിപാടിയുടെ വിജയത്തിന് പ്രോത്സാഹനമാകും. പഞ്ചായത്തുകൾ സമർപ്പിക്കുന്ന സ്കീം അനുസരിച്ച് സബ്സിഡി തുക മുൻകൂറായി അനർട്ടിൽ നിന്നും നേടാൻ ശ്രമിക്കാം. അങ്ങിനെ കിട്ടാത്തപക്ഷം പഞ്ചായത്തിനകത്തെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 300 രൂപ ഉദാരമായ രീതിയിൽ വായ്പ നൽകുന്നതിന് ശ്രമിക്കാവുന്നതാണ്.

മാർച്ച് മാസത്തിൽ ഊർജ്ജ സംരക്ഷണ വാരം വാർഡു തലത്തിൽ ആഘോഷിക്കണം ഇതിനോടനുബന്ധിച്ച് ഒരു ഊർജ്ജ സമിതി ഇവിടെ ഉണ്ടാക്കിയെടുക്കണം. അടുപ്പുകളുടെ പ്രചരണ പ്രവർത്തനം, ഓർഡർ ശേഖരണം, മുൻപ് സ്ഥാപിച്ചവയുടെ പ്രവർത്തനം പരിശോധിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ സമിതി ചെയ്യേണ്ടതാണ്.

ഏപ്രിൽ മാസത്തിൽ അടുപ്പ് ഫിററർമാരുടെ പരിശീലനം പഞ്ചായത്ത് തലത്തിൽ നടത്തണം ചുരുങ്ങിയത് 30 പേരെ പരിശീലിപ്പിക്കണം.

ഇതിൽ ഭൂരിപക്ഷവും വനിതകൾ ആയിരുന്നാൽ നന്നായിരിക്കും. മെയ്മാസത്തിൽ അടുപ്പുകൾ സ്ഥാപിക്കുകയും, പഴയവ റിപ്പയർ ആവശ്യമാണെങ്കിൽ നടത്തുകയും ചെയ്യണം. സാധന സാമഗ്രികൾ, സബ്സിഡി, പരിശീലനം തുടങ്ങിയ കാര്യങ്ങൾ ലഭ്യമാക്കുന്നതിന് IREP ഓഫീസുകൾ, ശാസ്ത്ര സാഹിത പരിഷത്ത് പോലുള്ള സന്നദ്ധ സംഘടനകൾ, തുടങ്ങിയവയുടെ സഹായം തേടാം.

അടുത്ത അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിൽ എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാൻ കഴിയണം. പ്രചരണത്തിനായി വിദ്യാലയങ്ങൾ, സിനിമാശാലകൾ, ഗ്രന്ഥശാലകൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ പങ്കാളിത്തം ഉറപ്പാക്കണം. ഇതിനുള്ള പദ്ധതികൾ മൊത്തത്തിൽ തയ്യാറാക്കി അവതിപ്പിക്കുകയാണെങ്കിൽ അനർട്ടിൽ നിന്നും സാന്ത്തിക സഹായം മുൻകൂറായി ലഭഇക്കാൻ ഇടയുണ്ട്. അടുപ്പ് മോൾഡ്, മററ് സാധനങ്ങൾ എന്നിവയുടെ ലഭ്യത മുൻ കൂട്ടി ശ്രദ്ധിച്ചാൽ ഉറപ്പു വരുത്താൻ കഴിയും. മെച്ചപ്പെട്ട അടുപ്പുകൾക്കാവശ്യമായ മോൾഡുകൾ രണ്ടുമൂന്നു പഞ്ചായത്തുകൾ ചേർന്ന് കുംഭാരന്മാരെക്കൊണ്ട് മൊത്തത്തിൽ ഉണ്ടാക്കാൻ കഴിയും. വാല്ഡുതല ഊർജ്ജ സമിതിയെക്കൊണ്ട് മുഴുവൻ പ്രവർത്തനങ്ങളും ചെയ്യാൻ കഴിഞ്ഞാൻ പിന്നീട് വരുന്ന് അടുപ്പുകളുടെ തകരാറുകൾ അപ്പപ്പോൾ പരിഹരിക്കാൻ കഴിയും.

ഊർജ്ജരംഗത്ത് നടപ്പാക്കി വരുന്ന ചില പദ്ധതികൾ താഴത്തെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| നമ്പർ | പദ്ധതിയുടെ പേര് | ലക്ഷ്യം | ലഭിക്കുന്ന സഹായം | ആരെ സമീപിക്കണം |
|---|---|---|---|---|
| 1 | സൂര്യറാന്തൽ | സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി ബാററികളിൽ ശേഖരിച്ച് ആവശ്യ മുള്ളപ്പോൾ വിളക്കു തെളിക്കുന്ന സൂര്യവിളക്കുകൾ കൈയ്യിൽ കൊണ്ടു നടക്കാവുന്ന റാന്തലുകളുടെ രൂപ ത്തിലാണവ നിർമ്മിച്ചിരിക്കുന്നത്. | മൊത്തം വില = 3725 രൂപ<br>സബ്സിഡി = 2000 രൂപ<br>ഗുണഭോക്താവ് നൽക്കേണ്ട തുക = 1725 രൂപ<br>(മൊത്തം വിലയിൽ മാററം വരിക യാണെങ്കിൽ തുകയിലും മാററം വരാം) | അനെർട്ട് ഓഫീസുകൾ |
| 2 | സൂര്യവിളക്ക് | സോളാർ പാനലുകൾ ഉപയോഗിച്ച് സൂര്യ പ്രകാശത്തിൽ നിന്നും വൈദ്യുതിയുണ്ടാ ക്കുന്ന പദ്ധതി വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ഒററപ്പെട്ട സ്ഥലങ്ങളിലും വഴി വിളക്കുകൾക്കും, വീട്ടുവിളക്കുകൾ ക്കും ഉപയോഗിക്കാം. | മൊത്തം ചിലവ് = 24000 രൂപ<br>ഇതിൽ സാമൂഹികാവശ്യങ്ങൾ ക്കാണെങ്കിൽ 16,000 രൂപയും വ്യക്തികൾക്കാണെങ്കിൽ 8,000 രൂപയും സബ്സിഡി ലഭിക്കും | അനെർട്ട് ഓഫീസുകൾ |
| 3 | ഗാർഹിക സൂര്യവിളക്ക് | വെളിച്ചത്തിനായി സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ലഭിക്കൽ (ഗാർഹിക ഉപഭോക്താക്കൾക്ക്) | ഒരു വീടിന് 2 ബൾബുകൾ പ്രകാ ശിപ്പിക്കുന്നതിന് മൊത്തം ചിലവ് 9000 രൂപ<br>സബ്സിഡി = 6000 രൂപ | അനെർട്ട് / IREP ഓഫീസുകൾ |
| 4 | സൗരവിളക്ക് | വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ വീടുകൾക്ക് വൈദ്യുതി നൽകുന്നു. പട്ടിക ജാതി / പട്ടിക വർഗ കോളനി കളോ പൊതു സ്ഥലങ്ങളോ വൈദ്യുതീകരിക്കൽ. | മുഴുവൻ സൗജന്യം | അനെർട്ട് ഓഫീസർ |
| 5 | കാററാടി പമ്പുകൾ | നല്ല കാററ് ലഭിക്കുന്ന സ്ഥലങ്ങളിൽ കാററിൻെറ ശക്തിയുപയോഗിച്ച് വെള്ളം പമ്പു ചെയ്യാൻ കഴിയുന്നു. സ്കൂളു കൾക്കും, കർഷകർക്കും സഹായം ലഭിക്കും. | മൊത്തം 60,000 രൂപ ചെലവ്<br>സബ്സിഡി കാലാനുസൃതം മാറുന്നു | അനെർട്ട് ഓഫീസുകൾ |

| നമ്പർ | പദ്ധതിയുടെ പേര് | ലക്ഷ്യം | ലഭിക്കുന്ന സഹായം | ആരെ സമീപിക്കണം |
|---|---|---|---|---|
| 6 | സൗര പമ്പ് സെററ് | സൗരോർജ്ജം ഉപയോഗിച്ച് കുടിവെള്ളത്തിനും, ജലസേചനത്തിനും വെള്ളം പമ്പുചെയ്യുക. ഇന്ധന ചെലവ് ലാഭിക്കുക. സ്കൂളുകൾ, കർഷകർ എന്നിവർക്ക് ലഭിക്കുന്നു. | മൊത്തം ചിലവ് = 2,25,000 രൂപ ഇതിൽ 38,000 രൂപ ഗുണഭോക്താവ് നൽകിയാൽ മതി ബാക്കിതുക സബ്സിഡിയായി കിട്ടും. | അനെർട്ട് ഓഫീസ് |
| 7 | കോംപാക്ട് ഫ്ലൂറസൻറ് ലാംപ്സ് | കുറഞ്ഞ വോൾട്ടേജിലും കൂടുതൽ പ്രകാശം നൽകുന്ന ബൾബുകൾ ഉപയോഗിക്കുന്നതുവഴി വൈദ്യുതി ലാഭിക്കുക. | ആകെ വില = 350 രൂപ<br>സബ്സിഡി = 100 രൂപ<br>ഇലക്ട്രോണിക് ചോക്ക് 50 രൂപക്ക് ലഭിക്കും. യഥാർത്ഥ വില 175 രൂപയാണ്. | അനെർട്ട് IREP ഓഫീസുകൾ |
| 8 | പ്രഷർകുക്കറും, മണ്ണെണ്ണ സ്ററൗവും | പാചകാവശ്യത്തിനുള്ള ഇന്ധനം ലാഭിക്കുന്നു. | പ്രഷർകുക്കറിന് 100 രൂപയും മണ്ണെണ്ണ സ്ററൗവിന് 50 രൂപയും സബ്സിഡി ലഭിക്കുന്നു. (പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്ക് 225/- രൂപാ സബ്സിഡി) | അനെർട്ട് IREP ഓഫീസുകൾ |
| 9 | സോളാർ തെർമൽ എക്സ്ററൻഷൻ പ്രോഗ്രാം | സൂര്യപ്രകാശം ഉപയോഗിച്ച് ആഹാരം പാകം ചെയ്യൽ - ഇന്ധന ചെലവ് ഇല്ല - പാചകത്തിൻെറ ഗുണം വർദ്ധിക്കുന്നു. (മഴക്കാലത്ത് ഉപയോഗിക്കാൻ കഴിയില്ല - കാലത്ത് 10 മുതൽ 12 മണിവരെ വെയിൽ കിട്ടിയാൽ മതി) | സബ്സിഡി = 850 രൂപ | അനെർട്ട് ഓഫീസുകൾ |
| 10 | മെച്ചപ്പെട്ട വിറകടുപ്പുകൾക്കായുള്ള ദേശീയ പരിപാടി | വിറക് ചെലവ് കുറയ്ക്കുന്നു. അടുക്കളയിൽ പുക പരക്കുന്നത് തടയുന്നു. | 1. 2+1 തരം പരിഷത്തടുപ്പ് യഥാർത്ഥവില = 345 രൂപ<br>2. 1+1 തരം പരിഷത്തടുപ്പ് യഥാർത്ഥ വില = 295 രൂപ<br>സബ്സിഡി തുക = 240 രൂപ | അനെർട്ട് ഓഫീസ്<br>അല്ലെങ്കിൽ<br>IRDP ഓഫീസ്<br>അല്ലെങ്കിൽ<br>കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് |




# പാർപ്പിടവും സാമൂഹ്യക്ഷേമവും

# പാർപ്പിടവും സാമൂഹ്യക്ഷേമവും

കണ്ണമ്പ്ര, മഞ്ഞപ്ര എന്നീ രണ്ടു വില്ലേജുകൾ ചേർന്നതാണ് കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്. കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നതാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടു തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും പഞ്ചായത്തിൽ 6341 - വീടുകളിൽ 699 ടെറസ്സും, 3798 ഓട് വീടുകളും, ബാക്കി ഷീററ്, ഓല മേഞ്ഞവയുമാണ്.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ഇല്ല. വാർഡ്, 4, 10, എന്നിവടങ്ങളിൽ പാടങ്ങൾ നികത്തി പുതിയ വീടുകൾ നിർമ്മിച്ചു വരുന്നു. 2, 7, 8, എന്നീ വാർഡുകളിൽ ലക്ഷം വീടു കോളനികൾ ഉണ്ട്. 1, 3, 4, 7, 11 എന്നീ വാർഡുകളിൽ പുതിയ കോളനികൾ നിർമ്മിക്കുവാൻ സാധിക്കും. പഞ്ചായത്തിലെ 4 വാർഡുകളിൽ കരിങ്കൽ ക്വാറികളും 2 വാർഡുകളിൽ ചെങ്കല്ലു നിർമ്മാണവും ഉണ്ട്. പഞ്ചായത്തിൽ മൂന്ന് ഈർച്ചമില്ലും ഉണ്ട്. പഞ്ചായത്തിനുള്ളിലുള്ള 3 ബാങ്കുകൾ ഭവന നിർമ്മാണ വായ്പകൾ അനുവദിക്കാറുണ്ട്. ഈ പഞ്ചായത്തിൽ 300 റോളം ആളുകൾക്ക് സ്വന്തമായി വീടില്ല. വീടില്ലാത്തവരിൽ കൂടുതലും. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരാണം. സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബല

| വാർഡ് | ടെറസ് | ഓട് | ഷീററ് | ഓല | ആകെ |
|---|---|---|---|---|---|
| 1 | 77 | 589 | 11 | 95 | 772 |
| 2 | 29 | 252 | 7 | 135 | 423 |
| 3 | 20 | 186 | 20 | 115 | 593 |
| 4 | 38 | 252 | 13 | 121 | 424 |
| 5 | 23 | 344 | 5 | 95 | 467 |
| 6 | 75 | 378 | 17 | 45 | 535 |
| 7 | 43 | 142 | 37 | 105 | 332 |
| 8 | 34 | 452 | 9 | 288 | 783 |
| 9 | 97 | 430 | 31 | 139 | 697 |
| 10 | 103 | 441 | 93 | 119 | 756 |
| 11 | 140 | 332 | 14 | 73 | 559 |

ഇടത്തര വിഭാഗക്കാർക്ക് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്കു മാത്രമായും, അതും വിരലിലെണ്ണാവുന്നവർക്കു മാത്രമാണ് ലഭിക്കുന്നത്.

ഭവന വായ്പകൾ സാധാരണക്കാരനു ലഭിക്കത്തക്ക രീതിയിൽ ഉദാരവൽക്കരിക്കേണ്ടതുണ്ട്. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ചാലും വായ്പ ലഭ്യമാക്കണം. പലിശ നിരക്ക് 11-50 ആയി നിജപ്പെടുത്തണം. ദുർബല വിഭാഗക്കാർക്ക് വീടുവെക്കാനും, ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കാത്തിനാൽ ഈ വിഭാഗക്കാർ അസംതൃപ്തരാ

ണ്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ്, 87-88 കാലയളവിൽ 70 രൂപയും, 89 - ൽ 100 രൂപയും, 92-94 - വർഷങ്ങളിൽ 150 രൂപയും, ഇപ്പോൾ 180 രൂപയിലും എത്തി നിൽക്കുന്നു. ചെങ്കല്ലിൻെറ വില 100 - ന് 145 രൂപയായി ഉയർന്നിട്ടുണ്ട്. കമ്പിക്ക് 87-88 ൽ കിലോഗ്രാമിന് 10 രൂപയായിരുന്നത്. ഇപ്പോൾ 15,16 രൂപയായിട്ടുണ്ട്. കോൺക്രീററ് യൂണിററിന് 87-88 ൽ 1800 രൂപ കൂലി ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 2500 രൂപയിൽ എത്തി നിൽക്കുന്നു. ഒന്നാം നമ്പർ ഓടിന് 1000 - ത്തിന് 3000 രൂപയായി ഉയർന്നിരിക്കുന്നു.

കൂലി നിരക്കിലും വർദ്ധനവ് സംഭവിച്ചിരിക്കുന്നു. വിദഗ്ദ്ധ തൊഴിലാളികൾക്ക് 125 -150 രൂപ വരെയും, അവിദ്ഗ്ദ്ധ തൊഴിലാളികൾക്ക് 80-100 രൂപവരെയും കൂലി നിരക്കായിട്ടുണ്ട്.

സാധന സാമഗ്രികളുടെ വിലക്കയററവും, കൂലി നിരക്കിലെ വർദ്ധവനും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ കുടിലുകൾ മാററിയെടുക്കലും ഭവന രഹിതർക്ക് വീടുവെച്ചു നൽകലും സർക്കാർ സഹായങ്ങൾ കൊണ്ട് കാര്യമായി കഴിയില്ല എന്നുള്ളത് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഇതിനായി വാർഡുതലത്തിൽ ഒരു ബൃഹത്തായ പദ്ധതി രൂപപ്പെടുത്തേണ്ടിരിക്കുന്നു. ഇതിനുവേണ്ടി ആദ്യം വാർഡുതലത്തിൽ ആവശ്യക്കാരെയും, സന്നദ്ധ സംഘടനകളെയും സംയുക്തമായി വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമെ സാധനങ്ങളും, അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിനു പരിഹാരം കാണാൻ കഴിയും.

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണം സഹകരണ സംഘം രൂപീകരിക്കകയും എഞ്ചിനീയർ മുതൽ തൊഴിലാളികളെ വരെ സംഘത്തിലൂടെ വിതരണം ചെയ്യുകയും ചെയ്യുന്ന ഏജൻസിയായി സംഘത്തെ മാററുക. കെട്ടിട നിർമ്മാണസംഘത്തെ മാററുക. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടണം നിർമ്മാണ ചെലവ് രണ്ടു ലക്ഷത്തിൽ കൂടുതൽ വരുന്ന വീടുകൾക്ക് കർശനമായ പരിധി ഏർപ്പെടുത്തണം. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകണം. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ, ഇല്ലാതാക്കണം.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് ആദ്യം ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചാത്തിലെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും സർക്കാർ പുറമ്പോക്കു ഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് അഞ്ചു സെൻറു ഭൂമി സൗജന്യമായി നൽണ്ടേതും. അവിടങ്ങളിൽ എൽ. ഐ. സി. തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലുടെ ഏററവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാകുകയും വീടിൻെറ നിർമ്മാണം, നിർമ്മിതി, കേന്ദ്രങ്ങളെ പോലുള്ള ഏജൻസികളെ കെണ്ട് നടത്തിക്കുയും ചെയ്യുക. ഇതിന്നായി ഗുണഭോക്താക്കളുടെയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപെടുത്താനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കണം.

അടുത്ത അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും, പരമാവധി പരിഹരിക്കാൻ കഴിയും എന്ന് ആസ്തമ വിശ്വാസത്തോടെ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളാണ് നിലവിലുള്ളതം. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺ

മെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി തൊഴിലുടമ സഹകരണ ത്തോടെ ക്ഷേമനിധി ബോർഡുകളിലൂടെ നടപ്പിലാക്കപ്പെടുന്ന, പല പദ്ധതിയും, ഇവിടെയുണ്ട്. ഈ പദ്ധതികൾക്കു പുറമേ പട്ടിക ജാതി വികസനത്തിനും, ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നണ്ട്. ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായകങ്ങളാണ് അല്പെമങ്കിലും പഞ്ചായത്തിൽ ലഭിക്കുന്നത്. നാമമാത്രമായി മററു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ബോധവൽക്കരണകുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക നൂലാമാലകൾ തുടങ്ങിയവ പ്രധാന പ്രശ്നങ്ങളാണ്.

ഇന്ന് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിലെ ആസൂത്രണം മികച്ച രീതിയിലല്ല. ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക പാവപ്പെട്ടവർക്കു നേരിട്ടു പ്രയോജനം കിട്ടുന്ന സാമൂഹ്യാസ്ഥികൾ നിർമ്മിക്കുക നാട്ടിൽ പുറത്തെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുക. എന്നീ ലക്ഷ്യങ്ങളോടെയാണ് ജവഹർ റോസ്ഗാർ യോജന തുടങ്ങിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിക്കൽ കരാറുക്കാർക്കുള്ള മുൻകൈ ഇതിൻെറ ലക്ഷ്യത്തെ തന്നെ തോൽപ്പിക്കുന്നു. പദ്ധതി വിഹിതത്തിൻെറ നല്ലൊരു ഭാഗവും ഇടത്തട്ടുകാരിലൂടെ ചോർന്നു പോകുന്ന അവസ്ഥയാണ് ഇന്നു നാം കാണുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിന് സഹായം ലഭ്യമാക്കി കൊണ്ടിരിക്കുന്നത് ആലത്തൂർ ബ്ലോക്ക് ഡവലപ്പമെൻറ് ആഫീസിന് കീഴെ പ്രവർത്തിക്കുന്ന കണ്ണമ്പ്ര -1 കണ്ണമ്പ്ര 2. എന്നീ വില്ലേജ് സർക്കിളുകൾ വഴിയാണ്. രണ്ടു സർക്കിളുകളിലൂടെ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ശരിയായി വലിയിരുത്തണമെങ്കിൽ ഗുണഭോക്താനക്കളിൽ നിന്നും അഭിമുഖത്തിലൂടെ നേരിട്ട് വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

ഐ. ആർ. ഡി. പി. സർവേ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ പൂർണ്ണവിവരം പട്ടിക 1- ൽ ചേർക്കുന്നു.

## പട്ടിക 1

| വാർഡ് | സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | 132 | 35 | 42 | 25 | 42 |
| 2 | 261 | 15 | 21 | 15 | 21 |
| 3 | 178 | 40 | 17 | 10 | 17 |
| 4 | 205 | 14 | 11 | 6 | 11 |
| 5 | 231 | 6 | 8 | 2 | 8 |
| 6 | 138 | 9 | 10 | 2 | 10 |
| 7 | 184 | 9 | 11 | 6 | 11 |
| 8 | 217 | 69 | 26 | 20 | 26 |
| 9 | 139 | 19 | 17 | 7 | 17 |
| 10 | 121 | 39 | 22 | 12 | 22 |

### DWCRA - സഹായ ലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് D W C R A നമ്മുടെ പഞ്ചായത്തിൽ ഒന്നാം വാർഡിൽ കല്ലിങ്കൽ പാടത്ത് ഒരു ഡയറി യൂണിററും, ഒരു പന്നിവളർത്തൽ, കേന്ദ്രവും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം എണ്ണം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 1 | ഡയറി - യൂണിററ് | 1994 | 14 | നല്ല രീതിയിൽ |
| | പന്നി വളർത്തൽ യൂണിററ് | 1994 | 11 | പ്രവർത്തിക്കുന്നു |

ഇതേ രീതിയിൽ ആടുവളർത്തൽ യൂണിററും, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിററ്, ലതർ യൂണിററ്, കളിക്കോപ്പു നിർമ്മാണ യൂണിററുകൾ, തുടങ്ങിയ യൂണിററുകൾ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും, തുടങ്ങുകയാണെങ്കിൽ സ്ത്രീകൾ തൊഴിലവസരം ഉണ്ടാക്കാവുന്നതാണ്.

ഇപ്പോൾ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഡയറി യൂണിററിനോടനുബന്ധിച്ച്, ബിസ്ക്കററ്, മിഠായി, ഐസ്ക്രീം തുടങ്ങിയ ക്ഷീരോൽപന്നങ്ങളുടെ നിർമ്മാണ യൂണിററും തുടങ്ങൽ കഴിയും.

DWCRA - യൂണിററുകൾ എല്ലാ വാർഡുകളിലേക്ക് വ്യാപിപ്പിക്കുകയാണെങ്കിൽ യൂണിററുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും. അതാതു പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകർ അടങ്ങുന്ന ഒരു കമ്മററി രൂപീകരിക്കണം. ഗ്രാമസഭകളെയും ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

ഈ സ്കീമിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കററ് കണ്ടെത്താൻ സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കേണ്ടതാണ്.

## ട്രൈസം

ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാങ്കേതികവും ഭരണപരവുമായ വൈദഗ്ദ്ധ്യം വളർത്തിയെടുക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## ടൂൾ കിററ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിററ്. ആവശ്യക്കാർക്ക ഉപകരണങ്ങൾ കിട്ടുന്നില്ല. എന്ന പരാതി നിലനിൽക്കുന്നുണ്ട്. ഉപകരണങ്ങൾ യഥാസമയം യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഈ പദ്ധതിയെക്കുറിച്ചും തൊഴിലാളികൾ അജ്ഞരാണ്.

താഴത്തെ പട്ടിക പരിശോധിക്കുക.

**(VEO - ആഫീസിൽ നിന്നും ലഭിച്ചത്)**

| വാർഡ് | സർവേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 5 | - | 5 | - |
| 2 | 5 | - | 5 | - |
| 3 | 5 | - | 5 | |
| 8 | 50 | 22 | 28 | ഫലപ്രദമായി ഉപയോഗിക്കുന്നു |
| 9 | 49 | 18 | 31 | ,, |
| 5 | 60 | - | 60 | |

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. ഓരോ വർഷത്തിലായി ചുരുങ്ങിയ ആളുകൾക്കു മാത്രമേ ഇതിൻെറ ഗുണം ലഭിക്കുന്നുള്ളു. ലഭിക്കുന്നവരിൽ പലരും അതു ശരിയായ രീതിയിലല്ല ഉപയോഗിക്കുന്നത്. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും അതിൻെറ തുക വർദ്ധിപ്പിക്കുകയും വേണം.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കക്കൂസുകൾ ലഭിച്ചവരുടെ കണക്ക് താഴെ ചേർക്കുന്നു.

| വാർഡ് | സർവേപ്രകാരം സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി വേണ്ട കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 119 | 3 | 3 | 116 |
| 2 | 223 | 3 | 3 | 220 |
| 3 | 161 | 3 | 3 | 158 |
| 4 | 176 | 3 | 3 | 173 |
| 5 | 196 | 3 | 3 | 193 |
| 6 | 129 | 3 | 3 | 126 |
| 7 | 109 | 3 | 3 | 106 |
| 8 | 175 | 4 | 3 | 171 |
| 9 | 172 | 3 | 1 | 119 |
| 10 | 107 | 3 | 1 | 104 |

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളും ലഭ്യമാക്കുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം കിട്ടുന്നില്ല എന്നത് ഈ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

## പെൻഷനുകൾ

### 1 - വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാററം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷനുകൾ അനുവദിക്കാൻ മാററം ആവശ്യമാണ്. വിധവാ പെൻഷൻെറ വിവരം പട്ടിക പരിശോധിക്കുക.

| വർഷം | വില്ലേജ് | വിധവാ പെൻഷൻ |
|---|---|---|
| 91-92 | കണ്ണമ്പ്ര - 1 | 7 |
| | കണ്ണമ്പ്ര - 2 | 7 |
| 92-93 | കണ്ണമ്പ്ര - 1 | 10 |
| | കണ്ണമ്പ്ര - 2 | 5 |
| 93-94 | കണ്ണമ്പ്ര - 1 | 4 |
| | കണ്ണമ്പ്ര - 2 | 3 |
| 94-95 | കണ്ണമ്പ്ര - 1 | ഇല്ല |
| | കണ്ണമ്പ്ര - 2 | 1 |
| 95-96 | കണ്ണമ്പ്ര - 1 | 2 |
| | കണ്ണമ്പ്ര - 2 | ഇല്ല |

വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കററ് കിട്ടുന്നത് എളുപ്പമല്ല. സർട്ടിഫിക്കററ് കിട്ടാനുള്ള കാലതാമസവും, ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അവർക്ക് ദൂരയാത്ര ചെയ്യാൻ പ്രയാസമുള്ളതു കൊണ്ട് സർട്ടിഫിക്കററുകൾ നൽകാനുള്ള അധികാരം താലൂക്ക് ആശുപത്രിയിൽ നൽകാനുള്ള സൗകര്യം ഉണ്ടാക്കണം.

| വർഷം | വില്ലേജ് | വിധവാ പെൻഷൻ |
|---|---|---|
| 1991-92 | കണ്ണമ്പ്ര - 1 | 2 |
| | കണ്ണമ്പ്ര - 2 | 5 |
| 1992-93 | കണ്ണമ്പ്ര - 1 | 7 |
| | കണ്ണമ്പ്ര - 2 | 4 |
| 1993-94 | കണ്ണമ്പ്ര - 1 | 2 |
| | കണ്ണമ്പ്ര - 2 | 1 |
| 1994-95 | കണ്ണമ്പ്ര - 1 | 2 |
| | കണ്ണമ്പ്ര - 2 | 3 |
| 1995-96 | കണ്ണമ്പ്ര - 1 | 3 |
| | കണ്ണമ്പ്ര - 2 | - |

## കർഷകതൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ പേർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല. എന്നാൽ അനർഹരായ പലർക്കും ഈ പെൻഷൻ ലഭിക്കുന്നതായി പരാതിയുണ്ട്. ഈ പരിശോധിക്കേണ്ടതാണ്. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകൾക്കു നൽകിയാൽ പരാതികൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. അർഹരായവരുടെ ലിസ്ററ് ഗ്രാമപഞ്ചായത്ത് ആഫീസിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

| വർഷം | വില്ലേജ് | പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1991-92 | കണ്ണമ്പ്ര - 1 | 64 |
| | കണ്ണമ്പ്ര - 2 | 33 |
| 1992-93 | കണ്ണമ്പ്ര - 1 | 43 |
| | കണ്ണമ്പ്ര - 2 | - |
| 1993-94 | കണ്ണമ്പ്ര - 1 | 31 |
| | കണ്ണമ്പ്ര - 2 | 8 |
| 1994-95 | കണ്ണമ്പ്ര - 1 | 42 |
| | കണ്ണമ്പ്ര - 2 | 32 |
| 1995-96 | കണ്ണമ്പ്ര - 1 | 47 |
| | കണ്ണമ്പ്ര - 2 | 93 |

## തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനം അനർഹർക്ക് ലഭിക്കുന്ന എന്ന പരാതി നിലവിലുണ്ട്. ഒരു ജോലിയുമില്ലാത്ത എസ്. എസ്. എൽ. സി. പാസ്സായ യുവതി യുവാക്കൾക്ക് അല്പം ആശ്വാസത്തിനായി നൽകുന്നതാണ് ഈ വേതനം. ഈ സഹായം അർഹതയുള്ളവർക്കാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

91-92 വർഷത്തിൽ ഈ പഞ്ചായത്തിൽ 54 പേർ തൊഴിലില്ലായ്മ വേതനം കൈപ്പററിയതായി കാണുന്നു. എന്നാൽ 95-96 വർഷത്തിൽ 9 പേർക്കു മാത്രമാണ് ഈ വേതനം ലഭിച്ചിട്ടുള്ളത്. ദ്വിതീയ വിവര ശേഖരണത്തെ അടിസ്ഥാനമാക്കി എഴുതിയതാണ് ഈ വിവരം.

## വാർദ്ധക്യ കാലപെൻഷൻ

സാമ്പത്തിക ദുരിതമനുഭവിക്കുന്ന വൃദ്ധന്മാർക്കും, വൃദ്ധകൾക്കും സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 65 വയസ്സു കഴിഞ്ഞ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, മാസവരുമാനം 100 രൂപയിൽ താഴെ ഉള്ളതുമായ, ആൺമക്കളില്ലാത്ത വൃദ്ധജനങ്ങൾക്ക് ഈ പെൻ

ഷന് അർഹതയുണ്ട്. ഈ പെൻഷനു വേണ്ടി തഹസീൽദാരെയാണ് സമീപിക്കേണ്ടത്. കണ്ണമ്പ്ര പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിൽ ഈ പെൻഷൻ ലഭിച്ചവരുടെ വിവരത്തിനായി പട്ടിക പരിശോധിക്കുക.

| വർഷം | വില്ലേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1991-92 | കണ്ണമ്പ്ര - 1 | 5 |
| | കണ്ണമ്പ്ര - 2 | 3 |
| 1992-93 | കണ്ണമ്പ്ര - 1 | 4 |
| | കണ്ണമ്പ്ര - 2 | 4 |
| 1993-94 | കണ്ണമ്പ്ര - 1 | 4 |
| | കണ്ണമ്പ്ര - 2 | - |
| 1994-95 | കണ്ണമ്പ്ര - 1 | 2 |
| | കണ്ണമ്പ്ര - 2 | 6 |
| 1995-96 | കണ്ണമ്പ്ര - 1 | 3 |
| | കണ്ണമ്പ്ര - 2 | 11 |

അഗതി പെൻഷൻ, അവശ കലകാര സാഹിത്യ പെൻഷൻ, അവശ കായിക താര പെൻഷൻ, കൃഷി രോഗി പെൻഷൻ, തുടങ്ങിയ പെൻഷനുകൾ അർഹരായവർ ഉണ്ടെങ്കിലും, അവർക്ക് പെൻഷൻ ലഭിക്കുന്നില്ല.

## അങ്കണവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വെക്കുന്ന അങ്കണവാടികൾ നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിൽ ഒരു വാർഡിൽ ഒന്നു വീതം ഉണ്ടെങ്കിലും 5-ാം വാർഡിൽ അങ്കണവാടിക ഇല്ല. 1000 ജനങ്ങൾക്ക് ഒരു അങ്കണവാടി എന്നതാണ് ICDS - ന്റെ ലക്ഷ്യം. ഈ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പുതിയ 12 അങ്കണവാടികൾ കൂടി തുടങ്ങേണ്ടതുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മോശമാണ്. ഇത് ജീവനക്കാരിൽ വിഷമവും, രക്ഷിതാക്കളിൽ അസംതൃപ്തിയും ഉണ്ടാകുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും, സ്ഥലമില്ലാത്തതും, കെട്ടിങ്ങളുടെ അററകുററപണി നടത്താത്തതും, കളിപ്പാട്ടങ്ങൾ ഇല്ലാത്തതും, ഉടനെ തീർക്കേണ്ട പ്രശ്നങ്ങളാണ്. ഓരോ അങ്കണവാടിയിലും വർക്കർ, ഹെൽപർ എന്നീ രണ്ടു തസ്തികളാണ് നിലവിലുള്ളത്. രാവിലെ 9 മണി മുതൽ 3 മണിവരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടി വരുന്നു. എന്നാൽ പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്.

പട്ടികജാതി വികസന വകുപ്പ്, പട്ടികജാതിക്കാരുടെ വികസനത്തിനായി പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു.

1. പട്ടികജാതി സങ്കേതങ്ങളുടെ തീവ്ര വികസനം
2. സംയോജിത ഭവന നിർമ്മാണ പരിപാടി .
3. ഭൂരഹിത, ഭവനഹരിത. പുനരധിവാസ പദ്ധതി.
4. ഭവന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
5. നിർദ്ധനായ പട്ടിക ജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതി.
6. നിർദ്ധനായ പട്ടിക ജാതിക്കാർക്കു ചികിത്സക്കും വിവാഹത്തിനും ധനസഹായം.
7. വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആശ്രിതർക്ക് സഹായം.
8. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസം.
9. സമർത്ഥരായ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ.

മേൽപറഞ്ഞ സഹായ പദ്ധതികളെക്കുറിച്ച് ഈ വിഭാഗത്തിലുള്ളവർ തികച്ചും അജ്ഞരാണ്. ഈ വികസന പദ്ധതികളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി ബ്ലോക്കിലെ പട്ടികജാതി വികസന ആഫീസറെ സമീപിക്കേണ്ടതാണ്.

## വനിതാക്ഷേമം

വനിതകളുടെ ക്ഷേമത്തിനും, അവർക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി വനിതാ വികസനകോർപ്പറേഷൻ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

താഴ്ന്ന വരുമാനക്കാരായ ദുരിതമനുഭവിക്കുന്ന

സ്ത്രീകൾക്ക് സ്വയം ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുന്ന പദ്ധതിയാണ് വനിതാ സ്വയം തൊഴിൽ പദ്ധതി. പഞ്ചായത്തുകൾക്ക് വനിതാ വികസന കോർപ്പറേഷനുകൾക്ക് വനിതാ വികസന കോർപ്പറേഷനുമായി ബന്ധപ്പെടുന്നതിനും അതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഈ സഹായം വനിതകൾക്കു നൽകുന്നതിനും കഴിയുന്നതാണ്. സ്വന്തമായി വരുമാനം ഉണ്ടാക്കുവാൻ പര്യാപ്തമായ തൊഴിൽ പദ്ധതികളിൽ ഏർപ്പെടാൻ വനിതകളെ പ്രേരിപ്പിക്കുന്ന മറ്റൊരു പദ്ധതിയാണ് സ്ത്രീ ജ്യോതി പദ്ധതി. കൂടാതെ വ്യവസായം തുടങ്ങുന്നതിനുമുള്ള മറ്റൊരു ധനസഹായ പദ്ധതിയും കോർപ്പറേഷൻ നടപ്പാക്കി വരുന്നുണ്ട്.

സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവർക്ക് വേണ്ട നിയമോപദേശം നൽകുന്നതിനുമായി വിദഗ്ദ്ധരുടെ ഫാമിലി കൗൺസിലിംഗ് സെൻററുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന വനിത സംഘടനകൾക്ക് പുതിയ സെൻറർ തുടങ്ങുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം ലഭിക്കും. അതുപോലെ ഗ്രാമീണ സ്ത്രീകളുടെ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനും, വയോജനങ്ങൾ, വികാലാംഗർ മുതലായ അവശ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് ഗ്രാൻറുകൾ നൽകുന്നതാണ്. ഈ ഗ്രാൻറുകൾ നമ്മുടെ പഞ്ചായത്തിലും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

## സമ്പാദ്യശീലം

ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന്നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്ന് ആശയം പ്രചരിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ കർഷക തൊഴിലാളികളിൽ ഈ ആശയം എത്തിയിട്ടില്ലെന്നു തോന്നുന്നു. ഈ ആശയം പ്രാവർത്തികമാക്കുകയാണെങ്കിൽ ഓരോ കുടുംബത്തിനും ഒരു ചെറിയ തുക മിച്ചം വെക്കുവാൻ കഴിയും. ആ തുക മഹിളാ പ്രധാന ഏജൻറുമാർ മുഖേന സംഭരിക്കാൻ കഴിഞ്ഞാൽ സമൂഹത്തിന് അവനോടുള്ള ബാധ്യതക്ക് കുറവു വരുത്തുവാനും, പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം ആകുകയും ചെയ്യും.




# സംസ്കാരം

# സംസ്കാരം

പഴയ മദിരാശി പ്രവിശ്യയിലെ മലബാർ ജില്ലയുടെ ഭാഗമായി ഇരിക്കുമ്പോഴും തീരെ പിന്നോക്കമല്ലാതിരുന്ന മൂന്നു നാലു ഗ്രാമപദേശങ്ങൾ ചേർത്തു രൂപീകരിച്ചതാണ് കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്. പ്രാചീന ജാതിമതങ്ങളുടെ ചട്ടകൂടുകൾക്കു അനുസരിച്ചു വളർന്നു വന്നതാണെങ്കിലും ഏറെ ചൈതന്യവത്തായ ഒരു സംസ്ക്കാത്തിന്റെ ഉടമകളാണ് ഇവിടത്തെ ജനങ്ങൾ. ആംഗല വിദ്യഭാസത്തിന്റെ അനുബന്ധമായി അംഗുരിച്ച ചരിത്രകൗതകത്തോടെയാണ് ഇന്നത്തെലമുറ ആസംസ്കാരപരമ്പര്യത്തെ വീക്ഷിക്കുന്നത്. അബ്ദ്ധ ജടിലങ്ങളായ കെട്ടു കഥകളിലും വിശ്വാസയോഗ്യങ്ങളല്ലാത്ത ഐത്യഹ്യങ്ങളിലും ആണ്ടുകിടക്കുന്ന ആ സാംസ്ക്കാരിക പൈതൃകത്തെ അപഗ്രഥിച്ചിയുക ദുഷ്ക്കരം തന്നെ. സ്ഥലമഹാത്മ്യത്തെ വാഴ്ത്തി പറയാനൊ ചില സ്ഥലങ്ങളെയും ക്ഷേത്രങ്ങളേയും ഋഷിമാരുമായൊ ഇതിഹാസകഥാപാത്രങ്ങളുമായനുബന്ധിച്ച് മഹത്ത്വപ്പെടുത്താനൊ വേണ്ടി കെട്ടിച്ചമച്ചവയാണ് പല ഐതിഹ്യങ്ങളും. ഋഷിയും നാരദനും, സരസിംഹമൂർത്തി ക്ഷേത്രത്തിൽ സന്നിഹിതരായതു കൊണ്ട് ഋഷിനാരദമംഗലമെന്ന് സ്ഥലനാമം ഉണ്ടായി എന്നും ഇവർ തന്നെ വിഷ്ണു ക്ഷേത്രത്തിൽ വന്നു മഞ്ഞൾകൊണ്ട് പറവെച്ചതിനാൽ മഞ്ഞപ്ര എന്ന പേരു ആ പ്രദേശത്തിനു ലഭിച്ചു എന്നുമൊക്കൊ വിശ്വസിക്കുകയും പറയുകയും ചെയ്യുന്നവർ ഇന്നുമുണ്ട്.

ഈ കഥകളുടെയൊക്കെ നിജസ്ഥിതി എന്തായിരുന്നാലും ഇവിടത്തെ ജനജീവിതത്തിൽ സംസ്ക്കാര സ്രോതസ്സുകളായി വർത്തിച്ച കുറെ ഹിന്ദു ദേവാലയങ്ങൾ ഇവിടെയുണ്ട്. മഞ്ഞപ്രയിലെ സ്വയം ഭൂ എന്നു വിശ്വസിക്കുന്ന അയ്യപ്പന്റെ ക്ഷേത്രവും അതിന്റെ അനുബന്ധങ്ങളായ വിഷ്ണുക്ഷേത്രവും, കുറുമാലി ഭഗവതി ക്ഷേത്രവുമാണ് അവയിൽ പ്രധാനം. മഞ്ഞപ്ര ഗ്രാമത്തിലെ ഗുരുവായൂരപ്പൻ ക്ഷേത്രം, കൊന്നഞ്ചേരി പാണ്ടികുളങ്ങര ക്ഷേത്രം, കണ്ണമ്പ്രയിലെ കാരപ്പററയിലുള്ള ശിവ ക്ഷേത്രങ്ങൾ, കോളത്തോണി ക്ഷേത്രം എന്നിവയും പ്രധാനങ്ങൾ തന്നെ. ആരേയും വിശ്വസിക്കുമാര് സമുദായസാഹോദര്യത്തിന്റെ പ്രതീകങ്ങളായി നിലനില്ക്കുന്ന ചില കാവുകൾ ഇവിടെയുണ്ട്. മഞ്ഞപ്രതെക്കെത്തറയിലെ മാരിയമ്മൻ കോവിൽ, മഞ്ഞപ്രയിലും, കണ്ണമ്പ്രയിലുമുള്ള ശ്രീകുറുമ്പ കാവ് എന്നവയാണ് ആ വിഭാഗത്തിൽപ്പെടുന്നത്. പുരാതന കാലം മുതലെ ഈ കാവുകളിൽ പൂജ നടത്തുന്നത് ചെട്ടിയാന്മാരും തണ്ടാന്മാരും ആണ്. എന്നിട്ടും മഹാ ബ്രാഹ്മണർ ഉൾപ്പെടെ എല്ലാ സമുദായങ്ങളിലും പെട്ട ഭക്തജനങ്ങൾ ഇവിടങ്ങളിലെ ദേവീസാന്നിധ്യത്തെ അത്യാദരപൂർവ്വം കൊണ്ടാടി വരുന്നു. പല മഹാക്ഷേത്രങ്ങളും അയിത്താചരണത്തിന്റെ കേന്ദ്രങ്ങളായിരുന്ന കാലത്ത് ഇവിടെ ഇത്തരം ക്ഷേത്രങ്ങളും ഉണ്ടായി എന്നത് അർത്ഥവത്താണ്. മഞ്ഞപ്രയിൽ ചില പ്രമുഖ കുടുംബക്കാർ ഭയഭക്തി പുരസ്സരം ആരാധിച്ചുവരുന്ന പുല്ലടി ഭഗവതിയുടെ പൂജ നിർവ്വഹിക്കുന്നത്, ആ ഭഗവതി പന്തിരുകുലത്തിൻ മാതാവണെന്ന വിശ്വാസത്തിൽ പറയ ജാതിക്കാരാണ് - മഞ്ഞപ്രയിലും, കണ്ണമ്പ്രയിലുമുള്ള കേഷത്രോത്സവങ്ങളും ജനരജ്ജനയുടെ കാര്യത്തിൽ ജാതിമതങ്ങളുടെ അതിർവരമ്പുകളെ അതിക്രമിച്ചു നില്ക്കുന്നവയാണ്. മഞ്ഞപ്ര അയ്യപ്പ ക്ഷേത്രവും അനുബന്ധ ക്ഷേത്രങ്ങളും ഹിന്ദുമത സ്ഥാപനബോർഡു നിയമിക്കുന്ന എക്സിക്യൂട്ടിവ് ട്രസ്റിയുടെ നിയന്ത്രണത്തിലാണ്. കണ്ണമ്പ്രയിലെ ക്ഷേത്രങ്ങൾ കണ്ണമ്പ്ര നായർ വീട്ടുവകയാണ്.

ഈ പഞ്ചായത്തു പ്രദേശത്തെ പ്രധാന ക്ഷേത്രോത്സവം കണ്ണമ്പ്ര ശ്രീ. കുറുമ്പകാവിലെ വേലയാണ്. ഒരു ദേശീയോത്സവത്തിന്റെ ആഹ്ലാദതിമർപ്പ് പ്രകടമാക്കുന്ന വർണ്ണശമ്പളമായ ഈ വേല കണ്ണമ്പ്ര - ഋഷിനാരദമംഗലം ദേശക്കാരുടെ മാസങ്ങളോളം നീണ്ടുനില്ക്കുന്ന തീവ്രയത്നത്തിന്റെ സാഫല്യമാണ് ഇവിടത്തെ കാർഷിക പ്രധാനമായ ഗ്രാമ ജീവിതവുമായി ഈ ഉത്സവത്തെ ബന്ധിപ്പിക്കുന്നത് മലമക്കളിയാണ്. ടിപ്പുവിന്റെ പടയോട്ടത്തിനുമുമ്പ് ഇവിടെ പ്രബലരായിരുന്ന നമ്പൂതിരിമാരിൽ നിന്ന് നായകന്മാർ ഏറെറടുത്തു നടത്തിവരുന്നതാണ് ഈ കളി എന്നൊരു വിശ്വാസം ചിലർവെച്ചു പു

ലർത്തുന്നുണ്ട്. ജഗ്ദ് പിതാക്കളായ പാർവ്വതി പരമേശ്വരൻ വാരുടെ വിവാഹമാണ് പാട്ടിലെ പ്രധാന പ്രതിപാദ്യം. തമിഴ് ചുവകലർന്ന് ആ പാട്ടിൽ നമ്പതിരിത്തം ലവലേശം ഇല്ലന്നു മാത്രമല്ല, കളിക്കിടയിൽ രംഗത്ത് വരുന്ന അച്ഛൻനമ്പൂതിരപ്പൊറാട്ട് നമ്പൂതിരിത്തത്തെ കണക്കററ് പരിഹസിക്കുന്നതുമാണ്. ഗ്രാമീണ ജീവിതത്തിന്റെ ഭിന്നഭആവങ്ങളെ സരസമായി ആവിഷക്കരിക്കുന്നവയാണ് പല പൊറാട്ടുകളും. പ്രാചീന കലാരൂപങ്ങൾക്കും വേയിൽ പ്രാധാന്യം നല്കിയിട്ടുണ്ട്. അതിനു ദൃഷ്ടാന്തമാണ് വേലയോടനുബന്ധിച്ച് വേല ദിവസങ്ങളിൽ ക്ഷേത്രത്തിലെ കൂത്തുമാടത്തിൽ രാമായണകഥയെ ആസ്പദമാക്കി കുറുപ്പുമാർ നടത്തുന്ന തോൽപാവക്കൂത്ത് സ്ഥലപുരാണം പറയുന്ന പഴമക്കാർ.

''ഋഷിനാരമംഗലത്തുകാരും

വൃഷലീവൃന്ദവുമൊത്തുയാത്രയായ്'' എന്ന വെണ്മണിയുടെ പൂര പ്രബനധത്തിലെ വരികൾ അയവിറക്കാറുണ്ട്. ശ്രീ കുറുമ്പ കാവിൻേറയും, വേലയുടേയും പ്രാചീനത എത്രയായിരുന്നാലും ഇന്നത്തെ വർണ്ണശബളമായ രൂപഭാവങ്ങൾ അതിനു കൈവന്നിട്ട് നാലഞ്ചു, ദശാബ്ദങ്ങളിലധികമായിട്ടില്ല. രണ്ടു ദേശത്തുനിന്നുമുള്ള എഴുന്നുള്ളത്തു നിർവ്വഹിച്ചിരുന്ന കാളിക്കുട്ടി എന്ന ആനയും പാപ്പാൻ ശങ്കുണ്ണിനായരും ഇന്നും വൃദ്ധജനങ്ങളുടെ ഓർമ്മയിലുണ്ട്. കേരളത്തിലെ പ്രമുഖ ഗജവീരന്മാരും, പ്രശസ്തരായ വാദ്യമേളക്കാരും, പ്രഗത്ഭരായ വെടിക്കെട്ടു നിർമ്മാതാക്കളുമൊക്കെ അണിനിരക്കുന്ന ഒരു മഹോത്സവമായി വേല വളർച്ച പ്രാപിച്ചത് അടുത്തകാലത്താണ്.

## കണ്ണമ്പ്ര വേല

കണ്ണമ്പ്ര ശ്രീ. കുറുംബക്കാവിലെ ഉത്സവമാണ് കണ്ണമ്പ്രവേല. പാലക്കാട് ജില്ലയിലെ ഏററവും വലിയ വേലകളിലൊന്നാണ് കണ്ണമ്പ്ര വേല. കണ്ണമ്പ്ര ദേശം, ഋഷിനാരദമംഗലം ദേശം എന്നീ രണ്ടു ദേശക്കാർ വീറോടും, വാശിയോടും നടത്തുന്ന ഈ ഉത്സവം മേട മാസത്തിലെ വിഷുവിന് കൂറയിടുന്നതോടെ ആരംഭിക്കുന്നു. പിന്നെ 41-ാം ദിവസമാണ് വേല. വേലക്ക് തൊട്ടുമുമ്പ് ഏഴുദിവസം കാവിനോട് ചേർന്ന കൂത്തുമാടത്തിൽ രാമായണം കഥയയെ ആസ്പദമാക്കി പുലവർ (കുറുപ്പന്മാർ)നടത്തുന്ന തോൽപ്പാവകൂത്ത് എല്ലാ വർഷവും ഉണ്ട്. വേല ദിവസം രാവിലെ ക്ഷേത്രത്തിൽ വിശേഷാൽ പൂജകൾ ഉള്ളതുകൊണ്ട് സമീപ പ്രദേശങ്ങളിൽ നിന്ന് ധാരാളം ആളുകൾ ദർശനത്തിനെത്താറുണ്ട്. കണ്ണമ്പ്ര ദേശക്കാരുടെ വേല എഴുന്നള്ളത്ത് കണ്ണമ്പ്ര നായർ വീട്ടിൽനിന്നും, ഋഷി നാരദ മംഗലം ദേശക്കാരുടെത് അവരുടെ മന്ദത്ത് നിന്നും ആരംഭിക്കുന്നു. പ്രശസ്തരായ വാദ്യമേളക്കാരുടെയും, ഗജവീരന്മാരുടെയും അകമ്പടിയോടെയുള്ള ഈ എഴുന്നള്ളത്ത് ഏററവും ആകർഷകമായ ഒരു ചടങ്ങാണ്. പഞ്ചവാദ്യത്തോടെ ആരംഭിക്കുന്ന ഈ എഴുന്നള്ളത്ത് പന്തലിലെത്തിയാൽ പാണ്ടിമേളം ആരംഭിക്കുന്നു. സന്ധ്യയോടെ ഇരു ദേശക്കാരുടെയും അതിഗംഭീരമായ വെടിക്കെട്ടോടെ പകൽ വേല സമാപിക്കുന്നു. രാത്രി 10 മണിക്ക് രണ്ടു മന്ദുകളിലും ഗംഭീരമായ തായമ്പകയും അതിനുശേഷം പഞ്ചാവദ്യത്തോടു കൂടിയുള്ള എഴുന്നള്ളതും ഉണ്ടാവും. എഴുന്നള്ളത്ത് പന്തലിലെത്തി മേളം തമർന്നാൽ പിന്നെ നേരം പുലരുവേളം മത്സരിച്ചുള്ള കരിമരുന്നു പ്രയോഗമാണ്. ആയിരക്കണക്കിനു ജനങ്ങളെ ആകർഷിക്കുന്നു ഒരു ഗംഭീരദൃശ്യമാണ് ഇത്. വളരെ പ്രാചീനമായ ഈ ഉത്സവം ഇത്ര വമ്പിച്ച ആഘോഷമായി വളർന്നത് നാലോ അഞ്ചോ ദശാബ്ദങ്ങൾക്കുമുമ്പു മാത്രമാണ്. പണ്ടുകാലത്ത് ഒരേ ആന തന്നെ രണ്ടു ദേശക്കാരുടെയും എഴുന്നള്ളത്തിന് അകമ്പടി സേവിച്ചിരുന്നു. പല മഹാനുഭാവന്മാരുടെയും ആതമാർത്ഥമായ ശ്രമഫലമായിട്ടാണം വേല ഇന്നത്തെ പദവിയിലേക്കു വളർന്നത്. അതിപ്രശ്സതനും അദ്ധ്യാപക വരേണ്യനുമായ ശ്രീ. കെ. എസ്. യു. നായർ പോലും കണ്ണമ്പ്ര വിഭാഗത്തിൻെറ മുന്നണി പ്രവർത്തകനായി രംഗത്തു വന്നു. ഋഷി നാരദ മംഗലംകാരുടെ ഭാഗത്ത് പ്രഗത്ഭനായ ശ്രീ. വെങ്കിച്ചയ്യരും എത്തി. വേലയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത നിന്തര ശ്രമം കൊണ്ട് വേല എന്ന പദം തന്നെ ഒരു ടൈററിലായി ആപേരിനോടു ചേരുകയും ചെയ്തു.

വേല കഴിഞ്ഞാൽ ഇരു ദേശത്തേയും മന്ദത്തു കളിയോടുകൂടിയാണ് വേലയുടെ ചടങ്ങുകൾ സമാ

പിക്കുന്നത്. പണ്ടൊക്കെ ഭക്തിരസ പ്രധാനമായ ഒരു വിനോദമെന്ന സ്ഥാനം ഈ മലമക്കളിക്ക് ഉണ്ടായിരുന്നു. വട്ടത്തിൽ നിന്ന് പ്രത്യേക വിധിയനുസരിച്ച് പാട്ടുപാടി ചുവടുവെച്ച് കളിക്കുന്നതാണ് ഇതിൻെറ രീതി. പാട്ട് പ്രധാനമായും ദേവീസ്തുതിപരമാണ്. ഇടയിൽ രംഗത്തുവരുന്ന പൊറാട്ടു വേഷങ്ങൾ ഗ്രാമീണ ജീവിതത്തിൻെറ ഭിന്നഭാവങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ്. ഇക്കാലത്ത് വിനോദത്തിനും നേരംപോക്കിനും വേറെ ധാരാളം ഉപാധികൾ ഉള്ളതുകൊണ്ട് ഈ കളിയുടെ പ്രസക്തി കുറഞ്ഞു വരികയാണം. ഒരു ചടങ്ങ് എന്ന നിലയിൽ മാത്രമാണ് ഇത് ഇപ്പോൾ നടത്തപ്പെടുന്നത്.

കേവലം ഒരു ചടങ്ങ് എന്ന നിലനിൽപ്പുപോലും മഞ്ഞപ്രയിൽ പണ്ടുണ്ടായിരുന്ന പാനകളിക്ക് ഇന്നില്ല. ആറാട്ട് - താലപ്പൊലി തുടങ്ങിയ ഉത്സവവുമായി ഈ പാനകളിക്ക് എന്തെങ്കിലും ബന്ധമുള്ളതായും അറിവില്ല. ജാതിമതാദികളുടെ പരിമിതകളെയെല്ലാം വിസ്മരിപ്പിച്ചുകൊണ്ട് ജനഹൃദയങ്ങളെ ആഹ്ലാദത്തിൽ ആറാടിക്കുക എന്ന ധർമ്മത്തിന് ഈ മഹോത്സവം നമ്മുടെ ഓണാഘോഷത്തിനു അടുത്തു നില്ക്കുന്നു.

ഭക്തിഭാവങ്ങളെ തട്ടിയുണർത്തുന്ന മണ്ഡലക്കാലത്തിൻെറ സമാപനത്തോടു ചേർന്നാണ് ആറാട്ടും താലപ്പൊലിയും. വൃശ്ചികം ഒ്നാം തീയതി കുറഇയിട്ടു കഴിഞ്ഞാൽ നാൽപ്പത്തൊന്നു ദിവസം അയ്യപ്പൻ കാവിൽ കളമെഴുത്തും പാട്ടുമുണ്ട്. അയ്യപ്പനേയും കുറുമാലി അമ്മയേയും സ്തുതിക്കുന്നതാണ് പാട്ട് . മാമൂൽ അനുസരിച്ച് ഓരോ ദിവസത്തെ പാട്ടും ഓരോ വീട്ടുകാരാണ് കഴിക്കുന്നത്. ഭക്തി നിർഭരവും താളലയ പ്രദാനവുമാണ് പാട്ട്. കളം നിപുണമായ ഒരു കലാസൃഷ്ടിയും വിഷ്ണുവിങ്കൽ കൊടിയേററം മുതൽ ഒരാഴ്ചയാണ് ആറാട്ടിൽ അവസാനിക്കുന്ന ഉത്സവം.

ഉത്സവത്തിന് എല്ലാ ദിവസവും ക്ഷേത്ര കലകൾക്ക് പ്രാമണ്യം നൽകുന്ന കലാപരിപാടികൾ ഉണ്ടാകും. എങ്കിലും ക്ഷേത്ര ചടങ്ങുകൾക്കാണ് ഏറെ പ്രാധാന്യം. ആറാട്ട് വലിയ ഒരു ഉത്സവം തന്നെ. തലയെടുപ്പുള്ള ഗജവീരന്മാരും, വിദഗ്ദരായ വാദ്യമേളക്കാരും അണിനിരക്കുന്ന ആറാട്ടിന് കണ്ണഞ്ചിയ്ക്കുന്ന വെടിക്കെട്ട് ഗാംഭീര്യം പകരുന്നു.

പുലർച്ചയ്ക്കുമുമ്പ് അയ്യപ്പൻ താലം ചൊരിഞ്ഞ് കൂറയിറക്കുന്നതോടെ ഈ ഉത്സവം സമാപിക്കുന്നു. മററുദിക്കുകളിലുള്ള കുടുംബാംഗങ്ങളും ബന്ദുമിത്രാദികളും വന്നുചേർന്ന് ഗൃഹാന്തരീക്ഷത്തെ അഹ്ളാദഭരിതമാക്കുന്ന ഈ ഉത്സവം ഇന്നാട്ടിലെ ജനജീവിതത്തിന് കൊല്ലം തോറും ഒരു നവ ചൈതന്യം പകരുന്നു.

പ്രാചീന കലകൾക്ക് കണ്ണമ്പ്ര പഞ്ചായത്തിൽ സ്ഥിര പ്രതിഷ്ഠ ഉണ്ടയിട്ടുണ്ട്. കർത്തവീരാർജ്ജനൻെറ കഥ പറയുന്ന 'ആര്യമാല' എന്ന കലാരൂപത്തിന് ചല്ലിപ്പറമ്പിൽ ട്രൂപ്പുണ്ടായിരുന്നു. അടുത്ത കാലം വരെ ആ ട്രൂപ്പിൽ മേക്കപ്പ് സാധനങ്ങൾ സൂക്ഷിച്ചിരുന്നു. പാലക്കാടു ജില്ലയിൽ കണ്ണമ്പ്ര, കാവശ്ശേരി പഞ്ചായത്തുകളിലാണ് ഈ ട്രൂപ്പ് പ്രവർത്തിച്ചിരുന്നത്. ഈ അനുഷ്ഠാന കല ആസ്വദിക്കുന്നതിന് പുലരും വരെ ഉറക്കെമൊഴിച്ച് കാണുവാൻ ഒരു വലിയ ആസ്വാദക വൃന്തം തന്നെ ഉണ്ടായിരുന്നു. സ്റേറജില്ലാതെ, പ്രത്യേകിച്ച് കർട്ടനും ഒന്നും തന്നെയില്ലാതെ വെറുമൊരു പന്തലും, വേഷങ്ങൾ അണിയിച്ചൊരുക്കുന്നതിന് ഒരു മറയും മാത്രം ഉള്ളതാണ് ഇതിൻെറ രംഗസജ്ജീകരണം സിനിമയുടെ അതിപ്രസരത്തിൽ ഈ കല ഇന്ന് നാമാവശേഷമായിരിക്കുകയാണ്. 'മലമക്കളി' കണ്ണമ്പ്രക്കാവിലെ ഉത്സവത്തോടനുബന്ധിച്ച് ഇന്നും നടന്നുവരുന്നുണ്ട്. ഇതിനു മുമ്പ് പ്രസ്താവിച്ചതുപോലെ ഇതും വലിയ പണച്ചിലവില്ലാതെ ലളിതമായി നടത്തപ്പെടുന്നതാണ്. ചൂർക്കുന്നിൽ നത്തിയിരുന്ന മലമക്കളിക്ക് ഒരു പ്രത്യേകത ഉണ്ടായിരുന്നു. ജാതിമത ഉച്ചനീചത്തങ്ങളെ നിശിതമായി വിമർശിക്കുന്നതായിരുന്നു ഇത്. ആടുത്ത കാലത്ത് കലാകാരന്മാരുടെയും ആശാന്മാരുടെയും കുറവു നിമിത്തം ഇത് നടത്തപ്പെടുന്നില്ല. പാലക്കാട് ജില്ലയിൽ ഇന്നും നിലനിന്നുവരുന്ന ഒരു നാടൻ കലാരൂപമാണ് 'പൊറോട്ടു' കളി. ഇതിൻെറ ട്രൂപ്പ് ഇപ്പോഴും വാളുവെച്ച പാറയിൽ സജീവമായി പ്രവർത്തിക്കുന്നു. സ്ത്രീകൾ ഉൾപ്പെടെയുള്ള ആസ്വാദകരുടെ ഒരു നീണ്ട നിര തന്നെ ഇപ്പോഴും ഈ കല ആസ്വദിക്കാറുണ്ട്. ഇത്തരം അനുഷ്ഠാന കലകളഇലൂടെ പഞ്ചായത്തിലെ മാത്രമല്ല, പഴയ തെക്കൻ മലബാർ ഭാഗത്തെ ചരിത്രത്തെ സ്മരിയ്ക്കാനും, വികലമായ സംസ്ക്കാരത്തെ ചോദ്യം

ചെയ്യുന്നതിനും ഈ കലാരൂപത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരും ഒരുമയോടെ ഈ കലാസ്വാദനത്തിന് എത്തുന്നതും ഒരു കാഴ്ചയാണം.

ഉത്സവങ്ങളുടെ കൂട്ടത്തിൽ എടുത്തു പറയത്തക്ക പ്രധാന്യം കുറുമാലി വേലയ്ക്കുമുണ്ട്. വിഷുവിന് കൂറയിട്ട് പതിനൊന്നാം ദിവസമാണ്. വേല മഹോത്സവം. മഞ്ഞപ്ര തെക്കെത്തറക്കാരാണ് ഈ ഉത്സവത്തിന് മുൻകൈ എടുത്ത് ശ്രമിക്കുന്നത്. വേലദിവസം രാവിലെ തലക്കെട്ടണിഞ്ഞ ആനകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ അയ്യപ്പസന്നിധിയിൽ നിന്ന് ചുരികയും, പീഠവും എഴുന്നെളിക്കൊണ്ടുവന്ന് വെച്ചിട്ടാണ് വേല നടത്തുന്നത്. എഴുന്നുള്ളത്തും പന്തലുകളും വാദ്യമേളങ്ങളും വെടിക്കെട്ടുകളുമൊക്കെ വലിയ വേലയുടെ നിലവാരത്തിൽ തന്നെ ഈ ഉത്സവവും ജനജീവിതത്തിന് ഒരു പുതു ചൈതന്യം പകരാൻ പര്യാപ്തമാണ്. എങ്കിലും കാലപ്രവാഹത്തിൽ തിരോഭവിച്ചു പോയ ജാതിഭേദങ്ങളുടെ വികൃതമുഖം അങ്ങിങ്ങു പ്രതിഫലിക്കുന്നതല്ലെ ഈ ഉത്സവത്തിൻെറ ഇന്നത്തെ വികാസ പരിണാമങ്ങളെന്ന് ശങ്ക തോന്നാം.

നരസിംഹമൂർത്തിയിലും ശിവക്ഷേത്രത്തിലും ഉത്സവങ്ങളുണ്ടെങ്കിലും അവയൊക്കെ ക്ഷേത്രചടങ്ങുകൾ മാത്രമായി ഒതുങ്ങി നിൽക്കുന്നു. വളരെ കേമമായി കൊല്ലം തോറും അയ്യപ്പൻ പാട്ടു കഴിച്ചുവരുന്ന ദൈവസ്ഥലങ്ങൾ വേറെയുമുണ്ട്. ശിവരാത്രി, വിഷു മുതലായ വിശേഷ ദിവസങ്ങളിൽ പ്രത്യേക പരിപാടികൾ പലയിടങ്ങളിലും സംഘടിപ്പിക്കാറുണ്ട്. ഭക്തിയും, കലയും വിനോദവും കൂടിച്ചേർന്ന് ജനങ്ങൾക്ക് നവോന്മേഷം പകർന്നു നൽകുന്ന സന്ദർഭങ്ങളാണ് ഇവയെല്ലാം.മുസ്ലീം ആരാധനാലയങ്ങളിൽ പ്രധാനം കണ്ണമ്പ തെരുവിലെ പള്ളിയാണ്. മതനിയമങ്ങളനുസരിച്ചുള്ള ചടങ്ങുകളല്ലാതെ ജനങ്ങളെ മുഴുവൻ ആകർഷിക്കുന്ന ആഘോഷപൂർണ്ണമായ പെരുന്നാളുകളൊന്നും ഇവിടെ പതിവില്ല. അടുത്തുള്ള പഞ്ചായത്തുകളിൽ നടക്കുന്ന കാളിയാ റോഡ് ചന്ദനകുടം നേർച്ചയിലും പുഴയ്ക്കൽപ്പള്ളിനേർച്ചയിലും, തെരുവത്ത് പള്ളിനേർച്ചയിലും ഇവിടുത്തെ മുസ്ലീങ്ങളോടൊപ്പം ഹിന്ദുക്കളും സജീവമായി പങ്കെടുക്കാറുണ്ട്. ഈ പഞ്ചായത്തിലെ കാർഷിക മേഖലയിൽ വലിയ പരിവർത്തനത്തിന് നാന്ദികുറിച്ചുകൊണ്ട് ക്രിസ്തീയ സമുദായങ്ങൾ ഇവിടെ സ്ഥാനമുറപ്പിച്ചിട്ടുണ്ട്. അവരുടെ വലിയ ദേവാലയങ്ങളൊന്നും പടുത്തുയർത്തപ്പെട്ടിട്ടില്ലെങ്കിലും ക്രിസ്തുമസുപോലുള്ള സന്തോഷവസരങ്ങളെ ജനങ്ങൾ ഉത്സാഹപൂർവ്വം സ്വാഗതം ചെയ്യാറുണ്ട്.

## ഗ്രന്ഥശാലകൾ

കേരള ഗ്രന്ഥശാലാ സംഘത്തിൻെറ നേതൃത്വത്തിൽ 1950 കിൽ കേരളത്തിലടനീളം ഗ്രന്ഥശാലകൾ തഴച്ചു വളരുകയുണ്ടായി. ഏതാണ് ആകാലത്തു തന്നെ ഒരു ഗ്രന്ഥശാല സ്ഥാപിക്കുന്നതിന് കണ്ണമ്പ്രയിലെ സഹൃദയർ പരിശ്രമിക്കുകയുണ്ടായി. ചല്ലിപ്പറമ്പിലെ വേലായുധൻ മാസ്ററർ, ആർ. കെ. സേതുമാധവൻ നായരും, രാമചന്ദ്ര അയ്യരുമൊക്കെയാണ് അതിന് മുൻകൈയെടുത്തത്. അന്ന് ഋഷിനാരദമംഗലം മന്ദിൽ ഉണ്ടയിരുന്ന ടി. ബി. ടി. സ്ററാൻറിൻെറ ഒരു സൈഡിലെ ചെറിയ മുറിയിലാണ് 1951 സ്വതന്ത്രഭാരത വായനശാല എന്ന പേരിൽ ആദ്യം ഗ്രന്ഥശാല ആരംഭിച്ചത്. അന്ന് രാമചന്ദ്ര അയ്യർ പ്രസിഡൻറും ടി. സുകുമാരൻ മാസ്ററർ സെക്രട്ടിയുമായിരുന്നു. പിന്നീട് പി. ബാലകൃഷ്ണൻ നായർ പ്രസിഡൻറായി. സുകുമാരൻ മാസ്ററർ സെക്രട്ടിയായി തുടർന്നു. അക്കാലത്ത് ആലത്തൂർ താലൂക്കിലെ പല ഭാഗങ്ങളിലും, ലൈബ്രറികൾ ആരംഭിച്ചിരുന്നു. ശ്രീ. വി. മുത്തുമാസ്ററർ താലൂക്ക് യൂനിയൻ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. 1960 കളിൽ സ്വതന്ത്ര ഭാരത വായനശാലയ്ക്ക് നല്ല പുരോഗതിയുണ്ടായി. ഒരു പ്രസ്ഥാനമെന്ന നിലയിൽ അത് എല്ലാവരുടേയും ശ്രദ്ധയാകർഷിച്ചു. പത്രമാസികളും ഗ്രന്ഥസമ്പത്തും ഗ്രന്ഥ വിതരണവും അംഗസംഖ്യയുമൊക്കെ കൂടിയതിൻെറ ഫലമായി പലതവണ ഗ്രേഡ് ഉയരുകയും അതനുസരിച്ച് ഗ്രാൻറുതുക കൂടിക്കിട്ടുകയും ചെയ്തു. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതിരുന്നതു കൊണ്ട് പലപ്രാവശ്യം സ്ഥലം മാറേണ്ടി വന്നു എന്നതായിരുന്നു അന്നത്തെ പ്രധാന ബുദ്ധി

മുട്ട്. 1970 വരെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചിരുന്ന ഗ്രന്ഥശാല പിന്നീട് വളർച്ച മന്ദീഭവിക്കുകയും ചെയ്തു. ആ ഗ്രന്ഥശാല ഇപ്പോൾ കണ്ണമ്പ്ര കമ്മാന്തറയിലെ സംഘം കലാസമിതിയുടെ മുറിയിൽ നാമമാത്രമായി പ്രവർത്തിക്കുന്നുണ്ടെന്നു പറയാം.

1960 വരെ മഞ്ഞപ്ര പഞ്ചായത്തുണ്ടായിരുന്നപ്പോൾ ആ പഞ്ചായത്തു വകയായി എഴുനൂറോളം ഗ്രന്ഥങ്ങളുള്ള ഒരു ലൈബ്രറി ഉണ്ടായിരുന്നു. മഞ്ഞപ്ര പഞ്ചായത്ത് കണ്ണമ്പ്രയിൽ ലയിച്ചപ്പോൾ ആ ഗ്രന്ഥശാലയും കണ്ണമ്പ്രയിലേക്ക് മാററി. പിന്നീട് ഗ്രന്ഥശാല പുളിങ്കൂട്ടത്തേക്കും, ഒടുവിൽ നാട്ടുകല്ലിലേക്കും മാററുകയുണ്ടായി. 1996 ആഗസ്ററ് 15 ന് വീണ്ടും തുറന്ന് ഗ്രന്ഥ വിതരണം നടത്തുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൻെറ അഭിമാനസ്തംഭമായി ഉയർന്നു നിൽക്കുന്ന ഒരു സ്ഥാപനമാണ് കല്ലങ്കൽപ്പാടം വായനശാല. ഇത് 1974 ൽ രൂപീകൃതമായി. 1977 ൽ ഗ്രന്ഥശാലാ സംഘമായി അഫിലിയേററ് ചെയ്തു. ആദ്യത്തെ പ്രസിഡണ്ട് ശ്രീ. എം. സി. പഴനിയും സെക്രട്ടറി ശ്രീ. മാത്യു സെബാസ്ററ്യനും ആയിരുന്നു. 1984ൽ സ്വന്തമായി രണ്ട് സെൻററ് സ്ഥലം വാങ്ങി രണ്ട് റൂമുകൾ ഉണ്ടാക്കി അതിൽ പ്രവർത്തനമാരംഭിച്ചു. തുടർന്ന് 1990 ൽ 2400 ച. അടിയുടെ ഒരു രണ്ടു നില കെട്ടിടമായി ഇത് ഉയർന്നു. താഴെയുള്ള വിശാലമായ ഹാൾ കല്യാണ ആവശ്യങ്ങൾക്കും പൊതുയോഗം കൂടുന്നതിനും ഉപയോഗിക്കുന്നു. കൂടാതെ ഇതിൽ ഒരു പ്രീ പ്രൈമറി സ്ക്കൂൾ പ്രവർത്തിക്കുന്നു. അങ്ങനെ ഈ വായനശാല സംസ്ഥാനത്തെ തന്നെ മാതൃകാസംരഭമായി ഉയർന്നിരിക്കയാണ്. ഈ വായനശാലയിൽ ഇപ്പോൾ 320 മെമ്പർമാരും 5,500 ഓളം പുസ്തകങ്ങളും ഉണ്ട്. നാട്ടിലെ എല്ലാവിധ വികസന പ്രവർത്തനങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന ഈ വായനശാല 1995 ൽ ഏ - ഗ്രേഡ് ആയി ഉയർന്നു.

കവിയരങ്ങും, സെമിനാറുകളും, ചെറുകഥാ ക്യാമ്പുകളും സജീവമായി സംഘടിപ്പിക്കുന്ന ഈ വായനശാല രക്തദാനം പോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിക്കുന്നു. വായനശാലയുടെ ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. കെ. കെ. കൃഷ്ണൻ കുട്ടിയാണ്. ഈ വായനശാലയുടെ ആരംഭം മുതൽ ഇതിലെ സജീവ സാന്നിധ്യമായ ശ്രീ. മാത്യു സെബാസ്ററ്യൻ തന്നെയാണ് ഇപ്പോഴും സെക്രട്ടറി.

ശങ്കരൻ കണ്ണൻ തോട്ടിലുള്ള ഗ്രമീണ വായനശാല നന്നായി പ്രവർത്തിക്കുന്നുണ്ട്. 1927ൽ തുടങ്ങിയതാണ്. ആദ്യത്തെ പ്രസിഡൻറ് എൻ. എം. ഔസേപ്പ് സെക്രട്ടറി - രവി. ഇടക്കാലത്ത് പ്രവർത്തനരഹിതമായി. ഇന്നിപ്പോൾ പ്രസിഡൻറ് ടി. കെ. പങ്കജാക്ഷൻപിള്ള , സെക്രട്ടറി എൻ. എം., ബൈജു. രക്തദാനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തിയിട്ടുണ്ട്. സ്വന്തമായി ഒരു ഇരുനില കെട്ടിടവും 2500 ഓളം പുസ്തകങ്ങളും ഇവർ വാങ്ങിയിട്ടുണ്ട്. പന്തലാംപാടത്തുള്ള കൈരളി വായനശാലയും നന്നായി പ്രവർത്തിക്കുന്നു. ആദ്യത്തെ പ്രസിഡൻറ് എൻ. ജി. പ്രേമൻ, സെക്രട്ടറി സി., കെ. നാരായണൻ. ഇപ്പോൾ പ്രസിഡൻറ് കുര്യാക്കോസ് വി. സി., സെക്രട്ടറി എം. ജെ. ജോസ്. അവർക്ക് സ്വന്തമായി കെട്ടിടവും 1500 ഓളം പുസ്തകങ്ങളും ഉണ്ട്. പതിനൊന്നാം വർഡിൽ സ്ഥതി ചെയ്യുന്ന ഈ രണ്ടു വായനശാലകളും കേരള ഗ്രന്ഥശാല സംഘവുമായി അഫിലിയേററ് ചെയ്തതാണ്.

സംഗീതം, നൃത്തം, നാടകാഭിനയം മുതലായി കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് 1960 കളിൽ ചില കലാസമിതികൾ ഇവിടെ ഉദയം ചെയ്തത്. അന്നത്തെ വി. ഇ. ഒ. ആയിരുന്ന സത്യനും, സി. കെ. ഗോപാലനും പി. എം. മാണിക്യൻ, പരേതനായ വി. കണ്ണനും ചേർന്നാണ് കെ. ബി. എ. സി. രൂപീകരിച്ചത്. ഏതാണ്ട് ഒരു ദശാബ്ദക്കാലം അത് വളരെ സജീവമായിരുന്നു. നാടകം നൃത്തം തുടങ്ങിയ കലാപരിപാടികളോടു കൂടി ചില വാർഷികങ്ങൾ നടത്തുകയും കട്ടൗട്ട്, കർട്ടനും മററും ഉണ്ടാക്കുകയും ചെയ്തിരുന്നു. പിന്നീട് മിക്കവാറും പ്രവർത്തനഹിതമായി. കെട്ടിട നിർമ്മാണം ഉദ്ദേശിച്ചു വാങ്ങിയ സ്ഥലം മാത്രം അവശേഷിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ തന്നെ മഞ്ഞപ്രയിൽ ജവഹർ കലാമന്ദിർ എന്നൊരു കലാസമിതിയും പ്രവർത്തനം നടത്തിയിരുന്നു. ഫർണീച്ചറും കർട്ടനും മാത്രമല്ല സ്വന്തമായി ഒരു കെട്ടിടം കൂടി അവർ ഉണ്ടാക്കി. അത് ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും കലാരംഗ

ത്തെ പ്രവർത്തനം തുടരുന്നു. ജവഹർ കലാമന്ദിറി നെ അനുകരിച്ച് വേറെയും പല കലാസമിതികളും ഉദയം ചെയ്യുകയും ഒന്നോ രണ്ടോ വാർഷികങ്ങൾ നടത്തി അതിനെറ സാമ്പത്തിക ഭാരം താങ്ങാനാ വാതെ തിരോഭവിക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ചില കലാസമിതികളും സ്പോർട്ട്സ് ക്ലബ്ബുകളും ഇന്നും പ്രവർത്തിക്കുന്നുണ്ട്. കലാഭിരുചി പ്രകടിപ്പിക്കാൻ വെമ്പുന്ന ചെറുപ്പക്കാരും അവയുടെ പിന്നിലുണ്ട്. എന്നാൽ സംഭാവന പിരിച്ചും, വാർഷികങ്ങൾ നടത്തിയും പഴയ മാതിരി ശോഭിക്കാവുന്ന സാഹചര്യമല്ല ഇന്നുള്ളത്. സമ്പത്തികത്തിനു പുറമെ നമ്മുടെ വിദ്യാലയങ്ങളിലെ യൂത്തു ഫെസ്ററിവലുകൾ അഭിമുഖരിക്കുന്ന പ്രശ്നങ്ങളൊക്കെ ഈ രംഗത്തുണ്ട്.

ജില്ലയിൽ നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരു ക്ലബ്ബാണ് കല്ലിങ്കൽപ്പാടം 'നവചേതന' ക്ലബ്ബ്. ഈ കലാസമിതിക്ക് ഒരു സ്ഥിരം നാടകവേദിയുണ്ട്. കൊല്ലം തോറും വാർഷികം നടത്തുകയും സ്വന്തമായി നാടകങ്ങൾ എഴുതി അവതരിപ്പിക്കാറുണ്ട്. മററു നാടക സംഘത്തിൻെറ നാടകങ്ങൾ വടക്കഞ്ചേരിയിലും കല്ലിങ്കൽപ്പാടത്തും കൊണ്ടു വന്ന് നടത്താറുണ്ട്. എ. കെ. ജി. നാടക ട്രോഫിക്കുവേണ്ടിയുള്ള അഖില കേരള നാടക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. കുട്ടികളുടെ കലാപരിപാടികളും, മത്സരങ്ങളും ഇതോടൊപ്പം നടത്തിവരുന്നു. സർക്കാരിൻെറ സഹായത്തോടുകൂടി (പ്രളയക്കെടുതി സ്കീമിൽ) 80 വീടുകൾ പണിയിച്ചു കൊടുത്തിട്ടുണ്ട്. സ്പോർട്ട്സ് ക്ലബ്ബ്, ഫിലിം സൊസൈററി, ചെസ് ക്ലബ്ബ്, അക്വാററിക് ക്ലബ്ബ് എന്നിവ ഈ ക്ലബ്ബിൻെറ കീഴിലാണ്.

ചല്ലിപ്പറമ്പിലെ സോഷ്യലിസ്ററ് കലാസമിതി, ചൂർക്കുന്നിലെ 'പുരോഗമന കലാസമിതി' കണ്ണമ്പ്രയിലെ കലാസമിതി, കുണ്ടൻചിറയിലെ ഭഗവത് സിംഗ് ക്ലബ്ബ് ഇവയൊക്കെത്തന്നെ വർഷം തോറും വാർഷികവും കുട്ടികളുടെ കലാപരിപാടികളും സംഘടിപ്പിക്കാറുണ്ട്.

മഹത്തായ ഒരു കലാപാരമ്പര്യത്തിനെറ അനന്തരാവകാശികളാണ് നാം. പ്രശസ്ത കവിയായിരുന്ന കണ്ണമ്പ്ര കുഞ്ഞുണ്ണി നായരും, കഴിഞ്ഞ തലമുറയിൽ അഖിലഭാരത പ്രശസ്തി നേടിയ സംഗീതാജ്ഞൻ മഞ്ഞപ്രയിലെ എം. ഡി. രാമനാഥയ്യൻ പുതുക്കോട് കൃഷ്ണമൂർത്തി, തിരുവിതാം കൂർ രാജകുടുംബത്തു നിന്ന് അടുത്തൂൺ കിട്ടിയിരുന്ന വൈണികനായ കല്യാണകൃഷ്ണഭാഗവതർ തുടങ്ങി അഖില ഭാരത പ്രശസ്തി നേടിയ സംഗീത വിദ്വാൻ മാർ ഇവിടെ ഉണ്ടായിരുന്നു. ആ സംഗീത പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന പിൻഗാമികൾ ഇന്നുമുണ്ട്. അവരിൽ എം. ആർ. വെങ്കിടേശ്വരൻ (മോഹനൻ) അറിയപ്പെടുന്ന കലാകാരനാണ്.

## ശ്രുതി ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്

1986 ൽ ഋഷിനാരദമംഗലത്ത് പ്രവർത്തനം ആരംഭിച്ചു. (Reg. No. 330/86) പാലക്കാട് ജില്ലാ നെഹ്റു യുവക് കേന്ദ്ര, ബാൾ ബാററ്മിൻറൺ അസോസിയേഷൻ, കാരംസ് അസോസിയേഷൻ എന്നിവയുമായി അഫിലിയേററ് ചെയ്തിട്ടുണ്ട്.

ജനങ്ങളുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ്, ക്യാൻസർ ഡിററക്ഷൻ ക്യാമ്പ് നേത്ര ചികിത്സാ ക്യാമ്പ് എന്നിവ നടത്തിയിട്ടുണ്ട്. ഋഷി നാരദമംഗലം, എൽ. പി. സ്കൂളിലെ നിർധനരായ കുട്ടികൾക്ക യൂണി ഫോം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പോളിയോ, കോളറ നിർമ്മാർജ്ജനം പരിപാടികളിൽ സഹകരിച്ചിട്ടുമുണ്ട് ഇപ്പോഴത്തെ പ്രസിഡൻറ് കെ. രാമചന്ദ്രനും സെക്രട്ടറി കെ. അശോക്കുമാറും ആണ്.

### നമ്മുടെ പഞ്ചായത്തിലെ സ്ഥാനം കൊണ്ടും വിദ്യാഭ്യാസം കൊണ്ടും ഔന്നത്യത്തിലെത്തിയ വ്യക്തികൾ

1. പി. ആർ. സുന്ദരയ്യർ, മദ്രാസിലെ ചീഫ് ജസ്ററിസ് ആയിരുന്നു.

2. പി. എസ്. ഗോപാലകൃഷ്ണൻ, ഇന്ത്യൻ ഓവർസീസ് ബാങ്കിൻെറ മുൻ ചെയർമാൻ

3. പി. എസ്. ശ്വേതാരണ്യ അയ്യർ, മാദ്രാസിലെ സബ് ഇൻസ്പെക്ടർ ആയിരുന്നു.

4. പി. ആർ. രാമനാഥ അയ്യർ, സാമൂതിരി കോളിജൻെറ പ്രിൻസിപ്പൽ ആയിരുന്നു.

5. പി. കെ. നാരായണ അയ്യർ, പുതുക്കോട് സർവ്വജന ഹൈസ്ക്കൂൾ സ്ഥാപകൻ.

6. നാണു ജ്യോത്സ്യർ, കേരളത്തിലെ പ്രഗത്ഭനായ ഒരു ജ്യോതിഷി.

7. വിശ്വം പട്ടർ, പ്രഗത്ഭനായ മാന്ത്രികനായിരുന്നു.

8. ആർ. എസ്. ശങ്കരനാരായണ പട്ടർ, പാലക്കാട് ജില്ലയിലെ വേല ഉത്സവങ്ങൾക്ക് ഇന്നത്തെ രൂപം നൽകിയ വ്യക്തി.

9. ആർ. വി. വൈദ്യനാഥൻ IAS, ഇപ്പോൾ ആന്ധ്രപ്രദേശിൽ സീനിയർ സെക്രട്ടറി.

10. നാഗപ്പൻ നായർ, 70 വർഷങ്ങൾക്കു മുൻപ് ജില്ലാ ജഡ്ജിയായിരുന്നു.

11. കെ. ഗോപാലകൃഷ്ണൻ, ഇന്ത്യാ ടുഡേ പത്രാധിപർ

12. അനിതാ നായർ IFS

13. ആർ. വി. കൃഷ്ണൻ IAS, ആന്ധ്രാ ഗവൺമെൻറിൻെറ പല വകുപ്പുകളുടേയും സെക്രട്ടറി ആയിരുന്നു. ഇപ്പോൾ ഹൈദ്രാബാദ് അഡ്മിനിസ്ട്രേററീവ് സ്ററാഫ് കോളേജ് അദ്ധ്യാപകനാണ്.

14. ആർ. ജെ. വൈദ്യനാഥൻ, ആന്ധ്രാ ബാങ്കിൽ ചീഫ് ഓഫീസറാണ്. (ബോംബേ)

15. ആർ. സി. നാരായണൻ, ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജി ന്യൂഡൽഹിയിലെ പ്രിൻസിപ്പൽ ആയി വിരമിച്ചു.

16. എം. വിജയ M.com, പട്ടികജാതി വിഭാഗത്തിലെ ആദ്യത്തെ മാസ്ററർ ബിരുദധാരിണി.

17. കെ. ദേവൻ, ഭാഭ ആറ്റോമിക് റിസർച്ച് സെൻററിൽ ശാസ്ത്രജ്ഞനായി ജോലി ചെയ്യുന്നു.

18. പി. ലീന, മെററീറിയോളജിയിൽ 1-ാം റാങ്കോടെ മാസ്ററർ ബിരുദം, M.Tech ൽ 1-ാം റാങ്ക്

19. കെ. എൻ. നായർ, ഡൂൺ സ്ക്കൂൾ അദ്ധ്യാപകനായിരുന്നു രാജീവ് ഗാന്ധി, സഞ്ജയ്ഗാന്ധി, ഡോ. കരൺസിംഗ് എന്നിവരുടെ ഗുരു.

20. എൻ. കൃഷ്ണൻ M. P. ആയിരുന്നു.

21. എം. വി. കെ. വാര്യർ, Income Tax Commissioner ആയിരുന്നു.

22. കെ. എൻ. ജി. വാര്യർ, വെറററിനറി കോളേജ് പ്രിൻസിപ്പൽ ആയിരുന്നു.

23. എം. വി. ഭാസ്ക്കരൻ, അഡീഷണൽ D.G.P. ആന്ധ്രപ്രദേശ് ആയിരുന്നു.

24. എം. എസ്. ജലജ IAS, ബീഹാർ സോഷ്യൽ വെൽഫെയർ സെക്രട്ടറി.

25. എം. ജി. എ. രാമൻ D.I.G. of Kerala

26. എം. പി. രാമനാഥൻ , ശാസ്ത്രീയ സംഗീത വിദ്വാൻ

27. സി. കവിത, യു. സി. കോളേജ്, ആലുവ. സീനിയർ ഹോക്കി താരം - യൂണിവേഴ്സിററി

28. എം. വി. രാമചന്ദ്ര ഭാഗവതർ, ശാസ്ത്രീയ സംഗീതവിദ്വാൻ.

(ലിസ്ററ് അപൂർണ്ണം)

29 മഞ്ഞപ്ര കോങ്ങോട്ട് സ്വാമിനാഥൻ നായരുടെ മകൾ സുനിതാ നായർ Ist Rank MSc. Botany




# വനിത

# വനിത

''ന സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്ന ഭാരതീയ ചിന്തയുടെ ചുവടുപിടിച്ച് സ്ത്രീകളെ ഉപഭോഗ വസ്തുക്കളാക്കി മാത്രം കുരുതിയിരുന്ന ഒരു കാലഘട്ടമായിരുന്നു 19-ാം നൂററാണ്ടുവരെ ഭാരതത്തിൽ. കുഞ്ഞുങ്ങളെ പ്രസവിക്കാനും, അടുക്കളയിൽ അടിഞ്ഞുകൂടാനും മാത്രമായി വിധിക്കപ്പെവളാണ്. താനെന്ന മിഥ്യാധാരണയിൽ, പാരമ്പര്യത്തിൻെറയും, നിയമത്തിൻറ കൂച്ചുവിലങ്ങിൻറയും ചട്ടക്കൂട്ടിൽ അവൾ തളയ്ക്കപ്പെട്ടിരിക്കയായിരുന്നു. എന്നാൽ ഇന്ന് അതിൽ നിന്നെല്ലാം വിഭിന്നമായ ഒരു സ്ഥിതിവിശേഷമാണ് ഭാരതത്തിലാകമാനവും, സ്ത്രീത്വത്തെ ആദരിക്കുകയും, അവൾക്ക് വളരാനുള്ള അവസരങ്ങൾ അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കേരളത്തിൽ പ്രത്യേകിച്ചും നാം കാണുന്നത്. ഇന്ന് പുരുഷന്മാരെ വെല്ലുന്ന സ്ത്രീകൾ ലോകത്തിലെന്നല്ല ഭാരതത്തിലും, കേരളത്തിലും ഉണ്ടായിരിക്കുന്നു. "There is only one 'man' in India that is Indiragandhi" എന്ന് നാം കേട്ടിട്ടുണ്ട്.

ഇന്ന് കേരളത്തിലെ വിഭിന്ന മേഖലകളിൽ സ്ത്രീകൾ ശോഭിക്കുന്നുവെങ്കിൽ, സമൂഹ വളർച്ചയിൽ സ്ത്രീയുടെ പങ്ക് എത്രമാത്രമെന്ന് നമുക്ക് മനസ്സിലാക്കാം. ഇതിൻെറ പിന്നിൽ ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച പല സാമൂഹ്യപരിഷ്ക്കർത്താക്കന്മാരും കാരണായിട്ടുണ്ടെന്ന വസ്തുത നമുക്ക് മറക്കാനാവില്ല. സ്വന്തം കുഞ്ഞ് പട്ടിണിയു, രോഗവുമായി മരിക്കുന്നത് കണ്ടുകൊണ്ടാണ് കാറൽ മാർക്സ് തൻെറ വിപ്ലവജനകമായ പുസ്തകം എഴുതിയത്. ഭാരതത്തിലെ പകുതിയിലേറെ വരുന്ന ഒരു ജനതയുടെ ഉയരുവാനുള്ള ആത്മവാഞ്ഛയെ തടഞ്ഞു നിറുത്താനാവില്ലായെന്ന സത്യം പലരും മറക്കുന്നു.ഠ മാററുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ മാററുമതു നിങ്ങളെത്താൻ'' എന്ന ആശാനും, പീടിക ത്തിണ്ണ വീടാക്കി. സഹോദരി മയങ്ങവേ, പെരുത്തശമ്പളം വാങ്ങുമി ഞാൻ മരിക്കണം'' എന്ന് പി. കുഞ്ഞിരാമൻനായരും, ''പട്ടിണിയിട്ട് മരക്കേക്കാട്ടിൽ പട്ടികടിച്ചു മരിക്കേതല്ലൂ'' എന്ന് കുഞ്ചൻ ഹാസ്യാത്മകമായി പാടിയതും, ''നീതിയുടെ പരിണിതഫലമാണ് സമാധാനം'' എന്ന മുദ്രവാക്യം പന്ത്രണ്ടാം പീയൂസ് പാപ്പാ സ്വീകരിച്ചതിൻെറയുമെല്ലാം താല്പര്യം മററൊന്നുമല്ല. നീതിക്കുവേണ്ടി മുറവിളികൂട്ടുന്ന ഇന്നത്തെ ലോകത്തിൽ 'സ്ത്രീക്കും' എല്ലാ തുറയിലും, എല്ലാ തലത്തിലും നീതി ലഭിക്കേണ്ടിയിരിക്കുന്നു. ''നെല്ലിൻ ചുവട്ടിൽ മുളയ്ക്കുന്ന പുല്ലല്ല സാധുപുലയൻ'' എന്ന് വള്ളത്തോൾ അധ:കൃത വർഗ്ഗത്തിൻെറ ഉണർന്നെഴുന്നേല്പിനെക്കുറിച്ച് പാടിയെങ്കിൽ, ഞങ്ങൾ പാടുന്നു.

''കറിയിലെ വേപ്പിലപ്പോലല്ല ഞങ്ങളീ,
കേരള വനിതകൾ ഓർക്കുക നിങ്ങൾ
ജനകീയാസൂത്രണ പ്രസ്ഥാനം തന്നിലും,
സ്ത്രീയും പുരുഷനുമൊപ്പമെത്തീടണം.''

പതിനൊന്ന് വാർഡുകളുള്ള കണ്ണമ്പ്ര പഞ്ചായത്തിലൂടെ കടന്നുപോകുമ്പോൾ നാം കാണുന്ന സവിശേഷങ്ങൾ - തൃഷശൂർ ജില്ല അവസാനിച്ച് പാലക്കാട് ജില്ല ആരംഭിക്കുന്നതു മുതൽ തുടങ്ങുന്ന ഈ പഞ്ചായത്ത് ഇപ്പോഴും വികസനത്തിൻെറ പിള്ളത്തൊട്ടിലിലാണെന്ന് പറയാം. ഇതിൽ ത്തന്നെ വനിതകളെ സംബന്ധിക്കുന്ന വികസന മേഖലകളെപ്പററി മാത്രം പരാമർശിക്കുമ്പോൾ, പകലന്തിയോളം എല്ലുമുറിയെ പണിയെടുത്താലും ജീവിക്കാനാവശ്യമായ പലതും ലഭിക്കാത്ത കദനക്കഥകളാണ് പാവപ്പെട്ടവരായ ഏറെ വനിതകൾക്കും പറയാനുള്ളത്. അതിനാൽ ജനകിയാസൂത്രണ വികസനപരിപാടിയിൽ വനിതാക്ഷേമത്തിനുവേണ്ടി ക്രിയാത്മകമായ പ്രത്യേക പരിഗണനകൾ തന്നെ നൽകേണ്ടിയിരിക്കുന്നു എന്ന് ഞങ്ങൾ ഉറക്കെ പറയുകയാണ്.

ഈ പഞ്ചായത്തിലെ പ്രസിഡണ്ട് ഒരു വനിത - ശ്രീമതി ഏലിയാമ്മ മാത്യു - യാണെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. അഭിനന്ദിക്കുന്നു. കരിക്കത്തിയും, കഞ്ഞിത്തവിയും പിടിച്ച് തഴമ്പിച്ച ആ കൈകൾ ഇന്ന് ഭരണ സാരഥ്യം വഹിക്കുന്നു. പോരാ, അഭിമാനിക്കാൻ ഇനിയുമുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ററാൻഡിങ്ങ് കമ്മററി

ചെയർമാനായി സ്ഥാനമലങ്കരിക്കുന്നത് ശ്രീമതി ആലീസ് മാത്യുവാണ്. ചെറുപ്പമെങ്കിലും സാമൂഹ്യ രംഗത്ത് ഏറെക്കുറെ തഴക്കവും, പരിചയവും, പ്രതി കരണശേഷിയുമുള്ള 'ആലീസ്' ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക്, സാമൂഹ്യ പ്രതിബദ്ധതയോടെ മു ന്നേറിക്കൊണ്ടിരിക്കുന്നതിൽ കണ്ണമ്പ്ര പഞ്ചായത്തി ലെ വനിതകൾ സന്തുഷ്ടരാണ്. ഇത്രയും കൊണ്ടാ യില്ല ഇനിയും കഴിവും, കർമ്മശേഷിയുള്ളഎത്രയേ റെ വനിതകൾ നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ ഒതു ങ്ങിക്കൂടി കഴിയുന്നു. അവരെയെല്ലാം പ്രബുദ്ധരാ ക്കാൻ, സമൂഹത്തിന്റെ സഹോദരന്റെ അയൽ പക്കക്കാരന്റെ നന്മക്കുവേണ്ടി, പ്രവർത്തനോന്മു ഖരാക്കാൻ നമ്മുടെ ജനകീയാസൂത്രണ പ്രസ്ഥാ നത്തിലൂടെ കഴിയണം.

## കണ്ണമ്പ്ര പഞ്ചായത്തിലെ വനിതകളുടെ ഇപ്പോഴത്തെ നില

ഇവിടെ സ്ത്രീകളുടെ അംഗസംഖ്യയം, സ്തീ കളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങവുംടെ എണ്ണവും കുറവണ്. സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള താല്പര്യക്കുറവ് പൊതുവെ സ്ത്രീകളിൽ ദൃശ്യമാണ്. സ്ത്രീകളിൽ അധികം പേരും കാർഷിക മേഖലയോട് ബന്ധപ്പെട്ടവരാണ്. കാർഷിക മേഖലയിലാണ് സ്ത്രീകൾ അധികവും പണി യെടുക്കുന്നതെങ്കിലും, കൂലി കുറവായതിനാൽ ഇന്ന് മററു മേഖലകൾ തേടി പോകുന്നു. ഉദാ:- നിർ മ്മാണ മേഖലകളിലേക്ക്. സ്ത്രീകൾക്കു വേണ്ടിയു ള്ളതൊഴിൽ മേഖലകൾ കുറവാണ്. കൂലിയുടെ കാ ര്യത്തിലും വലിയ വിവേചനമാണ്. ഈ പഞ്ചാ യത്തിൽ 2 ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എൽ. പി. യു. പി. സ്ക്കൂളുകൾ വേറെയുമുണ്ട്. സാ ക്ഷരതയുടെ കാര്യത്തിൽ പെൺകുട്ടികൾ മുൻപന്തി യിലാണെങ്കിലും ഉയർന്ന വിദ്യഭ്യാസത്തിനും, തൊ ഴിൽ പരിശീലനങ്ങൾക്കുമുള്ള സ്ഥാപനങ്ങളും, അവസരങ്ങളും ഇവിടെ കുറവാണ്. പെൺകുട്ടികൾ ക്ക് മാത്രമായുള്ള വിദ്യാലയങ്ങൾ ഒന്നുംതന്നെ ഇവി ടെയില്ല. ഇവിടെ ബാലവാടികളും, അംഗൻവാടികളും ഉണ്ടെങ്കിലും ക്രഷുകൾ ഇല്ല. ഈ പഞ്ചായത്തിൽ സ്ത്രീകളാണ്മാവേലിസ്റേറാർ, ചന്ത, റേഷൻ കട എന്നിവടങ്ങളിൽ പോയി കൊണ്ടിരിക്കുന്നത്. ബഹു ജന സംഘടനകളിൽ സ്ത്രീകളുടെ നേതൃത്വവും, പ്രോത്സാഹനക്കുറവും ഇതി് കാരണമാണ്. DWCRA ഖാദിനൂൽ നൂൽപ്പ് കേന്ദ്രം എന്നീ വനിതാ സ്വയം ഭരണസ്ഥാപനങ്ങൾ കല്ലിങ്കൽപ്പാടം, കണ്ണമ്പ്ര എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. മഹിളാ സമാജത്തിന്റെ പ്രവർത്തനം ചില വാർഡു കളിൽ ഉണ്ടെങ്കിലും മററു വാർഡുകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. ഈ പഞ്ചാ യത്തിലുള്ള ആശുപത്രിയിൽ ഭൂരിഭാഗവും സ്ത്രീ കളാണ് എത്തുന്നത്. ഇവിടെ കല്ലിങ്കൽപ്പാടത്ത് നല്ല നിലയിൽ നടക്കുന്ന ഒരു ഗ്രന്ഥാലയവും, വായനശാ ലയുമുണ്ട്. ഇതിൽ നിന്ന് സ്ത്രീകൾ ധാരാളം പു സ്തകങ്ങൾ എടുത്ത് വായിക്കുന്നുണ്ട്. ചാരായ നി രോധനം കൊണ്ട് കുടുംബങ്ങൾക്ക് ഏറെ നേട്ടമുണ്ടാ കുന്നുണ്ടെങ്കിലും പൂർണ്ണമായ മദ്യനിരോധനവും, ഫലവത്തായ ബോധവൽക്കരണവും ശക്തമായി നടത്തേണ്ടതാണ്. സ്ത്രീധനപ്രശ്നവും, സ്ത്രീധന പീഢനവും സമൂഹത്തിൽ വളരെ മോശമല്ലാത്ത രീ തിയിൽ നിലവിലുണ്ട്. 11-ാം വാർഡിൽ മഹിളാസമാ ജം 8 അംഗങ്ങൾ ചേർന്നു നാടൻ ക്ഷീരോല്പന്ന നിർമ്മാണം, പഴം, പച്ചക്കറി സംസ്ക്കരണം എന്നീ 2 ചെറുകിട വ്യവസായങ്ങൾ നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ (വനിതാ മേഖല നേരിടുന്നവ)

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിലൊഴി കെ സ്ത്രീകൾ അവഗണന നേരിടുന്നു.

2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ധീരമാ യി പ്രവർത്തനസജ്ജരായി പുറത്തു വരുന്നില്ല.

3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയൊ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല. ആരംഭിക്കാനുള്ള സാധ്യതകളും കുറവ്.

4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വി ദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല. (Dress making, Electronical things assembling candle making etc.)

5. തുല്യ ജോലിക്ക് തുല്യവേതനം ഇല്ല - വലിയ

വിവേചനം.

6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനാമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നുമില്ല.

7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ തടസ്സമാണ്.

8. സർക്കാർ സഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

9. അംഗനവാടി അദ്ധ്യാപികമാർക്ക് ന്യായമായ കൂലികിട്ടാതെ വിഷമിക്കുന്നു, അംഗനവാടികളിൽ പലതിലും സൗകര്യങ്ങളില്ല.

10. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

11. സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള ധാർഢ്യം സ്ത്രീകളിൽ കുറവാണ്.

12. സാമാന്യ വിദ്യാഭ്യാസമുള്ളവരിൽ പോലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.

13. ഉപഭോക്തൃസംസ്കാരവും സാംസ്കാരിക അധ:പതനവും സ്ത്രീയെ ഒരു പരിധിവരെ അടിമയാക്കുന്നു.

14. സാംസ്ക്കാരിക നിലവാരമുള്ള പുസ്തകങ്ങളുടെ വായനശാലകളിൽ ഏർപ്പെടുത്തുക.

15. ശരിയായ വിധത്തിലുള്ള sex education ഇല്ല. അതിനാൽ പെൺകുട്ടികൾക്ക് പല പാളിച്ചകളും പററുന്നു. അശ്ലീലമായ പോസ്ററുകൾ സ്ത്രീയെ തരം താഴ്ത്തുന്നു.

## പരിഹാരങ്ങൾ

1. സ്ത്രീകളെ പ്രവർത്തനനിരതരാക്കാൻ സ്ഥിരമായ ബോധവൽക്കണ ക്ലാസുകൾ, സെമിനാറുകൾ ഇവ സംഘടിപ്പിക്കുക. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിലേക്ക് കൊണ്ടുവരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

2. ഉൽപ്പാദനപരമായ സ്വയം ദെതാഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക. ഉൽപ്പന്നങ്ങൾക്ക് മാർക്കററിങ്ങ് സൗകരം ഉണ്ടാക്കുക.

3. വിഭവ സാധ്യതകൾ കണക്കിലെടുത്തു തൊഴിൽ യൂണിററുകൾ തുടങ്ങുകയും, അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കയും ചെയ്യുക. സ്ത്രീകൾക്ക തന്നെ നേതൃത്വസ്ഥാനം നൽകുക.

4. വിദ്യാഭ്യാസം കുറഞ്ഞ ഗ്രാമാന്തരങ്ങളിലെ പെൺകുട്ടികൾക്കായി പ്രത്യേകം തൊഴിൽ പരിശീലനം കൊടുത്തു അവരെ സ്വയം സമ്പാദനശേഷിയുള്ളവരാക്കാൻ ശ്രമിക്കുക. വനിതകൾക്ക് ഉപരി പഠനത്തിന് ഒരു വനിതാ കോളേജ് സ്ഥാപിക്കുക.

5. തുല്യ ജോലിക്ക് തുല്യവേതനം നടപ്പിലാക്കാൻ ശ്രദ്ധിക്കുക.

6. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

7. തൊഴിൽ യൂണിററുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

8. ആഡംബര ഭ്രമവും, അനുകരണഭ്രമവും കുറച്ച്, മിതവ്യയ ശീലം കുഞ്ഞിലേ പരിശീലിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക.

9. വിധവാ പെൻഷൻ, അഗതി പെൻഷൻ, തുടങ്ങി സ്ത്രീകൾക്കർഹമായ എല്ലാ ആനുകൂല്യങ്ങളും നേടിക്കൊടുക്കാൻ മുൻകൈ എടുക്കുക.

10. അംഗനവാടി, തൊഴിൽ വേദികൾ, ഇവിടങ്ങളിൽ ആവശ്യത്തിന് സൗകര്യവും, വിശ്രമത്തിനും, വിനോദത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനങ്ങൾ ചെയ്യുക. പാഠ്യേതരവിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

## തൊഴിവസരങ്ങൾ, നിർദ്ദേശങ്ങൾ

1. സ്വയം തൊഴിൽ സംരംഭങ്ങൾ - ആർക്കും ചെയ്യാവുന്നവ - കോഴി വളർത്തൽ, ആടുവളർത്തൽ പന്നിവളർത്തൽ, അടുക്കളത്തോട്ടം....etc.

2. നമ്മുടെ പഞ്ചായത്തിലെ പ്രധാന വിഭവശേഷിയായ റബ്ബർ വിഭവം കണക്കിലെടുത്ത് - അതിൽ നിന്നു ആവിർഭവിപ്പിക്കാവുന്ന ചെറുകിട വ്യവസായങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുക. പലവാർഡുകളിൽ പല യൂണിററുകളായി ആരംഭി

ക്കുക. റബ്ബർ ബേൻഡ്, ഇലാസ്ററിക് ത്രെഡ്, റബ്ബർ ക്യൂറ etc നല്ല നിയന്ത്രണവും സമരബഹിഷ്ക്കരണവും ആദ്യമേ ഉറപ്പ് വരുത്തുക.

3. ഏതെങ്കിലും വ്യവസായ കമ്പനികളുമായി contract ൽ (വീഡിയോ കോൺ etc) stabilizer പോലുള്ള electronical സാധനങ്ങൾ assemble ചെയ്തു കൊടുക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുക.

4. ചിപ്പ്സ്, കറിപൗഡർ, അച്ചാർ, സ്ക്വാഷ്, ജാം തുടങ്ങിയ ചെറുകിട സ്വയംതൊഴിൽ വ്യവസായ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി സഹകരണാടിസ്ഥാനത്തിൽ വിപണനം നടത്താൻ വേണ്ട നടപടി ഉണ്ടാകണം.

5. പഞ്ചായത്തു ആസ്ഥാനമാക്കി രണ്ടോ, മൂന്നോ cutting and tailoring centres സ്ത്രീകൾക്കായി തുടങ്ങുക. കൈത്തറി വ്യവസായ സംരംഭങ്ങൾ, ഖാദി നൂത്തൂൽപ് യൂണിററുകൾ, ഗൃഹോപകരണ വ്യവസായ യൂണിററുകൾ, പ്ലാസ്ററിക് ചെറുകിട വ്യവസായ യൂണിററുകൾ, മെഴുകുതിരി നിർമ്മാണ യൂണിററുകൾ, ഓട്ടുപാത്ര നിർമ്മാണ യൂണിററുകൾ, അലുമനീയ പാത്രനിർമാണ യൂണിററുകൾ, പോളിത്തിൻ കവർ നിർമ്മാണം, ലതർ വർക്സ്, ഗോർഡ് കവറിങ്ങ് യൂണിററുകൾ മൺപാത്ര യൂണിററുകൾ എന്നിവ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കണം.

6. പച്ചക്കറി, ഉദ്യാനം (മുല്ല, കനകാംബരം, ചെട്ടി etc) ഔഷധസസ്യം കൂൺ, എന്നീ കവികൾ നടത്തുന്നതിനും, പന്നി വളർത്തൽ, കന്നുകാലി വളർത്തൽ, കാടാമുയൽ, പ്രാവ്, വളർത്തൽ എന്നീ സംരംഭങ്ങൾ നടത്തുന്നതിന് ഉദാരമായ സാമ്പത്തിക സഹായം നൽകണം.

7. വനിതകൾക്കായി milk product unit കളും രണ്ട് വനിതാക്ഷീരോല്പാദന വിപണന സംഘങ്ങളും ആരംഭിക്കണം.

8. ശീലക്കുട നിർമ്മാണശാല, കയർ വ്യവസായ യൂണിററുകൾ എന്നിവ ആരംഭിക്കുന്നതിന് സഹായം നൽകേണ്ടതുണ്ട്.

9. പഞ്ചായത്ത് അടിസ്ഥാനത്തിൽ dying unit ആരംഭിക്കണം.

10. പരമ്പാഗത കുടിൽ വ്യവസായ യൂണിററുകളും മററു അനുബന്ധ വിപണന കേന്ദ്രങ്ങളും ആരംഭിക്കണം.

11. പഞ്ചായത്തിൽ ഫള്വർ മില്ലുകളും, കൊപ്രാ മില്ലുകളും, റൈസ് മില്ലുകളും ആരംഭിക്കണം.

12. കണ്ണമ്പ്ര പ്രൈമറി ഹെൽത്ത് സെനറർ ആസ്പത്രിയായി ഉയർത്തി lady doctor റുടെ സേവനം ഉറപ്പാക്കുക.

13. ശുശ്രുക്ഷേമ പ്രവർത്തനങ്ങളിൽ വനിതകൾക്ക് മുൻതൂക്കം കൊടുക്കണം.

14. ഖാദി യൂണിററിൽ toilet സൗകര്യം, ടാപ്പ് എന്നിവ നടപ്പിൽ വരുത്തുക.

15. സ്ത്രീകളിൽ വായനശീലം വളർത്തുന്നതിന് നല്ല പുസ്തകങ്ങളുള്ള ലൈബ്രറികൾ വാർഡ് അടിസ്ഥാനത്തിൽ ആരംഭിക്കുക.

16. പൂർണ്ണമദ്യനിരോധനം, നിയമം വഴി നടപ്പിൽ വരുത്തുക - ഒപ്പം മററു ലഹരി പദാർത്ഥങ്ങളും - കഞ്ചാവ് etc)

17. സ്ത്രീധനവും, സ്ത്രീപീഢനവും (അവഗണന, സ്വാതന്ത്ര്യമില്ലായ്മ, പുറത്തുപോയാൽ തട്ടിക്കൊണ്ടുപോൽ, ബലാത്സംഗം, ആഭരണം മോഷ്ടിക്കൽ) സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ, പോസ്റുകൾ ഇവയെല്ലാം നിരോധിക്കണം.

18. ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത വാർഡുകളിൽ ഓരോ ഫാമിലി വൽഫെയർ സെൻറർ ആരംഭിക്കുക.

19. പഞ്ചായത്തിൽ ഓരോ വാർഡിലും ഗ്രന്ഥാലയങ്ങൾ ആരംഭിച്ച് സ്ത്രീകൾക്ക് മാത്രമായി വായനശാലകൾ ആരംഭിക്കുക.

## സ്ത്രീത്വത്തിൻെറ മഹനീയത

അവസാനമായി, സ്ത്രീ പുരുഷനോടൊരപ്പം രാഷ്ട്രീയ, സാമൂഹിക, തൊഴിൽ രംഗങ്ങളിൽ മൂന്നോട്ട് വന്ന് അവളുടേതായ തനിമയിൽ - സ്നേഹം, സേവനം, സഹനം, ശുശ്രൂഷ, ശാലീനത, കാരുണ്യം - എന്നിവയിലൂടെ സമൂഹങ്ങളൊ രാഷ്ട്രത്തെ കെട്ടിപ്പടുക്കാൻ ബദ്ധശ്രദ്ധയാകുമ്പോൾ അവൾ ഒരിക്കലും മറന്നു പോകരുതാത്ത പരിശുദ്ധമായ ഒരു വേദിയുണ്ട് - അതാണവണം കുടുംബം - സ്വന്തം കുടുംബത്തിൻെറ നാലതിരുകളിൽ ചടഞ്ഞു കൂടിയി

രുന്ന പഴയകാലത്തേക്ക് തിരിച്ചു പോകലല്ല ഇതു കൊണ്ടുദ്ദേശിക്കുന്നതം. മാതാപിതാക്കളുടെ സ്നേഹവും, സഹിഷ്ണുതയും, ഐക്യവും നിറഞ്ഞ ജീവിതം ഇളം തലമുറയെ തന്മനിറഞ്ഞവരായി വളർന്നുവരാൻ പ്രചോദനമേകട്ടെ!

"Other people - that is my bell" എന്ന് നിരീശ്വര ചിന്തകനായ സാത്ര് എഴുതി. "other people - that is my heaven" എന്ന് ചിന്തകനായ ഗബ്രിയേൽഗാർസ്യേ മാർകസ് എഴുതി. മാർകസ് മനുഷ്യബന്ധങ്ങളിൽ ദൈവത്തിൻെറ സാന്നിദ്ധ്യം കണ്ടപ്പോൾ ''മറേറ മനുഷ്യൻ - എൻെറ സ്വർഗ്ഗമായി'' ജീവിച്ചിരിക്കുമ്പോൾ അപരന തുണയ്ക്കുകയാണ്, സഹായിക്കുകയാണം, പ്രോത്സാഹിപ്പിക്കുകയാണ്, അംഗീരിക്കുകയാണ്, വിലമതിക്കയാണ്, സ്വന്തമായി, കരുതുകയാണ്, വളർത്തുകയാണ് ദൈവത്തിനും നയിക്കുന്ന, ജനകീയ പ്രസ്ഥാനത്തെ നയിക്കുന്ന ചാലകശക്തി, ഇത്തരുണത്തിൽ മഹാകവി വൈലോപ്പിള്ളിയുടെ ചെറിയ കവിത ''ഒരു പിടി അരി'' ഓർത്തു പോകുന്നു. ജീവിച്ചിരിക്കുമ്പോൾ നന്മ ചെയ്യുക, ചെയ്യുവാൻ പരിശീലിപ്പിക്കുക.

''ജീവച്ചിരിക്കുന്നവരെ സർവ്വോപരി ശ്രദ്ധിക്കുക അതാണ് നന്മക്കായി ഭവിക്കുന്നത്.'' (ബൈബിൾ മാത്യു 25 : 34 - 36)

## സ്ത്രീകളോട്

അമ്മമാരേ, സഹോദരിമാരേ
നമ്മൾ ഗ്രാമസഭയിലെത്തേണം
അങ്ങുചെന്നിട്ടു കാര്യങ്ങളൊക്കെ
ഭംഗിയായി മനസിലാക്കേണം
വീട്ടുകാര്യങ്ങൾ മാത്രമല്ലല്ലോ
നാട്ടുകാര്യവും നാമറിയണം
നാട്ടിലെന്തു നടക്കണമെന്നും
നാട്ടിലെന്തു നടക്കരുതെന്നും
വീട്ടുകാരികൾ തീരുമാനിക്കാൻ
ഒട്ടും വൈകാതുണർന്നിറങ്ങേണം
കാലം മാറിവരുന്നതു കാണാൻ
കാതും കണ്ണും തുറന്നു വയ്ക്കേണം
എല്ലാ സമ്പത്തും നമ്മുടേതല്ലോ
എല്ലാമെല്ലാർക്കു മാകേണമല്ലോ
എന്തു നൽകേണമെന്തു നേടണം
എന്തു നമ്മൾ തിരിച്ചറിയണം.

-മുല്ലനേഴി




# സഹകരണം

# സഹകരണമേഖല

1904 ലെ സഹകരണ നിയമത്തിൻെറ അീസ്ഥാനത്തിൽ രൂപികൃതമായ കാർഷികവായപാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനം തുടക്കം കുറിക്കുന്നത് മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായി ആദ്യത്തെ സഹകരണപ്രസ്ഥാനത്തിന് തുടക്കംകുറിച്ചത് കണ്ണമ്പ്രയിലായിരുന്നു എന്നത് നമുക്ക് അഭിമാനിക്കാൻ വകനൽകുന്ന ഒരു വസ്തുതയാണ്. 1910 ലാണ് കണ്ണമ്പ്ര നായർ വീട് കേന്ദ്രമായി ' വിവിധോദ്ദേശ ഐക്യനാണയ സഹകരണസംഘം' എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്ററർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നത്. അന്ന് സഹകരണ സംഘം ആരംഭിച്ചത് കർഷകർക്ക് മിതമായ പലിശയിൽ ലോൺ കൊടുക്കാനും, അവരുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിപണനത്തിന് സൗകര്യമുണ്ടാക്കാനും വേണ്ടിയായിരുന്നു. തുടക്കത്തിൽ നന്നായി പ്രവർത്തിച്ച സംഘം പിന്നീട് പ്രവർത്തനം മന്ദീഭവിച്ച് ഒരു കൺസ്യൂമർ സ്റേറാറിൽ ഒതുങ്ങുകയും ചെയ്തു. എങ്കിലും ബ്രിട്ടീഷ് കാരുടെ ഭരണകാലത്ത് സ്വകാര്യപണമിടപാടുകാരുടെ കനത്ത പലിശയിൽ നിന്നും രക്ഷപെടാൻ നടത്തിയ ഈ ചെറിയ ശ്രമം തികച്ചും അഭിന്ദനാർഹം തന്നെ.

പിന്നീട് 1947 മാർച്ച് മാസം 30-ാം തിയതി കാരപൊറ്റയിലെ പ്രമുഖകർഷകനായ വേലൻ എന്ന രാഘവൻ മുപ്പതോളം കർഷകരുടെ സഹകരണത്തോടെ P C C സൊസൈറ്റി എന്ന പേരിൽ ഒരു സംഘം രജിസ്ററർ ചെയത് പ്രവർത്തനം തുടങ്ങി. അന്നത്തെ ഓഹരിയുടെ വില അഞ്ച് രുപയായിരുന്നു ഏതാണ്ട് 25, 000 രുപയായിരുന്നു പ്രവർത്തന മൂലധനം. PCC യുടെ പൂർണ്ണ രൂപം പ്രൊഡ്യൂസേർസ് കം. കോ- ഓപ്പറേറ്റീവ് സൊസൈറ്റി പിന്നീട് അതിൻെറ പേര് റൂറൽ ബാങ്ക് എന്നാക്കി മാററി. അപ്പോഴത്തെ പ്രസിഡൻറ് ശ്രീ. വിക്രമനുണ്ണി നായരായിരുന്നു. 1961 മെയ് മാസം 18 ന് അത് സർവീസ് സഹകരണ ബാങ്കായി പുനർനാമകരണം നടത്തി.

ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കിൻെറ പ്രസിഡൻറൻ ശ്രീ. അപ്പുകുട്ടി മാസ്റററാണ്. ബാങ്കിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. സംഘത്തിൻെറ പേര് | : കണ്ണമ്പ്ര കോ- ഓപ്പറേറ്റീവ് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പ്ര് F 1221 |
| 2. പ്രവർത്തനം ആരംഭിച്ച വർഷം | : PCC സൊസൈറ്റി 30.3.1947 സർവീസ് ബാങ്ക്- 18. 5. 1961 |
| 3. പ്രവർത്തന പരിധി | : അഞ്ച് വില്ലേജുകൾ |
| | 1. കണ്ണമ്പ്ര |
| | 2. മഞ്ഞപ്ര |
| | 3. കണ്ണനൂർ- പാട്ടോല |
| | 4. പുതുക്കോട് |
| | 5. ആയക്കാട്. |
| 4. വ്യക്തി അംഗത്വം | : അഞ്ച് രൂപ |
| 5. ആകെ ഓഹരി മൂലധനം | : 11,99,951 രൂപ |
| 6. കടം | : 2, 82, 64, 532 രൂപ |
| 7. നിക്ഷേപം | : 2. 54, 05, 771 രൂപ |
| 8. വായ്പകൾ | : |
| (a) കാർഷികം | : 50, 96, 030 രൂപ |
| (b) കാർഷികേതരം | : 231, 68502 രൂപ |

| | |
|---|---|
| 9. പ്രവർത്തനമൂലധനം | : 3, 05, 15841 രൂപ |
| 10. ലാഭമോ? നഷ്ടമോ? | : ലാഭം |
| ലാഭമെത്ര? | : 5,3,1000 രൂപ |
| 11. ജീവനക്കാർ- സ്ഥിരം | : 11 പേർ |

ബാങ്കിൻെറ മെമ്പർഷിപ്പ് ഇപ്പോൾ ഒമ്പതിനായിരം കവിഞ്ഞിരിക്കുകയാണ് ബാങ്കിന് രണ്ടുതരം മെമ്പർഷിപ്പാണ് ഉള്ളത്. 'A' ക്ലാസ് മെമ്പറും 'B' ക്ലാസ് മെമ്പറും 'A' ക്ലാസ് മെമ്പർമാരുടെ ഓഹരി അഞ്ച് രൂപയാണ് അവർക്ക് വോട്ടവകാശമുണ്ട് 'B' ക്ലാസ് മെമ്പർഷിപ്പ് രണ്ടുരുപയാണ് ക്ലാസ്സ് സർക്കാർ നോമിനിയാണ് ഇവർക്ക് ഇടപാടു മാത്രമേ നടത്താൻ കഴിയൂ.

ബാങ്ക് പ്രസിഡൻറ് ബാങ്കിൻെറ പ്രവർത്തനം മെച്ചപ്പെടുത്താനായി രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി.

(1) ബോർഡിനെ നിഷ്പ്രഭമാക്കുന്ന രീതിയിലുള്ള ഗവൺമെൻറിൻെറ. അമിതമായ ഇടപെടൽ അവസാനിപ്പിക്കണം

(2) നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന പലിശയുടെ തോതും വായ്പ്പകൾക്ക് ഈടാക്കുന്ന പലിശയുടെ തോതും തമ്മിലുള്ള അന്തരം ഇപ്പോൾ ശരാശരി 4. 5% മാത്രമാണ്. അത് 6 ശതമാനമാക്കണം.

ഈ രണ്ട് നിർദ്ദേശങ്ങളും പരിശോധിക്കേണ്ടതാണ്.

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടിക ജാതിക്കാരുടെ ക്ഷേത്തിനും, ഉന്നമനത്തിനും വേണ്ടി ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രസിഡൻറ് ശ്രീ. കെ. ആർ. കാശുവാണ് സംഘത്തെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. സംഘത്തിൻെറ പേര് | : കണ്ണമ്പ്ര പട്ടികജാതി സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ P 853 |
| 2. പ്രവർത്തനമാരംഭിച്ച വർഷം | : 8. 10. 1982. |
| 3. പ്രവർത്തത്തെ പരിധി | : കണ്ണമ്പ്ര പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളും |
| 4. വ്യകതി അംഗത്വം | : ഒര് രൂപ |
| 5. ഓഹരി മൂലധനം | : 8030 രൂപ |
| 6. കടം | : ഇല്ല. |
| 7. നിക്ഷേപം | : 2192 രൂപ |
| 8. കാർഷികേതരവായ്പ | : 38, 550 രൂപ |
| 9. പ്രവർത്തന മൂലധനം | : 1 ലക്ഷം |
| 10. ലാഭമോ? നഷ്ടമോ? | : നഷ്ടം |
| 11. ജീവനക്കാർ | : ഒരാൾ |

കണ്ണമ്പ്ര പട്ടികജാതി സേവന സഹകരണസംഘം ഇപ്പോൾ നല്ല നിലയിലല്ല പ്രവർത്തിക്കുന്നത്. പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്. പേപ്പർ കോൺനിർമ്മാണ ഫാക്ടറി ഈ സംഘത്തിൻെറ കീഴിൽ തുടങ്ങാൻ കഴിയും. അതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കൊടുക്കേണ്ടതാണ്.

കുട്ട, പനമ്പ, നെയ്ത്ത്, മൺപാത്ര നിർമ്മാണം, തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിഭാഗവും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഈ വ്യവസായങ്ങളെല്ലാം ഈ സംഘത്തിൻെറ കീഴിൽ കൊണ്ടുവന്ന് അവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുക്കേണ്ടതാണ്.

## ക്ഷീരോൽപ്പാദന സഹകരണസംഘം

പഞ്ചായത്തിൽ പ്രധാനപ്പെട്ട 3 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളാണുള്ളത്. കൂടുതൽ വിവരങ്ങൾക്ക് പട്ടിക നോക്കുക.

| സംഘത്തിൻെറ പേര് | പ്രവർത്തന പരിധി | പ്രവർത്തന മാരംഭിച്ച വർഷം | ആകെ അംഗ ങ്ങൾ | ഓഹരി മൂല ധനം | മൊത്തം ശേഖരി ക്കുന്ന പാൽ | പഞ്ചായ ത്തിൽ വിൽ ക്കുന്ന പാൽ | പഞ്ചായ ത്തിന് പുറത്ത് വിൽക്കു ന്നയാളുടെ പാൽ |
|---|---|---|---|---|---|---|---|
| ചെമ്മണാംകുന്ന് ക്ഷീരോൽപ്പാദക സഹകരണസംഘം | വടക്കഞ്ചേരി പഞ്ചായ ത്തിലെ ഒമ്പതാം വാർഡ് പന്നിയങ്കര പല്ലം റോഡ് | 1978 | 306 | 20,000 രൂ. | 450 ലി. | 50 ലി. | 400 ലി. |
| കല്ലിങ്കൽപ്പാടം ക്ഷീരോൽപ്പാദക സഹകരണസംഘം | കണ്ണമ്പ്ര പഞ്ചായത്തിലെ വാർഡ് ഒന്നും, രണ്ടും | 1989 | 530 | 25,000 രൂ. | 600 ലി. | 50 ലി. | 550 ലി. |
| മഞ്ഞപ്ര-കണ്ണമ്പ്ര ക്ഷീര വ്യവസായ സഹകരണസംഘം | പുളിക്കൂട്ടം, കല്ലേരി, വടക്കുമുറി, കൊന്ന ഞ്ചേരി, മഞ്ഞപ്ര | 1976 | 287 | 31,350 രൂ. | 900 ലി. | 800 ലി. | 100 ലി. |

നമ്മുടെ പഞ്ചായത്തിൽ കണ്ണമ്പ്ര വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു സംഘം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് അത് പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. അതിൻെറ കാരണങ്ങൾ ആരായുകയും പുനരജ്ജീവിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയും വേണം.

കണ്ണമ്പ്ര മഞ്ഞപ്ര ക്ഷീരവ്യവസായ സഹകരണ സംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ ക്ഷീരവ്യവസായ സഹകരണ സംഘം. ഈ സംഘമാണ് കുടുതൽ പാൽ ശേഖരിക്കുന്നത്. ചെമ്മണ്ണംകുന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘമാണ് പിന്നീട് വന്ന സംഘം: ഇതിൻെറ പ്രവർത്തന പരിധി വടക്കഞ്ചേരി പഞ്ചായത്തിലെ ഒരു വാർഡും കണ്ണമ്പ്ര പഞ്ചായത്തിലെ കുറച്ചു സ്ഥലങ്ങളും മാത്രമാമ് ക്ഷീര വ്യവസായത്തിന് നല്ല സാദ്ധ്യതയുള്ള മേഖലയാണ്. കല്ലിങ്കൽപ്പാടം ക്ഷീരോൽപ്പാദന സഹകരണ സംഘം കണ്ണമ്പ്ര പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിലാണ് പ്രവർത്തിക്കുന്നത്. ഇവിടെയും ക്ഷീരകർഷകർക്ക് സാധ്യതയുള്ള മേഖലയാണ്. മികച്ച കന്നുകാലികളെയും, മോണിറ്ററിംഗ് ഉണ്ടെങ്കിൽ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾക്ക് പാലുൽപ്പാദനംഇരട്ടിയാക്കാൻ കഴിയുമെന്നാണ് ക്ഷീരസംഘം സെക്രട്ടറിമാരുടെ പ്രതീക്ഷ. ഇത് പരിശോധിക്കപ്പെടേണ്ടതാണ്.

## വിവിധ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ

### കാർഷികമേഖല

1. വളവും കീടനാശിനികളും, കാർഷിക ഉപകരണ ങ്ങളും വിതരണം ചെയ്യാൻ മെച്ചപ്പെട്ട സംവിധാനം സഹകരണ ബാങ്കിൽ ഉണ്ടാവണം.

2. ജലസേചനം യന്ത്രവൽക്കരണം തുടങ്ങിയ ആവശ്യങ്ങൾക്ക വേണ്ടി വരുന്ന ദീർഘകാല വാ

യ്പകൾ കർഷകർക്ക് ലഭ്യമാകണം.

3. പ്രധാന കാർഷിക ഉൽപ്പന്നമായ നെല്ല് സംഭരിക്കാനുള്ള സംവിധാനമുണ്ടാകണം.

4. സാധ്യമായ സ്ഥലങ്ങളിൽ സംസ്ക്കരണ സംവിധാനം ഒരുക്കണം.

5. സഹകരണ അടിസ്ഥാനത്തിൽ ക്ഷീര കർഷകർക്ക് ഉപകരിക്കുന്ന ഒരു ഫീഡ് മികസിംഗ് യൂണിറ്റ് സ്ഥാപിക്കണം

7. വാർഡുകൾ തോറും വായ്പാ മേളകൾ നടത്തി ബാങ്കിൻെറ പ്രവർത്തനം ജനകീയ വൽക്കരിക്കണം. വായ്പകൾ കൃഷിക്കുവേണ്ടി തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന്. കൃഷി വകുപ്പിൻെറ സഹായത്തോടെ പരിശോധിക്കണം.

8. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പഠിക്കേണ്ടതാണ്.

9. കാലിത്തീറ്റ വിതരണത്തിൻെറ ചുമതല ക്ഷീര വ്യവസായ സംഘം ഏറ്റെടുക്കേണ്ടതാണ്.

10. നല്ലയിനം കറവ ഉരുക്കളെ ജനങ്ങൾക്ക ലഭിക്കുന്നതിനുള്ള സംവിധാനം ഏറ്റെടുക്കേണ്ടതാണ്.

11. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീര വ്യവസായത്തിന് കിട്ടുന്ന ആനുകുല്യങ്ങളെകുറിച്ചും സംഘം ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

12. ഓരോ വാർഡിലും ഓരോ മിൽക്ക് സൊസൈററി ആവശ്യമാണ്

## കൺസ്യൂമർ മേഖല

1. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്ന സഹകരണ കൺസ്യൂമർ സ്റേറാറുകൾ രണ്ടു വാർഡുകൾക്ക ഒന്നു വീതം സ്ഥാപിക്കുക

2. ഡിപ്പാർട്ട്മെൻറ് സ്റേറാർ കണ്ണപ്രയിൽ ആരംഭിക്കണം മഞ്ഞപ്ര പി. കെ ഹൈസ്ക്കുൾ സഹകരണ സംഘം വഴി പാഠപുസ്തകങ്ങൾക്ക് പുറമെ വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകളും സ്റേറഷനറി സാധനങ്ങളും വിതരണം ചെയ്യുക.

3. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ചു വിപണനം നടത്തുക. സഹകരണ വനിതകളുടെ ഉന്നമനത്തിനും ഉയർച്ചയ്ക്കും വേണ്ടി വനിതസംഘം രൂപികരിക്കുക

## വ്യവസായ മേഖല

1. ഒമ്പതാം വാർഡിൽ മുൻപ് ഉണ്ടായിരുന്ന മൂശാരിമാരുടെ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുക.

2. ഒരു ആർട്ടിസാൻസ് സഹകരണ സംഘം സ്ഥാപിച്ച് ഫർണീച്ചർ ഉൽപ്പാദനം കുട്ടുക

3. വനിതാ സഹകരണ സംഘം സ്ഥാപിച്ച് നോട്ട് ബുക്ക് റെഡിമെയ്ഡ് വസ്ത്രങ്ങൾ, അമ്പർ, കറി പൗഡർ എന്നിവയുടെ നിർമ്മാണം ആരംഭിക്കുക.

## ലേബർ കോൺടാക്ക് സഹകരണ സംഘം

കർഷകതൊഴിലാളികളുടെ ദൗർലഭ്യം പഞ്ചായത്തിലെ എല്ലാവാർഡിലും കണ്ടു വരുന്ന ഒരു പ്രശ്നമാണ്: ഇത് നേരിടാൻ ഒരു കർഷകതൊഴിലാളി കോൺട്രാക്ട് സഹകരണസസംഘം രൂപീകരിച്ചാൽ മതി. അങ്ങിനെ ചെയ്താൽ ഒരു പ്രദേശത്തെ കൃഷിപണിക്കുശേഷം അവരെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് വിതരണം ചെയ്യാൻ കഴിയും. കുടാതെ അവരെ പഞ്ചായത്തിലെ മറ്റ്. നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കാനും കഴിയും.

ഗ്രാമതല വികസന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കേണ്ട ഒരു മേഖലയാണ് സഹകരണം. കാർഷികവും അതുമായി ബന്ധപ്പെട്ട അനുബന്ധമേഖലകളിലും ഗ്രാമീണമേഖലയെ പങ്കാളികളാക്കുന്നതിന് സഹകരണ പ്രസ്ഥാനം പ്രതിജ്ഞ ബദ്ധമാണ്. ഉൽപ്പാദന വിപണന, സംസ്ക്കരണ, പ്രവർത്തനങ്ങൾക്കു വേണ്ട വായ്പാ സംവിധാനങ്ങൾ ഒരുക്കുന്നതിനും ആയത് യഥാകാലം ഗ്രാമീണ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിന്. പ്രഥമിക സഹകരണ സംഘങ്ങളെ സജ്ജമാക്കി എടുക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ പ്രവർത്തനത്തിൽ ഏറിയ പങ്കും ഉൽപ്പാദനമേഖലക്ക് ആവശ്യമായ ഹ്രസ്വകാല വായ്പവിതരണവുമായി ബദ്ധപ്പെട്ടിരിക്കുന്നു. അവയുടെ പ്രവർത്തനം വൈവിദ്ധ്യകരമാക്കുകയും വികസനമേഖലയിലേക്ക് അവയുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്




# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

കണ്ണന്ത്ര ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ യുടെ516.57% പട്ടിക ജാതി വിഭാഗമാണ് ഇവർ പഞ്ചാ യത്തിലെ 11 വാർഡുകളിലായി താമസിക്കുന്നു. ഇത് ഏകദേശം 700 കുടുംബങ്ങൾ വരും. ഇതിൽ കണ്ടൻ ചിറ, കുന്നശ്ശേരി പറമ്പ്, കിഴക്കുമുറി എന്നീ കോ ളണികൾ എ. എച്ച്. ഡി. പി. അംഗീകാരമുള്ളതാണ്. കല്ലിങ്കൽപ്പാടം, ചല്ലിപറമ്പ് ചേവക്കോട്, വാളു വച്ചപാറ, നടത്തിപ്പാറ, പടിഞ്ഞാമുറി, കൊളയക്കാ ട്, പന്നിക്കോട്, ചിറ പാലയ്ക്കൽ പറമ്പ് കളവത്തറ കിഴക്കേ കളം കൊന്നഞ്ചേരി പറയൻ പറ്റ എന്നീ പ്ര ദേശങ്ങളിൽ ഇവർ കുട്ടത്തോടെയാണ് താമസി ക്കുന്നത് എങ്കിലും ഈ പ്രദേശങ്ങളൊന്നും കോ ളണികളായി അംഗീകരിച്ചിട്ടില്ല. ഈ കോളണികളിൽ പുലയർ, പാണൻ, ചെറുമൻ, മണ്ണാൻ, നായാടി, കവറ, കുറവൻ, പറയൻ, മലയൻ എന്നീ വിഭാഗക്കാ രുണ്ട് പരമ്പരാഗതമായി വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗവും കർഷകതൊ ഴിലാളികളാണ്. ഏകദേശം നാലായിരത്തോളം വരും. പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ ജനസംഖ്യ. ഇവരിൽ 41% സ്ത്രീകളും 38% പുരുഷൻമാരും ബാ ക്കി കുട്ടികളുമാണ്.

അംഗീകാരത്തിനു സമർപ്പിച്ച കോളനികൾ അം ഗീകരിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേ ണ്ടതുണ്ട്. ഈ വിഭാഗത്തിൻെറ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നബന്ധനകൾ കൊണ്ടും ഫല പ്രദമായി ഉപയോഗപ്പെടുത്തുന്നതി ന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നി രവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമാ യ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായിച്ചിട്ടു ള്ളൂ. കാരണം സർക്കാർ ആനുകൂല്യങ്ങൾ ദുരുപ യോഗം ചെയ്യുന്നു എന്നുള്ളതാണ്.

സാമൂഹിക മേഖലകളിൽ കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരി ക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. മുൻ കാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വത്ത ങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരി ഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി ക്കുശേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടിക ളും താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ കുട്ടി കളുടെ പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലു ത്തുന്നില്ല. കുടുംബകാര്യങ്ങളിൽ ഇടപെടേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടി വന്നു നിരവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുന്നതിന് വിദ്യാസമ്പന്നരുടെ സഹായം ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തേ ണ്ടത് ആവശ്യമാണ്. 1996- 1997 ആദ്ധ്യായന വർഷ ത്തിൽ യു. പി. യിലും ഹൈസ്ക്കുളുകളിലായി 14 ഹരിജൻ വിദ്യാർത്ഥികൾ പഠനം നിർത്തി. എസ്. എസ്. എൽ. സി.ക്കു പരാജയപ്പെട്ടു തുടർന്ന് പഠി ക്കാനുള്ള താൽപര്യം കുറവാണ്. അവരുടെ എണ്ണം 10 ൽ താഴെ മാത്രമാണ്. എസ്. എസ്. എൽ. സി. ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം നാമ മാത്രമാണ് ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേ ണ്ടതാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർ ഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴി ക്കുന്നവരാണ്. എന്നാൽ ഈ മേഖലയിലെ കൂലി കുറവ് മറ്റ് മേഖലകളിലേക്ക് പോകുവാൻ പ്രേരിപ്പി ക്കുന്നുണ്ട്.

പന്നിക്കോടിലെ നായാടി വിഭാഗം പരമ്പരാഗതമായിട്ടുള്ള സാമൂഹിക അനാചാരങ്ങൾ നിലനിർത്തി കൊണ്ടുവരുന്ന ഒരു രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഈ വിഭാഗക്കാർ ഭീക്ഷാടനവും നായാട്ടുമാണ് മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്നത്. ഇവരിൽ ചിലർ മലമ്പ്രദേശങ്ങളിൽ നിന്ന് പച്ചമരുന്നും തേനും ശേഖരിച്ച് വിറ്റ് ഉപജീവനം നടത്തുന്നവരും ഉണ്ട്.

പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരിൽ വിരലിലെണ്ണാവുന്നവർ മാത്രമാണ് സർക്കാർ അർദ്ധസർക്കാർ മേഖലയിൽ തൊഴിലെടുക്കുന്നവർ തോറ്റം പാട്ട്, ചെണ്ടകൊട്ട്, പൊറാട്ടുനാടകം, പുള്ളുവൻ പാട്ട്, ചെറുമക്കളി എന്നീ കലാരൂപങ്ങൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുമുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലങ്കിലും സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ഓല കുടിലിൽ നിന്നും മോചനമായിട്ടില്ല. വീട്ടു നിർമ്മാണത്തിന് അനുദിക്കുന്ന തുക അപര്യാപ്തമാണെന്ന് ഇവർ പറയുന്നു. ഇത് പരിശോധിക്കേണ്ടതാണ്. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ ഇപ്പോഴും ഉണ്ട്. ഇതിന് പരിക്ഷഹാരം കാണേണ്ടതാണ്. പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് വേണ്ടതിൻെറ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി കക്കൂസുകൾ സ്ഥാപിച്ചു കൊടുക്കേണ്ടതാണ്.

## ആരോഗ്യം

പട്ടികജാതികാർക്കിടയിൽ പോഷക ആഹാരകുറവ് സർവ്വസാധാരണയായി കണ്ടു വരുന്നു. ഇത് പരിഹരിക്കാൻ ബോധവൽക്കരണവും കുറഞ്ഞ് വിലക്ക് പോഷക മൂല്യമുള്ള ആഹാരപദാർത്ഥങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പകർച്ച വ്യാധികൾ തടയുന്നതിനായി ശുദ്ധമായ കുടിവെള്ളവും പരിസര ശുചിത്വവും വ്യക്തി ശുചിത്വവും ആവശ്യമാണ്. ഇക്കാര്യങ്ങളിൽ ഈ വിഭാഗക്കാർ വളരെ പിന്നോക്കം നിൽക്കുന്നവരാണ്. ഇവർക്കിടയിൽ പ്രധാനമായും കണ്ടു വരുന്ന രോഗങ്ങൾ വയറിളക്കം, മഞ്ഞപ്പിത്തം, പനി, പോഷാക ആഹാരകുറവ് കൊണ്ടുള്ള രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ മുതലായവയാണ്. മൂലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും പൊതുവെ ആരോഗ്യകുറവ് കാണുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വീടും സ്വന്തമായി സ്ഥലവുമില്ലാത്ത ഹരിജൻ കുടുംബങ്ങളുണ്ട്.
2. ഓലപ്പുരകളിൽ താമസിക്കുന്നവർ
3. കക്കൂസുകളില്ലാത്തവർ
4. ശുദ്ധമായ കുടിവെള്ള ലഭ്യമല്ലാത്തവർ
5. ഗതാഗത സൗകര്യത്തിൻെറ കുറവ്
6. ആരോഗ്യകുറവ്
7. പൊതുശ്മശാനം
8. സർക്കാർ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല
9. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല.
10. തൊഴിൽ സാദ്ധ്യതയുടെ കുറവ്
11. അംഗീകാരം ലഭിക്കാത്ത കോളണികളുണ്ട്.
12. വൈദ്യുതി എത്താത്ത കോളണികളുണ്ട്.
13. പരമ്പരാഗത കൈതൊഴിലുകൾ സംരക്ഷിക്കേണ്ടതുണ്ട്.
14. ഹരിജൻ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലന സൗകര്യങ്ങളില്ല.
15. എഴുന്നൂറോളം കുടുംബങ്ങളിൽ ഏകദേശം 9 പേർക്ക് മാത്രമേ സർക്കാർ ഉദ്യോഗമുള്ളൂ.

## നിർദ്ദേശങ്ങൾ

1. വീടില്ലാത്ത ഹരിജൻ കുടുംബങ്ങൾക്ക് സ്ഥലവും പലിശ രഹിതമായ വായ്പകളും നൽകുക. വീട് പുതുക്കി പണിയുന്നതിന് ധനസഹായം പഞ്ചായത്തിൻെറ നേതൃത്വത്തിൽ നൽകുക.

2. ഓരോ വീടിനും ഓരോ കക്കൂസ് വീതം സൗജന്യമായി നിർമ്മിച്ചുകൊടുക്കുകയും അതിൻെറ ഉപ

യോഗത്തെ സംബന്ധിച്ച് ബോധവൽക്കരിക്കേണ്ടതു മാണ്.

3. കുണ്ടംചിറ ഹരിജൻ കോളനിയുടെ ഉയർന്ന ഭാഗത്ത് ടാങ്ക് നിർമ്മിച്ച് താഴെ കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്തു വിതരണം നടത്തുക.

പഞ്ചായത്തിലെ ഹരിജൻ വാർഡായ മൂന്നാം വാർഡിലെ മരുതകുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുകയാണെങ്കിൽ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

ആറാം വാർഡിലെ മണ്ണാപറമ്പിനു സമീപമുള്ള പൈപ്പ് ലൈൻ മണ്ണാപറമ്പിലേക്ക് വിപുലീകരിക്കു. ചിറ കവറത്തറ, കല്ലിങ്കൽപ്പാടം കൊളയക്കാട്, കുന്നിശ്ശേരിപ്പറമ്പ്, പ്രക്കുളം, ആറാംതൊടി പുളിക്കപ്പറമ്പ് പന്തലാം പാടം, പറയൻ പൊറ്റ എന്നിവടങ്ങളിലെ നിവാസികൾക്ക് ശുദ്ധജലം എത്തിക്കുവാനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക. കല്ലിങ്കൽ പാടത്തുനിന്ന് കർളോട് ഭാഗത്തേക്ക് മെറ്റൽ റോഡ് നിർമ്മിക്കുക. കല്ലേറി- കുണ്ടം ചിറ, ഐ. എച്ചഡി.പി കോളനി റോഡ് ടാറംിഗ് ചെയ്യുക. കാക്കപ്പൊറ്റ കുണ്ട് ചിറ റോഡ് സഞ്ചാരയോഗ്യമാക്കുക. ചല്ലിപറമ്പ് കിഴക്കേക്കളം റോഡ് ടാറ് ചെയ്യുക.

പറയൻപൊറ്റ റോഡ് ടാർ ചെയ്യുക. കുന്നശേരിപ്പറമ്പ് കൊളേക്കാട് ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക അഗൻവാടി നടത്തിപ്പാറ മെയിൻ റോഡിൽ നിന്ന് ഹരിജനങ്ങൾ താമസിക്കുന്ന ഭാഗത്തേക്ക് റോഡ് സൗകര്യം ഏർപ്പെടുത്തുക പറയൻ പൊററ കോളനിറോഡ് ടാർചെയ്യുക പടിഞ്ഞാമുറി മാപ്പി കുളമ്പിലേക്കുള്ള വഴി വീതി കുട്ടി മെറ്റൽ ചെയ്യുക. ചല്ലിപറമ്പ് വാളുവെച്ചപ്പാറ റോഡ് ടാർചെയ്യുക. പ്രാക്കുളം റോഡ് ടാർചെയ്യുക മണ്ണാൻ പറമ്പിൽ നിന്നും ആശുപത്രിയിലേക്ക് പോവുന്ന കനാൽ ബണ്ട് വീതികുട്ടി മെറ്റൽ ചെയ്ത് സഞ്ചാരയോഗ്യമാക്കുക. പണിക്കോട് നായാടി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തേക്ക് മെയിൻറോഡിൽ നിന്നുള്ള വഴി വീതി കുട്ടി മെറ്റൽ ചെയ്യുക. പന്നിക്കോട് നായാടികോളനിയുടെ സമീപത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക. കുണ്ടൻചിറ ഐ. എച്ച. ഡി. പി. കോളനിയോടനുബന്ധിച്ച് ഒരു ആയുർവേദ ആശുപത്രിയും അങ്കൺവാടിയും സ്ഥാപിക്കു. പഞ്ചായത്തിലെ ഹരിജൻ വാർഡിൽ സ്ഥിതി ചെയ്യുന്ന പി. എച്ച് സെൻറർ, കമ്യൂണിറ്റ ഹെൽത്ത് സെൻററാക്കി ഉയർത്തുക. പൊതു ശ്മശാനത്തിനുള്ള സ്ഥലം ജനകീയ പങ്കാളിത്തത്തോടുകൂടി പഞ്ചായത്ത് കണ്ടെത്തുക. വിവിധ സർക്കാർ പദ്ധതികളെക്കുറിച്ച് കോളനികളിൽ സായാഹ്നക്ലാസുകൾ സംഘടിപ്പിക്കുക. ധനസംവിധാനങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുവേണ്ടി ജനകീയ കമ്മറ്റികൾ രൂപീകരിച്ച് അവരിലൂടെ മാത്രം പദ്ധതികൾ ആവിഷ്ക്കരിക്കുക. പഞ്ചായത്ത് തലത്തിൽ ഹരിജനങ്ങളുടെ വിദ്യാഭ്യാസ പുരേഗതിക്കായി ഒരു വാർഡ് മെമ്പർ ചെയർമാനായി ജനകീയ കമ്മറ്റി രൂപീകരിക്കുക. ഹരിജനങ്ങൾക്കിടയിലുള്ള പനമ്പ് നെയ്ത്ത്, മൺപാത്ര നിർമ്മാണം, പായനെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ വ്യാവസായികടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. പഞ്ചായത്തിൽ ഇപ്പോഴുള്ള പട്ടിക ജാതി സർവീസ് സഹകരണ സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുക.

ബോധവൽക്കരണത്തിൻെറ ഭാഗമായി കോളനികളിൽ ടി. വി. സെറ്റുകൾ സ്ഥാപിക്കു. അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക. കോവനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഹരിജനങ്ങൾക്കിടയിലുള്ള നിരക്ഷരത പൂർണ്ണമായും നിർമ്മാർജനം ചെയ്യുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക. വൈദ്യുതി എത്താത്ത ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കുക

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന് സമീപം തോട്ടിത്തറയിൽ താമസിക്കുന്ന 12 കുടുംബങ്ങളെ (ഡംബൻ സമുദായത്തിൽ) 1986 വരെ ഹരിജനങ്ങളുടെ ആനുകൂല്യം അനുവദിക്കുകയും അതിനുശേഷം കണഅണമ്പ്ര പഞ്ചായത്തിലെ മേൽ കാണിച്ച കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല. ഡംബൻ സമുദായക്കാർക്ക് എത്രയും പെട്ടെന്ന് ഹരിജനങ്ങളുടെ ആനുകൂല്യം അനുവദിച്ചു കൊടുക്കണം.

കല്ലേരിയിൽ താമസിക്കുന്ന കൊശവൻ സമുദായത്തിൽപ്പെട്ടവർക്ക് ഹരിജനങ്ങളുടെ ആനുകൂല്യം അനുവദിച്ചുകൊടുക്കണം. ഇവർക്ക് ചിറ്റൂർ താലൂക്കിൽ ഹരിജനങ്ങളുടെ ആനുകൂല്യം കൊടുക്കുന്നുണ്ട്. ഇവിടെ ആനുകൂല്യം നിഷേധിച്ചതുകാരണം അവരുടെ ജീവിത നിലവാരം താഴ്ന്നുപോകുന്നു.

## പട്ടിക നമ്പർ 1

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | കല്ലിങ്കൽപ്പാടം | 23 | 128 |
| 2. | കുണ്ടൻ ചിറ | 32 | 117 |
| 3. | ചല്ലിപറമ്പ് | 15 | 79 |
| 4. | ചേവക്കോട് | 08 | 56 |
| 5. | വാളുവച്ചപാറ | 08 | 23 |
| 6. | നടത്തിപ്പാറ | 07 | 28 |
| 7. | പടിഞ്ഞാമുറി | 09 | 52 |
| 8. | മണ്ണാൻപറമ്പ് | 09 | 42 |
| 9. | പാതിരാപറമ്പ് | 12 | 48 |
| 10. | കൊളയക്കാട് | 41 | 186 |
| 11. | കുന്നിശ്ശേരി പറമ്പ് (1 HDP) | 22 | 95 |
| 12. | കവറത്തറ- ചിറ | 13 | 54 |
| 13. | കിഴക്കുമുറി | 22 | 63 |
| 14. | കൊന്നഞ്ചേരി | 17 | 98 |
| 15. | പറയൻ പൊറ്റ | 10 | 62 |
| 16. | നെടുകത്തറ കോളനി | | |
| 17. | കൊട്ടേക്കാട് | 06 | 30 |
| 18. | ചിറ- പാലക്കപ്പറമ്പ്. | 22 | 65 |
| 19. | ചിറയിൽ മണ്ണാത്തറ | 10 | 42 |

## പട്ടിക നമ്പർ 2

| ക്രമ നമ്പർ | കോളനിയുടെ പേര് | ഗതാഗത യോഗ്യമല്ലാത്ത റോഡ് | ഗതാഗത യോഗ്യമായ റോഡ് | വൈദ്യുതി ഇല്ലാത്തത് | വൈദ്യുതി എത്തിയത് | കിണറുള്ളത് | ടാപ്പുള്ളത് | പൊതുകക്കൂസ് |
|---|---|---|---|---|---|---|---|---|
| 1. | കല്ലിങ്കൽപ്പാടം | ഉണ്ട് | – | ഉണ്ട് | – | – | – | – |
| 2. | കുണ്ടൻ ചിറ | ഉണ്ട് | ഉണ്ട് | – | ഉണ്ട് | ഉണ്ട് | – | – |
| 3. | ചല്ലിപറമ്പ് | ഉണ്ട് | – | ഉണ്ട് | – | – | – | – |
| 4. | ചേവക്കോട് | ഉണ്ട് | – | ഉണ്ട് | – | ഉണ്ട് | – | – |
| 5. | വാളുവച്ചപാറ | ഉണ്ട് | – | ഉണ്ട് | – | – | – | – |
| 6. | നടത്തിപാറ | – | ഉണ്ട് | ഉണ്ട് | – | – | – | – |
| 7. | പടിഞ്ഞാമുറി | – | ഉണ്ട് | ഉണ്ട് | – | – | ഉണ്ട് | – |
| 8. | മണ്ണാപറമ്പ് | – | ഉണ്ട് | ഉണ്ട് | – | ഉണ്ട് | – | – |
| 9. | പാതിരാപറമ്പ് | – | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | – |
| 10. | കൊളയക്കാട് | – | ഉണ്ട് | – | ഉണ്ട് | ഉണ്ട് | – | – |
| 11. | കുനിശ്ശേരി പറമ്പ് (1 HDP) | – | ഉണ്ട് | ഉണ്ട് | ഉണ്ട് | – | ഉണ്ട് | – |
| 12. | ചിറ - കവറത്തറ | – | ഉണ്ട് | – | – | ഉണ്ട് | – | – |
| 13. | കിഴക്കുമുറി | – | ഉണ്ട് | – | – | ഉണ്ട് | – | – |
| 14. | കൊന്നഞ്ചേരി | – | ഉണ്ട് | – | ഉണ്ട് | – | – | – |
| 15. | പറയൻ പൊററ | – | – | – | – | – | – | – |

## പട്ടിക-3

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി | ജനപങ്കാളിത്തത്തോടു കൂടി മിനിജലസേചന പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ |
|---|---|---|
| IV | കല്ലിങ്കൽപ്പാടം | വാളുവച്ചപാറ |
| V | ചേവക്കോട് | |
| I | കുന്നുശ്ശേരി പറമ്പ് | പറയൻപ്പൊറ്റ കോളനി |
| | കൊളയക്കാട്, ആറാം തൊടി | |
| II | കളറ കോളനി | |
| | പാലയ്ക്കപറമ്പ് കോളനി | |
| III | കൊട്ടേക്കാട് | |
| VI | പടിഞ്ഞാമുറി | |
| VII | പാതിരപ്പറമ്പ് | |

## പട്ടിക 4

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമുള്ള വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | കോൺക്രീററ് | ഓട് | ഓല | | |
| 1 | കിഴക്കെ കളം | 27 | 20 | | 7 | 27 |
| 2 | കല്ലിങ്കൽ | 1 | 20 | 2 | 4 | 18 |
| 3 | കുണ്ടൻ ചിറ | - | 30 | - | 2 | 2 |
| 4 | ചല്ലി പറമ്പ് | - | 15 | - | - | 15 |
| 5 | ചേവക്കോട് | - | 08 | - | 2 | 04 |
| 6 | വാളുവച്ചപാറ | - | 8 | - | 2 | 10 |
| 7 | നടത്തിപ്പാറ | - | 8 | - | 2 | 10 |
| 8 | പടിഞ്ഞാമുറി | - | 18 | 4 | 4 | 22 |
| 9 | മണ്ണാപറമ്പ് | - | 7 | 2 | 2 | 9 |
| 10 | പാതിരാപറമ്പ് | - | 12 | 4 | 16 | |
| 11 | കൊളയക്കാട് | 1 | 40 | - | 10 | 25 |
| 12 | കുന്നിശ്ശേരി പറമ്പ് | - | 22 | - | 10 | 10 |
| 13 | ചിറ - കവറത്തറ | - | 45 | - | 6 | 32 |
| 14 | കിഴക്കുമുറി IHDP | - | 22 | - | 10 | 10 |
| 15 | കൊന്നഞ്ചേരി | - | 17 | - | - | - |
| 16 | രക്കാണ്ടി പറയൻ | - | 10 | - | 3 | 13 |
| 17 | ലക്ഷം വീട് കോളനി 2, 7, 8, വാർഡുകൾ | - | 80 | - | - | 80 |
| 18 | കൊട്ടേക്കാട് | - | 3 | 1 | 2 | 6 |
| 19 | ആനംതൊടി | - | 5 | - | 5 | 10 |
| 20 | കിഴക്കേക്കളം | - | 20 | - | 7 | 28 |




# വിഭവ സമാഹരണം

# വിഭവ സമാഹരണം

നമ്മുടെ ഗ്രാമം ഇന്നു നേരിടുന്ന പ്രതിസന്ധികളി ലൊന്ന് വ്യവസായ മേഖലയുടെ നിശ്ചലതയാണ് കാര്യമായ വ്യവസായ കേന്ദ്രങ്ങൾ കണ്ണമ്പ്രയിലില്ല. വൻകിട, ചെറുകിട വ്യവസായ രംഗത്ത് മുന്നേറ്റം ആവശ്യമാണ്.

ഈ പഞ്ചായത്തിനുള്ളിലുള്ള പരമ്പരാഗത വ്യ വസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർ ത്തനം പഞ്ചായത്ത് നടത്തേണ്ടതാമ്. വ്യവസായ സെമിനാറുകൾ നടത്തി വ്യവസായ സംരഭകർക്ക് വേണ്ട അറിവുകൾ നൽകാൻ കഴിയും. ബാങ്കുകൾ മുഖേന ലോൺകൊടുത്ത് സഹായിക്കാൻ ബാങ്കി ൻെറ സാഹയം ലഭ്യമാകണം. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ഈ രംഗത്തു നേരിടുന്ന പ്രധാന പ്രതിസന്ധികളാണ്

കാർഷികരംഗം ഇന്ന് മുരടിക്കുകയാണ്. കൃഷി നിലങ്ങൾ പാർപ്പിടങ്ങളായി അനുനിമിഷം മാറുന്നു. ഉൽപ്പാദന ക്ഷമത അനുദിനം ഇടിയുന്നു. കർഷകർ സാമ്പത്തിക വിഷമത്തിൽ പെട്ട് ഉഴയുന്നു. ക്രമാതീ തമായ രാസവളപ്രയോഗം മണ്ണിനെ ദോഷകരമാ യി ബാധിക്കുന്നു. രാസവള ഉപയോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവളപ്രയോഗത്തി ന് പ്രാധാന്യം നൽകണം. അതനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായി ഇട പെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക നൽകിയാൽ ഗുണ ഫലങ്ങൾ താമസമെന്യേ നേടാ നാവും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ, ഗ്രാൻറു കൾ പിരിക്കുന്ന മേഖലയിൽ വെച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാ ണം നടത്തണം. സ്ററാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ. വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമാ യെടുക്കാം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകസ് പഞ്ചായത്തിലെത്തുന്നത്. അംഗസം ഖ്യ, ദരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമെ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളു. ഗ്രാൻറുകളുടെ നീ തിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവർ പരിമി തമായിട്ടുണ്ടെങ്കിലും മിക്കവാറും പേരും ഉയർന്ന സാമ്പത്തിക നില കൈവരിച്ചിട്ടില്ല.

**പട്ടിക. 1**

| ഇനം | പിരിച്ചത് |
|---|---|
| കെട്ടിട നികുതി | 1,45,151.50 |
| സർവീസ് ചാർജ്ജ് | – |
| തൊഴിൽ നികുതി | 85, 720.00 |
| വാഹനനികുതി | – |
| വിനോദ നികുതി | 4,12,790.29 |
| അഡീ: വിനോദ നികുതി | 2,48,823.26 |
| പ്രദർശന നികുതി | 4,594.00 |
| പ്രദർശന നികുതിയിൽ മേലുള്ള സർചാർജ്ജ് | 1148.50 |
| ചന്ത വരവ് | 2315.00 |
| ലാൻറ്സെസ്സ് | – |
| ലൈസൻസ് ഫീസ് | 20,794.00 |
| കെട്ടിട നികുതി സർചാർജ്ജ | – |
| വസ്തുകൈമാറ്റ നികുതി 75% | 23,526.00 |
| ,, 25% | – |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | – |
| സംഭാവന | – |
| ഡെപ്പോസിറ്റ് | 17,276.00 |
| മറ്റുള്ളവ | 4,18,286.20 |
| ആകെ | 13,80,424.20 |

1995-95 വർഷത്തിൽ സ്ഥാപനങ്ങളിൽ നിന്നു. ഫീസായി ഈടാക്കിയ തുക.

പട്ടിക 2

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം/ വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | ആകെ | |
| I | 10 | 02 | 03 | 02 | 17 | 1635.00 |
| II | 02 | 01 | 01 | 0 | 04 | 270.00 |
| III | 07 | 01 | 02 | 05 | 15 | 1190.00 |
| VI | 01 | 01 | 03 | 0 | 05 | 385.00 |
| V | 02 | 01 | 06 | 06 | 15 | 1090.00 |
| VI | 08 | 03 | 02 | 14 | 37 | 3168.50 |
| VII | 03 | 01 | 01 | 0 | 05 | 385.00 |
| VIII | 03 | 03 | 04 | 0 | J0 | 752.00 |
| IX | 09 | 04 | 09 | 03 | 25 | 1595.00 |
| X | 15 | 03 | 05 | 06 | 29 | 2787.00 |
| X1 | 02 | 0 | 01 | 0 | 03 | 425.00 |
| Total ആകെ | 62 | 20 | 47 | 36 | 165 | 13682.50 |

നമ്മുടെ പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 20794 രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോദിയ്ക്കേണ്ടതാണ്.

കാർഷികവും അല്ലാത്തതുമായ കുലിപ്പണികളിൽ ഏർപ്പെടുന്നവരാണ്, നമ്മുടെ ജനങ്ങളിൽ ഭൂരിഭാഗവും. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിൻെറ വികസ പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കുന്നതു വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡുസമിതികളും, വാർഡു പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെയെല്ലാം നികതി കൊടുക്കുന്ന ഒരു പഞ്ചായത്താക്കാൻ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിനു കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും.

വിലക്കയററം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതികൾ മറ്റൊരു ഭാരമായിതീരരുത്. വരുമാനത്തിൻെറ ഒരു ചെറിയ ശതമാനം മാത്രമേ നികുതിയായി വരാൻ പാടുള്ളു. അങ്ങനെയായാൽ എല്ലാവരും്തുകൊടുക്കുവാൻ താല്പര്യമുള്ളവരായി മാറും. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കുവാൻ നമുക്കുദ്ദ കഴിയണം. നികുതി കൊടുക്കുന്നതു വഴി തങ്ങളും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പങ്കു ചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ടു തന്നെ ചെലവിൻെറ കണക്കിൽ സുതാര്യത ഉണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നികുതി പിരിച്ചെടുക്കുന്നത് വികസന പ്രവർത്തനത്തിൻെറ ബാഗമാമ് എന്ന ധാരണ പഞ്ചായത്തിലെ മുഴുവൻ ബഹുജനങ്ങൾക്കും ഉണ്ടായിരിക്കേണ്ടതാണ്. നികുതികൾ പിരിച്ചെടു

ക്കുന്നതു പോലെ തന്നെ അതിൻെറ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും അത് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലും നിർബന്ധബുദ്ധികാണിക്കേണ്ടതാണ്. പഞ്ചായത്ത് ആഫീസിൽ ഇതിനുവേണ്ട സൗകര്യം ഒരുക്കണം.

## കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് തറ വിസ്തീർണ്ണവും മേൽക്കൂരയുടെ സ്വഭാവവും പരിഗണിച്ചാണ്. എന്നാൽ ആഢംഭരത്വവും വിലകുടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീടു നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കുവാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്കരിക്കുന്നത് നല്ലതാണ്. വീട് അസ്സസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥന്മാർ സന്മനസു കാണിക്കണം. കാലപ്പഴക്കത്തിൻെറ കാര്യത്തിൽ നികുതി കുറക്കണമെന്ന നിർദ്ദേശം വരുമാനത്തോതു കുറക്കുമെന്നതിനാൽ ഇപ്പോൾ ആലോചിക്കേണ്ടതില്ല. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതികൾ ചുമത്തേണ്ടതാണ്.

നികുതി പിരിച്ചെടുക്കാനുളഅള സംവിധാനം ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന സ്ഥലവും സമയവും മുൻകൂട്ടി അവിടെയുള്ള ജനങ്ങളെ അറിയിക്കുകയാണെങ്കിൽ ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ കുടിശികയില്ലാതെ നികുതി പിരിക്കുവാൻ കഴിയും.

## തൊഴിൽ നികുതി

ഇപ്പോൾ തൊഴിൽ നികുതിപിരിച്ചെടുക്കുന്നതിന് സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്ക്കുളുകളിലും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമാണ് ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളെയും തൊഴിൽ നികുതി അടയ്ക്കേണ്ടവരായി മാറ്റണം. ടാപ്പിംഗ് തൊഴിലാളികളെ മുഴുവനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൻെറ കീഴിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്നു തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുക. ഇത് കച്ചവടക്കാർക്കും, നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാൻ കഴിയും.

## വിനോദ നികുതി

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ രണ്ട് സിനിമാതിയേറ്ററുകളാണുള്ളത്. പ്രദർശന നികുതിയിനത്തിൽ പഞ്ചായത്തിന് ഏതാണ്ട് ആറര ലക്ഷത്തോളം രൂപ ലഭിക്കുകയുണ്ടായി. കണ്ണമ്പ്ര ബാങ്ക് ജംഗ്ഷനിൽ ഒരു ഷോപ്പിങ്ങ് കോംപ്ലക്സും കല്യാണമണ്ഡപവും സ്ഥാപിച്ചാൽ അതിൽ നടത്തുന്ന പരിപാടികസ്ക്ക് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കല്ലിങ്കൽപ്പാടത്ത്, ഒരു സിനിമാതിയ്യേറ്റർ സ്ഥാപിക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

## ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും, കോർപ്പറേഷൻ ബാങ്കിൻേറയും നെടുങ്ങാടി ബാങ്കിൻേറയും ഓരോ ശാഖയുണ്ട്. നിയമപ്രകാരം നടത്തുന്ന സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ ഒന്നുമില്ല. വായ്പാ വിതരണ രംഗ്ത്ത പഞ്ചായത്തിലുള്ള ബാങ്കുകൾ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവെയ്ക്കുന്നത്.

ഉൽപ്പാദനത്തോടൊപ്പം വിപണനവും തുല്യശ്രദ്ധ അർഹിക്കുന്നു. ബാങ്കുദ്യോഗസ്ഥരോട് സംസാരിച്ചതിൽ നിന്നും ചെറുകിട വ്യവസായ സംരഭകർക്ക് ലോൺ കൊടുക്കുവാൻ തയ്യാറാണെന്നും, അവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം നിർബ്ബന്ധമായും ഉണ്ടായിരിക്കണമെന്നും അതിനാവശ്യമായ മൂലധന സൗകര്യം കൊടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## ചിലവുകൾ

വളരെ ദാരിദ്രമല്ലാത്ത നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യൽപ്പാദന പരമായ കാര്യങ്ങൾക്ക് മാത്രമെ ചെലവ് ചെയ്യാവൂ

## പട്ടിക-3
## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക. |
|---|---|
| ഭരണം | 5,26,173.00 |
| പൊതുമരാമത്ത് | 5,60,701.00 |
| വിദ്യാഭ്യാസം | 10,265.00 |
| ജലവിതരണം, ഓടകൾ,പൊതുജനാരോഗ്യം | 36,705.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 93,615.00 |
| മറ്റുള്ളവ. | 1,22,601.00 |
| | |
| ആകെ | 1,35,0060.00 |

പൊതു മരാമത്തിനു വേണ്ടിയാണ് ഏറ്റവും കൂടുതൽ തുക ചിലവഴിച്ചിരിക്കുന്നത്. ഇതിൽ റോഡുകളുടെ റിപ്പയർ ജോലിക്കായിട്ടാണ് വിനിയോഗം കുടുതൽ ഉണ്ടായിട്ടുള്ളത്.

## പട്ടിക 4

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | മററുള്ളവ |
| I | 579 | 90 | 339 | 137 | 13 |
| II | 425 | 10 | 375 | 38 | 02 |
| III | 595 | 20 | 464 | 98 | 13 |
| IV | 432 | 14 | 361 | 55 | 02 |
| V | 484 | 14 | 374 | 96 | 0 |
| VI | 613 | 65 | 499 | 46 | 03 |
| VII | 338 | 06 | 288 | 44 | 0 |
| VIII | 764 | 31 | 596 | 134 | 03 |
| IX | 711 | 55 | 607 | 44 | 05 |
| X | 777 | 67 | 647 | 55 | 08 |
| XI | 575 | 79 | 480 | 73 | 14 |
| ആകെ. | 6293 | .481 | 4959 | 820 | 63 |

പട്ടിക 4

| പണിയുടെ സ്വഭാവം | എസ്ററിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രൻറ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
| റോഡ് | 97,000.00 | 23,000.00 | 52,591.00 | 75,591.00 |
| തോട് | – | – | – | – |
| കെട്ടിടം | 75,000.00 | 5,000.00 | 21,290.00 | 71,290.00 |
| നടപ്പാലം | – | – | – | – |
| മറ്റുള്ളവ | 6,000,00.00 | 2,96,000.00 | 1,93,411.00 | 4,89,491.00 |
| ആകെ. | 7,72,000.00 | 3,69,000.00 | 2,67,292.00 | 6,36,292.00 |

റോഡുറിപ്പയർ ജോലികൾ ഏതാണ്ട് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ടം. പക്ഷെ മഴക്കാലം കഴിയുന്നതോടുകുടി. റോഡുകൾ വീണ്ടും പഴയ സ്ഥിതിയിലാകകുന്നു. ഇതിൽ നിന്നും മനസിലാകുന്നത് താൽ ക്കാലിക റിപ്പയർ വർക്കുകൾ ഒരു ഗണവും ചെയ്യുന്നില്ല, എന്നു മാത്രമല്ല, പഞ്ചായത്തിൻെറ ഫണ്ട് പാഴായിപ്പോകുന്നതിന് കാരണമാവുകയും ചെയ്യുന്നു. ഇന്നത്തെ മൺറോഡുകൾ സംരക്ഷിക്കുന്നതിന്നായി ഗുണഭോക്താക്കളുടെ കമ്മറ്റികൾ ഉണ്ടാക്കുകയും സന്നദ്ധപ്രവർത്തനങ്ങൾ വഴി റിപ്പയർ വർക്ക് ജോലികൾ ചെയ്യുകയും ആണങ്കിൽ പഞ്ചായത്തിൻെറ വിഭവ ചോർച്ച ഫലപ്രദമായി തടയാൻ കഴിയും. മഴക്കാലം തുടങ്ങുന്നതിനു മുമ്പേ ഡ്രെയിനേജ് സംവിധാനം വേണ്ട വിധത്തിൽ നടത്തണം. വെള്ളം ഒലിച്ചു പോകാൻ ചാലുകൾ ഇല്ലാത്തതുകൊണ്ട് റോഡുകൾ പലപ്പോഴും തോടുകളായി മാറുന്നു. റോഡുകളും പഞ്ചായത്ത് പുറംമ്പോക്കുകളും കയ്യേറിയത് സർവ്വെ ചെയ്ത് തിട്ടപ്പെടുത്തണം.

പൊതുമരാമത്തു കഴിഞ്ഞാൽ ഏറ്റവും കുടുതൽ തുക ചെലവഴിക്കുന്നത് ഭരണത്തിനു വേണ്ടിയാമ്. ഭരണച്ചിലവുകൾ കുറക്കുവാൻ കഴിയുമോ എന്ന് പരിശോധിയ്ക്കേണ്ടതും അത്രയും തുക പ്രത്യുൽപ്പാദനരംഗത്ത് ചിലവഴിക്കേണ്ടതുമാണ്.

## ഭൂനികുതി

ഭൂനികുതി ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ നന്നായിരിക്കും ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. വയൽ നികത്തി ഉണ്ടാക്കുന്ന പുരയിടത്തിനും, കൃഷിചെയ്യുവാൻ കഴിയുന്നതും, എന്നാൽ തരിശിട്ടിരിക്കുന്നതുമായ സ്ന്തലങ്ങൾക്ക പരമാവധി നികുതി ഈടാക്കണം. നികുതി പിരിച്ചെടുക്കുന്നതിന് മുകളിൽ സൂചിപ്പിച്ച രീതികൾ അലവംബിക്കാവുന്നതാണ്. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ഥ സമയങ്ങളിൽ ആയിരിക്കണം നികുതി പിരിക്കേണ്ടത്, എന്നാൽ ജനങ്ങൾക്ക് പരമാവധി ബുദ്ധി മുട്ടുകൾ കുറയ്ക്കാൻ കഴിയും.

കണ്ണമ്പ്ര ബാങ്കു ജംഗ്ഷനിൽ ഒരു ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കുകയാണങ്കിൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കന്നുകാലി ചന്ത, കല്യാണമണ്ഡപം തുടങ്ങിയവ ആരംഭി

ക്കുന്നതിനുള്ള സ്ഥലവും സൗകര്യവും പഞ്ചായത്തിനകത്തുണ്ട്. പഞ്ചായത്തിലെമൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ''വാവുമല'' ഒരു ടൂറിസ്ററ് കേന്ദ്രമായി വികസിപ്പിച്ചെടുക്കാവുന്നതാണ് ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ''ഇന്ദിരാ വികാസ് പത്ര'' യുടെ 15% മുതൽ 20% വരെ പഞ്ചായത്തിന് കിട്ടുന്ന ഒരു വ്യവസ്ഥയുണ്ട്, അതിനാൽ പഞ്ചായത്തു ഭരണ സമിതിയും ജനങ്ങളും ഇടപെട്ടു കൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യാധ്വാനം തന്നെയാണ്. സന്നദ്ധ പ്രവർത്തന ങ്ങൾ വഴി ധാരാളം വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ജാതി മത ചിന്തകസ്ക്കും കക്ഷി രാഷ്ട്രീയത്തിനും അതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അധ്വാനം കൊണ്ട് സംഭവാന നൽകുക എന്നത് വളരെ മഹത്വായ ഒരു ആശയമാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി 1996 നവംബർ ഒന്നാം തീയതി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൊട്ടേക്കാട് കണ്ണമ്പ്ര എ. യു. പി.ി സ്ക്കുൾ റോഡിൻെറ പുനർ നിർമ്മാനുണ പ്രവർത്തനം നടത്തുകയുണ്ടായി. ഡി. വൈ എഫ്. ഐ, എ. ഐ. വൈ എഫ്, സി. ഐ. റ്റി. യു, ഐ. എൻ. റ്റി. യു. സി. തുടങ്ങിയവും മറ്റു പല സന്നദ്ധ സംഘടനയും പ്രത്യേകിച്ച് കൊട്ടേക്കാട് നിവാസികളും ഈ പ്രവർത്തനത്തിന് ആത്മാർത്ഥമായി സഹകരിച്ചു. എല്ലാ ബഹുജനസംഘടകൾക്കും സ്വാധീനമുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. 'ശാസ്ത്രസാഹിത്യ പരിഷത്തിൻെറ മൂന്നു യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതു കൊണ്ടു തന്നെ ബഹുജനസംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് ഈ പ്രദേശത്ത് വമ്പിച്ച മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

□

## വികസനരേഖക്ക് പിന്നിൽ പ്രവർത്തിച്ചവർ

1. ആലീസ് മാത്യു, ജില്ലാ പഞ്ചായത്ത് മെമ്പർ
2. പി. പത്മനാഭൻ, മുൻ പഞ്ചായത്ത് പ്രസിഡൻറ്
3. പുരുഷോത്തമൻ മാസ്ററർ, കേരള സ്റേറ് സർവീസ് പെൻഷനേഴ്സ് യൂണിയൻ
4. ഡോ. സി. സി. രവീന്ദ്രൻ, ചീഫ് വെറററിനറി ഓഫീസർ, പാലക്കാട്
5. എ. വി. ജെയിംസ് മാസ്ററർ, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, കല്ലിങ്കൽ പാടം
6. പി. ബാലൻ മാസ്ററർ, പി. കെ. ഹൈസ്കൂൾ മഞ്ഞപ്ര
7. ഡോ. ദിനേഷ്, വെറററിനറി സർജൻ. കണ്ണമ്പ്ര
8. മാത്യു സെബാസ്ര്യൻ, കല്ലിങ്കൽപാടം വായനശാല
9. ആർ. സുരേന്ദ്രൻ, കല്ലിങ്കൽപാടം വായനശാല
10. ടി. കെ. പങ്കജാക്ഷൻവിള്ള, ചെമ്മണ്ണും കുന്ന് വായനശാല
11. സിസ്ററർ മേരി ക്രിസ്റെറല്ല
12. സതീശൻ, ഗവ. ഡിസ്പെൻസറി, കണ്ണമ്പ്ര
13. എ. കെ. മനോഹരൻ മാസ്ററർ, പി. കെ. ഹൈസ്കൂൾ, മഞ്ഞപ്ര
14. എ. കാമരാജൻ ചിറ, മഞ്ഞപ്ര
15. സി. ടി. നാരായണൻ കുട്ടി. ചൂർക്കുന്ന്, കണ്ണമ്പ്ര
16. സി. രവീന്ദ്രൻ, സെക്രട്ടറി, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്
17. വി. പ്രഭാകരൻ, ക്ലാർക്ക്, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്
18. പി. എൻ. പിതാംബരൻ, ശ്രുതി ആർട്സ് ക്ലബ്ബ്, കണ്ണമ്പ്ര
19. രാജു വി. ഇ. ഒ. കണ്ണമ്പ്ര
20. സുധീർബാബു കെ. ആർ., പ്രസിഡൻറ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കണ്ണമ്പ്ര യൂണിററ്



കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് സ്ററാഫ്

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ





# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

4298
KERALA INSTITUTE OF LOCAL ADMINISTRATION LIBRARY ★ THRISSUR-680581

Hebron Offset Printers, Thrissur, Ph: 361053